

ജനകീയാസൂത്രണം



അധികാരം ജനങ്ങളിലേക്ക്



# വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്

## വികസന റിപ്പോർട്ട്

61-5

# ജനകീയാസൂത്രണം

## വെള്ള്യാമറ്റം ഗ്രാമപഞ്ചായത്ത്

"ഇന്ത്യയുടെ ആത്മാവ്
ഗ്രാമങ്ങളിലാണ്
കുടി കൊള്ളുന്നത്"

*ഗാന്ധിജി*



# വെള്ള്യാമറ്റം ഗ്രാമപഞ്ചായത്ത്



## വെള്ള്യായാമറ്റം ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

1. ശ്രീ എം.ജെ. മാത്യു, മൈലാടിയിൽ
2. ശ്രീ അഡ്വ. പി.കെ. ഗോപാലൻ, പതിക്കൽ
3. ശ്രീ സിബി ജോൺ, വടക്കേമുറിയിൽ
4. ശ്രീ ജേക്കബ്ബ് മാത്യു, വെറ്റിനറി സർജൻ
5. ശ്രീ മാർട്ടിൻ, കൃഷി ഓഫീസർ
6. ശ്രീ ജോർജ്ജ് എബ്രാഹം, കുന്നേൽ
7. ശ്രീ കെ.എസ്. ജോൺ, കൊച്ചു കരോട്ട്
8. ശ്രീ കെ.കെ. പീതാംബരൻ, കാനറാ ബാങ്ക്
9. ശ്രീ കെ.ഒ. വർക്കി, സ്കൈലാർക്ക്
10. ശ്രീ എം.ജെ. ചെറിയാൻ, മാളിയേക്കൽ
11. ശ്രീമതി ലക്ഷ്മി, പാടത്തിൽ
12. ശ്രീ ജോസുകുട്ടി തോമസ്, പനന്താനം
13. ശ്രീ കെ.എ. എബ്രാഹം, സെക്രട്ടറി, പഞ്ചായത്ത്
14. ശ്രീ ജോസ് മാത്യു, വെള്ളിയാമറ്റം
15. നൂർജഹാൻ, ഇളംദേശം
16. ശ്രീ റെജി, ഓടക്കൽ
17. ശ്രീ കുര്യൻ ഫിലിപ്പ്, നെയ്‌വേലിക്കുന്നേൽ
18. ശ്രീ മാത്യു, മറ്റത്തിനാൽ
19. ശ്രീ ജോസഫ്, കാരുപറമ്പിൽ
20. **ശ്രീ. ജോസ് പുതുമന**
21. **ശ്രീ. ഐ.സി. മൈക്കിൾ**

**Cover Skylark**

# ഗ്രാമപഞ്ചായത്ത് ഭരണസമിതി



ADV. DIMPLE MAGI
President



SAMUEL MATHAI
*Stan. Com. Chairman*



THOMAS KADAMKAVIL
*Vice. President*



K.A. MATHEW
*Member*



PHILOMINA JOY
*Member*



BHANUMATHY NARAYANAN
*Member*



THRESIAMMA MATHEW
*Member*



P.K. RAMAKRISHNAN
*Member*



PAUL SEBASTIAN
*Member*



M.S. ABDHUL KHADER
*Member*

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ആമുഖം | 7 |
| 2. | പഞ്ചായത്ത് പൊതു വിവരണം | 8 |
| 3. | സാമൂഹ്യ സാംസ്കാരിക ചരിത്രം | 9 |
| 4. | ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി | 12 |
| 5. | കൃഷിയും ജലസേചനവും | 14 |
| 6. | മൃഗസംരക്ഷണം | 24 |
| 7. | വ്യവസായം | 28 |
| 8. | വിദ്യാഭ്യാസം | 31 |
| 9. | ആരോഗ്യം | 40 |
| 10. | ഗതാഗതം | 46 |
| 11. | ഊർജ്ജം | 52 |
| 12. | സാമൂഹ്യക്ഷേമം | 55 |
| 13. | സംസ്കാരം | 62 |
| 14. | വനിതാക്ഷേമം | 66 |
| 15. | സഹകരണമേഖല | 69 |
| 16. | പൊതുവിതരണം | 71 |
| 17. | വിഭവസമാഹരണം | 77 |
| 18. | പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം | 82 |


Graphics - Moss Computers Thodupuzha Ph: 24177

# ആമുഖം

**1947** -ൽ കൊളോണിയൽ നുകത്തിൽ നിന്നും സ്വതന്ത്രമായ ഭാരതത്തിന്റെ 'ഗ്രാമപഞ്ചായത്തുകൾ' നടപ്പാക്കാനുള്ള 'നിർദ്ദേശകത്വം' നടപ്പാക്കാൻ പോലും 47 വർഷം കാത്തിരിക്കേണ്ടി വന്നു.

അധികാരവും ആസൂത്രണവും മുകളിൽ നിന്ന് അടിച്ചേൽപ്പിച്ചതിന്റെ ഫലമായി ജനകീയാവശ്യങ്ങൾ പരിഹാരമില്ലാതെ അവശേഷിച്ചും തീരുമാനം എടുക്കാനും, അവ നടപ്പാക്കുന്നതിൽ ഭാഗഭാഗത്വം വഹിക്കാനും സാധാരണക്കാരന് അവസരം നൽകിയേ തീരൂ. കേരളം നടപ്പിലാക്കുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനം, അടിത്തട്ടിൽ നിന്ന് മേൽത്തട്ടിലേയ്ക്കുള്ള ദിശമാറ്റം ഊന്നിയ ആസൂത്രണ തന്ത്രമാണ് അവതരിപ്പിക്കുന്നത്. ജാതിമതാദി ഭിന്നതകൾക്കതീതമായി നാടിന്റെ വികസനത്തിലും ആസൂത്രണത്തിലും തുല്യപങ്ക്ളിത്വം ഉറപ്പുവരുത്താൻ ജനകീയാസൂത്രണത്തിനു കഴിയുമെന്നതിൽ സംശയമില്ല. 9-ാം പഞ്ചവൽസര പദ്ധതി ജനകീയ പദ്ധതിയായി കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. അധികാരവികേന്ദ്രീയകരണ ചരിത്രത്തിലെ ഒരു നാഴികക്കല്ല് ! അധികാരത്തോടൊപ്പം സമ്പത്തും (40% പദ്ധതി വിഹിതം) പഞ്ചായത്തുകൾക്ക് നൽകുന്നതിനാൽ ജനതാല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുമെന്ന പ്രതീക്ഷയ്ക്ക് ഇവ വക നൽകുന്നു. പഞ്ചായത്തുകൾക്കുള്ള സർക്കാർ വിഹിതം (40%) കേരള സർക്കാർ ഫണ്ട്, ബാഹ്യ വികസന ഏജൻസികളിൽ നിന്ന് സന്നദ്ധ സംഘങ്ങൾ വഴി ലഭിക്കുന്ന ഫണ്ടുകൾ, നികുതിവരുമാനം, എല്ലാത്തിനും പുറമേ ജനകീയ സംഭാവനകൾ (പണം, വിഭവങ്ങൾ, അദ്ധ്വാനം ) എന്നിവ വികസന പ്രക്രിയയെ ത്വരിതപ്പെടുത്തും എന്ന കാര്യത്തിൽ തർക്കമില്ല. ഗ്രാമ പഞ്ചായത്തുകളും സംസ്ഥാനവും ഇന്നഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിയ്ക്ക് തൃപ്തികരമായ പരിഹാരം കാണാൻ കഴിയും. ബഹുജന പങ്കാളിത്തത്തോടെ നിലവിലുള്ള പദ്ധതികളുടേയും ഏറ്റെടുക്കാൻ പോകുന്ന പ്രവർത്തികളുടേയും നടത്തിപ്പ്, കാര്യക്ഷമവും, ശീഘ്രവും, തൃപ്തികരവുമായി നിർവ്വഹിക്കാൻ കഴിയുമെന്ന് മാത്രമല്ല, അഴിമതിയുടെ എല്ലാ വഴികളും അടയ്ക്കാനും കഴിയും.

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനം ആരംഭിച്ചത് 1996 ഓഗസ്റ്റ് 21 നോടു കൂടിയാണ്. ജനകീയ പങ്കാളിത്തം ഭരണരംഗത്ത് നൽകാനുള്ള ശ്രമത്തിന്റെ ഭാഗമായി എട്ടു ബഹുജന സംഘടനകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഈ സംഘടനകളുടെ സഹായത്തോടെ പത്ത് വാർഡുകളിലും പ്രത്യേക ഗ്രാമസഭകൾ കൂടുകയും വിപുലമായ ചർച്ചകൾക്ക് ശേഷം ഗ്രാമസഭാ റിപ്പോർട്ടുകൾ നൽകുകയുണ്ടായി. സ്ഥിതി വിവരക്കണക്കുകൾ, ഒന്നും രണ്ടും പ്രാവശ്യം ശേഖരിക്കുകയുണ്ടായി. അതിനുശേഷം 16-09-1996 നും 16-11-1996 നും പഞ്ചയത്തുതല ശിൽപശാലകളും നടത്തപ്പെട്ടു.

നമ്മുടെ പഞ്ചായത്തിലെ വിവിധ ബഹുജനരാഷ്ട്രീയ സന്നദ്ധസംഘടനകളുടെ സഹായത്താൽ മനുഷ്യവിഭവശേഷിയെ ശരിയ്ക്കും ഉപയോഗപ്പെടുത്തിക്കൊണ്ട് ജനകീയാസൂത്രണവും അതിന്റെ നടത്തിപ്പും യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്നും തൽഫലമായി ചരിത്രഗതിയെ മാറ്റിമറിക്കാനും നമുക്ക് കഴിയുമെന്ന കാര്യത്തിൽ തർക്കമില്ല. സമ്പന്നമായ രാമരാജ്യം എന്ന രാഷ്ട്രപിതാവിന്റെ സ്വപ്നം സാക്ഷാത്കരിക്കാൻ നമുക്ക് കൈവന്നിട്ടുള്ള ഈ അവസരം ഒരു ചരിത്രയാഥാർത്ഥ്യമാക്കാൻ നമുക്ക് ജാതിരാഷ്ട്രീയ മത വിഭാഗീയ ചിന്തകൾക്കധീതമായി പ്രവർത്തിക്കാൻ ഈ അവസരത്തിൽ നമുക്ക് പ്രതിജ്ഞ എടുക്കാം.

കേരളപ്പിറവി ദിനമായ നവംബർ 1 പുനരർപ്പണ ദിനമായി സംസ്ഥാനത്തൊക്കെ ആചരിച്ചുവല്ലോ. അന്നേദിവസം വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ വികസന പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. 2,5 ,6,9.10 വാർഡുകളിൽ നടന്ന വികസന പ്രവർത്തനങ്ങൾ അഭിനന്ദനം അർഹിക്കുന്നതാണ്. വെള്ളിയാമറ്റം(C.K.H.S) പന്നിമറ്റം റോഡിൽ 150 മീറ്ററോളം വീതി കൂട്ടിയതിന് 16,000 രൂപയോളം ചിലവായി. ഈ തുക മുഴുവനും സമീപ വാസികളിൽ നിന്നും സമാഹരിച്ചതാണ്. കൂടാതെ C.K.H.S. ജംഗ്ഷനിൽ നിന്നും ഊരകല്ല് വഴി കുരുതിക്കളം റോഡിന്റെ നിർമ്മാണത്തിന് 2ലക്ഷത്തിലധികം രൂപ ഇപ്പോൾ ചിലവാക്കിയിട്ടുണ്ട്. ഇനി 1 ലക്ഷം രൂപ കൂടി വേണ്ടി വരും നിർമ്മാണം പൂർത്തിയാക്കാൻ. ജനങ്ങളുടെ സന്നദ്ധപ്രവർത്തനങ്ങൾ ഇതിനുപുറമേയാണ്. ഈ തുകയും പ്രാദേശികമായിട്ടാണ് സമാഹരിക്കുന്നത്. ഇതുപോലെ ജനപങ്കാളിത്തത്തോടുകൂടിയുള്ള വികസന പ്രവർത്തനങ്ങൾ നടത്തുമെന്ന്, നല്ലൊരു ഭാവിക്കുവേണ്ടി പ്രതിജ്ഞ ചെയ്യുന്നു.



# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - - | വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | - | വെള്ളിയാമറ്റം, ആലക്കോട്,അറക്കുളം |
| ബ്ലോക്ക് പഞ്ചായത്ത് | - | ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് |
| താലൂക്ക് | - | തൊടുപുഴ |
| അസംബ്ലി മണ്ഡലം | - | തൊടുപുഴ |
| വിസ്തീർണ്ണം | - | 36.6 qm. km |
| അതിരുകൾ | - | വടക്ക് ഉടുമ്പന്നൂർ, തെക്ക് കുടയത്തൂർ, |
| | | കിഴക്ക് അറക്കുളം, പടിഞ്ഞാറ് ആലക്കോട് |
| ജനസംഖ്യ | - | 21322 |
| പുരുഷൻമാർ | - | 10945 |
| സ്ത്രീകൾ | - | 10377 |
| ജനസാന്ദ്രത | - | 592 |
| അക്ഷരാഭ്യാസമുള്ളവർ | - | 1757.6 |
| വാർഡുകൾ | - | 10 |
| പ്രസിഡന്റിന്റെ പേര് | - | അഡ്വക്കേറ്റ് റ്റിംബിൾ മാഗി |
| വൈസ് പ്രസിഡന്റിന്റെ പേര് | - | തോമസ് മാണി കാടൻകാവിൽ |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | - | സാമുവേൽ മത്തായി |



# സാമൂഹ്യ സാംസ്കാരിക ചരിത്രം

**കേ**രള സംസ്ഥാനത്ത് ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട പ്രദേശമാണ് വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്.

പണ്ട് കേരളം ഭരിച്ചിരുന്നത് പല നാട്ടുരാജാക്കൻമാരായിരുന്നു. തൊടുപുഴ വെള്ളിയാമറ്റം പ്രദേശങ്ങൾ വടക്കുംകൂർ രാജ്യത്തിൽ പെട്ടിരുന്നു. വടക്കുംകൂർ രാജാവിന്റെ ആസ്ഥാനം കാരിക്കോട് ഭഗവതി ക്ഷേത്രത്തിനു സമീപം ആയിരുന്നു. അവിടെ രാജകൊട്ടാരത്തിന്റേയും കോട്ടയുടേയും അവശിഷ്ടങ്ങൾ ഇന്നും കാണാം.

തൊടുപുഴ നിന്നും തമിഴ്നാട്ടിലേയ്ക്ക് വ്യാപാരത്തിനായി വെള്ളിയാമറ്റം വഴി ആയിരുന്നു ഗതാഗതമാർഗ്ഗം ഉണ്ടായിരുന്നത്. ചുക്ക്, കുരുമുളക്, ഏലം, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ ഇവിടുത്തെ വ്യാപാര വിഭവങ്ങൾ ആയിരുന്നു. വെള്ളിയാമറ്റം ഭാഗത്തുള്ള ചൗക്ക എന്ന സ്ഥലത്ത് പഴയകാലത്ത് ചുങ്കം പിരിക്കുന്ന ചെക്കുപോസ്റ്റ് പ്രവർത്തിക്കുന്നുണ്ടായിരുന്നു.

പഴയകാലത്ത് നാട്ടുരാജാക്കൻമാർ രാജ്യം ഭരിക്കുകയും പ്രഭുക്കൻമാരും കരപ്രമാണിമാരും നാട്ടുഭരണം നടത്തിയിരുന്നു. അവർ കുടികളിലുണ്ടാകുന്ന (ഗ്രാമങ്ങളിൽ) വഴക്കുകളും അഭിപ്രായവിത്യാസങ്ങളും രമ്യമായി പറഞ്ഞ് തീർന്ന് പോകുന്നു

1884 നു മുൻപ് ഈ പ്രദേശങ്ങൾ കാടും വന്യമൃഗങ്ങളും ഉള്ള വനപ്രദേശങ്ങൾ ആയിരുന്നു. ജനവാസം ഇവിടെ തീരെ ഇല്ലായിരുന്നു. എന്നാൽ 1884-ൽ ഇൻഡ്യയിലെ ബ്രിട്ടീഷ് ഭരണകാലത്ത് ഇൻഡ്യയിൽ വന്ന രണ്ട് യൂറോപ്യൻമാർ റബ്ബർകൃഷിക്കായി കുന്നത്തുനാട് താലൂക്കിൽ പുത്തൻകുരിശുഭാഗത്ത് കിഴക്കും ഭാഗത്ത് ഇല്ലത്ത് ഗോദൻ ഗോദൻ നമ്പൂതിരിയുടെ 2400 ഏക്കറിൽപെട്ട 1300 ഏക്കർ ഭൂമി 99 വർഷത്തേയ്ക്ക് പാട്ടവ്യവസ്ഥയിൽ വാങ്ങിയ്ക്കുകയും പ്ലാന്റ് ചെയ്യുകയും ചെയ്തു. തീരെ യാത്രസൗകര്യമില്ലായിരുന്ന വെള്ളിയാമറ്റം പ്രദേശത്തേയ്ക്ക് പ്ലാന്ററൻമാർ കുതിരയെക്കെട്ടിയ വില്ലുവണ്ടി കൊണ്ടുവരുന്നതിനായി അന്നു വെട്ടിയ റോഡാണ് ഇന്നത്തെ തൊടുപുഴ വെള്ളിയാമറ്റം റോഡ്.

പുരാതനമായ ആരാധനാ സ്ഥലങ്ങൾ കലയന്താനിപള്ളിയും കൊന്താലപ്പള്ളി മുസ്ലീം പള്ളിയും വെള്ളിയാമറ്റം ശ്രീദേവീ ക്ഷേത്രവും ആയിരുന്നു. ബാക്കിയുള്ള ദേവാലയങ്ങൾ ജനങ്ങൾ കുടിയേറിയതിനു ശേഷം ഉണ്ടായിട്ടുള്ളതാണ്. വെള്ളിയാമറ്റം ശ്രീദേവീ ക്ഷേത്രത്തിലേയ്ക്ക് പോകുന്നതിന് കമ്പിപ്പാലം ഉപയോഗിച്ചിരുന്നു.

1890 മുതൽ മീനച്ചിൽ മുവാറ്റുപുഴ താലൂക്കുകളിൽ നിന്നും ജനങ്ങൾ ഈ പ്രദേശത്ത് കുടിയേറിപ്പാർത്തുതുടങ്ങി. അതിനുമുൻപ് പതിക്കമലഭാഗത്ത് പട്ടികവർഗ്ഗക്കാരായ പതിക്കൽ കുടുംബക്കാരും ആദിവാസികളായ ഊരാളികളും താമസിച്ചിരുന്നു. ഈ കാലത്ത് തന്നെ മൈലാടിയിൽ മത്തായി മത്തായി എന്ന കർഷകൻ പതിക്കമലഭാഗത്തുള്ള താഴ്‌വരയിൽ കുടിയേറിപ്പാർത്തു. കലയന്താനി കറുകപ്പള്ളി ഭാഗങ്ങളിലും പല കർഷകരും കുടിയേറി. ഇപ്രകാരം കുടിയേറിയ ഹിന്ദുക്കളും, ക്രിസ്ത്യാനികളും, മുസ്ലീംങ്ങളും ആയ കർഷകർ വളരെ യോജിപ്പിലും സൗഹാർദ്ദത്തിലും കഴിഞ്ഞിരുന്നു.

## വെള്ളിയാമറ്റം പഞ്ചായത്തിന്റെ ചരിത്രം

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി, ഇന്ത്യയുടെ ആത്മാവ് ഇന്ത്യൻഗ്രാമങ്ങളിലാണെന്നും ഗ്രാമീണ ജനതയുടെ സർവ്വതോന്മുഖമായ ഉയർച്ചക്കായി പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞിരുന്നു. അതിന്റെ ഫലമായി 1920 ൽ കോൺഗ്രസ് സമ്മേളനങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ ആശയം ഉയർന്നു വന്നു. 1952-53 കാലഘട്ടത്തിൽ ഇന്ത്യൻ ഗ്രാമങ്ങളിൽ പഞ്ചായത്ത് ഭരണം നിലവിൽ വന്നു. എന്നാൽ വെള്ളിയാമറ്റം പഞ്ചായത്ത് അന്ന് രൂപീകൃതമായിരുന്നില്ല. വെള്ളിയാമറ്റം പ്രദേശം മുഴുവൻ തോട്ടം മേഖലയിലും ഉൾപ്പെട്ടിരുന്നതിനാൽ ഒരു പഞ്ചായത്ത് രൂപീകരണത്തിനുള്ള ജനസംഖ്യയും വരുമാനവും ഇല്ലായിരുന്നു. ഇപ്പോഴത്തെ വെള്ളിയാമറ്റം പഞ്ചായത്തിൽ ഉൾപ്പെടുന്ന വെള്ളിയാമറ്റം വില്ലേജ് അറക്കുളം പഞ്ചായത്തിലും ഇളംദേശം ഭാഗം ആലക്കോട് പഞ്ചായത്തിലും ഉൾപ്പെട്ടിരുന്നു.

1953-ൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ അറക്കുളം പഞ്ചായത്തിലെ വെള്ളിയാമറ്റം വാർഡിലെ ജനറൽ സീറ്റിൽ നിന്നും ശ്രീ. M.M. മാത്യു മൈലാടിയിൽ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. ഈ വാർഡിലെ തന്നെ റിസർവേഷൻ സീറ്റിലേയ്ക്ക് കൊച്ചുരാമൻ കൊച്ചുപുരയ്ക്കലും ആലക്കോട്

പഞ്ചായത്തിലെ ഇളംദേശം വാർഡിൽ നിന്നും ഐപ്പ് ജേക്കബ്ബ് പണിക്കമ്യാലിയും തിരഞ്ഞെടുക്കപ്പെട്ടു.

ഇപ്രകാരം ഈ പ്രദേശത്തെ ജനങ്ങൾ രണ്ട് പഞ്ചായത്തിൽ ആയതിനാൽ വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാവുകയും വികസനപ്രവർത്തനങ്ങൾ തടസ്സപ്പെടുകയും ചെയ്തിരുന്നു. അതുകൊണ്ട് ഇവിടുത്തെ ജനങ്ങൾ സംഘടിച്ച് ഒരു പൗരമുന്നണി രൂപീകരിച്ച് വെള്ളിയാമറ്റം പഞ്ചായത്ത് അനുവദിച്ച് കിട്ടുന്നതിനു വേണ്ടി ശ്രമങ്ങൾ ആരംഭിച്ചു. M.L.A ശ്രീമതി. കുസുമം ജോസഫ് അവർകളുടെ നേതൃത്വത്തിൽ രൂപീകരിച്ച ആക്ഷൻ കമ്മറ്റിയുടെ ശ്രമഫലമായി 28-12-1961-ലെ ms/199 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു സ്പെഷ്യൽ പഞ്ചായത്തായി വെള്ളിയാമറ്റം പഞ്ചായത്ത് രൂപീകരിച്ചു. പഞ്ചായത്ത് രൂപീകരിച്ചെങ്കിലും പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടസൗകര്യവും മറ്റും ഇല്ലായിരുന്നു. പന്നിമറ്റം സെന്റ്. സെബാസ്റ്റ്യൻസ് ചർച്ച് വക കെട്ടിടത്തിൽ ഒരു ചെറിയ മുറി വാടകയ്ക്കല്ലാതെ കിട്ടിയതിൽ പഞ്ചായത്ത് പ്രവർത്തനം ആരംഭിച്ചു. ഈ പഞ്ചായത്തിന്റെ ഭരണം സ്പെഷ്യൽ പഞ്ചായത്ത് ആഫീസർ നിർവ്വഹിച്ചു. പഞ്ചായത്ത് സ്പെഷ്യൽ ആഫീസർ ശ്രീ. ജെ. മാർട്ടിനും പഞ്ചായത്ത് അസിസ്റ്റന്റ് ശ്രീമതി A.M. ഏലിക്കുട്ടിയും ബിൽകളക്ടറായി ശ്രീ. V.K. രാഘവനും ആയിരുന്നു. ആദ്യം വെള്ളിയാമറ്റം പഞ്ചായത്തിന് 7 വാർഡുകൾ ഉണ്ടായിരുന്നു. ഇളംദേശത്ത് 3 വാർഡുകളും, വെള്ളിയാമറ്റം വില്ലേജിൽ 4 വാർഡുകളുമായി നിർണ്ണയിച്ചു.

1963 ഡിസംബറിൽ ആദ്യ തിരഞ്ഞെടുപ്പ് നടത്തുകയും 9-12-1963-ൽ ആദ്യത്തെ പഞ്ചായത്ത് സമിതി അധികാരത്തിൽ വരികയും ചെയ്തു.

## ആദ്യത്തെ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ.

| | |
|---|---|
| 1-ാം വാർഡ് | ഐപ്പ് ജേക്കബ്ബ് പള്ളിക്കമ്യാലി |
| 2-ാം വാർഡ് | K.A. ജോസഫ് കോടിമറ്റത്തിൽ |
| 3-ാം വാർഡ് | സെയ്തു മുഹമ്മദ് റാവുത്തർ മാളിയേക്കൽ |
| 4-ാം വാർഡ് | M.T. തോമസ് മൈലാടൂർ |
| 5-ാം വാർഡ് | K.V. എബ്രഹാം കുന്നേൽ |
| 6-ാം വാർഡ് | K.C. മാത്യു കദളിക്കാട്ടിൽ (പ്രസിഡന്റ്) |
| 7-ാം വാർഡ് | ഗോപാലൻ കണ്ടപാടത്തിൽ |

5-2-1964-ലെ ഒന്നാമത് യോഗത്തിൽ വെള്ളിയാമറ്റം പഞ്ചായത്തിലെ വനിതാ മെമ്പറായി ശ്രീമതി അന്നമ്മ മാനുവൽ കാടംകാവിലിനെ നോമിനേറ്റ് ചെയ്തു.

സാമ്പത്തികമായി വളരെ പിന്നോക്കമായിരുന്നതുമൂലം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റി വളരെ ക്ലേശിച്ചു. ഒരു കിലോമീറ്റർ പോലും ടാർ റോഡ് ഇല്ലായിരുന്നു. സഞ്ചാരയോഗ്യമായ റോഡുകളും ഇല്ലായിരുന്നു.

9-9-1964-ൽ കൂടിയ പഞ്ചായത്ത് കമ്മറ്റി യോഗം പഞ്ചായത്താഫീസ് പണിയുന്നതിന് സ്വന്തമായി സ്ഥലം സമ്പാതിക്കുന്നതിന് തീരിമാനിച്ചു. പഞ്ചായത്ത് വക വെട്ടിമറ്റം L.P. സ്കൂളിനു വേണ്ടി വെട്ടിമറ്റം കുരുമുളക് ഗവേഷണ കേന്ദ്രത്തിൽനിന്നും 75 സെന്റ് സ്ഥലം അനുവദിച്ചു കിട്ടി. ഈ പഞ്ചായത്താഫീസ് പണിയുന്നതിനായി ഇപ്പോൾ ആഫീസ് ഇരിക്കുന്ന 30 സെന്റ് സ്ഥലം ശ്രീ. ജോർജ് തോമസ് കൊട്ടുകാപ്പള്ളി M.P. പാഞ്ചായത്ത് പ്രസിഡന്റ് ശ്രീ. K.C. മാത്യുവിന്റെ അഭ്യർത്ഥനയനുസരിച്ച് ദാനമായി വിട്ടുതന്നു. ഈ സ്ഥലത്ത് പുതിയ ഓഫീസ് കെട്ടിടം പണിത് 1-6-1969-ൽ ബഹുമാനപ്പെട്ട കേരളാപഞ്ചായത്ത് വകുപ്പ് മന്ത്രി ശ്രീ. അവുക്കാദർകുട്ടിനഹ ഉൽഘാടനം ചെയ്തു.

കാരിക്കോട്ട് റബ്ബേഴ്സ് കബനി ലിമിറ്റഡിൽ നിന്നും എളംദേശം ഭാഗത്ത് 5 ഏക്കർ സ്ഥലം വാങ്ങി ലക്ഷം വീടു പദ്ധതി അനുസരിച്ച് 100 വീടുകൾ പണി പൂർത്തിയാക്കി അർഹരായവർക്ക് കൊടുത്തു. കൂടാതെ ലക്ഷംവീട്ടുകാരുടെ സൗകര്യത്തിനായി ഷോപ്പിംഗ് കോംപ്ലക്സ്, ബാലവാടി, കിണറുകൾ, വഴികൾ ഓപ്പണെയർ തീയേറ്റർ ഗവണ്മെന്റ് ആശുപത്രി എന്നിവയും നിർമ്മിച്ചു. ലക്ഷംവീടു പദ്ധതി അനുസരിച്ച് 100 വീടുകളും ഒരുമിച്ചു പണിതീർത്തുകൊടുത്ത ചില പഞ്ചായത്തുകളിൽ ഒന്നാണ് വെള്ളിയാമറ്റം പഞ്ചായത്ത്. 9-12-1963-ൽ തെരഞ്ഞെടുത്ത കമ്മറ്റി പതിനാറുവർഷം(29- 9-1979) ഭരണം നടത്തി.

വെള്ളിയാമറ്റം പഞ്ചായത്തിന്റെ രണ്ടാം ഭരണസമിതി 29-9-1979 തീയതി 1-ാം വാർഡ് വർഗ്ഗീസ്മൈക്കിൾ തുരുത്തിപ്പാറ അധികാരത്തിലൽ വന്നു

| | |
|---|---|
| 1-ാം വാർഡ് | ദേവസ്യതോമസ് മൂക്കൽതോട്ടത്തിൽ |
| 3-ാം വാർഡ് | വർക്കി വർക്കി നിരപ്പേൽ പ്രസിഡന്റ് |
| 5-ാം വാർഡ് | മാണി വർക്കി കോയിക്കാട്ടിൽ |
| 6-ാം വാർഡ് | സാറാമ്മ ജോസഫ് തോട്ടത്തിൽ |
| 7-ാം വാർഡ് | ഗോപാലൻ കണ്ടപാടത്തിൽ |
| 8-ാം വാർഡ് | ഗോപാലൻ മുണ്ടൻപതിക്കൽ |

ഈഭരണസമിതി 5 വർഷക്കാലം ഭരണം നടത്തി. പിന്നീട്ഗവൺമെന്റ് നേരിട്ട് ഭരണംനടത്തി.

1988 -ൽ 8 വാർഡുകളുണ്ടായിരുന്ന പഞ്ചായത്തുപ്രദേശം 9 വാർഡുകളായി പുനർവിഭജനം ചെയ്തു. രണ്ടു വനിതാ സംവരണസീറ്റും രണ്ടു സംവരണ സീറ്റും (റിസർവേഷൻ) നിലവിൽ വന്നു.

23-1-1988-ൽ മൂന്നാമത്തെ ഭരണസമിതി നിലവിൽ വന്നു. ഈ ഭരണസമിതിയിൽ താഴെ പറയുന്നവർ ഉണണ്ടായിരുന്നു.

| | |
|---|---|
| 1-ാം വാർഡ് | ജോപ്പി സെബാസ്റ്റ്യൻ എട്ടൊന്നുശ്ശേരിൽ. |
| 2-ാം വാർഡ് | ലിസി തോമസ് ഏറത്ത് |
| 3-ാം വാർഡ് | പി. എസ്. പരീത് പത്തിക്കത്തൊട്ടിയിൽ |
| 4-ാം വാർഡ് | വർക്കി വർക്കി നിരപ്പേൽ |
| 5-ാം വാർഡ് | ബ്രജീറ്റ് മാത്യു കുളത്തിങ്കൽ |
| 6-ാം വാർഡ് | എം. ജെ. മാത്യു മൈലാടിയിൽ |
| 7-ാം വാർഡ് | പി. കെ. ഗോപാലൻ പാടത്തിൽ |
| 8-ാം വാർഡ് | പി. കെ. രാമകൃഷ്ണൻ പതിക്കൽ |
| 9-ാം വാർഡ് | പി. ആർ. ഗോപാലൻ പാട്ടള്ളുങ്കൽ |

ഈ സമിതിയുടെകാലത്ത് പഞ്ചായത്ത് ഓഫീസിനുമുകളിലുത്തെ നില പണി പൂർത്തിയാക്കുകയും സാംസ്കാരികനിലയവും വായനാശാലയും പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ലോകബാങ്കിന്റെ സഹായത്തോടെ 64 ലക്ഷം രൂപാ മുടക്കി പൂർത്തിയാക്കിയ ജലവിതരണപദ്ധതിയും കമ്മീഷൻ ചെയ്തു. മറ്റനേകം വികസനപ്രവർത്തനങ്ങളും പൂർത്തിയാക്കി. ഈ സമിതി 7 വർഷം ഭരണം നടത്തി.

ഇതുവരെയുള്ള വെള്ളിയാമറ്റം പഞ്ചായത്തുകളിൽ 7-ാം വാർഡിൽ

നിന്നുതന്നെ തുടർച്ചയായി തെരഞ്ഞെടുക്കപ്പെടുകയും, തുടർച്ചയായി 32 വർഷം ഈ പഞ്ചായത്തിൽ സേവനമനുഷ്ടിക്കുകയും ചെയ്ത ശ്രീ. പി. കെ. ഗോപാലൻ പടത്തിൽ അവർകളെ ഇടുക്കി ജില്ലയിലെ ഏറ്റവും നല്ല സാമൂഹ്യപ്രവർത്തക നായി അംഗീകരിച്ച് അവർഡ് നല്കുകയും, കേരളമുഖ്യമന്ത്രി പൊന്നാട അണി യിച്ച് ആദരിക്കുകയും ചെയ്തു. ശ്രീ. പി. കെ. ഗോപാലൻ വെള്ളിയാമറ്റം പഞ്ചാ യത്തിനെ പ്രതിനിധീകരിച്ച് എളംദേശം ബ്ളോക്ക് പഞ്ചായത്തു മെമ്പറായി പ്രവർത്തിക്കുന്നു. ഇൻഡ്യൻ ഭരണഘടനയുടെ 73-ാം വകുപ്പിന്റെ ഭേദഗതിയനു സരിച്ച് 1994- ലെ കേരളപഞ്ചായത്തീരാജ് നിയമം നിലവിൽ വന്നു. ഈ പഞ്ചാ യത്ത് 10 വാർഡുകളായി പുനർവിഭജനം ചെയ്തു.

ഈ പഞ്ചായത്തിന്റെ 4-ാമത്തെ ഭരണസമിതി 1995 ഒക്ടോബർ 2 ന് അധി കാരത്തിൽ വന്നു.

9-ാം പഞ്ചവത്സരപദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പാക്കുക, ആസൂത്രണം മേലേത്തട്ടിൽനിന്ന് എന്നതിനുപകരമായി ജനങ്ങളിൽ നിന്ന് എന്ന നയ ത്തിന്റ ഭാഗമായി ഈ ഗ്രാമപഞ്ചായത്തു സമിതിയും, ഈ പഞ്ചായത്തിലെ സാമൂ ഹ്യസാംസ്കരിക സംഘടനകളുടേയും , വനിതാ സംഘടനകളുടേയും പൊതു പ്രവർത്തകരുടേയും പ്രതിനിധികളുമായി സഹകരിച്ച് പ്രവർത്തിച്ചുരിക യാണ്. ഇതിന്റെ ഭാഗമായി 22-09-1996 മുതൽ

2-10 1996 വരെ 10 വാർഡുകളിലും ഗ്രാമസഭകൾ കൂടുകയും വികസ നപ്രവർത്തനങ്ങളും, ആവശ്യങ്ങളും ചർച്ചചെയ്യുകയും വിലയിരുത്തുകയും ചെയ്തു. കൂടുതൽ ജനപങ്കാളിത്തത്തോടെ കൂട്ടായി പ്രവർത്തിച്ച് 9-ാം പദ്ധതി യുടെ പൂർത്തീകരണത്തോടെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ വളരെയധികം വിജയകരമായി നടത്താൻ സാധിക്കും.

## സമിതി അംഗങ്ങൾ

| | |
|---|---|
| 1-ാം വാർഡ് | ഫിലോമിനാ ജോയി കറ്റിത്താനത്ത് |
| 2-ാം വാർഡ് | തോമസ് മാണി കാടൻകാവിൽ വൈസ് പ്രസിഡന്റ് |
| 3-ാം വാർഡ് | M.S. അബ്ദുൽഖാദർ മാളിയേക്കൽ |
| 4-ാം വാർഡ് | K.A. മാത്യു കുളത്തിങ്കൽ |
| 5-ാം വാർഡ് | പോൾ സെബാസ്റ്റ്യൻ കരോട്ടെക്കുന്നേൽ |
| 6-ാം വാർഡ് | ത്രേസ്യാമ്മ മാത്യു മൈലാടിയിൽ |
| 7-ാം വാർഡ് | സാമുവൽ മത്തായി നാട്ടുകല്ലേൽ |
| 8-ാം വാർഡ് | P.K. രാമകൃഷ്ണൻ പതിക്കൽ |
| 9-ാം വാർഡ് | ടിംബിൾ മാഗി പാറേപ്പുരക്കൽ പ്രസിഡന്റ് |
| 10-ാം വാർഡ് | ഭാനുമതി നാരായണൻ പാടത്തിൽ |



# ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

**കേ**രളത്തിലെ പ്രകൃതിസ്നേഹികളടെ കണ്ണിനും കരളിനും കുളിർണമ്മ പകരുന്നമലനിരകളും അവയ്ക്ക് പാദസരം ചാർത്തുന്ന കൊച്ചരുവികളും , ഉൾകൊള്ളുന്നതും തടാകങ്ങളുടേയും, ഡാമുകളുടേയും, കൊടുമുടികളുടേയും,വന്യമൃഗങ്ങളുടേയും അപൂർവ്വസസ്യജാലങ്ങളും

നിറഞ്ഞ ഇടുക്കി ജില്ലയുടെ തെക്കുഭാഗത്തുള്ള ആലക്കോട് ,ഉടുമ്പന്നൂർ, അറക്കുളം, കുടയത്തൂർ പഞ്ചായത്തുകൾ അതിരുകളായുള്ള 38 sq/km ഉൾക്കൊള്ളുന്ന ചെറുകിടകർഷകരും, പട്ടികജാതിയവർഗ്ഗത്തിൽപ്പെട്ട ജനവിഭഗങ്ങളും ഉൾക്കൊള്ളുന്ന പഞ്ചായത്താണ് വെള്ളിയാമറ്റം.ഈ പഞ്ചായത്തിന്റെ ജീവനാഡി,അറക്കുളം പഞ്ചായത്തിലെ പോത്തുമറ്റത്തുന്നും ഉത്ഭവിക്കുന്ന കിങ്ങിണിതത്തോടും കലംകമഴ്ത്തിയിൽ നിന്നും ആരംഭിക്കുന്ന കലംകമഴ്ത്തിത്തോടും വെള്ളിയാമറ്റം പഞ്ചായത്തിൽ കാ്ലൻമാലിൽ സന്ധിച്ചുണ്ടാകുന്ന വടക്കനാറാണ്. ഈ പഞ്ചായത്തിലെ കോഴിപ്പിള്ളി, പൂച്ചപ്ര, വെള്ളിയാമറ്റം എന്നീ വാർഡുകളുടെയും നാളിയാനി പൂമാല, വെട്ടിമറ്റം എന്നീ വാർഡുകളുടെ അതിർത്തികളിലൂടെ ഒഴുകി ആനക്കയത്തെത്തി മലങ്കര ഡാമിന്റെ ജലാശയത്തിൽ ചേരുന്നു. ആണ്ടുവട്ടം മുഴവൻ ജലംലഭിക്കുന്ന ഈ പുഴയാണ് വെള്ളിയാമറ്റം പഞ്ചായത്തിന്റെ കാർഷിക മേഖലയുടെ പച്ചപ്പിനും ഐശ്വര്യത്തിനും ആധാരം. പഞ്ചായത്തിൽ പതിക്കമല, പറമ്പുകാട്ടുമല, ഉപ്പുകുന്ന്, നാടുകാണി, നെല്ലിക്കാമല എന്നീ മലമടക്കുകൾ സമുദ്രനിരപ്പിൽ നിന്നും ശരാശരി 750 Mt. ഉയരത്തിൽ സ്ഥതി ചെയ്യുന്ന പ്രദേശങ്ങളാണ്. ഈ കുന്നിൻ പ്രദേശങ്ങൾ ഉയർന്ന പാറക്കെട്ടുകൾ ഉൾക്കൊളളുന്ന മേഖലയാണ്. പൊതുവേ ഭൂമി കിഴക്കുനിന്നും പടിഞ്ഞാറോട്ട് ചരിഞ്ഞു കിടക്കുന്നു.

## കാലാവസ്ഥ.

ഈ പഞ്ചായത്തിൽ ജൂൺ മുതൽ നവംബർ വരെ വർഷകാലവും തുടർന്നുളള ആറുമാസക്കാലം വേനൽക്കാലവും ആണ്.

**മഴയുടെ അളവ് (മി.മി.) (Rainfall Dafa Cwdrdm)**

| വർഷം | ജനു. | ഫെബ്രു. | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ഓഗസ്റ്റ് | സെപ്റ്റം | ഒക്ടോ | നവം. | ഡിസം. |
|---|---|---|---|---|---|---|---|---|---|---|---|---|
| 1990 | 2.6 | - | 31.14 | 23.6 | 348 | 348.2 | 452 | 302.4 | 105 | 334.48817 | | |
| 1991 | 11.0 | - | 145 | 69.2 | 56.4 | 1226 | 843.4 | 602.4 | 55.1 | 248 | 179.27 | |
| 1992 | - | - | - | 157.0 | 146 | 438 | 674.5 | 476.8 | 74.0 | 248.8949 | | |
| 1993 | - | 40 | 30 | 120 | 261 | 525 | 549 | 305 | 98 | 369 | 84 | 10 |
| 1994 | 75 | 48 | 15 | 269 | 172 | 729 | 847 | 533 | 293 | 657 | 71 | - |
| 1995 | 14 | 3.0 | 55 | 234.0 | 283 | 387 | 751.0 | 677 | 319 | 119 | 371 | 45 |
| 1996 | 10 | - | - | 398 | 90 | 629 | 626 | 388 | 55 | 545 | 155 | |

പ്രകൃതിദത്ത മഴയെ മാത്രം ആശ്രയിക്കുന്ന ഈ പഞ്ചായത്തിന് വർഷപാതത്തിലുണ്ടാവുന്ന ഏറ്റക്കുറച്ചിലുകൾ കാർഷികമേഖലയെ പ്രതികൂലമായി ബാധിക്കുന്നു. നാടുകാണി, കോഴിപ്പിള്ളി തുടങ്ങിയ കുളമാവ് ഡാമുമായി ബന്ധപ്പെട്ട മേഖലകളിൽ മഞ്ഞുവീഴ്ച സാധാരണമാണ്. പാറക്കെട്ടുകളും ഉയർന്ന കല്ലുംകൂട്ടങ്ങളും കുന്നിൽചെരുവുകൾ വേനൽക്കാലത്ത് ശക്തിയായി ചൂടുപിടിക്കുന്നതിനാൽ വേനൽക്കാലം കാർഷികമേഖലക്ക് സ്ഥിരം ഭീഷണി തന്നെയാണ്.

## മണ്ണ്

ഈ പഞ്ചായത്തിലെ വിവിധ തരം മണ്ണിനങ്ങളിൽ പ്രധാനമായും മണൽ കലർന്ന മണ്ണ്, ചുവന്ന മണ്ണ്, കറുത്ത മണ്ണ്, പാറ പൊടിഞ്ഞുണ്ടായ മണ്ണ്, ചെളി മണ്ണ് എന്നിവയാണ്.

**മണ്ണിനങ്ങൾ**

| No | variety | % | ഭൂപ്രകൃതി മേഖലകൾ |
|---|---|---|---|
| 1 | ചുവന്ന മണ്ണ് | 30 | ഉയർന്ന സമതലം |
| 2 | കറുത്ത മണ്ണ് | 42 | ചെറുചെരിവ് |
| 3 | ചെളിമണ്ണ് | 10 | സമതലം, വെള്ളം കയറുന്നിടം. |
| 4 | വെട്ടുകല്ല് | 18 | |

## സസ്യപ്രകൃതി

ഈ പഞ്ചായത്തിൽ വനവൃക്ഷങ്ങൾ വളരുന്ന മേഖലകളാണ് താളിയാനി, കോഴിപ്പിള്ളി, പൂച്ചപ്ര, മേത്തൊട്ടി എന്നിവ. കാർഷികമേഖലയിൽ പ്രധാനമായും റബ്ബർ, തെങ്ങ്, കമുക്, കൊക്കോ, കുരുമുളക്, കാപ്പി, മരച്ചീനി, വാഴ, നെല്ല്, കൈത, പച്ചക്കറി എന്നിവ കൃഷി ചെയ്തു വരുന്നു. കൃഷിയിടങ്ങളിൽ തെങ്ങ്, റബ്ബർ, കൊക്കോ ഇവ ഇട കലർത്തി കൃഷി ചെയ്യുന്ന ചെറുകിട കർഷകർ ധാരാളമുണ്ട്. ഈ അടുത്ത കാലത്തായി ഇടവിളയായി കൈതകൃഷിക്ക് പ്രചാരം സിദ്ധിച്ചു വരുന്നു. പഞ്ചായത്തിലെ രണ്ടാം വാർഡിൽ എണ്ണപ്പന വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നു. ഗവ. ഉടമയിൽ 68 ഏക്കർ സ്ഥലത്ത് തേക്ക് വച്ച് പിടിപ്പിച്ച പ്രദർശന തോട്ടവുമുണ്ട്. കോഴിപ്പിള്ളി വാർഡിലെ ആശാരികുത്തി പുൽമേടായി നിലനിൽക്കുന്നു.

**ഭൂപ്രകൃതി**

| No | ഭൂപ്രകൃതി | ഉയരം | സ്ഥലം | ശതമാനം |
|---|---|---|---|---|
| 1 | ഉയർന്ന സ്ഥലം (70% നു മേൽ ചെരിവ്) | 866 Mtrs. | നാടുകാണി | 20% |
| 2 | 50% നു മേൽ ചെരിവ് 69% വരെ. | 276Mtrs. | മുതിയാമല, പൂച്ചപ്ര, കരിപ്പലങ്ങാട് | 45% |
| 3. | 30% നു മേൽ ചെരിവ് 49% വരെ | 140Mtrs. | നാളിയാനി, കൂവക്കണ്ടം | 20% |
| 4 | താഴ്ന്ന പ്രദേശം | | വെള്ളിയാമറ്റം, കറുകപ്പിള്ളി, വെട്ടിമറ്റം | 10% |

## ജനപ്രകൃതി

പ്രൈമറി ഡേറ്റാ ശേഖരണവുമായി ബന്ധപ്പെട്ട വെള്ളിയാമറ്റം പഞ്ചായത്തിലെ 1996 ലെ സർവ്വേ പ്രകാരം ജനസംഖ്യ 21322 ആണ്. ഇതിൽ പുരുഷൻമാർ 10945 ഉം, സ്ത്രീകൾ 10377 ഉം ആണ്. ജനസംഖ്യയുടെ 29% ST വിഭാഗത്തിൽപ്പെടുന്നു. അതിൽ 3134 പുരുഷൻമാരും 3029 സ്ത്രീകളും ഉൾപ്പെടുന്നു. SC വിഭാഗത്തിൽ 682 പുരുഷൻമാരും 721 സ്ത്രീകളും കൂടി ആകെ 1403 അംഗങ്ങളാണുള്ളത്. 1990-ലെ സാക്ഷരതാപ്രവർത്തനത്തിനായുള്ള സർവ്വേയിൽ 60 വയസ്സിൽ താഴെ 504 പുരുഷൻമാരും 717 സ്ത്രീകളും കൂടി ആകെ 1221 നിരക്ഷരർ ആയിരുന്നു ഉണ്ടായിരുന്നത്. ഇതിൽ 90% പേരെ സാക്ഷരർ ആക്കുവാൻ സാധിച്ചു.

ഈ പഞ്ചായത്തിലെ 7,8,9,10 വാർഡുകൾ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾ കൂടുതൽ ഉള്ള വാർഡുകളാണ്. അതിൽത്തന്നെ 9,10 വാർഡുകളായ കോഴിപ്പിള്ള, നാളിയാനി ഇവ സംവരണ വാർഡുകളാണ്. ആദിവാസി കുടുംബങ്ങളിൽ ചിലത് അവയുടെ തനിമയോടെ ഇന്നും നിലനിൽക്കുന്നുണ്ട്.

വിദ്യാഭ്യാസ നിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണിത്. വിദ്യാഭ്യാസ സൗകര്യങ്ങളുടെ കുറവും ഭൂമിശാസ്ത്രപരമായ പ്രത്യേകതയും അതിനുള്ള ചില കാരണങ്ങൾ ആണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് സൗകര്യം ലഭിച്ചാൽ അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മയ്ക്ക് കുറേയൊക്കെ മാറ്റം വരുത്താൻ കഴിയും.

ചെറുകിട കർഷകരും കർഷകതൊഴിലാളികളുമാണ്ണ് ജനങ്ങളിൽ സിംഹഭാഗവും. വെള്ളിയാമറ്റം പഞ്ചായത്ത് റബ്ബർ തോട്ടങ്ങൾക്കും തെങ്ങിൻ തോട്ടങ്ങൾക്കും പ്രസിദ്ധമായിരുന്നു. തെങ്ങിനുള്ള രോഗബാധ ജനങ്ങളെ റബ്ബർ കൃഷിയിലേയ്ക്ക് തിരിയുവാൻ പ്രേരിപ്പിച്ചു. റബ്ബർ, കൊക്കോ, പൈനാപ്പിൾ ഇവയുടെ ഉല്പാദനം വർദ്ധിച്ചുവെങ്കിലും ഇവയുപയോഗിച്ചുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ ഒന്നും തന്നെയിവിടെയില്ല.

## ജലപ്രകൃതി

വെള്ളിയാമറ്റം പഞ്ചായത്തിലെ ശരാശരി വർഷപാതം 2052.6 മീറ്റർ ആണ്. ഈ പഞ്ചായത്തിലെ മുഖ്യ ജലസ്രോതസ് പോത്തുമറ്റത്തുനിന്നും ആരംഭിക്കുന്ന വടക്കനാറാണ്. പഞ്ചായത്തിലെ പല വാർഡുകളുടേയും അതിർത്തി കൂടിയാണ് വടക്കനാറ്. കൃഷിക്കും ജലസേചനത്തിനും ഉപകരിക്കുന്ന വടക്കനാറിൽ ഉദ്ദേശം ആണ്ടുവട്ടം മുഴുവനും ജലം ലഭിക്കുന്നു. ആറ്റിൽ ചില മേഖലകളിൽ ഉണ്ടായിരുന്ന വലിയ കയങ്ങൾ പലതും നികന്ന്പോയി എന്നു പറയാം. മണൽവാരൽമൂലം ആറിന്റെ സൈഡ് ഇടിയുന്നത് മുഖ്യമായ പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുന്നു.

പഞ്ചായത്തിലെ മുഴുവൻ തോടുകളും വടക്കനാറ്റിൽ പതിക്കുന്നു. ആകെ തോടുകളുടെ ദൈർഘ്യം 44.4 കി.മി. ആണ്. ഇതിൽ പ്രധാനം വടക്കനാറാണ്. കൂടാതെ 6 കുളങ്ങളും ചേർന്നതാണ് ഈ പഞ്ചായത്തിലെ ഉപരിതല ജലസ്രോതസ്.

മിക്കവാറും പ്രദേശങ്ങളെല്ലാം വേനൽക്കാലത്ത് ജലക്ഷാമത്തിന്റെ പിടിയിലാകും. മേച്ചേരി, ഊഞ്ഞാംപടി, ഇരുകല്ലുംമുടി, ഞറളംപുഴ, നെല്ലിക്കാമല, കൊന്താലപ്പള്ളി, ഇടക്കുന്നം, മുത്തിയുരുണ്ട, പതിക്കാമല, പറമ്പുകാട്ടുമല എന്നീ മേഖലകൾ വേനൽക്കാലത്ത് കുടിവെള്ളം ലഭിക്കാത്ത മേഖലകളാണ്. പഞ്ചായത്തിൽ വെട്ടിമറ്റത്ത് തേൻമാരിഭാഗത്തും പുതിയകുളങ്ങര, മടിപാറ ഭാഗത്തും 4-ാം വാർഡിൽ ഒഴുകഭാഗത്തും വറ്റാത്ത ശുദ്ധജല സ്രോതസ്സുകളാണുള്ളത്.



# കൃഷിയും ജലസേചനവും

വെള്ളിയാമറ്റം പഞ്ചായത്ത് മലയോരമേഖയിൽപെടുന്ന ഒരു കാർഷിക ഗ്രാമമാണ്. ഉയർന്ന കുന്നുകളും താഴ്‌വരകളും പാറക്കെട്ടുകളും നിറഞ്ഞഭൂപ്രകൃതി ഈ പഞ്ചായത്തിന്റെ പ്രത്യേകതയാണ്. സാധാരണയായി ജൂൺ ആരംഭത്തോടുകൂടി കാലവർഷം തുടങ്ങുന്നു. സെപ്റ്റംബറിൽ ആരംഭിക്കുന്ന തുലാവർഷം നവംബർ വരെ തുടരുന്നു. ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങൾ താരതമ്യേന മഴ കുറവുള്ള വരണ്ട ശൈത്യകാലമാണ്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ വേനൽമഴ ലഭിക്കുന്നു. വർഷത്തിൽ ശരാശരി 3000 മില്ലീമീറ്റർ മഴ ലഭിക്കുന്ന പ്രദേശമാണ്. ഏറ്റവും ഉയർന്ന മലനിരകൾ ഉൾപ്പെടുന്ന 8ഉം 10ഉം വാർഡുകളിലെ ചില പ്രദേശങ്ങൾ ഒഴികെയുള്ള ഭാഗങ്ങളിൽ 20ഡിഗ്രി സെൽഷ്യസ് മുതൽ 34ഡിഗ്രി സെൽഷ്യസ് വരെയുള്ള അന്തരീക്ഷ താപനില അനുഭവപ്പെടുന്നു. ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ഭൂമിയും ലാറ്ററേറ്റ് മൺതരത്തിൽ പെടുന്നവയാണ്. ഈ ഗ്രാമപഞ്ചായത്തിൽക്കൂടി ഒഴുകുന്ന വടക്കനാറിനെ അടിസ്ഥാനമാക്കി ഒരു നീർത്തട വികസന പദ്ധതിക്കുള്ള സാധ്യതകൾ പരിശോധിക്കേണ്ടിയിരിക്കുന്നു.

## കാർഷിക ചരിത്രം.

1901-ൽ ബ്രിട്ടീഷ് കമ്പനി തുടങ്ങിയ തോട്ട അടിസ്ഥാനത്തിലുള്ള റബ്ബർ കൃഷിയാണ് ഈ പഞ്ചായത്തിലെ ആധുനിക കാർഷിക ചരിത്രത്തിന്റെ ആരംഭം എന്നുപറയാം. മീനച്ചിൽ, മൂവാറ്റുപുഴ തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് കുടിയേറിയ കർഷകർ ആദ്യകാലങ്ങളിൽ തെങ്ങ്, കമുക്, പ്ലാവ്, മാവ്, കശുമാവ്, തെരുവപ്പുല്ല് തുടങ്ങയവ ഉൾക്കൊള്ളുന്ന സമ്മിശ്രകൃഷിരീതി ആയിരുന്നു ഭൂരിപക്ഷം പ്രദേശത്തും സ്വീകരിച്ചിരുന്നത്. എന്നാൽ സമീപ കാലത്ത് തെങ്ങ് കമുക് തുടങ്ങിയ വിളകളുടെ ഉൽപ്പാദനത്തിൽ വന്ന ഭീമമായ കുറവും രോഗബാധകളും മൂലം ഈ കൃഷികളിൽനിന്നും കർഷകൻ പിന്നോട്ട് പോയി. കുരുമുളക് ചെടികൾ ദ്രുതവാട്ടം പോലുള്ള രോഗങ്ങൾ മൂലം നശിച്ച് പോകുന്നതും പ്രസ്തുത കൃഷി ഉപേക്ഷിക്കുന്നതിന് കർഷകരെ പ്രേരിപ്പിച്ചു. ബ്രിട്ടീഷ് കമ്പനിയുടെ തോട്ടാടിസ്ഥാനത്തിലുള്ള റബ്ബർ കൃഷിയുടെ വിജയം കർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിച്ചു. ഇപ്പോൾ ഈപഞ്ചായത്തിൽ 60% കർഷകരും റബർകൃഷി ചെയ്തു വരുന്നു. തെങ്ങുംതോട്ടങ്ങളിൽ ഇടവിളയായി ചിലപ്രദേശങ്ങളിൽ അടുത്തകാലത്ത് കൊക്കോ കൃഷിചെയ്തുവരുന്നു. സാധ്യമായ സ്ഥലങ്ങളിൽപ്പോലും ഭീമമായ നഷ്ടം മൂലം നെൽകൃഷി തുടരാൻ കഴിയാതെ കർഷകർ നട്ടം തിരിയുകയാണ്. റബ്ബർ കൃഷിയുടെ വർദ്ധനവോടുകൂടി പച്ചക്കറികളും ഫലവൃക്ഷങ്ങളും അടങ്ങുന്ന ഭക്ഷ്യവിളകളുടെ ഉൽപ്പാദനത്തിൽ വളരെയധികം പിന്നോക്കം പോയി. ഈ പഞ്ചായത്തിലെ 2-ാം വാർഡിൽ 40 ഹെക്ടർ വിസ്തീർണ്ണത്തിൽ ഉൾക്കൊള്ളുന്ന ഒരു മാതൃകാ എണ്ണപ്പനത്തോട്ടം 1956 മുതൽ ഓയിൽ ഫാം ഇന്ത്യയുടെ ഉടമസ്ഥതയിൽ പ്രവർത്തിച്ചുവരുന്നു. ഇതിനു പുറമേ പഞ്ചായത്തിന്റെ 2-ാം വാർഡിൽ വെട്ടിമറ്റത്ത് കേരളാ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള 68ഏക്കർ വരുന്ന ഒരു തേക്കിൻ കൂപ്പും ഉണ്ട്.

**കാർഷിക വിളകൾ**

| | | |
|---|---|---|
| 1. | വൃക്ഷവിളകൾ | റബ്ബർ, തെങ്ങ്, കൊക്കോ, കാപ്പി, കമുക്, മാവ്, പ്ലാവ്. |
| 2. | സുഗന്ധവ്യഞ്ജനങ്ങൾ | ജാതി, ഗ്രാമ്പു, ഏലം, കുരുമുളക് |
| 3. | വാർഷിക വിളകൾ | പൈനാപ്പിൾ, വാഴ, കപ്പ, ചേന, ചേമ്പ്, കാച്ചിൽ, മഞ്ഞൾ, ഇഞ്ചി, കച്ചോലം, മധുരക്കിഴങ്ങ്. |
| 4. | ഹ്രസ്വകാല വിളകൾ | നെല്ല്, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ. |

### റബ്ബർ

ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കൃഷിചെയ്യപ്പെടുന്ന ഒന്നാണ് റബ്ബർ. 4750 -ൽ അധികം ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്യുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ പ്രദേശത്ത് കാർഷിക സമ്പത്ത് വ്യവസ്ഥ പ്രധാനമായും റബ്ബർ കൃഷിയിൽ അധിഷ്ടിതമാണ്. കാലാവസ്ഥക്കും അനുസൃതമായി റബ്ബറിന്റെ ഉത്പാദനത്തിൽ കാലാകാലങ്ങളിൽ സാരമായ വ്യതിയാനങ്ങൾ ഉണ്ടാകുന്നു. ജനുവരി മാസത്തോടു കൂടി കുറയുന്ന ഉത്പാദനം പിന്നീട് അടുത്ത കാലവർഷാരംഭം വരെ കുറഞ്ഞു തന്നെ നിലനിൽക്കുന്നു. മഴക്കാലത്ത് അനുഭവപ്പെടുന്ന ശക്തിയേറിയ മഴ പലപ്പോഴും റബ്ബർ ടാപ്പിങിനെ സാരമായി ബാധി

ക്കുന്നു. അകാലിക ഇലപൊഴിച്ചിൽ, കൂമ്പുചീയൽ, പാച്ച് ക്യങ്കർ, പിങ്ക് രോഗം, പട്ട മരവിപ്പ് തുടങ്ങിയവയാണ് റബ്ബറിനെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ.

## തെങ്ങ്

ഈ പഞ്ചായത്തിൽ ആയിരത്തി അഞ്ഞൂറ് ഹെക്ടര സ്ഥലത്ത് തെങ്ങ് കൃഷി ചെയ്യുന്നതായി കണക്കാക്കിയിരിക്കുന്നു. ഈ അടുത്ത കാലത്തായി തേങ്ങ യുടെ ഉൽപ്പാദനത്തിൽ വളരെയധികം കുറവ് അനുഭവപ്പെടുന്നുണ്ട്. കാർഷിക വിദഗ്ധർക്കു പോലും ശരിയായ പരിഹാരം കണ്ടെത്താൻ കഴിയാത്ത കാറ്റുവീഴ്ച രോഗം ബാധിച്ചത് തെങ്ങിന്റെ ഉൽപ്പാഗന ക്ഷമതയെ വളരെയധികം ബാധിച്ചു. ഇതിനു പുറമേ കൂമ്പുചീയൽ, ചെനീരൊലിപ്പ്, ഓലരോഗം, വെള്ളക്കാ പൊഴിച്ചിൽ തുടങ്ങിയവയും കൊമ്പൻ ചെല്ലി, എലി, പാറയാൻ തുടങ്ങിയവയുടെ ആക്രമണങ്ങൾ തെങ്ങിന്റെ ഉൽപ്പാദനത്തെ സാരമായി ബാധിക്കുന്നു.

ജൈവാധിഷ്ടിതമായ സസ്യസംരക്ഷണ നടപടികൾ, ജലസേചനം, രോഗ പ്രതിരോധശേഷിയുള്ള ഇനങ്ങളുടെ പ്രചരണം തുടങ്ങിയ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടിയിരിക്കുന്നു.

## കൊക്കോ

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിൽ സമീപകാലത്ത് കൃഷി ചെയ്തു തുടങ്ങിയ ഒരു വിളയാണിത്. പ്രധാനമായും തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി കൃഷി ചെയ്യുന്നു. കായുണക്കം, പിങ്ക് രോഗം, കീട ബാധ തുടങ്ങിയവയാണ് ഈ കൃഷി അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ. ഇതിനു പുറമേ കൊക്കോയുടെ വിലയിൽ ഉണ്ടാവുന്ന ഏറ്റക്കുറച്ചിലുകൾ ഈ കൃഷിയുടെ വികസനത്തെ സാരമായി ബാധിക്കുന്നു.

## കുരുമുളക്

ഈ പഞ്ചായത്തിൽ നാൽപ്പതിലധികം ഹെക്ടർ സ്ഥലത്ത് കുരുമുളക് ഇടവിളയായി കൃഷി ചെയ്യപ്പെടുന്നു. ദ്രുതവാട്ടം കട ചീയൽ, ശൽക്ക കീട രോഗങ്ങൽ തുടങ്ങിയവയാണ് കുരുമുളക് കൃഷിയെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ. ഉയർന്ന ഉൽപ്പാദന ശേഷിയും രോഗ പ്രതിരോധ ശേഷിയിള്ള ഇനങ്ങൾ കൃഷി ചെയ്തും, ജൈവാധിഷ്ടിത സസ്യസംരക്ഷണ നടപടികൾ സ്വീകരിച്ചും കുരുമുളക് കൃഷി വികസിപ്പിക്കാവുന്നതാണ്.

## കാർഷികവിളകൾ

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിൽ ഏറ്റവും കൂടുതൽ വികസന സാധ്യതയുള്ള വാർഷിക വിളയാമ് വാഴ. പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും വിവിധയിനം വാഴകൾ കൃഷി ചെയ്തു വരുന്നു. കരിക്കിൻ കേട്, കുറുനാമ്പ് രോഗം, പുള്ളിക്കുത്ത്, തുടങ്ങിയവയാണ് വാഴയെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ . കിഴങ്ങു വർഗ്ഗങ്ങളിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്തു വരുന്നത് മരച്ചീനിയാണ്. മരച്ചീനി കൃഷി അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം മൊസെക്ക് രോഗമാണ്.

ഇഞ്ചി, മഞ്ഞൾ, തുടങ്ങിയ വാർഷിക വിളകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൃഷി ചെയ്തു വരുന്നു. കൂടുതൽ ആദായകരമായ റബ്ബർ കൃഷി വ്യാപിച്ചതോടു കൂടി വാർഷിക വിളകളുടെ ഉൽപ്പാദനം വളരെയധികം കുറഞ്ഞു കൊണ്ടിരിക്കുകയാണ്. എന്നാൽ മറ്റൊരു വാർഷികവിളയായ പൈനാപ്പിൾകൃഷി ഈപഞ്ചായത്തിലെ റബ്ബർതോട്ടങ്ങളിൽ വ്യാപിച്ചുകൊണ്ടാരിക്കുന്നു.

## നെല്ല്

ഈ പഞ്ചായത്തിൽ ഏകദേശം 115 ഹെക്ടർ സ്ഥലത്ത്ഇപ്പോൾ നെൽക്രൃഷി ചെയ്തുവരുന്നു. മുൻ കാലങ്ങളിൽ നെൽ കൃഷി ചെയ്തുകൊണ്ടിരുന്ന സ്ഥലങ്ങൾ പലതും മറ്റ് ആവശ്യങ്ങൾക്കായി മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. ബ്ളാസ്റ്റ്,പോളരോഗം, പുള്ളിക്കുത്ത്, മുഞ്ഞ, ഗ്വാളിച്ച, ചാഴി, കുഴൽപ്പുഴു. എന്നിങ്ങനെയുള്ള രോഗങ്ങളും കീടങ്ങളും നെൽക്രൃഷിയെ വളരെ ദോഷകരമായി ബാധിക്കുന്നു. വർദ്ധിച്ചുവരുന്ന കൃഷിചെലവുകൾക്ക് ആനുപാതികമായി നെല്ലിന് വില ലഭിക്കാത്ത കർഷകത്തൊഴിലാളികളുടെ അഭാവവും നെൽ കൃഷി കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. പാടശേഖര സമിതികൾ പുനസംഘടിപ്പിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. നെൽകർഷകർക്ക് ഉൽപ്പാദനക്ഷമതാ ബോണസ്, സൗജന്യ വിള ഇൻഷുറൻസ് എന്നി ഏർപ്പെടുത്തുന്നത് നെല്ല് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സഹായകമാകും.

## പച്ചക്കറികൾ

ഈ പഞ്ചായത്തിൽ 25ഓളം ഹെക്ടർ സ്ഥലത്ത് ഇടവിളയായി പച്ചക്കറികൃഷി ചെയ്യുന്നതായി കണക്കാക്കപ്പെടുന്നു. വെണ്ട, വഴുതന, പാവൽ, പയർ, ചീര, കുമ്പളം, മത്തൻ തുടങ്ങിയവയാണ് ഈ പ്രദേശത്ത് കൃഷിചെയ്യപ്പെടുന്ന പ്രധാന പച്ചക്കറിവർഗ്ഗങ്ങൾ. രോഗകീടബാധകളും ആവശ്യമായ സ്ഥലത്തിന്റെ ലഭ്യതക്കുറവും പ്രതികൂലമായ കാലാവസ്ഥയുമാണ് പച്ചക്കറികൃഷി വികസനത്തിന് തടസ്സമായി നിൽക്കുന്നുള്ളു. പച്ചക്കറികൃഷിയേക്കുറിച്ചുള്ള ബോധവൽക്കരണവും പ്രോൽസാഹനവും സംഘടിതമായ ശ്രമവും ഉണ്ടെങ്കിൽ ഈ കൃഷി കൂടുതൽ വ്യാപിപ്പിക്കുവാൻ സാധിക്കുന്നതാണ്.

## വായ്പാ സൗകര്യങ്ങൾ

ഹ്രസ്വകാല - മദ്ധ്യകാല കാർഷിക വായ്പകൾക്ക് വെള്ളിയാമറ്റം സർവ്വീസ് സഹകരണ ബാങ്കിനേയും നാളിയാനി ഗിരിജൻ സർവ്വീസ് സഹകരണ ബാങ്കിനേയും ഫെഡറൽ ബാങ്ക്, യൂണിയൻ ബാങ്ക് തുടങ്ങിയ വാണിജ്യ ബാങ്കുകളേയും ആണ് കർഷകർ പ്രധാനമായും ആശ്രയിക്കുന്നത്. കാർഷിക വികസന ആവശ്യങ്ങൾക്കുള്ള ദീർഘകാല വായ്പകൾ തൊടുപുഴ ഭൂവികസന ബാങ്കിൽ നിന്ന് ലഭ്യമാകുന്നു. നിലവിലുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി യഥാസമയം വയ്പകൾ ലഭ്യമാക്കുന്നതിന് കഴിയാതെ വരുമ്പോൾ കർഷകർ കൂടിയ പലിശകൊടുത്ത് സ്വകാര്യ പണമിടപാടുകാരിൽ നിന്നും പണം കടം വാങ്ങുന്നതിന് നിർബന്ധിതരാകുന്നു. ഇത് പലപ്പോഴും ചെറുകിട നാമമാത്രകർഷകരെ കടക്കെണിയിൽ അകപ്പെടുത്തുന്നു. കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്തത് മൂലം വായ്പയെടുക്കാൻ കഴിയാതെ വരുന്നത് കർഷകർ അഭിമുഖീകരിക്കുന്ന ഒരു വലിയ പ്രശ്നമാണ്.

## വിപണന സൗകര്യങ്ങൾ

ഈ പഞ്ചായത്തിലെ പ്രധാന കാർഷിക വിളയായ റബ്ബർ വിപണനത്തിന് കർഷകർ പ്രധാനമായി ആശ്രയിക്കുന്നത് വെള്ളിയാമറ്റം റബ്ബർ ഉൽപ്പാദകസംഘം, പന്നിമറ്റം റബ്ബർ ഉൽപ്പാദകസംഘം, വെള്ളിയാമറ്റം സർവ്വീസ് സഹകരണ ബാങ്ക് തുടങ്ങിയ സംഘടിത സ്ഥാപനങ്ങളേയും സ്വകാര്യവ്യാപാരികളേയും ആണ്. മറ്റു കാർഷികവിളകളുടെ വിപണനത്തിന് സംഘടിത മേഖലയിൽ സ്ഥിരം സംവിധാനം

ഇല്ല. അവയുടെ വിപണനത്തിന് കർഷകർ പ്രധാനമായും സ്വകാര്യമേഖലയെ ആശ്രയിക്കുന്നു. പഴം പച്ചക്കറി മേഖലയിൽ സംഘടിതമായ വിപണനസൗകര്യങ്ങളുടെ അഭാവം പ്രസ്തുത മേഖലകളുടെ വികസനത്തെ പ്രതികൂലമായി ബാധിക്കുന്നു.

## കാർഷിക ബന്ധങ്ങളും കർഷകതൊഴിലാളികളും

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം തൊഴിലാളികളും കാർഷികമേഖലയിൽ പണിയെടുക്കുന്നവരാണ്. കാർഷികേതരജോലിക്കാർ താരതമ്യേന സംഘടിതരാണ്. കാർഷിക മേഖലയിൽ പണിയെടുക്കുന്ന സ്ത്രീതൊഴിലാളികൾക്ക് 40 രൂപായും പുരുഷൻമാർക്ക് 60 രൂപായും ആണ് പ്രതിദിന നിരക്ക്. സാമാന്യം തൃപ്തികരമായ തൊഴിൽ ബന്ധങ്ങളും ഇവിടെ നിലനിൽക്കുന്നു.

## നിലവിലുളള കാർഷിക വികസന പ്രവർത്തനങ്ങൾ

കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കിവരുന്ന കാർഷികവികസനപരിപാടികൾ പ്രധാനമായും കൃഷിഭവൻമുഖേനയാണ് ഈ പഞ്ചായത്തിൽ നടപ്പിലാക്കുന്നത്. കാർഷികവികസനപരിപാടികളിൽ കേരവികസന സമിതി, പാടശേഖരസമിതികൾ എന്നീ രജിസ്റ്റർ ചെയ്ത സംഘങ്ങൾ കൃഷിഭവനുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. വേണ്ടത്ര ജീവനക്കാരുടെ അഭാവം മൂലം കൃത്യമായ കാർഷികസ്ഥിതിവിവരകണക്കുകൾ ശേഖരിക്കുവാനോ വിവിധപദ്ധതികളിൽപ്പെടുന്ന സഹായങ്ങൾ യഥാസമയം ആവശ്യമുള്ള മുഴുവൻ കർഷകർക്കും ലഭ്യമാക്കുവാനോ കൃഷിഭവന് സാധ്യമാകാറില്ല.

**നടീൽ വസ്തു വിതരണം സംബന്ധിച്ച പട്ടിക.**

| ഇനം | ഏണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 645 | 885 | 930 |
| കശുമാവ് | ഇല്ല | ഇല്ല | ഇല്ല |
| കുരുമുളക് | 34000 | 24560 | 18000 |
| കവുങ്ങ് | 2552 | 1400 | 1100 |
| ജാതി | 222 | 50 | 25 |
| ഗ്രാമ്പു | ഇല്ല | ഇല്ല | 25 |
| കപ്പങ്ങ | ഇല്ല | ഇല്ല | 25 |
| പഴവർഗ്ഗങ്ങൾ | 25 | 50 | 66 |
| കൊക്കൊ | 100 | 500 | 650 |
| മാവ് | ഇല്ല | 50 | 249 |
| പേര | ഇല്ല | 50 | 40 |
| നാരകം | ഇല്ല | ഇല്ല | 71 |

**കാർഷിക ഉപകരണങ്ങളുടെ വിതരണം സംബന്ധിച്ച പട്ടിക**

| | ഉഴവ് ഉപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങുകയറ്റ യന്ത്രം | ഷോർട്ടബിൾ പമ്പുസെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്റ്റർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രെ | നാപ് സ്പ്രെയർ | മറ്റുള്ളവ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| I | - | ഒന്ന് | - | - | - | - | - | - | - |
| II | - | - | - | ആറ് | മൂന്ന് | - | ആറ് | - | - |
| III | - | - | - | - | - | - | - | - | - |
| IV | - | രണ്ട് | - | നാല് | രണ്ട് | - | മൂന്ന് | - | - |
| V | - | - | - | - | - | - | - | - | - |
| VI | - | - | - | - | - | - | - | - | - |
| VII | - | - | - | - | - | - | - | - | - |
| VII | - | - | - | - | - | - | - | ഒന്ന് | - |
| IX | - | - | - | - | - | - | - | - | - |
| X | - | - | - | - | - | - | - | - | - |

**ദുരിതാശ്വാസ വിതരണം സംബന്ധിച്ച പട്ടിക**

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം(ഹെക്ടർ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുകRs |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94 | വെള്ള പ്പൊക്കം | | | | 33 | 6502 |
| 1994-95 | വെള്ള പ്പൊക്കം | | | | നെൽ വിത്ത് | 1020 kg |
| | | | | | 37 പേർ | 5100 |
| | | | | | 206 പേർ | 52562 |
| | | | | | 23 പേർ | 300 kg |
| | | | | | | 1500 |
| 1995-96 | വെള്ള പ്പൊക്കവും | | | | 11 എണ്ണം | 7205 |
| | കൊടുങ്കാറ്റും | | | | 11 എണ്ണം | 3815 |

ഈ പഞ്ചായത്തിലെ റബർ കൃഷി വികസന പദ്ധതികൾക്ക് നേതൃത്വം നല്കുന്നത് റബർ ബോർഡിന്റെ തൊടുപുഴ റീജനൽ ഓഫീസ് മുഖേനയാണ്. വെള്ളിയാമറ്റം റബർ ഉദ്പാദകസംഘം, പന്നിമറ്റം റബർ ഉദ്പാദകസംഘം, വെട്ടിമറ്റം റബർ ഉദ്പാദകസംഘം എന്നീ സംഘടനകൾ റബർകൃഷിവികസന പ്രവർത്തനങ്ങൾക്ക് റബർ ബോർഡുമായി സഹകരിച്ച് പ്രവർത്തിച്ചു വരുന്നു. ഈ പഞ്ചായത്തിലെ പട്ടിക വർഗ്ഗക്കാരായ കർഷകർക്ക് വേണ്ടി റബർബോർഡിൽ നിന്നും ഒരു പ്രത്യേക റബർകൃഷി വികസനപദ്ധതി നടപ്പാക്കി വരുന്നുണ്ട്.

## വളം കീടനാശിനി എന്നിവയുടെ ഉപയോഗം

അശാസ്ത്രീയമായ രാസവള കീടനാശിനി പ്രയോഗം മണ്ണിന്റെ ഘടനയെ ബാധിക്കുകയും പരിതസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. രാസവള കീടനാശിനി പ്രയോഗങ്ങളുടെ വിവിധ ദൂഷ്യവശങ്ങളെപ്പറ്റി കർഷകരെ ബോധവാൻമാരാക്കേണ്ടിയിരിക്കുന്നു. അപകടരഹിതമായ ജൈവകീടനാശിനികളുടെയും മറ്റ് സസ്യസംരക്ഷണ ഉപാധികളുടെയും സാധ്യതകൾ ആരായേണ്ടിയിരിക്കുന്നു. ജൈവാധിഷ്ടിത വളപ്രയോഗത്തിലൂടെ മണ്ണിന്റെ ഫലഫൂയിഷ്ടതയും ആരോഗ്യവും വീണ്ടെടുക്കേണ്ടിയിരിക്കുന്നു.

## ജലസേചനം

ഈ പഞ്ചായത്തിൽ പ്രധാനമായും മഴയെ ആശ്രയിച്ചുള്ള കൃഷി സമ്പ്രദായമാണ് നിലവിലുള്ളത്. ജലസേചനത്തിനായി നിർമ്മിക്കപ്പെട്ടിട്ടുള്ള സ്വകാര്യ കിണറുകളും കുളങ്ങളും കൂടാതെ ജലസേചനത്തിനായി തീർത്തിട്ടുള്ള മൂന്ന് പൊതുകുളങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഈ പഞ്ചായത്തിലെ ജലസേചനത്തിന് ആശ്രയിക്കാൻ കഴിയുന്ന നദിയുടെയും, തോടുകളുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

**a) ചെറുകിട ജലസേചന തോടുകൾ സംബന്ധിച്ച വിവരങ്ങൾ**

| | ക്രമ നമ്പർ | തൊടിന്റെ പേര് | ആകെ നീളം മീറ്റർ | ശരാശരി വീതി മീറ്റർ | സംരക്ഷിക്കപ്പെട്ട തോടിന്റെ നീളം | തൻവർഷം ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | |
| I | 1 | കെന്താലവള്ളിതോട് | 3000 | 4m | | |
| II | 2. | കല്ലുവേലിതോട് | 1500 | 2.5m | | |
| III | 4. | പനിക്കമല ഇറുക്കുപാലം തോട് | 1500 | 12m | | |
| | 5. | ഇളംദേശം തൈത്തോട്ടം തോട് | 1000 | 20m | | |
| IV | 6. | കറുകപ്പള്ളി വെള്ളിയാമറ്റം തോട് | 4000 | 4m | | |
| V | 7. | ഇട്ട്യാതിത്തോട് | 1250 | 3m | | |
| | 8. | വെള്ളിയാമറ്റം പുതിയകുളങ്ങര തോട് | 2000 | 3m | | |
| VI | 9. | മുത്തോട് പതിക്കമലത്തോട് | 1000 | 12m | | |
| | 10 | . പൂകുളം ചെപ്പുകുളം തോട് | 3000 | 10m | | |
| VII | 11. | മുഴക് ശരംകുത്തി തോട് | 1500 | 3m | | |
| | 12. | നെടിയറ്റ്ശരംകുത്തി തോട് | 800 | 4m | | |
| | 13. | മേത്തൊട്ടി കൈക്കൽ തോട് | 3000 | 6m | | |
| | 14. | അറക്കത്തോട് | 2000 | 3m | | |
| VIII | 15. | ചെമ്പൻ തോട് | 2000 | 3m | | |
| | 16. | തേവരുപാറത്തോട് | 2000 | 3m | | |
| | 17 | കൊത്തിലപാറത്തോട് | 2000 | 3m | | |
| | 18. | ഇലവുങ്കമാലിത്തോട് | 2000 | 3m | | |
| | 19. | മാത്തലോലിത്തോട് | 2500 | 3m | | |
| IX | 20. | വാലിയാൻ തോട് | 2500 | 3m | | |
| | 21. | നാടുകാണി കിഴക്കൻമലത്തോട് | 1500 | 3m | | |
| X | 22 | കോഴിപ്പള്ളി കുളപ്പുറം തോട് | 1200 | 3m | | |
| | 23 | ചേന്തനാർ (വെള്ളിയാമറ്റം) | 20000 | 30m | | |
| | | ആകെ | | | | |

### വെള്ളിയാമറ്റം പഞ്ചായത്ത്

### പണിനടന്നുകൊണ്ടിരിക്കുന്നതോപൂർത്തിയായതോ ആയതോ ആയ ജലസേജനപദ്ധതികൾ

| | പ്രവർത്തിയുടെ പേര് | ആരംഭിച്ചവർഷം | പൂർത്തിയായവർഷം | എസ്റ്റിമേറ്റ് തുക |
|---|---|---|---|---|
| 1. | പുതുപ്പാടി സാമൂഹ്യ ജലസേചനപദ്ധതി | 1990 | പൂർത്തിയായിട്ടില്ല | 500000 |
| 2. | കറുകപ്പള്ളി തോടിന്റെ വലതുകര സംരക്ഷണ ഭിത്തി (S.H. Convent വെള്ളിയാമറ്റം (reach-1) | 1994 | 1995 | 217000 |
| 3. | കറുകപ്പള്ളി തോടിന്റെ വലതുകര സംരക്ഷണ ഭിത്തി (S.H. Convent വെള്ളിയാമറ്റം reach -2) | 1995 | 1996 | 137000 |
| 4. | W.G.D.P കോന്താലപ്പള്ളി പാടശേഖരത്തിനുള്ള ചേന്തനാർ നിർമ്മതി ജലസേചന പദ്ധതി | 1996 | 1996 | 400000 |
| 5 | W.G.D.P മേത്തൊട്ടി ക്രോസ്ബാർ ഉൾപ്പെടെയുള്ള ചേന്തനാർ കനാൽപദ്ധതി | 1992 | 1992 | 150000 |
| 6. | W.G.D.P പൂങ്കുളംപാടം കനാലും കുറുവാക്കയം ക്രോസ്ബാറും ഉൾപ്പെടെയുള്ള ചേന്തനാർ നിർമ്മിതി പദ്ധതി. | 1993 | 1993 | 300000 |
| 7. | W.G.D.P കൊന്താലപ്പള്ളി പാടശേഖരത്തിനുള്ള രണ്ട് ക്രോസ്ബാർ ഉൾപ്പെടെയുള്ള ചേന്തനാർ നിർമ്മിതി ജലസേചന പദ്ധതി | 1994 | 1994 | 325000 |
| 8. | W.G.D.P കറുകപ്പള്ളി പാടശേഖരത്തിനുള്ള ക്രോസ്ബാർ ഉൾപ്പെടെയുള്ള ഭചന്തനാർ നിർമ്മിതി വികസനപദ്ധതി | 1994 | 1994 | 250000 |
| 9. | W.G.D.P കറുകപ്പിള്ളിത്തോടിന്റെ സംരക്ഷണഭിത്തിയും ക്രോസ്ബാർ ഉൾപ്പെടെയുള്ള ചേന്തനാർ നിർമ്മിതി പദ്ധതി. | 1995 | പൂർത്തിയായിട്ടില്ല | 400000 |
| 10. | കറുപ്പള്ളി പാടശേഖരത്തിന്റെ സംരക്ഷണഭിത്തി, അറക്കുളം വില്ലേജ്. | 1994 | 1994 | 200000 |
| 11. | W.G.D.P കൊന്താലപ്പള്ളി പാടശേഖര ജലസേചനത്തിനുള്ള ചേന്തനാർ നിർമ്മിതി പദ്ധതി | 1992 | 1992 | 300000 |
| 12. | പ്രകൃതിദത്ത നീരുറവ വികസനത്തിനുള്ള കോടാലിപ്പാറ കുളപ്പുറം പദ്ധതി | 1992 | 1993 | 225000 |

**വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്**

**പണിപൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികൾ**

| | പ്രവർത്തിയുടെ പേര് | ആരംഭിച്ചവർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക |
|---|---|---|---|---|
| 1. | കൊന്താലവള്ളി റോഡിന്റെ സംരക്ഷണവേല | 1993 | 1994 | 100000 |
| 2. | പൂമാല പാടം സംരക്ഷണ വേല | 1993 | 1994 | 150000 |
| 3. | മേത്തൊട്ടി പൊട്ടനാനിക്കൽ തോടിന്റെ സംരക്ഷണ വേല | 1994 | 1995 | 150000 |
| 4. | തേന്മാരി തോടിന്റെ സംരക്ഷണ വേല | 1994 | 1995 | 185000 |
| 5. | കൊന്താലപ്പള്ളി തോടിന്റെ സംരക്ഷണ വേല (30 ഏക്കർ ഭാഗം) | 1994 | 1995 | 185000 |
| 6. | പുതിയകുളങ്ങര തോടിന്റെ സംരക്ഷണ വേല | 1994 | 1995 | 150000 |
| 7. | കൊന്താലപ്പള്ളി തോടിന്റെ സംരക്ഷണ വേല | 1994 | 1995 | 200000 |
| 8. | കൊന്താലപ്പള്ളി പാടത്തിന്റെ സംരക്ഷണ വേല | 1994 | 1995 | 40000 |
| 9. | തേന്മാരി തോടിന്റെ സംരക്ഷണ ഭിത്തി | 1994 | 1995 | 100000 |

ജലസേചന പദ്ധതികൾക്കായി ഇറിഗേഷൻ ഡിപ്പാർട്ട്മെന്റും, തൊഴിൽ ഉറപ്പ് പദ്ധതി പ്രകാരവും വൻ തുകകൾ ചിലവഴിച്ചിട്ടുണ്ടെങ്കിലും ചിലവഴിക്കപ്പെട്ട തുകകൾക്കനുസൃതമായ പ്രയോജനം ലഭിച്ചിട്ടില്ല. ആയതിനാൽ കുറഞ്ഞ ചിലവിൽ കൂടുതൽ സ്ഥലത്ത് ജലസേചനം ലഭ്യമാകത്തക്കവിധത്തിൽ നീർത്തടാടിസ്ഥാനത്തിൽ പൊതുജനപങ്കാളിത്തത്തോടെ ജലസേചന പദ്ധതികൾ പുനർസംവിധാനം ചെയ്യേണ്ടിയിരിക്കുന്നു.

## മണ്ണ് ജലസംരക്ഷണം

മഴക്കാലത്ത് വർദ്ധിച്ചതോതിൽ മഴ ലഭിക്കുന്ന ഈ പഞ്ചായത്തിൽ ശരിയായ ആസൂത്രണം ചെയ്ത മണ്ണ്, ജലസംരക്ഷണ പദ്ധതികളുടെ അഭാവം മൂലം അതിഭീമമായ മണ്ണൊലിപ്പും വേനൽക്കാലത്തെ വരൾച്ചയും അനുഭവപ്പെടുന്നു. മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ നീർത്തടാടിസ്ഥാനത്തിൽ ശാസ്ത്രീയമായും പുനർസംവിധാനം ചെയ്യേണ്ടിയിരിക്കുന്നു.

A പശ്ചിമഘട്ട വികസന പദ്ധതിയിൽപ്പെടുന്ന മണ്ണ് സംരക്ഷണ പദ്ധതിയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

**മണ്ണ് സംരക്ഷണം**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതി പ്രദേശ വിസ്തീർണ്ണം ഹെക്ടർ | പദ്ധതി പ്രദേശത്തെ നീർച്ചാലുകളുടെ നീളം | അടങ്കൽ തുക ലക്ഷം | മൊത്തം ഗുണഭോക്താക്കൾ | പദ്ധതി ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം ഹെക്ടർ | പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ചിലവായ തുക ലക്ഷം | മറ്റുകാര്യങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | കൊഴിപ്പള്ളി | 140 | - | 16.83 | 108 | 1985 | തുടരുന്നു | 47.5 | - | 8.04 | |
| 2 | ഇടക്കുന്ന് ചാറ്റുപാറ | 88 | - | 12.36 | 108 | 1992 | 〃 | 64 | - | 8.54 | |
| 3 | നെടിയേറ്റ് | 56 | - | 8.27 | 62 | 1992 | 〃 | 51 | - | 4.86 | |
| 4 | W മേത്തൊട്ടി | 218 | - | 23.06 | 130 | 1993 | 〃 | 38 | - | 5.08 | |
| 5. | പൂച്ചപ്ര സി. | 191 | - | 32 | 229 | 1994 | 〃 | 35 | - | 6.58 | |
| 6. | കുരുതിക്കളം | 80 | - | 9.98 | 65 | 1994 | 〃 | 52 | - | 9.85 | |

b. തൊഴിൽ ഉറപ്പുവരുത്തൽ പദ്ധതിപ്രകാരം മണ്ണ് സംരക്ഷണ പ്രവർത്തനം നടത്തിയിട്ടുള്ള മണ്ണ്സംരക്ഷണപ്രവർത്തനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു

**മണ്ണ് സംരക്ഷണം**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതി പ്രദേശ വിസ്തീർണ്ണം | പദ്ധതി പ്രദേശത്തെ നീർചച്ചലുകളുടെ നീളം | അടങ്കൽ തുക | മൊത്തം ഗുണഭോക്താക്കൾ | പദ്ധതി ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം ഹെക്ടർ | പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ചിലവായ തുക | മറ്റുകാര്യങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | പൂച്ചപ്ര G.U.P.S സ്കൂളിന്റെ സംരക്ഷണഭിത്തി | - | - | 1.5 | - | 1994 | 1995 | 70.65 | - | 144272 | |
| 2 | പൂച്ചപ്ര - കുളപ്പുറം റോഡിന്റെ സംരക്ഷണഭിത്തി | - | - | 1ലക്ഷം | - | 1994 | 1995 | 169.25 | - | 1ലക്ഷം | |
| 3 | കലയന്താനി ഒന്നരമലറോഡ് സംരണ പദ്ധതി | - | -- | 1ലക്ഷം | - | 1995 | 1996 | 115 | - | 59518 | |
| 4 | പന്നിമറ്റം പൂമാലറോഡ് സംരക്ഷണഭിത്തി | | - | - | - | 1.5 | 1995 | 1996 | - | 120045 | |
| 5 | പൂച്ചപ്ര കരിപ്പിലങ്ങാട് റോഡ് സംരക്ഷണഭിത്തി | - | - | 1ലക്ഷം | - | 1995 | 1996 | 139 | - | 1ലക്ഷം | |
| 6 | വെട്ടിമറ്റം മൂക്കൻപാറ റോഡിന്റെ സംരക്ഷണഭിത്തി | - | - | 1ലക്ഷം | - | 1995 | 1996 | 400 | - | 1ലക്ഷം | |
| 7 | വെള്ളിയാമറ്റം കുരുതിക്കളം റോഡിന്റെ സംരക്ഷണ ഭിത്തി | - | - | 1.5 | - | 1995 | 1996 | 131.65 | - | 1.5ലക്ഷം | |

## കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

കാർഷിക ഭൂമിയുടെ കുറഞ്ഞ വരുന്ന ഫലഭൂയിഷ്ടിയും വിളകളുടെ കുറഞ്ഞു വരുന്ന ഉൽപാദനക്ഷമതയുമാണ് കാർഷിക മേഖല അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. മഴക്കാലത്തുണ്ടാകുന്ന വർഷപാതത്തിന്റെ ആധിക്യവും വേനൽക്കാലത്തുണ്ടാകുന്ന രൂക്ഷമായ വരൾച്ചയും ജലസംഭരണ ജല സേചന സംവിധാനങ്ങളുടെ അഭാവവും കാർഷികോൽപാദനത്തെ പ്രതികൂല മായി ബാധിക്കുന്നു. ഇടയ്ക്കിടെ ഉണ്ടാകുന്ന പ്രകൃതിക്ഷോഭവും കൃഷികൾക്ക് നാശനഷ്ടങ്ങളുണ്ടാക്കുന്നു. കാർഷിക വിളകളുടെ വർദ്ധിച്ചുവരുന്ന രോഗകീട ബാധകളും, ഉൽപ്പാദനശേഷിയും രോഗപ്രതിരോധശേഷിയും ഗുണമേൽമയുള്ള നടീൽവസ്തുക്കളുടെ അഭാവവും കാർഷികമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. കാർഷികചിലവുകളിൽ ഉണ്ടായിരിക്കുന്ന ഭീമമായ വർദ്ധനവും കാർഷികോൽപ്പന്നങ്ങളുടെ വിലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഏറ്റക്കുറച്ചിലുകളും ഇടത്തട്ടുകാരുടെ ചൂഷണവും കർഷകരെ വളരെയധികം ബുദ്ധിമുട്ടിക്കുന്നുണ്ട്.

വായ്പാസൗകര്യങ്ങളുടെ അഭാവവും കർഷകത്തൊഴിലാളികളുടെ അഭാവവും നവീനകൃഷിസമ്പ്രദായങ്ങൾക്കാവശ്യമായ കാർഷികോപകരണങ്ങളുടേയും യന്ത്രസാമഗ്രികളുടേയും അഭാവം, ശാസ്ത്രീയകൃഷിരീതികളെക്കുറിച്ചുള്ള അറിവില്ലായ്മ ബന്ധപ്പെട്ട ഗവൺമെന്റ് ഡിപ്പാർട്ട്മെന്റിൽ നിന്ന് ലഭിക്കേണ്ട സഹായങ്ങളുടെ അപര്യാപ്തത, കൈവശഭൂമിയ്ക്ക് പട്ടയം ലഭിക്കാത്തതിലുള്ള പ്രശ്നങ്ങൾ, ചെറുകിടനാമമാത്ര കർഷകരുടെ അസംഘടിതമായ സ്ഥിതിവിശേഷം എന്നിവയാണ് കാർഷികമേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ.

## പരിഹാരനിർദ്ദേശങ്ങൾ.

വെള്ളിയാമറ്റം പഞ്ചായത്തിന്റെ കാർഷികവികസനത്തിന് ഈ പ്രദേശത്തെ പരിസ്ഥിതി ഘടകങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം കൊടുത്തുകൊണ്ടുള്ള സംയോജിത നീർത്തട വികസന തന്ത്രമാണ് ആവശ്യമായിട്ടുള്ളത്. സംയോജിത നീർത്തടവികസനം എന്നാൽ ഒരു പ്രദേശത്തെ എല്ലാവിഭവങ്ങളും - പ്രകൃതിദത്തവും മാനുഷികവുംമായ - സംരക്ഷിക്കുകയും പുനർജീവിപ്പിക്കുകയും ചെയ്ത് കാർഷികമേഖലയുടെ സമഗ്രമായവികസനം സാധ്യമാക്കുക എന്നാണ് അർത്ഥമാക്കുന്നത്. ശക്തമായ മഴയിലൂടെ പ്രകൃതി എല്ലാവർഷവും നൽകിക്കൊണ്ടിരിക്കുന്ന ഏറ്റവും അമൂല്യമായ ഒരു വിഭവമാണ് ജലം. എന്നാൽ ശരിയായ ജലമാനേജ്മെന്റിന്റെ അഭാവം മൂലം അതിൽ വലിയൊരു ഭാഗം മേൽമണ്ണിലൂടെ ഒഴുകി സാവധാനം കടലിൽ പതിക്കുകയാണ്. ഇതുമൂലം ജലം നഷ്ടപ്പെടുന്നു എന്ന് മാത്രമല്ല ഫലഭൂയിഷ്ടമായ മേൽ മണ്ണ് അതോടൊപ്പം ഒഴുകിപ്പോകുന്നു. കാര്യക്ഷമമായ സ്ഥലജലമാനേജ്മെന്റിലൂടെ കാർഷിക വികസനത്തിന് അടിത്തറപാകുകയാണ് ആദ്യമായി ചെയ്യേണ്ടത്. ആയതിനാൽ നീർത്തടാടിസ്ഥാനത്തിൽ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കോണ്ടിയിരിക്കുന്നു.

1. ഭൂപ്രകൃതിയുടേയും, നീരൊഴിക്കിന്റേയും അടിസ്ഥാനത്തിൽ വിഭജിക്കപ്പെടുന്ന ചെറിയ നീർത്തടങ്ങൾ അടിസ്ഥാനപരമായി സ്വീകരിച്ച്, ഈ പഞ്ചായത്തിലെ മുഴുവൻ കർഷകരേയും വിവിധ അയൽക്കൂട്ടങ്ങളായി സംഘടിപ്പിക്കുക.

2. ഓരോ ചെറിയ നീർമ്മറി പ്രദേത്തുമുള്ള കർഷകരിൽ നിന്നും സന്നദ്ധപ്രവർത്തകരെ തിരഞ്ഞെടുത്ത് കാർഷികവികസനത്തിന് നീർമ്മറി അടിസ്ഥാനമാക്കിയുള്ള സമീപനത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുകയും നീർമ്മറി വികസന പദ്ധതിക്ക് നേതൃത്വം നൽകുന്നതിന് ആവശ്യമായ പരിശീലനം നൽകുകയും ചെയ്യണം.

3. തിരഞ്ഞെടുത്ത സന്നദ്ധപ്രവർത്തകരുടെയും, സാങ്കേതിക ജ്ഞാനമുള്ള ഏജൻസികളുടേയും സഹായത്തോടെ ആവശ്യമായ സർവ്വേകൾ നടത്തുകയും സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും വിഭവ ഭൂപടങ്ങൾ തയ്യാറാക്കുകയും ചെയ്യുക.

4. സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ ഓരോ ചെറിയ നീർമ്മറി പ്രദേശത്തേയും കർഷകരെ ബോധവൽക്കരിക്കുകയും അവരെ പരസ്പര സ്നേഹത്തിലും സഹകരണത്തിലും അധിഷ്ടിതമായ കൂട്ടായ്മ പ്രവർത്തനത്തിലേക്ക് നയിക്കുകയും ചെയ്യുക.

5. സാങ്കേതിക ജ്ഞാനമുള്ള ഏജൻസികളുടെ സഹായത്തോടെ ഓരോ ചെറിയ നിർമ്മതി പ്രദേശത്തയും വീട്ടു പറമ്പുകളിൽ കർഷകർക്ക് സ്വന്തമായി നടത്താൻ കഴിയുന്ന മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് അവ നടപ്പാക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കണം.

6. ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുത്ത് വിവിധ ചെറു നീർമ്മറി യൂണിറ്റുകൾക്ക് പഞ്ചായത്തു തലത്തിൽ രൂപം കൊടുക്കുക. കുളങ്ങൾ, കിണറുകൾ, ബണ്ടുകൾ, തടയണകൾ, ഭൂഗർഭ തടയണകൾ തുടങ്ങിയവ നിർമ്മിക്കുക.

7. നിലവിലുള്ള ജലസ്രോതസുകൾ സംരക്ഷിക്കുകയും അത് വഴി പ്രാദേശിക ജലശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക.

8. നിലവിലുള്ള അരുവികളുടേയും തോടുകളുടേയും നദിയുടേയും വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ മുൻഗണനാ ക്രമത്തിൽ തീരുമാനിച്ച് നടപ്പിലാക്കണം.

9. ജലദൗർലഭ്യം ഉള്ള പ്രദേശങ്ങളിലും, നീർവാഴ്ച കൂടുതലുള്ള പ്രദേശങ്ങലിലും പൊതചുജന പങ്കാളിത്തത്തോടെ ഡ്രിപ്പ്, സ്പ്രിഗ്ളർ തുടങ്ങിയ ആധുനിക ജലസേചന രീതികൾ നടപ്പിലാക്കുക.

10. ജൈവാധിഷ്ടിത സസ്യസംരക്ഷണനടപടികളുടേയും ജൈവാവശിഷ്ടങ്ങളുടെ ചംക്രമണത്തിലൂടെയും നഷ്ടപ്പെട്ടു പോയ കാർഷിക ഭൂമിയുടെ ഫലഭൂയിഷ്ടത എങ്ങനെ വീണ്ടെടുക്കാമെന്ന് കർഷകരെ ബോധവാന്മാരാക്കുകയും കൃഷിഭൂമിയുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക.

11. ശാസ്ത്രീയമായ മണ്ണുപരിശോധനയിലൂടെ മണ്ണിൽ നിന്ന് നഷ്ടപ്പെട്ടു പോയ മൂലകങ്ങൾ സസ്യങ്ങൾക്ക് ലഭ്യമാക്കത്തക്ക വിധത്തിൽ വളപ്രയോഗം ക്രമീകരിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

12. എല്ലാ കാർഷിക വിളകൾക്കും ഇൻഷുറൻസ് ഏർപ്പെടുത്തുക.

13. എല്ലാ കർഷകർക്കും കർഷകതൊഴിലാളികൾക്കും ഇൻഷുറൻസ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

14. ശാസ്ത്രീയമായ സസ്യപ്രജനന മാർഗ്ഗങ്ങളിലൂടെ തയ്യാറാക്കപ്പെടുന്ന ഉയർന്ന ഉൽപ്പാദന ക്ഷമതയും രോഗപ്രതിരോധ ശേഷിയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് യഥാസമയങ്ങളിൽ ലഭ്യമാകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

15. കർഷകർക്ക് കൈവശഭൂമിയുടെ പട്ടയം ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുക.

16. കാർഷിക മേഖല വികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ സംയോജിപ്പിച്ച് സമഗ്രമായ കാർഷിക വികസന പദ്ധതികൾ ജന പങ്കാളിത്തത്തോടെ

നടപ്പിലാക്കുന്നതിന് ഉള്ള നടപടികൾ സ്വീകരിക്കുക.

17. പഞ്ചായത്തിലെ തരിശുഭൂമികളുടേയും ശരിയായി വിനിയോഗിക്കപ്പെടാത്ത മറ്റ് ഭൂവിഭാഗങ്ങളുടേയും സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ച് അവയുടെ ശരിയായ വിനിയോഗം ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

18. പഞ്ചായത്തിലെ കർഷക തൊഴിലാളികളുടെ ലഭ്യതയേപ്പറ്റി ഒരു സർവ്വേ നടത്തി ആവശ്യസമയങ്ങളിൽ അവരുടെ സേവനം ഉറപ്പു വരുത്തുന്നതിനും, തൊഴിലാളികൾക്ക് സ്ഥിരമായ തൊഴിൽ ഉറപ്പാക്കുന്നതിനും ഉപയുക്തമാകുന്ന വിധത്തിൽ കാർഷിക ജോലികൾ ഏറ്റെടുത്ത് നടത്താൻ കഴിയുന്ന പ്രാദേശിക സംഘടനകൾക്ക് രൂപം നല്കി പ്രവർത്തന ക്ഷമമാക്കണം.

19. പഞ്ചായത്തിൽ കൂട്ടായ കാർഷികവൃത്തിയിൽ അഭിരുചിയുള്ള യുവതീയുവാക്കളെ കണ്ടെത്തി പച്ചക്കറി കൃഷി, ഔഷധ കൃഷി, തേനീച്ച വളർത്തൽ, കൂൺ കൃഷി, പുഷ്പ കൃഷി, സാമൂഹിക വനവൽക്കരണം തുടങ്ങിയവയിൽ പരിശീലനം നൽകി ഓരോ പ്രദേശത്തിനും അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

20. പച്ചക്കറികൾ, പഴങ്ങൾ, പുഷ്പങ്ങൾ മറ്റ് കാർഷിക വിളകൾ തുടങ്ങിയവയുടെ വിപണനത്തിന് മറ്റു പഞ്ചായത്തുകളുമായി സഹകരിച്ച് ബ്ലോക്ക് തലത്തിലോ, ജില്ലാ തലത്തിലോ സംഘടിതമായ വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തണം.

21. കൃഷിയെ ആധുനിക വൽക്കരിക്കുന്നതിന് ആവശ്യമായ കാർഷികോപകരണങ്ങൾ, ടില്ലർ, കൊയ്ത്തുമെതിയന്ത്രങ്ങൾ തുടങ്ങിയ യന്ത്ര സാമഗ്രികൾ സൗജന്യനിരക്കിൽ ലഭ്യാമാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കണം.

22. കാർഷിക ആവശ്യങ്ങൾക്കുള്ള വായ്പാ നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും അവയുടെ വിതരണം കാര്യക്ഷമമാക്കുകയും ചെയ്യുക. കാർഷിക വായ്പകൾക്കുള്ള പലിശ നിരക്ക് കുറക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുയും ചെയ്യുക.

23. കാർഷികോൽപ്പന്നങ്ങൾക്ക് ഉൽപ്പാദനച്ചിലവിനനുസൃതമായ വില ലഭ്യമാകുന്നതിന് സഹായിക്കുന്ന വിധത്തിൽ കാർഷികോൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട നയങ്ങൾ പുനസംവിധാനം ചെയ്യുന്നതിന് കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകളോട് ആവശ്യപ്പെടണം.

24. സർക്കാർ, സർക്കാരിതര ഏജൻസികളിൽ നിന്നും കാർഷിക വികസന പദ്ധതികൾക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.



മികച്ച കർഷകനെ പൊന്നാട അണിയിച്ച് ആദരിക്കുന്നു.



പ്രകൃതി ക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് ദുരിതാശ്വാസം നൽകുന്നു.



# മൃഗസംരക്ഷണം

ഭരണഘടനയുടെ 73-ാം വകുപ്പിൻെറ ഭേദഗതി വഴി നടപ്പിലായ ജനകീയാസൂത്രണത്തിൻെറ ഭാഗമായി ഇന്ത്യയിൽ ആദ്യമായി നമ്മുടെ സംസ്ഥാന ഗവൺമെൻറും സംസ്ഥാന ആസൂത്രണ ബോർഡും വമ്പിച്ച ജനപങ്കാളിത്തത്തോടുകൂടി 9-ാം പഞ്ചവത്സര പദ്ധതിയുടെ രൂപരേഖ തയാറാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇതനുസരിച്ച് ആസൂത്രണ പ്രവർത്തനം താഴെ തട്ടിൽ നിന്നും ആരംഭിച്ചിരിക്കുകയാണ്. ഗ്രാമസഭകളിൽ നിന്നും തെരഞ്ഞെടുത്ത വിവിധ ഗ്രൂപ്പുകൾ നടത്തിയ ചർച്ചയിലൂടെ ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങളാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഈ നിർദ്ദേശങ്ങളാണ് 9-ാം പഞ്ചവത്സരപദ്ധതിക്ക് അടിസ്ഥാനമാകാൻ പോകുന്നത്.

നമ്മെ സംബന്ധിച്ച് ഇത് സംസ്ഥാന പദ്ധതി രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനം എന്നതിനേക്കാൾ നമ്മുടെ പഞ്ചായത്തിൽ അടുത്ത 5 വർഷത്തേയ്ക്കുള്ള അനുയോജ്യമായ പദ്ധതി രൂപീകരിക്കാനുള്ള പ്രവർത്തനം എന്ന നിലയ്ക്ക് ഏറ്റവും പ്രാധാന്യം അർഹിക്കുന്നു.

## മൃഗസംരക്ഷണ മേഖല

1991 ഏപ്രിൽ മാസം 1-ാം തീയതി പ്രവർത്തനം ആരംഭിച്ച മൃഗാശുപത്രി പന്നിമറ്റത്ത് പ്രവർത്തിച്ചു വരുന്നു. വെറ്ററിനറി സർജൻ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റൻഡന്റ്, പാർട്ട് ടൈം സ്വീപ്പർ എന്നിവരുടെ സേവനം ഇവിടെ ലഭ്യമാണ്. ഈ ആശുപത്രിയിൽ നിന്നും ചികിത്സയ്ക്കു പുറമേ പ്രതിരോധ കുത്തിവയ്പുകൾ, കൃത്രിമ ബീജ സങ്കലനം എന്നീ സൗകര്യങ്ങൾ ലഭ്യമാണ്.

ഈ പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിൻെറ കീഴിൽ വെള്ളിയാമറ്റത്ത് ഒരു മൃഗ സംരക്ഷണ ഉപകേന്ദ്രവും പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടെയും ഒരു പാർട്ട് ടൈം സ്വീപ്പറുടെയും സേവനം ലഭ്യമാണ്.

## ഈ മേഖലയിലെ വികസന ആവശ്യങ്ങൾ:-

ആശുപത്രിയ്ക്ക് സ്വന്തമായ ഒരു കെട്ടിടമില്ല. ഇപ്പോൾ ആശുപത്രി പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് സ്ഥല സൗകര്യം വളരെ കുറവാണ്. എല്ലാ സൗകര്യങ്ങളോടും കൂടിയുള്ള ഒരു കെട്ടിടം അത്യാവശ്യമായി നിർമ്മിക്കേണ്ടതാണ്.

മലയോര പ്രദേശമായ നമ്മുടെ പഞ്ചായത്തിൽ ഗതാഗത സൗകര്യം വളരെ കുറവാണ്. തന്മൂലം കന്നുകാലികളെ ചികിത്സിക്കുവാൻ കർഷകർക്ക് നന്നേ ബുദ്ധിമുട്ടേണ്ടി വരുന്നുണ്ട്. ഈ ദുരവസ്ഥക്ക് ഒരു പരിഹാരമെന്ന നിലയിൽ ആശുപത്രിക്ക് സ്വന്തമായി ഒരു വാഹനം ആവശ്യമാണ്.

ആശുപത്രിയുമായി കർഷകർക്ക് നേരിട്ടു ബന്ധപ്പെടുന്നതിനും അത്യാവശ്യ ഘട്ടങ്ങളിൽ പെട്ടെന്ന് വൈദ്യസഹായം ലഭിക്കുന്നതിനും ആശുപത്രിക്ക് ഒരു ടെലിഫോൺ ആവശ്യമാണ്.

ആശുപത്രിക്ക് ആവശ്യമായ മരുന്നുകൾ ഇല്ല എന്നുള്ളത് കർഷകരെ നേരിട്ട് ബാധിക്കുന്ന ഒരു പ്രശ്നമാണ്. ഇതിന് ഒരു പരിഹാരം എന്ന നിലയിൽ മൃഗസംരക്ഷണ വകുപ്പിന് അനുവദിക്കുന്ന ഫണ്ടിൽ നിന്നും അതത് വർഷത്തേക്ക് ആവശ്യമായ മരുന്നുകൾ പഞ്ചായത്ത് തലത്തിൽ വാങ്ങി അത് സൗജന്യമായി കർഷകർക്ക് ലഭ്യമാക്കാനുള്ള സൗകര്യങ്ങൾ ചെയ്യേണ്ടതാണ്.

നൂതന സാങ്കേതിക വിദ്യകളായ ഭ്രൂണമാറ്റം, മേൽത്തരം കാളകളുടെ ബീജങ്ങൾ (പ്രീമിയം ബുൾസെമൻ) എന്നിവ നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

മൃഗസംരക്ഷണ വകുപ്പിൻെറ സേവനങ്ങൾ ഈ പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിൻെറ ഭാഗമായി പൂമാല, ഇളംദേശം എന്നിവിടങ്ങളിൽ മൃഗസംരക്ഷണ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

### പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവത്സര പദ്ധതികാലത്ത് നടപ്പിലാക്കിയ സ്കീമുകൾ :

കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലത്ത് മൃഗസംരക്ഷണ വകുപ്പിൽ നിന്നും പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, വന്ധ്യതാ നിവാരണ പദ്ധതി, പേവിഷബാധ നിർമ്മാർജ്ജന പദ്ധതി, ഗോരക്ഷ ക്യാമ്പുകൾ എന്നിവ നടത്തുകയുണ്ടായി.

മാസ്സീവ് ലൈവ് സ്റ്റോക്ക് പ്രൊഡക്ഷൻ പദ്ധതി പ്രകാരം ഈ ആശുപത്രിയിൽ നിന്നും പന്നിക്കുഞ്ഞുങ്ങളേയും കോഴികളേയും വിതരണം ചെയ്തിട്ടുണ്ട്.

### പാൽ ഉൽപാദക രംഗം

പാൽ ഉൽപാദന അളവ്: 270 ലിറ്റർ പാൽ ദിവസവും പഞ്ചായത്തിലെ മൂന്നു സൊസൈറ്റികളിലായി സംഭരിക്കുന്നുണ്ട്.

### പാൽ വിപണന സൗകര്യങ്ങൾ

പഞ്ചായത്തിലെ ഇളംദേശത്തും വെള്ളിയാമറ്റത്തും രണ്ട് മിൽക്ക് സൊസൈറ്റികൾ (ആപ്കോസ) പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ പഞ്ചായത്തിലെ പൂമാലയിൽ ട്രഡീഷ്യണൽ സൊസൈറ്റിയും പാൽ സംഭരിക്കുന്നുണ്ട്.

ഈ രംഗത്ത് കർഷകനെ ബാധിക്കുന്ന പ്രധാന പ്രശ്നം കാലിത്തീറ്റയുടെ വിലക്കയറ്റമാണ്. ഇതിനൊരു പരിഹാരം എന്ന നിലയിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെറുകിട കാലിത്തീറ്റ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

കർഷകർക്ക് ഉൽപാദിപ്പിക്കപ്പെടുന്ന പാൽ വിറ്റഴിക്കുന്നതിനായി പൂച്ചപ്ര, നാളിയാനി, പന്നിമറ്റം, വെട്ടിമറ്റം എന്നിവിടങ്ങളിൽ കളക്ഷൻ സെന്ററുകൾ ആരംഭിക്കേണ്ടതാണ്.

### മാംസോൽപാദനരംഗം:

ഈ രംഗത്ത് ഇന്നത്തെ സ്ഥിതി വളരെ ശോചനീയമാണ്. അനധികൃതവും ശുചിത്വം ഇല്ലാത്തതുമായ അറവുശാലകൾ പൊതുജനാരോഗ്യത്തെ വളരെയധികം ബാധിക്കുന്നു. ഇതിനൊരു പരിഹാരമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ശാസ്ത്രീയമായ അറവുശാലകൾ സ്ഥാപിക്കേണ്ടതാണ്. കൂടാതെ പ്രസ്തുത അറവുശാലകളിൽ അറക്കപ്പെടുന്ന കന്നുകാലികൾക്ക് വെറ്ററിനറി സർട്ടിഫിക്കറ്റുകൾ നിർബന്ധമാക്കേണ്ടതും ആണ്.

ആടു വളർത്തൽ, സാനൻ, ജമുനാപ്യാരി, മലബാറി മുതലായ നല്ല ഇനങ്ങളിൽപ്പെട്ട ആടുകളെ ഈ ആവശ്യത്തിനായി വളർത്താവുന്നതാണ്. പഞ്ചായത്തിലെ തൊഴിൽ ഇല്ലാത്ത ചെറുപ്പക്കാർക്ക് 5 മുതൽ 10 ആടുകൾ വരെയുള്ള യൂണിറ്റുകൾ മൃഗസംരക്ഷണ വകുപ്പിൽ നിന്നും ഈ പദ്ധതിക്കു വേണ്ടി സൗജന്യമായി നൽകാവുന്നതാണ്.

### പന്നിവളർത്തൽ

നമ്മുടെ പഞ്ചായത്തിൽ വളരെയധികം ഡിമാൻഡുള്ള പന്നി വളർത്തൽ വ്യാപകമാക്കുന്നതിന് സർക്കാർ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ വിപുലപ്പെടുത്തേണ്ടതാണ്.

### കാളക്കുട്ടി പരിപാലനം

രണ്ട്, മൂന്ന് മാസം പ്രായമായ 5 കാളക്കുട്ടികളെ വീതം തെരഞ്ഞെടുത്ത് 12 മാസം വരെ ശാസ്ത്രീയമായി പരിചരിച്ച് മാംസാവശ്യത്തിനായി ഉപയോഗിക്കുവാനുള്ള സ്കീമുകൾ നടപ്പിലാക്കേണ്ടതാണ്. പ്രസ്തുത കാളക്കുട്ടികളെ സൗജന്യമായി ഇൻഷ്വർ ചെയ്യുന്നതും അവയ്ക്കാവശ്യമായ കാലിത്തീറ്റകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതും ആണ്.

### കാലിത്തീറ്റ ഉൽപാദനം

കാലി വളർത്തുന്ന കർഷകരെ ഈ സംരംഭത്തിൽ നിന്നും പിൻമാറാൻ പ്രേരിപ്പിക്കുന്ന പ്രധാനഘടകമാണ് കാലിത്തീറ്റയുടെ വില. ഇതിന്റെ ഏക പരിഹാര മാർഗ്ഗമാണ് മേഖല കാലിത്തീറ്റ മിശ്രിത യൂണിറ്റുകൾ. ഈ പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് ഇവിടെയുണ്ടാക്കുന്നു കാലിത്തീറ്റ വില കുറച്ച് പാൽ സൊസൈറ്റകൾ വഴിയും മറ്റ് സന്നദ്ധ സംഘടനകൾ വഴിയും വിറ്റഴിക്കാവുന്നതാണ്. ഈ പരിപാടി പഞ്ചായത്തിൽ അനേകം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതാണ്.

### ബ്രോയിലർ കോഴി വളർത്തൽ

വളരെയധികം ഡിമാൻഡുള്ള ഈ പ്രസ്ഥാനം പലരും പരീക്ഷിച്ച് നോക്കി നിർത്തിയ ഒരു പരിപാടിയാണ്. ബ്രോയിലർ കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്, പ്രായപൂർത്തിയായ കോഴികളെ വിറ്റഴിക്കുവാനുള്ള ബുദ്ധിമുട്ട്, കോഴികൾക്കുണ്ടാകുന്ന അസുഖം എന്നിവയാണ് ഈ മേഖലയിൽ നിന്നും പിൻമാറാൻ കർഷകരെ പ്രേരിപ്പിക്കുന്നത്. മേൽ പറഞ്ഞ ബുദ്ധിമുട്ടുകളെല്ലാം തരണം ചെയ്ത് നല്ല രീതിയിൽ ബ്രോയിലർ ഫാം നടത്തുന്നതിനുള്ള സൗകര്യങ്ങളും ഇന്ന് ലഭ്യമാണ്. വളരെയധികം തൊഴിൽ സാദ്ധ്യതയുള്ള ഈ മേഖല പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

250 ഇറച്ചിക്കോഴികൾ വീതം ഉള്ള യൂണിറ്റുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കാവുന്നതാണ്. ഇവയ്ക്ക് പൂർണ്ണമായോ ഭാഗികമായോ സബ്സിഡി അനുവദിക്കാവുന്നതാണ്.

### മുട്ടയുൽപ്പാദന രംഗം

നാം ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന ഒരു ആഹാരസാധനമാണ് മുട്ട. വളരെയധികം പോഷകഗുണമുള്ള മുട്ട ഇന്ന് കേരളത്തിൽ ആവശ്യത്തിന് ഉൽപ്പാദിപ്പിക്കുന്നില്ല. തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന മുട്ടയാണ് ഇന്ന് നമ്മുടെ നാട്ടിൽ ലഭിക്കുന്നത്. മുട്ടയുടെ കാര്യത്തിൽ വലിയ ചെലവൊന്നും കൂടാതെ തന്നെ നമ്മൾക്ക് സ്വയം പര്യാപ്തത നേടാനുള്ള ഒരു മാർഗമാണ് അടുക്കളമുറ്റത്തെ കോഴി വളർത്തൽ. പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട 1000 വനിതകൾക്ക് 45 ദിവസം പ്രായമുള്ള 10 മുട്ടക്കോഴികളെ വീതം വിതരണം ചെയ്തു ഈ പദ്ധതി നടപ്പാക്കാവുന്നതാണ്. ഈ വിധത്തിൽ ഉൽപ്പാദിപ്പിക്കുന്ന മുട്ടകൾ ശേഖരിച്ച് വിറ്റഴിക്കുന്നതിന് മുട്ട സംഭരണ കേന്ദ്രവും ആരംഭിക്കാവുന്നതും ആണ്.

### ഊർജ്ജം

വിറകിനും മറ്റും ക്ഷാമമുള്ള ഇന്നത്തെ നമ്മുടെ പരിതസ്ഥിതിയിൽ ബയോഗ്യാസ് ഒരു നല്ല ഊർജ്ജശ്രോതസ് ആണ്. സർക്കാരിൽ നിന്നും ഇപ്പോൾ നൽകിവരുന്ന സബ്സിജി കൂടുതൽ വിപുലമായ തോതിൽ ലഭ്യമാക്കേണ്ടതാണ്.

## വന്ധ്യതാനിവാരണം

കർഷകൻ നേരിടുന്ന ഒരു പ്രശ്നമാണ് പശുക്കളിൽ കണ്ടുവരുന്ന വന്ധ്യത. ഇത് സമയത്തു തന്നെ കണ്ടുപിടിച്ച് അതിന് വേണ്ട ചികിത്സ ലഭ്യമാക്കുവാനുള്ള സൗകര്യം ആശുപത്രിയിൽ നിന്നും ചെയ്തുകൊടുക്കുവാൻ ആവശ്യമായ മരുന്നുകളും മറ്റുപകരണങ്ങളും ലഭ്യമാക്കേണ്ടതാണ്.

## പേവിഷബാധ നിർമ്മാർജ്ജനം

പഞ്ചായത്തു തലത്തിൽ പേവിഷ ബാധ നിർമ്മാർജ്ജനം ചെയ്യുവാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്. വാക്സിൻെറ ലഭ്യതക്കുറവാണ് ഒരു പ്രധാന പ്രശ്നം. പഞ്ചായത്തിലുള്ള എല്ലാ നായ്ക്കളേയും പേവിഷബാധയ്ക്കെതിരെ കുത്തിവയ്ക്കുകയും അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊന്നുകളയുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്താൽ 9-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് നമ്മുടെ പഞ്ചായത്ത് ഒരു Rabbies free Zone ആക്കി മാറ്റാവുന്നതാണ്.

## കന്നുകാലികളുടെ ആകസ്മിക മരണം

കന്നുകാലികളുടെ ആക്സ്മിക മരണം കർഷനുണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിന് നമ്മുടെ പഞ്ചായത്തിലുള്ള സങ്കര വർഗത്തിൽപ്പെട്ട എല്ലാ പശുക്കൾക്കും സൗജന്യ ഇൻഷുറൻസ് കവറേജ് നൽകുക എന്നതാണ്. ഒരു മാസ്റ്റർ പോളിസിയുടെ കീഴിൽ വളരെ തുച്ഛമായ തുകയ്ക്ക് നമ്മുടെ പഞ്ചായത്തിലെ എല്ലാ പശുക്കളേയും ഇൻഷുർ ചെയ്യാവുന്നതാണ്.

## പഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലയുടെ വികസനത്തിന് പൊതുവായ നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ മൃഗാശുപത്രിക്ക് ആധുനിവൽക്കരിക്കുന്നതിനാവശ്യമായ കെട്ടിടം, മരുന്ന്, വാഹനം, ഫോൺ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

2. മേഖല കാലിത്തീറ്റ മിശ്രിത യൂണിറ്റുകൾ ആരംഭിക്കുക.

3. പഞ്ചായത്തിലെ സങ്കരവർഗ്ഗത്തിൽപ്പെട്ട എല്ലാ കന്നുകുട്ടികളേയും കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുക.

4. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ 3 പശുക്കൾ അടങ്ങുന്ന മിനി ഡയറി യൂണിറ്റുകൾ അനുവദിക്കുക.

5. വീട്ടുമുറ്റത്തെ മുട്ടക്കോഴി വളർത്തൽ വ്യാപകമാക്കുന്നതിന് 10 കോഴികൾ വീതമുള്ള 1000 യൂണിറ്റുകൾ തുടങ്ങുക.

6. 5 ആടുകൾ വീതമുള്ള 100 യൂണിറ്റുകൾ ആരംഭിക്കുക.

7. ബ്രോയിലർ യൂണിറ്റുകൾ ആരംഭിക്കുക.

8. മൃഗസംരക്ഷണ വകുപ്പിൻെറ സേവനം കൂടുതൽ ലഭ്യമാക്കുന്നതിനായി സബ് സെൻററുകൾ ആരംഭിക്കുക.

9. പേവിഷ ബാധ നിർമ്മാർജ്ജനം, വന്ധ്യതാ നിവാരണം മുതലായ പദ്ധതികൾ നടപ്പിലാക്കുക.

## മത്സ്യബന്ധനം

ഈ പഞ്ചായത്തിൽ കടലോര പ്രദേശമില്ലാത്തതിനാൽ മത്സ്യബന്ധനത്തിന് സാദ്ധ്യതയില്ല. എങ്കിലും ശുദ്ധജല മത്സ്യകൃഷിക്കു സാദ്ധ്യതയുണ്ട്. അതിന് ആവശ്യമായ പരിശീലനം കൊടുക്കേണ്ടിയിരിക്കുന്നു. ചതുപ്പു പ്രദേശങ്ങളിലും മഴക്കാലത്ത് ജലം ലഭ്യമായ സ്ഥലങ്ങളിലും സീസണൽ ആയിട്ട് മത്സ്യകൃഷി നടത്താനാവും. പറമ്പുകളിൽ ചെറിയ കുഴികൾ (തലക്കുളങ്ങൾ) ഉണ്ടാക്കി അതിൽ ജലം സംഭരിച്ച്, ഏതാണ്ട് 8-10 മാസം കൊണ്ട് പൂർണ്ണ വളർച്ചയെത്തുന്ന മത്സ്യങ്ങളെ ഇങ്ങനെ വളർത്താനാവും. കൂടുതൽ പണം മുടക്ക് ആവശ്യമില്ല താനും. കർഷകർ ഉത്പാദിപ്പിക്കുന്ന മത്സ്യങ്ങൾ വിറ്റഴിക്കപ്പെടാൻ സൗകര്യം ഉണ്ടായാൽ മാത്രം മതി. ഇങ്ങനെ ജലം കുഴികളിൽ നിറച്ചു നിർത്തുന്നതു കൊണ്ട് മണ്ണിൻെറ ജലസംഭരണ ശേഷി വർദ്ധിപ്പിക്കാനും വരൾച്ചയുടെ രൂക്ഷത കുറയ്ക്കാനും കഴിയും. അതുകൊണ്ട് സീസണൽ മത്സ്യകൃഷിക്കു ഉപയുക്തമായ സ്ഥലങ്ങൾ ഈ പഞ്ചായത്തിൻെറ 4, 5, 7, 9 വാർഡുകളിൽ ഉണ്ട്. പരിശീലന സൗകര്യം വിപണന സൗകര്യം പിന്നെ അല്പം സർക്കാർ സഹായവും ഉണ്ടെങ്കിൽ ഈ മേഖലയിൽ നിന്നും വളരെയധികം വരുമാനം ഉണ്ടാക്കുവാൻ ഈ പഞ്ചായത്തിൽ സാധിക്കും.

**വെള്ളിയാമറ്റം പഞ്ചായത്ത് വളർത്തു മൃഗ സംഖ്യ**

| | |
|---|---|
| പശു നാടൻ കറവ ഉള്ളത് | 591 |
| പശു സങ്കരം കറവ ഉള്ളത് | 1080 |
| എരുമ കറവ ഉള്ളത് | 39 |
| പോത്ത് | 18 |
| ആട് | 756 |

**വളർത്തു പക്ഷി സംഖ്യ**

| | |
|---|---|
| കോഴി | |
| പൂവൻ കോഴി, പിടക്കോഴി | 13546 |
| പ്രതിരോധ കുത്തിവയ്പ്പു നൽകിയ പട്ടികളുടെ എണ്ണം | 130 |

**വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്ത് കറുകപ്പള്ളി ഉപകേന്ദ്രം**
**കൃത്രിമ ബീജ സങ്കലന വിവരങ്ങൾ**

| | | ബീജ സങ്കലനം നടത്തിയവ | 2-ൽ അധികം തവണ നടത്തിയവ |
|---|---|---|---|
| 1995 - 96 | പശു | 201 | 42 |
| 96 - 97 | | | |
| Oct 30 വരെ | പശു | 151 | |
| 95 - 96 | കിടാരി | 99 | |
| 96 - 97 | ,, | 67 | |
| 96 - 97 | എരുമ | 1 | |

വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്ത്

4. 3 രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1. | ദഹന സംബന്ധമായവ<br>Digestive disorders | 466 | | 121 | 40 | 35 | 230 | | | | |
| 2. | ശ്വാസകോശ സംബന്ധം<br>Respiratory diseases | 136 | | 64 | 15 | 20 | 250 | | | | |
| 3. | ഉപാപചയ സംബന്ധം<br>Metabolic diseases | 36 | | 1 | | | | | | | |
| 4. | ത്വക് രോഗങ്ങൾ<br>skin deseases | 36 | | 8 | 25 | 45 | | | | | |
| 5. | ധാതു ലവണങ്ങളുടെ അഭാവം<br>Deficiency diseases | 21 | | 1 | | | | | | | |
| 6. | പരാദരോഗങ്ങൾ<br>Parastic diseases | 407 | | 218 | 40 | 40 | 150 | | | | |
| 7. | പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ<br>Gynacological disorders | 156 | | 12 | 10 | | | | | | |
| 8. | വന്ധ്യത<br>inferility | 18 | | 1 | | | | | | | |
| 9. | അകിടുവീക്കം<br>Mastitis | 154 | | 31 | | | | | | | |
| 10. | മുടന്തൻ പനി<br>Ephemeral Fever | 68 | | | | | | | | | |
| 11. | പകർച്ച വ്യാധികൾ<br>contagion diseases | | | | | | | | | | |



# വ്യവസായം

കാർഷിക മേഖലയെ മാത്രം ആശ്രയിച്ച് ജനങ്ങൾ ജീവിക്കുന്ന, വ്യാവസായികമായി തീർത്തും പിന്നക്കോം നിൽക്കുന്ന ഗ്രാമീണ മേഖലകൾ ഉൾക്കൊള്ളുന്നതാണ് വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്ത്. ഈ പഞ്ചായത്തിലെ വ്യവസായ മേഖലയെപ്പറ്റി ചിന്തിക്കുമ്പോൾ വ്യവസായമെന്ന് എടുത്തുപറയുവാൻ തക്കയാതൊന്നും തന്നെ ഇല്ലാ എന്നു കാണാം. എന്നാൽ ഭാവിയെപ്പറ്റി ചിന്തിക്കുമ്പോൾ കാർഷിക മേഖലയിലൂടെ ഈ പഞ്ചായത്തിലെ ജനങ്ങളുടെ ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിന് സാധിക്കുകയില്ല. കൃഷി ചെയ്യുന്നതിനായി ലഭ്യമാകുന്ന കൃഷിസ്ഥലത്തിൻെറ ആളോഹരി ലഭ്യതയുടെ അപര്യാപ്തത, കാർഷിക വിളകളുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, പ്രകൃതിയെ മാത്രം ആശ്രയിക്കുന്ന കാർഷിക മേഖലയിലുണ്ടാകുന്ന പ്രശ്നങ്ങൾ, വളം, കീടനാശനി, കൃഷിച്ചെലവ് തുടങ്ങിയ രംഗങ്ങളിലുണ്ടാകുന്ന ചിലവു വർധന ഇവ മൂലം ലാഭകരമായി കൃഷി നടത്തുവാനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ എന്നീ കാരണങ്ങളാൽ നമ്മുടെ പഞ്ചായത്തിലെ മുഖ്യ വരുമാനമാർഗ്ഗമായ കൃഷിയെ മാത്രം ആശ്രയിച്ച് ഈ പഞ്ചായത്തിൻെറ സമഗ്രമായ പുരോഗതി കൈവരുത്തുക അസാദ്ധ്യമാണ്.

കാർഷിക ഉൽപ്പന്നങ്ങൾ അസംസ്കൃത വസ്തുവായി ഉപയോഗിച്ചുകൊണ്ടുള്ള അനവധി വ്യവസായങ്ങൾ ആരംഭിക്കുവാൻ നമുക്ക് കഴിയും. ഈ പഞ്ചായത്തിൽ വ്യവസായ പുരോഗതിയെപ്പറ്റി ആലോചിക്കുമ്പോൾ അതിനു വിഘാതമായി നിൽക്കുന്ന കാരണങ്ങളെപ്പറ്റി പഠിക്കുകയും, പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യണം. തൊഴിലധിഷ്ഠിതമായ കൂടുതൽ കൂടുതൽ വ്യവസായ യൂണിറ്റുകൾ തുടങ്ങേണ്ടതിൻെറ ആവശ്യകതെയപ്പറ്റിയും, അതിനുള്ള സാദ്ധ്യതകളെപ്പറ്റിയും ജനങ്ങളിൽ അവബോധം സൃഷ്ടിച്ചുകൊണ്ട് വ്യവസായ വികസന മനോഭാവം ജനങ്ങളിൽ ഉണ്ടാക്കിയെടുക്കേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിലെ 10 വാർഡുകളിലും താൽപര്യമുള്ള ആളുകളെ പങ്കെടുപ്പിച്ചു കൊണ്ട് ഈ പ്രദേശത്ത് ലാഭകരമായി നടപ്പിലാക്കുവാൻ പറ്റുന്ന വ്യവസായ സംരംഭങ്ങളെപ്പറ്റി വിശദമായ സെമിനാറുകളും പരിശീലന ക്ലാസുകളും സംഘടിപ്പിക്കണം. സ്വകാര്യ മേഖലയിലോ, സഹകരണ രംഗത്തോ, ആരംഭിയ്ക്കുവാൻ പറ്റുന്ന വ്യവസായ യൂണിറ്റുകൾ ഏതെന്ന് കണ്ടുപിടിക്കുകയും അതിനു തയാറായി വരുന്ന ആളുകൾക്ക് പരമാവധി പ്രോത്സാഹനങ്ങൾ നൽകുകയും വേണം. പുതിയതായി ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് ആരംഭകാലത്ത് സംഭവിയ്ക്കുന്ന കാലതാമസവും മറ്റ് തടസങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഉദാഹരണമായി (1). വ്യവസായ യൂണിറ്റിന് ആവശ്യമായ വൈദ്യുതി കണക്ഷനായുള്ള കാത്തിരിപ്പ് അവസാനിപ്പിക്കുക. പുതുതായി ആരംഭിക്കുന്ന യൂണിറ്റുകൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക. (2). ഒരു പുതിയ വ്യവസായ യൂണിറ്റ് ആരംഭിച്ചാൽ കുറഞ്ഞത് 5 വർഷത്തേയ്ക്കെങ്കിലും ആ സ്ഥാപനത്തെ പവർ കട്ടിൽ നിന്നും ഒഴിവാക്കുക. (3). പഞ്ചായത്തിൽ നിന്നും മറ്റ് ഡിപ്പാർട്ട്മെൻറുകളിൽ നിന്നും നൽകേണ്ട ലൈസൻസുകളും മറ്റും കാലതാമസമില്ലാതെ നൽകുക.

(4). കുറഞ്ഞ പലിശ നിരക്കിൽ ആരംഭിക്കുന്ന വ്യവസായ യൂണിറ്റിൻെറ ഈടിൽ ബാങ്കുകളിൽ നിന്നും വായ്പകൾ കാലതാമസം കൂടാതെ ലഭ്യമാക്കുക.

(5). ചെറുകിട സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കാവശ്യമായ മാർക്കറ്റിംഗ് സംവിധാനങ്ങൾ ഗവൺമെൻറും പഞ്ചായത്തും വഴി ഉറപ്പു വരുത്തുക.

(6). പുതുതയായി തുടങ്ങുന്ന വ്യവസായ സ്ഥാപനങ്ങളിലെങ്കിലും 3 വർഷക്കാലയളവിലേക്കെങ്കിലും തൊഴിലാളികളുമായി സേവന വേതന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള എഗ്രിമെൻറുകൾ ഉണ്ടാക്കുക. ആദ്യത്തെ 3 വർഷക്കാലം പണിമുടക്കുകൾ നിരോധിക്കുക. വ്യവസായ സംരംഭകന് തൊഴിലാളികളെ നിയമിക്കാനും നിയന്ത്രിക്കാനുമുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുക. മേൽപ്പറഞ്ഞ കാര്യങ്ങളിൽ അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിച്ചാൽ ഇന്ന് വ്യവസായ മേഖലയിലേയ്ക്ക് കടന്നു വരുവാൻ മനസുമടിച്ച് നിൽക്കുന്ന ആളുകളിൽ ലാഭകരമായി വ്യവസായം ആരംഭിക്കുവാനുള്ള മനോധൈര്യം ഉണ്ടാകുകയും കൂടുതലായി ഈ മേഖലയിലേയ്ക്ക് വ്യവസായ സംരംഭകർ കടന്നു വരികയും ചെയ്യും.

## സാധ്യതകൾ

(1). പഞ്ചായത്തിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനു വേണ്ടി കുറഞ്ഞത് 100 ഏക്കർ സ്ഥലം കണ്ടെത്തുകയും അവിടെ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക. ഇതിനായി ഗവൺമെൻറ് ഉടമസ്ഥതയിൽ വെട്ടിമറ്റത്തുള്ള എണ്ണപ്പന തോട്ടം, തേക്ക് പ്ലാൻേറഷൻ എന്നീ സ്ഥലങ്ങൾ അനുയോജ്യമാണ്. ഇവിടെ സുലഭമായി വെള്ളത്തിന്റെ ലഭ്യതയും റോഡ് സൗകര്യവും ഉണ്ട്.

പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാദ്ധ്യതയും കുറവാണ്.

## (2). റബർ അധിഷ്ഠിത വ്യവസായങ്ങൾ

ഈ പഞ്ചായത്തിലെ മുഖ്യ കാർഷികോൽപ്പന്നമായ റബർ അസംസ്കൃത വസ്തുവായി ഉപയോഗിച്ചുകൊണ്ട് ആരംഭിക്കാവുന്ന നിരവധി വ്യവസായ യൂണിറ്റുകൾ തുടങ്ങുവാൻ സാധിക്കും. ഇൻഡ്യയിലെ മൊത്തം റബർ ഉൽപാദനത്തിൻെറ 90 ശതമാനവും കേരളത്തിലാണെങ്കിലും റബർ അസംസ്കൃത വസ്തുവായി ഉപയോഗിച്ചുകൊണ്ട് കേരളത്തിൽ തന്നെ ആകെയുള്ളത് മൊത്ത ഉൽപാദനത്തിൻെറ 10 - 15 % മാത്രം ഉപയോഗിക്കുന്ന വ്യവസായ യൂണിറ്റുകളാണ്. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം നാം ഉൽപാദിപ്പിക്കുന്ന മുഴുവൻ റബറും പുറത്തേക്ക് അസംസ്കൃത വസ്തുവായി തന്നെ പോകുകയാണ്. റബർ ഉപയോഗിച്ച് ഇന്ന് എണ്ണിയാലൊടുങ്ങാത്ത ഉൽപ്പന്നങ്ങൾ നിർമ്മിക്കപ്പെടുന്നുണ്ട്. റബർ പാലും, ദൃഡീകൃത റബറും ഉപയോഗിച്ച് നമ്മുടെ പഞ്ചായത്തിൻെറ സാഹചര്യമനുസരിച്ച് ആരംഭിക്കാവുന്ന ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങണം. ഉദാഹരണമായി താഴെപ്പറയുന്ന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

(1). റബർ ചെരിപ്പ് നിർമ്മാണം

(2). റബർ ബാൻഡ് യൂണിറ്റുകൾ

(3). റബർ ബ്രഷുകൾ

(4). കയ്യുറകൾ

(1. Surgical glouse, 2. Household glouse, 3. Industrial glouse)

(5). ഫോം ബെഡ്ഡുകൾ

(6). ത്രെഡ് റബർ

(7). ബലൂൺ

(8). തുകൽ വ്യവസായത്തിനുപയോഗിക്കുന്ന പശ

9. വാഹനങ്ങളിൽ ഉപയോഗിക്കുന്ന റബർ മാറ്റുകൾ, ചവിട്ടികൾ

10. Hot water bags

11. Ice bags,

12. Rubber hose pipes

13. Rubber Tubes

14. O - Rings

റബർ അധിഷ്ഠിതമായ ചുരുക്കം ചില ഉൽപ്പന്നങ്ങളുടെ കാര്യമാണിവിടെ പ്രതിപാദിച്ചിരിക്കുന്നത്. റബർ ബോർഡിൽ നിന്നും റബർ ഉൽപ്പന്ന നിർമ്മാണത്തെ സംബന്ധിച്ച പ്രായോഗിക പരിശീലനവും പ്രൊജക്ട് റിപ്പോർട്ടും ലഭ്യമാണ്.

## 3. റബർ തടി സംസ്കരണ യൂണിറ്റ്:-

പരമ്പരാഗതമായി ഉപയോഗത്തിലുണ്ടായിരുന്ന തടികൾക്കുണ്ടായ വില വർദ്ധന, ലഭ്യതയുടെ കുറവ് ഇതിനു പരിഹാരമായി ഇന്ന് സുലഭമായി ലഭിക്കുന്ന റബർ തടി സംസ്കരിച്ചെടുത്താൽ, കെട്ടിട നിർമ്മാണത്തിനും, ഫർണിച്ചർ നിർമ്മാണത്തിനും ഉപയോഗപ്പെടുത്താം. നമ്മുടെ പഞ്ചായത്തിൽ റബർ തടി സംസ്കരിച്ച് ഗുണനിലവാരമുള്ള തടി ഉൽപ്പന്ന നിർമ്മാണ യൂണിറ്റിന് സാദ്ധ്യത ഉണ്ട്.

## 4. ക്രംബ് റബർ ഫാക്ടറി:

സ്ക്രാപ് റബർ, ലാറ്റക്സ് റബർ ഇവ ഉപയോഗിച്ച് ക്രംബ് റബർ നിർമ്മിക്കുന്ന ഫാക്ടറി സ്ഥാപിക്കുന്നതിന് ഈ പഞ്ചായത്തിൽ സാദ്ധ്യത ഉണ്ട്. ഇതുമൂലം റബർ കർഷകൻെറ ഉൽപ്പന്നങ്ങൾക്ക് കൂടിയ വിലയും, അനേകം ചെറുപ്പക്കാർക്ക് തൊഴിൽ സാദ്ധ്യതയും ഉറപ്പു വരുത്താം.

## 5. കൊക്കോ സംസ്കരണം:

നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന കൊക്കോ സംസ്കരിച്ച് കൊക്കോ പൗഡർ, ചോക്ലേറ്റുകൾ ഇവ നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

## 6. പഴ വർഗ്ഗങ്ങളുടെ സംസ്കരണം

പൈനാപ്പിൾ, വാഴപ്പഴം, മാമ്പഴം തുടങ്ങി നമുക്ക് ലഭ്യമായ പഴവർഗ്ഗങ്ങൾ സംസ്കരിച്ചെടുത്താൽ ഇവിടെത്തന്നെ അതിനുള്ള വിപണി കണ്ടെത്താവുന്നതാണ്. വീടുകളിൽ കുടിൽ വ്യവസായമായി ആരംഭിക്കാവുന്നതാണ്.

## 7. ശീതളപാനീയങ്ങൾ:

ജൂസുകൾ, കോള, സോഡ തുടങ്ങി ശീതളപാനീയങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ് വിജയകരമായി നടപ്പിലാക്കാവുന്നതാണ്.

## 8. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം:

വളരെയേറെ തൊഴിൽ സാദ്ധ്യതകളും വിപണന സാദ്ധ്യതകളുമുള്ള ഒരു രംഗമാണിത്. വിദേശ വിപണിയിൽ വരെ ഇന്ത്യൻ റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക് വമ്പിച്ച ഡിമാൻഡാണുള്ളത്. പുരുഷൻമാർക്കും, വനിതകൾക്കും ഈ മേഖലയിൽ സാദ്ധ്യകളുണ്ട്. നമ്മുടെ പഞ്ചായത്തിൽ തന്നെ പല യൂണിറ്റുകൾ ആരംഭിക്കുന്നതിന് സാധിക്കും. മഹിളാ സമാജങ്ങൾ, കോൺവെൻറുകളോടനുബന്ധിച്ചുള്ള തയ്യൽ പരിശീലന കേന്ദ്രങ്ങൾ, തൊഴിൽ രഹിതരായുള്ള ചെറുപ്പക്കാരുടെ കൂട്ടായ സംരംഭം. ഈ വ്യവസായത്തിന് ശോഭനവും അനന്തവുമായ സാദ്ധ്യതകൾ ഉണ്ട്.

## 9. കെട്ടിട നിർമ്മാണ, സാനിട്ടറി ഉപകരണങ്ങളുടെ നിർമ്മാണം

ജനൽ, കട്ടള, ഇഷ്ടിക, സ്ലാബുകൾ തുടങ്ങി കെട്ടിട നിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ, സാനിട്ടറി ഉപകരണങ്ങൾ ഇവയുടെ ഉൽപാദന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. ജനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനും നല്ല വിപണന സാദ്ധ്യതകളുമുള്ള മേഖലയാണിത്. പഞ്ചായത്തിൽ നിന്നും, ഗവൺമെൻറിൽ നിന്നും നിർമ്മിയ്ക്കുന്ന ചെലവു കുറഞ്ഞ വീടുകളുടെ നിർമ്മാണത്തിനായി ടി ഉൽപ്പന്നങ്ങൾ ഉപയോഗിക്കാവുന്നതാണ്.

## 10. കാലിത്തീറ്റ, കോഴിത്തീറ്റ നിർമ്മാണം

വളരെയേറെ സാദ്ധ്യതകളുള്ള മേഖലയാണിത്. ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ചാൽ വിപണന സാദ്ധ്യതകൾ ഏറെയുണ്ട്.

### 11. തേൻ വ്യവസായം

തേനീച്ച വളർത്തൽ ഒരു വ്യവസായമായി ആരംഭിക്കാവുന്നതും, തേൻ സംസ്കരണം ആരംഭിക്കാവുന്നതുമാണ്. വളരെയേറെ വിപണന സാദ്ധ്യതകൾ ഉണ്ട്. ഖാദി ബോർഡിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ പണം വായ്പയായി ലഭിക്കുന്നതിനും സൗകര്യമുണ്ട്.

### 12. സോപ്പു നിർമ്മാണം

### 13. പ്ലാസ്റ്റിക് ഉൽപ്പന്ന നിർമ്മാണം

1. പ്ലാസ്റ്റിക് ബോട്ടിലുകൾ
2. പ്ലാസ്റ്റിക് ഹോസുകൾ
3. റെയിൻ ഗാഡിംഗിനുള്ള പോളിത്തീൻ ഷീറ്റുകൾ, ഷെയ്ഡുകൾ
4. പോളിത്തീൻ ബാഗുകൾ

വളരെയേറെ വിപണന സാദ്ധ്യതകളുള്ള മേഖലയാണിത്.

### 14. പാക്കിംഗ് കേസ് നിർമ്മാണം:

പാഴ്തടികൾ ഉപയോഗിച്ച് പാക്കിംഗ് കേസുകൾ നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കാവുന്നതാണ്. വളരെയേറെ സാദ്ധ്യതകൾ ഉള്ള മേഖലയാണിത്.

### 15. മിൽക്ക് ചില്ലിംഗ് പ്ലാൻറ്:

ലാഭകരമായി നടത്തുവാൻ സാധിക്കുന്ന രംഗമാണിത്. കൂടാതെ ക്ഷീര കർഷകരുടെ ഉന്നമനത്തിനും ഉപകരിക്കും.

### 16. സ്കൂൾ ബാഗുകൾ, നോട്ടുബുക്കുകൾ നിർമ്മാണം:-

മഹിള സമാജങ്ങൾ, വനിതകളുടെ സംഘങ്ങൾ ഇവ വഴി ആരംഭിക്കാവുന്നതാണ്.

### 17. കറി പൗഡർ, അച്ചാർ നിർമ്മാണം

വിപണിയിൽ പ്രശ്നങ്ങളില്ലാതെ ലാഭകരമായി നടത്തുവാൻ സാധിക്കുന്ന സംരംഭം. ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കും.

### 18. ബേക്കറി ഐറ്റംസ്

വളറെയേറെ വിപണന സാദ്ധ്യതകൾ ഉണ്ട്. ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്താം. ഈ നാട്ടിൽ സുലഭമായി ഏത്തക്കായ്, കപ്പ, ചക്ക തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ച് ചിപ്സ് നിർമ്മിച്ചാൽ വിപണന സാദ്ധ്യതകൾ ഏറെ.

### 19. കൊപ്ര സംഭരണം:

ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന നാളികേരം സംസ്കരിച്ച് ശുദ്ധമായ വെളിച്ചെണ്ണ ഉൽപാദിപ്പിക്കുന്ന ഒരു യൂണിറ്റിന് സാദ്ധ്യതയുണ്ട്.

### 20. കരകൗശല വസ്തുക്കൾ

വാഴനാര്, കൈതനാര്, പനനാര്, ചിരട്ട, തുടങ്ങിയ വസ്തുക്കൾ സംസ്കരിച്ച് ആകർഷണീയമായ കരകൗശല വസ്തുക്കൾ നിർമ്മിക്കാൻ സാധിക്കും. കുടിൽ വ്യവസായമായും, വനിത സമാജം, വനിതകളുടെ സംഘങ്ങൾ ഇവ വഴിയും വളരെ വിജയപ്രദമായി നടപ്പിലാക്കുവാൻ സാധിക്കും.

### 21. ഈറ ചൂരൽ അധിഷ്ഠിത വ്യവസായം:

നമ്മുടെ പഞ്ചായത്തിൽ തന്നെ സുലഭമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചു വളരെയേറെ വിപണന സാധ്യതകൾ ഉള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് സാധിക്കും.

**22.** മേൽവിവരിച്ചത് നമുക്ക് ഈ പഞ്ചായത്തിൽ ആരംഭിക്കാവുന്ന ചെറുകിട വ്യവസായ സംരംഭങ്ങളിൽ ചിലതു മാത്രമാണ്. ആരംഭിക്കാവുന്ന വ്യവസായ യൂണിറ്റുകൾ എത്ര തന്നെ ഉണ്ടെങ്കിലും, ജനങ്ങളിൽ ഈ മേഖലയിൽ താൽപര്യം ജനിപ്പിക്കത്തക്ക ബോധവൽക്കരണം അനിവാര്യമാണ്. ചെറുകിട വ്യവസായ സംരംഭകർക്കാവശ്യമായ സാങ്കേതിക, വൈജ്ഞാനിക സേവനങ്ങൾ ലഭ്യമാകത്തക്ക വിധമുള്ള സ്ഥിരം സംവിധാനം പഞ്ചായത്തു തലത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

**23.** കേരോൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും പരിശീലനം നൽകുന്നതിനും മറ്റുമായി ഒരു വ്യവസായ സംരംഭം തുടങ്ങാവുന്നതാണ്. സാമ്പത്തിക സഹായം ലഭ്യമായാൽ സ്വകാര്യ വ്യക്തി ഇതിനു തയാറാണ്.

**24.** പപ്പടം, സോപ്പ് തുടങ്ങിയ ചെറുകിട കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.

**25.** റബർ മിക്സിംഗ് യൂണിറ്റുകൾ, റബർ ഉൽപാദക സംഘങ്ങളുടെ സംയുക്ത സംരംഭം ആയി തുടങ്ങാവുന്നതാണ്. അസംസ്കൃത പദാർത്ഥമായ റബർ പാൽ ധാരാളം ലഭ്യമാണ്.

**26.** നമ്മുടെ പഞ്ചായത്തിൽ സുലഭമായ പാറകൾ എന്ന വിഭവം നാം ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. മെറ്റൽ ക്രഷർ പോലുള്ള വ്യവസായങ്ങൾ തുടങ്ങാൻ തടസ്സമായി നിൽക്കുന്ന പരിസ്ഥിതി സംബന്ധമായ നിയമങ്ങൾ മാറ്റേണ്ടിയിരിക്കുന്നു



# വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് ഇടുക്കി ജില്ല ഒരു പിന്നോക്ക ജില്ല ആയിട്ടാണ് അറിയപ്പെടുന്നത്. അതുകൊണ്ടു തന്നെ ജില്ലയിൽപെട്ട വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്തിനും ദീർഘമായ ഒരു വിദ്യാഭ്യാസ പാരമ്പര്യമോ ചരിത്രമോ രേഖപ്പെടുത്താനാവില്ല. ആദ്യകാലങ്ങളിൽ അയൽ പഞ്ചായത്തുകളായ അറക്കുളം, ആലക്കോട് തുടങ്ങിയ പഞ്ചായത്തുകളിലെ സ്കൂളുകളിൽ ദീർഘദൂരം നടന്നുപോയി ആളുകൾ വിദ്യാഭ്യാസം നടത്തിയിരുന്നു. ഇന്ന് സ്ഥിതി അതല്ല. ഏതാണ്ട് ശരാശരി 4 KM ഉള്ളിൽ ഒരു L.P. സ്കൂളും 4 KM ഉള്ളിൽ ഒരു U.P. സ്കൂളും 6 KM ഉള്ളിൽ ഒരു ഹൈസ്കൂളും എന്ന നിലയിൽ വിദ്യാഭ്യാസ സൗകര്യം ലഭ്യമാണ്. (പട്ടിക 1 പരിശോധിക്കുക) ഏതാണ്ട് 66 വർഷം മുമ്പ് 1930 കളിൽ ഇന്നത്തെ ഒന്നാം വാർഡിൽ സെൻറ് ജോസഫ്സ് ലോവർ പ്രൈമറി സ്കൂൾ ഇളംദേശം എന്ന പേരിൽ ആരംഭിച്ച വിദ്യാലയമാണ് ഈ പഞ്ചായത്തിലെ പ്രഥമ വിദ്യാലയം. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ രണ്ട് ഹൈസ്കൂളുകളും മൂന്ന് അപ്പർ പ്രൈമറി സ്കൂളുകളും നാല് ലോവർ പ്രൈമറി സ്കൂളുകളുമാണ് നിലവിലുള്ളത്. ഹൈസ്കൂളുകളിൽ ആദ്യമായി തുടങ്ങിയത് ക്രൈസ്റ്റ് കിംഗ് ഹൈസ്കൂൾ വെള്ളിയാമറ്റമാണ്. 1952 പ്രസ്തുത വിദ്യാലയം വിജയപുരം രൂപതയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചത് ഒരു യു.പി. സ്കൂൾ മാത്രമായിട്ടാണ്. പിന്നീട് 1964-ൽ ഇതൊരു ഹൈസ്കൂളായി ഉയർത്തുകയും ചെയ്തു. രണ്ടാമത്തേത് ഗവൺമെൻറ് ട്രൈബൽ ഹൈസ്കൂൾ പൂമാലയാണ്. പ്രസ്തുത വിദ്യാലയം 1954-ൽ ആരംഭിച്ചത് ഒരു ലോവർ പ്രൈമറി സ്കൂൾ ആയിട്ടാണ്. തുടർന്ന് 1976-ൽ U.P. സ്കൂളായും 1981 ഹൈസ്കൂളായി ഉയർത്തുകയും ചെയ്തു. ഇപ്പോൾ പൂമാല ട്രൈബൽ ഹൈസ്കൂളിൽ ഒന്നു മുതൽ പത്തു വരെ ക്ലാസുകളും വെള്ളിയാമറ്റം ക്രൈസ്റ്റ് കിംഗ് ഹൈസ്കൂളിൽ അഞ്ചു മുതൽ പത്തുവരെ ക്ലാസുകളുമാണ് ഉള്ളത്.

നമ്മുടെ പഞ്ചായത്തിലെ മൂന്നു U.P. സ്കൂളുകളിലും ഒന്നു മുതൽ ഏഴു വരെ ക്ലാസുകളാണ് ഉള്ളത്. ഏതാണ്ട് 47 വർഷം പഴക്കമുള്ള സെൻറ് ജോസഫ്സ് U.P. സ്കൂൾ വെള്ളിയാമറ്റം (കറുകപ്പള്ളി) ആണ് ഇവയിൽ ആദ്യത്തേത്. പിന്നീട് പൂച്ചപ്രയിലും കരിപ്പിലങ്ങാടുമാണ് U.P. സ്കൂളുകൾ ആരംഭിച്ചത്.

നാല് എൽ.പി. സ്കൂളുകളിൽ ആദ്യം ആരംഭിച്ചത് ഇളംദേശം സ്കൂൾ ആണെന്ന് നേരത്തെ സൂചിപ്പിച്ചല്ലോ. അതിനു ശേഷം യഥാക്രമം പന്നിമറ്റം, നാളിയാനി, വെട്ടിമറ്റം എന്നിവിടങ്ങളിലും ഇത്തരം സ്കൂളുകൾ ആരംഭിച്ചു. വെട്ടിമറ്റം സ്കൂളിൽ ഒന്നു മുതൽ അഞ്ചു വരെ ക്ലാസുകളും മറ്റു സ്കൂളുകളിൽ ഒന്നു മുതൽ നാലു വരെ ക്ലാസുകളുമാണ് ഉള്ളത്.

9 വിദ്യാലയങ്ങൾ കൊണ്ട് സമ്പന്നമാണ് നമ്മുടെ പഞ്ചായത്ത്. എങ്കിലും നമ്മുടെ അയൽ പഞ്ചായത്തുകളിലുള്ള കുളമാവ്, അറക്കുളം, കലയന്താനി എന്നീ പ്രദേശങ്ങളിലെ സ്കൂളുകളിൽ ഈ പഞ്ചായത്തിൽ നിന്നും ധാരാളം വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. മാത്രവുമല്ല പട്ടണ പ്രദേശങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് പോകുന്ന വിദ്യാർത്ഥികളും ഇവിടെയുണ്ട്. 15 വയസ്സിൽ താഴെയുള്ള 4400 ഓളം കുട്ടികളിൽ 2714 കുട്ടികൾ മാത്രമാണ് പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്നത് എന്ന കാര്യം നമ്മുടെ സജീവ ചർച്ചക്കും പരിചിന്തനത്തിനും വിധേയമാകേണ്ടതാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തുനിവാസികളുടെ സാക്ഷരതാശതമാനം 90 ആണ് എന്നു കണക്കുകൾ കാണിക്കുന്നുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗവിഭാഗങ്ങൾ കൂടുതൽ വരുന്ന 7,8,9,10 വാർഡുകളിൽ സാക്ഷരത ശതമാനം ശോചനീയമാംവിധം താഴ്ന്നതാണ് മാത്രവുമല്ല. പ്രസ്തുത വാർഡുകളിലെ 15 വയസ്സിൽ താഴെയുള്ള 45 കുട്ടികൾ സ്കൂളിൽ പോകാത്തവരായുണ്ടെന്നു കണ്ടെത്തിയിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ എല്ലാ സ്കൂളുകളിലും രക്ഷാകർതൃ സമിതികൾ ഉണ്ട്. എങ്കിലും ബഹുഭൂരിപക്ഷം സമിതികളും വിദ്യാഭ്യാസ കാര്യങ്ങളിൽ ഫലപ്രദമായി ഇടപെടുകയോ, എടുത്തുപറയത്തക്ക എന്തെങ്കിലും സംഭാവനകൾ ഈ രംഗത്ത് കൈവരിക്കുകയോ ചെയ്തതായി കാണുന്നില്ല.

പ്രൈമറി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളിൽ 20 - 25 ശതമാനം വരെ വേണ്ടത്ര അക്ഷര ബോധം ഇല്ലാത്തവരാണെന്ന സത്യം നമ്മെ ദുഃഖിപ്പിക്കുന്നതാണ്.

ഇടുക്കി ജില്ലയിലെ വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ ഈ ജില്ലയിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് DPEP. (ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി). 1997 ജൂൺ മാസത്തിൽ ആരംഭിക്കുന്ന ഈ പദ്ധതിയുടെ ഉദ്ദേശം പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുകയാണ്. പാഠ്യപദ്ധതി ലഘൂ

കരിച്ചുകൊണ്ട് കലാ കായിക രംഗങ്ങൾക്ക് കുറച്ചുകൂടി പ്രാധാന്യം കൊടുത്തു കൊണ്ട് വിദ്യാലയം ഒരു ജയിലറയാക്കാതെ പഠനം പാൽപ്പായസമാക്കാനുള്ള ശ്രമം തുടങ്ങിക്കഴിഞ്ഞിരിക്കുന്നു.

ഔപചാരിക വിദ്യാഭ്യാസ രംഗം 9 പട്ടികയായി ചേർത്തിരിക്കുന്നത് പരിശോധിക്കുക.

അനൗപചാരിക വിദ്യാഭ്യാസരംഗം ഈ പഞ്ചായത്തിൽ ഒട്ടും തന്നെ അഭികാമ്യമല്ല. നല്ല നിലയിൽ പ്രവർത്തിക്കുന്ന ലൈബ്രറികളും വായനശാലകളും വിരളമാണ്. നാളിയാനി, കോഴിപ്പള്ളി, കൂവക്കണ്ടം തുടങ്ങിയ പ്രദേശങ്ങളിൽ പഞ്ചായത്തു ഭരണസമിതി കൂടി ഇടപെട്ടു കൊണ്ട് ലൈബ്രറികൾ തുടങ്ങുകയും സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാൻ സൗകര്യം ഉണ്ടാക്കുകയും വേണ്ടതാണ്. സാക്ഷരത പദ്ധതി വളരെ നല്ല നിലയിൽ നടപ്പിലാക്കിയ ഒരു പഞ്ചായത്തായിരുന്നു ഇത്. എന്നാൽ ഇന്ന്, നവസാക്ഷരരിൽ ബഹുഭൂരിപക്ഷവും നിരക്ഷരരായി മാറിക്കഴിഞ്ഞിരിക്കുന്നു. തുടർസാക്ഷരതാ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത ട്യൂട്ടോറിയൽ കോളേജുകളോ പാരലൽ കോളേജുകളോ നിലവിലില്ല. ഒന്നു രണ്ടു ട്യൂഷൻ സെൻററുകൾ മാത്രമാണ് ഈ രംഗത്തുള്ളത്.

പിന്നോക്ക അവികസിത മേഖലയായ നമ്മുടെ നാട്ടിലും ഒരു ഇംഗ്ലീഷ് മീഡിയം പ്രൈമറി സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. വെട്ടിമറ്റത്തു പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ എൽ.കെ.ജി., യു.കെ.ജി., ഒന്നാം ക്ലാസ് എന്നീ വിഭാഗങ്ങളിലായി ഏതാണ്ട് 75 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

## പ്രീ പ്രൈമറി വിദ്യാഭ്യാസം

പഞ്ചായത്തിൽ പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനു വളരെ പ്രാധാന്യം കൊടുത്തിട്ടുണ്ട്. പ്രീ പ്രൈമറി വിദ്യാഭ്യാസത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് ഈ പഞ്ചായത്തിലെ ജനങ്ങൾ വളരെ ബോധവാൻമാരാണ്. ഈ പഞ്ചായത്തിൽ 20 അംഗൻവാടികളും 2 ട്രൈബൽ നേഴ്സറി സ്കൂളുകളും 4 പ്രൈവറ്റ് നേഴ്സറി സ്കൂളുകളും നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്.

1-ാം വാർഡിൽ കലയന്താനിയിൽ ഒരു അംഗൻവാടിയും മുറിയാത്തോടു ഭാഗത്ത് മറ്റൊരു അംഗൻവാടിയും കലയന്താനിയിൽ ഒരു നേഴ്സറി സ്കൂളും പ്രവർത്തിക്കുന്നുണ്ട്. 2-ാം വാർഡിൽ വെട്ടിമറ്റത്തു ഒരു അംഗൻവാടിയും ഒരു നഴ്സറി സ്കൂളുമുണ്ട്. 3-ാം വാർഡിൽ അംഗൻവാടികളിൽ ഒരെണ്ണം ഇളംദേശം ലക്ഷംവീടു കോളനിയിലും മറ്റൊന്നു ഇറുക്കുപാലം ഭാഗത്തും പ്രവർത്തിക്കുന്നു. 4-ാം വാർഡിൽ ഉള്ള അംഗൻവാടികളിൽ തൊണ്ണൂറ്റിനാലു ഭാഗത്തും ഒരെണ്ണം കാഞ്ഞാറിലും ഒരു നേഴ്സറി സ്കൂൾ കറുകപ്പള്ളിയിലും പ്രവർത്തിക്കുന്നു. 5-ാം വാർഡിൽ അംഗൻവാടി ലത്തീൻപള്ളി ഭാഗത്തു പ്രവർത്തിക്കുന്ന 6-ാം വാർഡിൽ ഉള്ള 2 അംഗൻവാടികളിൽ ഒരെണ്ണം പഞ്ചായത്ത് ഓഫിസിനു സമീപവും മറ്റൊന്ന് കുറുവക്കയത്തും, നേഴ്സറി സ്കൂൾ പന്നിമറ്റത്തു പള്ളിക്കു സമീപവും പ്രവർത്തിക്കുന്നു. 7-ാം വാർഡിലെ 3 അംഗൻവാടികളിൽ ഒരെണ്ണം പൂമാലയിലും ഒരെണ്ണം കിഴക്കേ മേത്തൊട്ടിയിലും മറ്റൊന്ന് പടിഞ്ഞാറേ മേത്തൊട്ടിയിലും പ്രവർത്തിക്കുന്നു. 8-ാം വാർഡിലെ മൂന്ന് അംഗൻവാടികളിൽ ഒരെണ്ണം പൂച്ചപ്രയിലും, ഒരെണ്ണം കൊളപ്രത്തും മറ്റൊന്ന് കരിപ്പിലങ്ങാട്ടും പ്രവർത്തിക്കുന്നു. കൂടാതെ ഇവിടെ ഐ.ടി.ഡി.പി.യുടെ കീഴിൽ ഒരു ട്രൈബൽ നേഴ്സറി സ്കൂളും പ്രവർത്തിക്കുന്നുണ്ട്. 9-ാം വാർഡിൽ 2 അംഗൻവാടികളുണ്ട്. അവയിൽ ഒരെണ്ണം കൂവക്കണ്ടത്തും ഒരെണ്ണം നാളിയാനിയിലും ഒരു ട്രൈബൽ നേഴ്സറി സ്കൂൾ ITDPയുടെ കീഴിൽ കൂവക്കണ്ടത്തും പ്രവർത്തിക്കുന്നുണ്ട്. 10-ാം വാർഡിലുള്ള രണ്ട് അംഗൻവാടികളിൽ ഒരെണ്ണം നാടുകാണിയിലും ഒരെണ്ണം കോഴിപ്പിള്ളിയിലും പ്രവർത്തിക്കുന്നു.

പ്രീ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിനനുസൃതമായി അവയുടെ മേന്മ വർദ്ധിച്ചിട്ടില്ലെന്നതു ഖേദകരമാണ്. 9-ാം വാർഡിൽ കൂവക്കണ്ടത്തു പ്രവർത്തിക്കുന്ന ട്രൈബൽ നേഴ്സറി സ്കൂളിൽ 30 കുട്ടികൾ പഠിക്കുന്നു. ബഹുഭൂരിപക്ഷം അംഗൻവാടികളിലും പതിവായി എത്തുന്ന കുട്ടികളുടെ എണ്ണം വളരെ കുറഞ്ഞതാണ്. പഞ്ചായത്തിലെ അംഗൻവാടികളിൽ ഒന്നിനു പോലും വേണ്ടത്ര കളിസ്ഥലമോ കളിക്കോപ്പുകളോ ഇല്ല എന്നു മാത്രമല്ല പ്രാഥമികാവശ്യങ്ങൾക്കു സൗകര്യമോ ശുദ്ധജല ലഭ്യതയോ ഇല്ലാ എന്നുള്ളതു ദുഃഖകരമാണ്.

**നഴ്സറി സ്കൂളുകൾ**

| ക്ര. നം. | വാർഡ് നം. | | |
|---|---|---|---|
| 1. | 1 | കലയന്താനി | സെൻറ് മേരീസ് |
| 2. | 2 | വെട്ടിമറ്റം | പ്രൈവറ്റ് |
| 3. | 8. | പൂച്ചപ്ര | I.T.D.P. |
| 4. | 9. | കൂവക്കണ്ടം | I.T.D.P. |

വെള്ളിയാമറ്റം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന (സാമൂഹ്യക്ഷേമ വകുപ്പ്)

I.C.D.S. അംഗൻവാടികൾ

| Sl No | AW No | Ward No | Name of A.W | സ്കീം |
|---|---|---|---|---|
| 1. | 71 | 1 | കലയന്താനി | സ്പെഷ്യൽ കമ്പോണൻറ് |
| 2. | 89 | 1 | ഇളംദേശം | Nil |
| 3. | 72 | 2 | വെട്ടിമറ്റം | സ്പെഷ്യൽ കമ്പോണൻറ് |
| 4. | 74 | 3 | ഇളംദേശം | കമ്പോസിറ്റ് പ്രോഗ്രാം ഫോർ വിമൻ ആൻഡ് ചിൽഡ്രൻ |
| 5. | 75 | 3 | ഇറുക്കുപാലം | സ്പെഷ്യൽ കമ്പോണൻറ് |
| 6. | 90 | 4 | കാഞ്ഞാർ | സ്പെഷ്യൽ കമ്പോണൻറ് |
| 7. | 76 | 5 | കറുകപ്പിള്ളി | പഞ്ചായത്ത് |
| 8. | 77 | 6 | കുറുവക്കയം | സ്പെഷ്യൽ കമ്പോണൻറ് |
| 9. | 78 | 6 | പന്നിമറ്റം | I.C.D.S. കെട്ടിടമില്ല |
| 10. | 79 | 7 | പൂമാല | സ്പെഷ്യൽ കമ്പോണൻറ് |
| 11. | 80 | 7 | പടിഞ്ഞാറ് മേത്തൊട്ടി | ട്രൈബൽ സബ് പ്ലാൻ I.T.D.P |
| 12. | 81 | 7 | കിഴക്കേ മേത്തൊട്ടി | ട്രൈബൽ സബ് പ്ലാൻ I.T.D.P |
| 13. | 73 | 8 | കരിപ്പിലങ്ങാട് | ട്രൈബൽ സബ് പ്ലാൻ |
| 14. | 86 | 8 | കൊളപ്രം | ട്രൈബൽ സബ് പ്ലാൻ |
| 15. | 87 | 8 | പൂച്ചപ്ര | സ്പെഷ്യൽ കമ്പോണൻറ് |
| 16. | 82 | 9 | കൂവക്കണ്ടം | ട്രൈബൽ സബ് പ്ലാൻ |
| 17. | 83 | 9 | നാളിയാനി | ട്രൈബൽ സബ് പ്ലാൻ |
| 18. | 88 | 5 | വെള്ളിയാമറ്റം | കമ്പോസിറ്റ് പ്രോഗ്രാം ഫോർ വിമൻ ആൻഡ് ചിൽഡ്രൻ |
| 19. | 84 | 10 | കോഴിപ്പള്ളി | ട്രൈബൽ സബ് പ്ലാൻ I.T.D.P |
| 20. | 85 | 10 | നാടുകാണി | ട്രൈബൽ സബ് പ്ലാൻ |

## അദ്ധ്യാപകർ – വിദ്യാർത്ഥികൾ – 1996

| ക്രമ നം | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | ഇനം | വിദ്യാർത്ഥികൾ | | | SC ST | | | അദ്ധ്യാപകർ | | | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1. | G.T.H.S. പൂമാല | Govt | H.S. | 363 | 368 | 731 | 244 | 188 | 432 | 8 | 16 | 24 | |
| 2 | C.K.H.S. വെള്ളിയാമറ്റം | എയിഡഡ്<br>വിജയപുരം രൂപത | H.S. | 302 | 301 | 603 | 49 | 79 | 128 | 10 | 16 | 26 | |
| 3. | S.J.U.P.S. വെള്ളിയാമറ്റം | എയിഡഡ്<br>പാലാ രൂപതാ | U.P. | 229 | 206 | 435 | 24 | 29 | 53 | 3 | 12 | 15 | |
| 4. | G.U.P.S. കരിപ്പിലങ്ങാട് | Govt. | U.P | 60 | 50 | 110 | 44 | 39 | 83 | 4 | 5 | 9 | |
| | 5. G.U.P.S. പൂച്ചപ്ര | Govt. | U.P | 76 | 69 | 145 | 52 | 49 | 101 | 3 | 5 | 8 | |
| 6. | P.L.P.S. വെട്ടിമറ്റം | എയിഡഡ് പഞ്ചായത്ത് | L.P. | 130 | 117 | 247 | 14 | 10 | 24 | 3 | 6 | 9 | |
| 7. | S.J.L.P.S. ഇളംദേശം | എയിഡഡ്<br>കോതമംഗലം രൂപത | L.P. | 72 | 69 | 141 | 9 | 9 | 18 | 2 | 4 | 6 | |
| 8. | S.J.L.P.S. പന്നിമറ്റം | എയിഡഡ്<br>കോതമംഗലം രൂപത | L.P. | 115 | 116 | 231 | 9 | 11 | 20 | 1 | 8 | 9 | |
| 9. | G.T.L.P.S. നാളിയാനി | Govt | L.P | 32 | 39 | 71 | 30 | 37 | 67 | 3 | 1 | 4 | |
| | | ആകെ | 1379 | 1335 | 2714 | 475 | 451 | 926 | 37 | 73 | 110 | | |

## പൊതുവിവരങ്ങൾ 1996

| നമ്പർ | പേര് | ആകെ വിദ്യാർത്ഥികൾ | അധ്യാപകർ | ഓഫീസ് മുറി | സ്റ്റാഫ് മുറി | ആകെ സ്ഥലം | കളി സ്ഥലം | കക്കൂസ് | മൂത്രപ്പുര | കുടിവെള്ളം | വൈദ്യുതി | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | G.T.H.S. പൂമാല | 731 | 24 | ഉണ്ട് | ഉണ്ട് | 3 ഏക്കർ | 2500 ച. അടി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 2. | C.K.H.S. വെള്ളിയാമറ്റം | 603 | 26 | ഉണ്ട് | ഉണ്ട് | 3 ഏക്കർ | 2000 ച. അടി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ടെലിഫോൺ ഉണ്ട് |
| 3. | S.J.U.P.S. വെള്ളിയാമറ്റം | 435 | 15 | ഉണ്ട് | ഉണ്ട് | 1.5 ഏക്കർ | 50 സെൻറ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | കളിസ്ഥലം തീരെ അപര്യാപ്തമാണ് |
| 4. | G.U.P.S. കരിപ്പിലങ്ങാട് | 110 | 9 | ഇല്ല | 2.5ഏക്കർ | 800 ച. അടി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | |
| 5. | G.U.P.S. പൂച്ചപ്ര | 145 | 8 | ഉണ്ട് | ഉണ്ട് | 1.5 ഏക്കർ | 20 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6. | P.L.P.S. വെട്ടിമറ്റം | 247 | 9 | ഉണ്ട് | ഇല്ല | 1.5 ഏക്കർ | 1500 ച. അടി | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | കുടിവെള്ളക്ഷാമം രൂക്ഷമാണ് |
| 7. | S.J.L.P.S. ഇളംദേശം | 141 | 6 | ഉണ്ട് | ഇല്ല | 28 സെൻറ് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | കളിസ്ഥലം തീരെ ഇല്ലാത്ത L.P. സ്കൂൾ |
| 8. | S.J.L.P.S. പന്നിമറ്റം | 231 | 9 | ഉണ്ട് | ഇല്ല | 1 ഏക്കർ | 20 സെൻറ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | കളിസ്ഥലം അപര്യാപ്തം |
| 9. | G.T.L.P.S. നാളിയാനി | 71 | 4 | ഉണ്ട് | ഇല്ല | 50 സെൻറ് | 20 സെൻറ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | കുടിവെള്ളവും വൈദ്യുതിയും വളരെ അത്യാവശ്യം |

### പട്ടികജാതി - പട്ടിക വർഗ്ഗം - 1996

| നമ്പർ | പേര് | ആകെ കുട്ടികൾ | SC - ST | | | % | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | | |
| 1. | G.T.L.P.S. നാളിയാനി | 71 | 30 | 37 | 67 | 95% | |
| 2. | G.U.P.S. കരിപ്പലങ്ങാട് | 110 | 44 | 39 | 83 | 75% | |
| 3. | G.U.P.S. പൂച്ചപ്ര | 145 | 52 | 49 | 101 | 70% | |
| 4. | G.T.H.S. പൂമാല | 731 | 244 | 158 | 432 | 57% | |
| 5. | C.K.H.S. വെള്ളിയാമറ്റം | 603 | 49 | 79 | 128 | 21% | |
| 6. | S.J.L.P.S. ഇളംദേശം | 141 | 9 | 9 | 18 | 13% | |
| 7. | S.J.U.P.S. വെള്ളിയാമറ്റം | 435 | 24 | 29 | 53 | 12 | |
| 8. | P.L.P.S. വെട്ടിമറ്റം | 247 | 14 | 10 | 24 | 10% | |
| 9. | S.J.L.P.S. പന്നിമറ്റം | 231 | 9 | 11 | 20 | 9% | |
| | ആകെ | 2714 | 475 | 451 | 926 | 34% | |

### S.S.L.C. വിജയശതമാനം

| നമ്പർ | പേര് | 92-93 | 93-94 | 94-95 | 95-96 | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | G.T.H.S. പൂമാല | 35% | 44% | 42 % | 44.6 % | |
| 2. | C.K.H.S. വെള്ളിയാമറ്റം | 67% | 58% | 56% | 45% | പടിപടിയായി കുറഞ്ഞുവരുന്നു |

### ഗവൺമെൻറ് സ്കൂളുകളിലെ എണ്ണം - 1996

| നമ്പർ | പേര് | ആകെ വിദ്യാർത്ഥികൾ | SC-ST വിദ്യാർത്ഥികൾ | അധ്യാപകർ | | | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | |
| 1. | G.T.H.S. പൂമാല | 731 | 432 | 8 | 16 | 24 | |
| 2. | G.U.P.S. കരിപ്പലങ്ങാട് | 110 | 83 | 4 | 5 | 9 | ഗവ. സ്കൂളുകളിൽ 74% SC-ST കുട്ടികളാണ് |
| 3. | G.U.P.S. പൂച്ചപ്ര | 145 | 101 | 3 | 5 | 8 | |
| 4. | G.T.L.P.S. നാളിയാനി | 71 | 67 | 3 | 1 | 4 | |
| | ആകെ | 1057 | 683 | 18 | 27 | 45 | |

**എയിഡഡ് സ്കൂളുകളിലെ എണ്ണം - 96**

| നമ്പർ | പേര് | ആകെ അദ്ധ്യാപകർ | SC-ST വിദ്യാർത്ഥികൾ | ആൺ | അദ്ധ്യാപകർ പെൺ | ആകെ | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1. | C.K.H.S. വെള്ളിയാമറ്റം | 603 | 128 | 10 | 16 | 26 | |
| 2. | S.J.U.P.S. വെള്ളിയാമറ്റം | 435 | 53 | 3 | 12 | 15 | |
| 3. | P.L.P. വെട്ടിമറ്റം | 247 | 24 | 3 | 6 | 9 | SC-ST വിദ്യാർത്ഥികൾ 13% |
| 4. | S.J.L.P.S. ഇളംദേശം | 141 | 18 | 2 | 4 | 6 | |
| 5. | S.J.L.P.S. പന്നിമറ്റം | 231 | 20 | 1 | 8 | 9 | |
| | ആകെ | 1657 | 243 | 19 | 46 | 65 | |

**വിദ്യാർത്ഥികൾ തരം തിരിച്ച് - 96**

| നമ്പർ | ഇനം | സ്കൂളുകളുടെ എണ്ണം | ആകെ വിദ്യാർത്ഥികൾ | | | SC-ST | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | H.S. | 2 | 292 | 354 | 646 | 135 | 132 | 267 |
| 2. | U.P. | 5 | 433 | 358 | 791 | 126 | 120 | 246 |
| 3. | L.P | 8 | 654 | 623 | 1277 | 214 | 199 | 413 |
| | ആകെ | | 1379 | 1335 | 2714 | 475 | 451 | 926 |

**അധ്യാപകർ തരംതിരിച്ച് - 96**

| നമ്പർ | ഇനം | സ്കൂളുകളുടെ എണ്ണം | ആൺ | പെൺ | ആകെ |
|---|---|---|---|---|---|
| 1. | H.S. | 2 | 10 | 17 | 27 |
| 2. | U.P | 5 | 14 | 20 | 34 |
| 3. | L.P | 8 | 13 | 36 | 49 |
| ആകെ | 37 | 73 | 110 | | |

**സാമ്പത്തിക ആനുകൂല്യം സംബന്ധിച്ച്**

| നമ്പർ | പേര് | ലംസം ഗ്രാൻറ് | മെരിറ്റ് സ്കോളർഷിപ്പ് | മുസ്ലീംപെൺ | വികലാംഗർ |
|---|---|---|---|---|---|
| 1. | G.T.H.S. പൂമാല | 522 | 34 | 8 | 2 |
| 2. | C.K.H.S. വെള്ളിയാമറ്റം | 210 | 8 | 24 | 10 |
| 3. | S.J.U.P.S. വെള്ളിയാമറ്റം | 134 | 4 | 11 | 0 |
| 4. | G.U.P.S. കരിപ്പിലങ്ങാട് | 83 | 7 | 0 | 1 |
| 5. | G.U.P.S. പൂച്ചപ്ര | 134 | 4 | 0 | 1 |
| 6. | P.L.P.S. വെട്ടിമറ്റം | 52 | 3 | 3 | 1 |
| 7. | S.J.L.P.S. ഇളംദേശം | 18 | 0 | 0 | 0 |
| 8. | S.J.L.P.S. പന്നിമറ്റം | 45 | 0 | 0 | 0 |
| 9. | G.T.L.P.S. നാളിയാനി | 67 | 0 | 0 | 0 |
| | ആകെ | 1265 | 60 | 46 | 15 |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും നിലനിൽപ്പിനു തന്നെ ഭീഷണിയായി വിദ്യാർത്ഥികളുടെ എണ്ണം വർഷം തോറും കുറഞ്ഞുവന്നുകൊണ്ടിരിക്കുന്നു.

2. വെട്ടിമറ്റം, നാളിയാനി സ്കൂളുകളിൽ കടുത്ത കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

3. ഇളംദേശം, കറുകപ്പിള്ളി, പന്നിമറ്റം സ്കൂളുകളിൽ കളിസ്ഥലത്തിന്റെ കുറവ് അനുഭവപ്പെടുന്നു.

4. നഗരങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ കുട്ടികൾ പോകുന്നത്

പാശ്ചാത്യ സംസ്കാരത്തിന്റെ പുറംമോടി തേടിയുള്ള - ആർഷ ഭാരത സംസ്കാരത്തിന് ആഴത്തിൽ മുറിവേൽപ്പിക്കുന്ന പ്രവണത കൂടിക്കൂടിവരുന്നു.

5. ശിശു വിദ്യാഭ്യാസത്തിന് സൗകര്യമുള്ള പ്രീ-പ്രൈമറി സ്കൂളുകൾ ഒന്നുപോലും നമ്മുടെ പഞ്ചായത്തിൽ ഇല്ല

6. കലാ-കായിക രംഗങ്ങളിൽ പ്രശസ്തരായവരെ വാർത്തെടുക്കാൻ കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ നമുക്കു കഴിഞ്ഞിട്ടില്ല. അതിനുള്ള യാതൊരുവിധ സംവിധാനങ്ങളും ഇന്ന് നിലവിലില്ല.

7. അദ്ധ്യാപകരിൽ ബഹുഭൂരിപക്ഷവും വനിതകളായതിനാൽ പാഠ്യേതര പ്രവർത്തനങ്ങൾക്ക് സാദ്ധ്യത കുറവായി അനുഭവപ്പെടുന്നു.

8. പഞ്ചായത്തിൽ ഒരൊറ്റ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും ഇല്ല.

9. ഫലപ്രദമായ അദ്ധ്യാപക പരിശീലനം നടക്കുന്നില്ല.

10. വിദ്യാലയങ്ങളിൽ ശരിയായ പരിശോധന നടക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1. ഗ്രാമസഭാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 7-ാം വാർഡിൽ മേത്തൊട്ടിയിൽ ഒരു L.P. സ്കൂൾ ആരംഭിക്കുക. പന്നിമറ്റം , വെട്ടിമറ്റം സ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് U.P. സ്കൂളുകൾ ആക്കുക.

2. 3-ാം വാർഡിൽ ഇളംദേശത്ത് ഗവൺമെന്റ് മേഖലയിൽ ഒരു U.P. സ്കൂൾ അനുവദിക്കുക. 5,6,7 ക്ലാസുകൾ മാത്രം.

3. പൂമാല ഹൈസ്കൂളിൽ നിന്നും L.P. വിഭാഗം വേർപ്പെടുത്തി സ്വതന്ത്രമാക്കേണ്ടത് അടിയന്തരാവശ്യമാണ്.

4. നാളിയാനി, വെട്ടിമറ്റം സ്കൂളുകളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുക.

5. L.P. സ്കൂളുകളിൽ വെട്ടിമറ്റത്തു മാത്രം 5-ാം ക്ലാസ് നിലനിൽക്കുന്നു. പ്രസ്തുത സ്കൂൾ അപ്ഗ്രേഡ് ചെയ്ത് U.P. ആക്കേണ്ടതാണ്. പക്ഷേ, കളിസ്ഥലം അടക്കമുള്ള സൗകര്യങ്ങൾ ഉറപ്പു വരുത്തിയിരിക്കേണ്ടത് ആയിരിക്കണം. ഇതിനു കഴിയാത്തപക്ഷം 5-ാം ക്ലാസ് നിർത്തൽ ചെയ്യേണ്ടതാണ്. ഹിന്ദി, സയൻസ് വിഷയങ്ങളെ ദോഷകരമായി ബാധിക്കുന്നു.

6. വിദ്യാലയങ്ങളിൽ കളിസ്ഥലമില്ലാത്ത സ്ഥിതി തുടരാൻ അനുവദിച്ചുകൂടാ. അടിയന്തരമായി പഞ്ചായത്ത് ഭരണസമിതി ഇതിനു പ്രതിവിധി കണ്ടെത്തണം.

7. പൂമാല ട്രൈബൽ ഹൈസ്കൂളിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി തുടങ്ങുക.

8. എല്ലാ സ്കൂളുകൾക്കും, P.T.A. പ്രസിഡന്റും കൂടി ഉൾപ്പെട്ട സ്കൂൾ വികസന സമിതി രൂപീകരിക്കുക. പ്രസ്തുത സമിതി മാസത്തിലൊരിക്കൽ കൂടി പഠന പാഠ്യേതര പ്രവർത്തനങ്ങൾ വിലയിരുത്തുക.

9. എല്ലാ വീടുകളിലും വൈദ്യുതിയെത്തിച്ച് വിദ്യാർത്ഥികളുടെ പഠനത്തിനു സഹായിക്കുക.

10. പഞ്ചായത്ത് വിദ്യാഭ്യാസ സമിതിരൂപീകരിച്ച് അവയുടെ നേതൃത്വത്തിൽ അദ്ധ്യാപകർക്ക് പരിശീലനം സ്കൂൾ പരിശോധനയും നടത്തുക.

11. അയൽപക്ക സ്കൂൾ സമ്പ്രദായം നിർബന്ധമാക്കുക. ഇതിനു നിയമം കൊണ്ടുവരിക.

12. ഒന്നു മുതൽ നാലു വരെ ക്ലാസുകളിലെ ബോധനമാധ്യമം മാതൃഭാഷ തന്നെയായിരിക്കുക.

13. മുഴുവൻ അൺ എയിഡഡ് സ്കൂളുകളും അടച്ചുപൂട്ടുക. അംഗീകാരമില്ലാത്ത സ്കൂളുകൾ നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുക.

14. ആറു വയസു കഴിഞ്ഞ മുഴുവൻ കുട്ടികളും സ്കൂളിലെത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. ഇതിൽ അലംഭാവം കാണിക്കുന്ന രക്ഷകർത്താക്കൾക്കെതിരെ കർശന നടപടി സ്വീകരിക്കുക.

15. പ്രൈമറി വിദ്യാഭ്യാസം പൂർണ്ണമായും സൗജന്യമാക്കുക.

16. സ്കൂൾ പ്രവേശനത്തിനുള്ള പ്രായം ആറു വയസ്സായി നിശ്ചയിക്കുക.

17. പഞ്ചായത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ആവശ്യമായ നോട്ടുബുക്കുകൾ നിർമ്മിക്കുവാൻ കുട്ടികൾക്ക് പരിശീലനം നൽകി ബുക്ക് നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

18. എല്ലാ സ്കൂളുകളിലും കലാ - കായിക അദ്ധ്യാപകരെ നിയമിക്കുക.

19. U.P. സ്കൂളുകളിൽ ക്ലാർക്കിനെയും L.P. സ്കൂളുകളിൽ പ്യൂണിനെയും നിയമിക്കുക.

20. ആവശ്യമുള്ള മുഴുവൻ കുട്ടികൾക്കും ഉച്ചക്കഞ്ഞി നൽകുക.

21. എല്ലാ പ്രൈമറി വിദ്യാലയങ്ങളോടും ചേർന്ന് പ്രീ-പ്രൈമറികൾ ആരംഭിക്കുക.



# ആരോഗ്യം

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലെ ആരോഗ്യപരിപാലന വികസന പ്രവർത്തനങ്ങൾ. 9 -ാം പഞ്ചവത്സരപദ്ധതിക്കാലത്തു ജനകീയപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന പരിപാടികളും ആവശ്യങ്ങളും

ഒരു യോഗക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുന്നതിന് സമാധാനവും സന്തോഷവും ആരോഗ്യവും ഐക്യവും ഉള്ള ജനസമൂഹം ആവശ്യമാണ്. അനാരോഗ്യകരങ്ങളായ പ്രവർത്തനങ്ങളും ആരോഗ്യമില്ലാത്ത ജനസമൂഹവും അസ്വസ്ഥമായ ചുറ്റുപാടുകളും നാടിന്റെ തീരാശാപമാണ്, ആപത്താണ്. അതുകൊണ്ട് ആരോഗ്യമുള്ള ഒരു ജനസമൂഹമാണ് ദേശത്തിന്റെ സർവ്വധനാൽപ്രധാനമായ സമ്പത്ത്. രോഗങ്ങളെയും അവയുടെ കാരണങ്ങളെയുംകുറിച്ച് പഠനം നടത്തുകയും, യഥാകാലം സംരക്ഷണനടപടികൾ സ്വീകരിക്കുകയും ചെയ്യുകവഴി രോഗം വരാതെ ആരോഗ്യം നിലനിർത്തുന്നതിനുള്ള സാഹചര്യങ്ങൾ നിലനിർത്താൻ കഴിയും.

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ വിവിധരോഗങ്ങളെയും ചികിത്സാരീതികളേയും അവലോകനം ചെയ്യുകയും ഈ പഞ്ചായത്തിലെ ആരോഗ്യപരിപാലനത്തിനായി 9 -ാം പഞ്ചവത്സരപദ്ധതിക്കാലത്ത് ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കേണ്ട വികസനപദ്ധതികളുടെയും പരിഷ്കാരങ്ങളുടെയും വിശദമായ പ്രതിപാദനമാണ് ഈ ലേഖനത്തിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്.

**'ആരോഗ്യം സർവ്വധനാൽ പ്രധാനം'**

ആരോഗ്യപരിപാലനത്തെപ്പറ്റി ചിന്തിക്കുമ്പോൾ രോഗങ്ങളെപ്പറ്റിയും രോഗകാരണങ്ങളെപ്പറ്റിയും അതിനുള്ള പരിഹാരമാർഗ്ഗങ്ങളെപ്പറ്റിയും നാം ബോധവാൻമാരായിരിക്കണം.

ഈ പഞ്ചായത്തിൽ സാധാരണ കണ്ടുവരാറുള്ള രോഗങ്ങൾ പനി, വയറിളക്കം, വയറുകടി, മഞ്ഞപ്പിത്തം, ചുമ, വിളർച്ച, ശ്വാസംമുട്ടൽ, ആസ്മ, ത്വക് രോഗങ്ങൾ, നേത്രരോഗങ്ങൾ, പ്രമേഹം, ദന്തരോഗങ്ങൾ എന്നിവയൊക്കെയാണ്. പാമ്പ്, പട്ടി, മറ്റു മൃഗങ്ങൾ, കീടങ്ങൾ എന്നിവ കടിക്കുന്നതുമൂലമുള്ള രോഗങ്ങളും അപൂർവ്വമായി ഉണ്ടാവാറുണ്ട്. ചില പ്രത്യേകകാലങ്ങളിൽ ചിക്കൻപോക്സ്, ചൂടുപനി, മുണ്ടിനീര് എന്നിവയും ചിലയാളുകളിൽ ക്യാൻസർ, ഹൃദ്രോഗം എന്നിവയും കാണാറുണ്ട്. പ്രായമായവരിൽ വാതരോഗങ്ങളും ഉണ്ടാവാറുണ്ട്. ടൈഫോയ്ഡ്, ന്യൂമോണിയ തുടങ്ങിയ രോഗങ്ങളും നമ്മുടെ ആശുപത്രികളിൽ ചികിത്സിക്കപ്പെടാറുണ്ട്.

ക്ഷയം, കുഷ്ഠം, മന്ത്, മലേറിയ, എലിപ്പനി, ഡെങ്കിപ്പനി, സിഫിലിസ്, ഗൊണേറിയ, എയ്ഡ്സ് മറ്റു ഗുഹ്യരോഗങ്ങൾ എന്നീ രോഗങ്ങളൊന്നും നമ്മുടെ ആശുപത്രികളിൽ റിപ്പോർട്ടു ചെയ്യപ്പെടാറില്ല. വളരെ അപൂർവ്വമായി മാത്രം നമ്മുടെ സംസ്ഥാനത്തിന് വെളിയിൽനിന്നു വരുന്നവരിൽ ഇവ ചുരുക്കമായി കാണാറുണ്ട്. മാനസികരോഗികളും വളരെ കുറവാണെങ്കിലും കുറെയൊക്കെയുണ്ട്.

## രോഗ പ്രതിരോധം

ചിട്ടയായ ജീവിതരീതിയും, പോഷകാഹാരപ്രധാനങ്ങളായ ആഹാരങ്ങളും ശുചിത്വവും ശുദ്ധവായുവും വെളിച്ചവും ശുദ്ധജലവും സൂര്യപ്രകാശവും ആവശ്യമാണ്. ശരിയായ വ്യായാമവും രോഗങ്ങളെപ്പറ്റിയുള്ള അറിവും ആരോഗ്യസംരക്ഷണത്തെപ്പറ്റിയുള്ള ബോധവും വേണം.

നമ്മുടെ നാട്ടിൽ മാമരങ്ങളും മലകളും ശുദ്ധവായുവും ശുദ്ധജലവും പരിശുദ്ധമായ പരിസ്ഥിതിയും നല്ല സൂര്യപ്രകാശവും ധാരാളമായുണ്ട്. ജനങ്ങളുടെ ആയുസും ആരോഗ്യവും നിലനിർത്തുന്നതിനുള്ള എല്ലാ അനുകൂലസാഹചര്യങ്ങളും നമ്മുടെ പ്രകൃതിയിൽ ഉണ്ട്.

## പ്രശ്നങ്ങൾ

എന്നാൽ ജനങ്ങളുടെ അറിവില്ലായ്മയും അശ്രദ്ധയുംമൂലം നമ്മുടെ ജലസമ്പത്ത് മലിനമാവുകയും ചുറ്റുപാടുകൾ വൃത്തിഹീനമാവുകയും ചെയ്യുന്നതിനാൽ പനി, വയറിളക്കം, മഞ്ഞപ്പിത്തം, ടൈഫോയ്ഡ്, ന്യൂമോണിയ തുടങ്ങിയ വളരെയേറെ രോഗങ്ങൾക്കു കാരണമാവുന്നു. ഇതിനെതിരെ ജനങ്ങളെ ജാഗ്രതയുള്ളവരും ബോധവാൻമാരും ആക്കണം.

## സാദ്ധ്യതകൾ

തുറസ്സായ സ്ഥലത്ത് മലമൂത്രവിസ്സർജ്ജനം നടത്താതെ എല്ലാ വീടുകളിലും കക്കൂസുകൾ നിർബന്ധമായും ഉണ്ടാക്കുകയും ഉപയോഗിക്കുകയും വേണം. ഈ ഗ്രാമപഞ്ചായത്തിൽ ഏകദേശം 5700 വീടകളുള്ളതിൽ മൂവായിരത്തോളം ഭവനങ്ങൾ ദാരിദ്രരേഖക്ക് താഴയോ, അതിനടുത്തോ ഉള്ളവരാണ്. ഈ പഞ്ചായത്തിൽ (2000) രണ്ടായിരത്തിലധികം വീടുക്കളിൽനിന്നും ഫീസ് ഈടാക്കി സർവ്വീസ് നടത്താവുന്നതാണ്. ഇതിന്റെ ചുമതല വനിതാസംഘടനകൾക്കു കൊടുക്കാം.

**കക്കൂസുകൾ സംബന്ധിക്കുന്ന വിവരം**

**(CRSP & TSP)**

| വാർഡ് | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992-നു ശേഷം) | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| I | 189 | 1 | 1 | 188 |
| II | 238 | 11 | 9 | 227 |
| III | 315 | 7 | 5 | 308 |
| IV | 278 | 3 | - | 275 |
| V | 133 | 3 | - | 130 |
| VI | 165 | 19 | 19 | 146 |
| VII | 367 | 50 | 50 | 317 |
| VIII | 266 | 26 | 26 | 240 |
| IX | 198 | 33 | 33 | 165 |
| X | 171 | 28 | 28 | 143 |
| ആകെ | 2320 | 181 | 171 | 2139 |

വീടും പരിസരവും ശുചിയായി സൂക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യം എല്ലാ ജനങ്ങളെയും ബോധ്യപ്പെടുത്തണം. ചപ്പുചവറുകളും കുപ്പകളും അലസമായി ഇടാതെ അതിനായി പ്രത്യേകം കുഴികൾ (കുപ്പത്തൊട്ടികൾ) നിർമ്മിച്ച് കമ്പോസ്റ്റ്കുഴികളിൽ ഇട്ട് ഗുണമേന്മയുള്ള കമ്പോസ്റ്റു ജൈവവളമായി രൂപാന്തരപ്പെടുന്നു. ഇതിനു 3 ലക്ഷം രൂപ ചിലവു പ്രതീക്ഷിക്കുന്നു.

## പ്രശ്നങ്ങൾ

നമ്മുടെ നാടിന്റെ ആരോഗ്യവും സമ്പത്തും നശിപ്പിക്കുന്ന മഹാവിപത്താണ് മദ്യാസക്തി. ലഹരി സാധാരണജനങ്ങളുടെ ജീവിതത്തെ തകിടം മറിക്കുന്നു. മദ്യപാനം മൂലം നമ്മുടെ നാട്ടിലെ അനേകായിരം ജനങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരും മുകളിലുള്ളവരും ഒരുപോലെ നശിക്കുന്നു. അവരുടെ വീടുകളിൽ പട്ടിണിയും രോഗങ്ങളും അസ്വസ്ഥതകളും വ്യാപകമാവുന്നു. മദ്യവ്യവസായം ഈ നാട്ടിലെ പ്രധാനവ്യവസായമായിത്തീരുമ്പോൾ, അതിന്റെ കുത്തകക്കാരായ ഒന്നോ രണ്ടോ വ്യക്തികൾ സമ്പന്നരാകുമ്പോൾ, അനേകായിരങ്ങൾ സാമ്പത്തികമായും മാനസികമായും നശിക്കുന്നു. കഷ്ടത്തിലാകുന്നു. ദാരിദ്ര്യവും രോഗവും മൂലം വലയുന്നു. അതിനാൽ ഈ പഞ്ചായത്തിലെ മദ്യവ്യാപാരവ്യവസായം പരിപൂർണ്ണമായി നിർത്തലാക്കുകയും സാധാരണജനങ്ങളെ ബോധവൽക്കരണം വഴി മദ്യാസക്തിയിൽനിന്നും പിൻതിരിപ്പിക്കുകയും വേണം. പുകവലി, മുറുക്ക് എന്നിവയും രോഗഹേതുക്കളാണ്. ഈ പരിപാടിക്ക് 10 ലക്ഷം രൂപാ വേണ്ടിവരും ശുദ്ധജലക്ഷാമവും ജലമലിനീകരണവുമാണ് ഈ പഞ്ചായത്തിലെ പല പ്രധാനരോഗങ്ങൾക്കും കാരണമായിട്ടുള്ളത്.

നല്ല നീരുറവകളും തോടുകളും ഉള്ള വെള്ളിയാമറ്റം പഞ്ചായത്തുനിവാസികൾക്ക് വേനൽക്കാലത്ത് ജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു. ജനങ്ങളുടെ അശ്രദ്ധയും അലംഭാവവും മൂലം ഉള്ള ജലം കൂടി ദുരുപയോഗപ്പെടുന്നു.

## സാദ്ധ്യതകൾ

ജലക്ഷാമം അടിയന്തിരമായി പരിഹരിക്കണം. എല്ലാ ഉറവക്കിണറുകളും വൃത്തിയാക്കുകയും ജലം മലിനമാകാതെയും നഷ്ടപ്പെടാതെയും സൂക്ഷിക്കണം. പല ഭാഗത്തുമുള്ള നീരുറവകൾ സംരക്ഷിച്ച് വെള്ളം കുറഞ്ഞ ചിലവിൽ വിതരണം ചെയ്യാനാകണം.

ഈ പഞ്ചായത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി 64 ലക്ഷം രൂപാ ചിലവിൽ ലോകബാങ്കിന്റെ സഹായത്തോടെ ഒരു ശുദ്ധജലവിതരണപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇതു മൂലം 25% ജനങ്ങൾക്ക് ഇപ്പോൾ കുടിനീർ ലഭിക്കുന്നുണ്ട്. 20 % ജനങ്ങൾ കിണറുകളെയും നീറുറവകളെയും ആശ്രയിച്ച് ജലക്ഷാമം പരിഹരിക്കുന്നു. നിലവിലുള്ള പദ്ധതിയുടെ രണ്ടാംഘട്ട വികസനമായി 12 ലക്ഷം രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി നെല്ലിക്കാമലയിൽ കൂടുതൽ സംഭരണശേഷിയുള്ള ടാങ്കു കെട്ടി 20% ജനങ്ങൾ കൂടി പ്രയോജനം ലഭിക്കത്തക്കവിധം പ്ലാനിട്ടിരുന്നെങ്കിലും നടപ്പായില്ല. ടി നെല്ലിക്കാമല ടാങ്കിൽ നിന്നുമുള്ള ജലം പമ്പു ചെയ്തു പറമ്പുകാട്ടുമല പതിക്കമല ഭാഗങ്ങളിൽ ടാങ്കുകൾ കെട്ടി ആ പ്രദേശത്ത് ജലക്ഷാമം പരിഹരിക്കാവുന്നതാണ്. കൂടാതെ പതിക്കമല പച്ചില തൊട്ടി ഭാഗത്തുള്ള നീറുറവകളും ജലസംഭരണികളാക്കി കുറഞ്ഞ ചെലവിൽ ജലവിതരണം സാദ്ധ്യമാക്കാം. വെട്ടിമറ്റം, വെള്ളിയാമറ്റം എന്നിവിടങ്ങളിലുള്ള കുഴൽ കിണറുകൾ പ്രവർത്തനക്ഷമമാക്കിയും ജലസാദ്ധ്യതയുള്ള പ്രദേശങ്ങൾ കണ്ടുപിടിച്ച് കൂടുതൽ കുഴൽ കിണറുകൾ സ്ഥാപിച്ചും ജലവിതരണം സുഗമമാക്കാം.

ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് തേന്മാരി ഭാഗത്ത് വടക്കാനാറിൽ നിന്നും വെള്ളം പമ്പു ചെയ്ത് ഒന്നാരമലയിൽ സംഭരിച്ചുകൊണ്ട് - പറമ്പുകാട്ട് മലയിലും പതിക്കാമലയും - വെള്ളം എത്തിക്കാവുന്നതാണ്.

ഈ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യപരിപാലനത്തി ആവശ്യം വേണ്ട ഘടകമാണ് വാസയോഗ്യമായ നല്ല പാർപ്പിടവും പോഷകാഹാരവും. സർക്കാരിൻെറയും സന്നദ്ധ സംഘടനകളുടെയും സഹായ സഹകരണങ്ങളോടും ജനങ്ങളുടെ കൂട്ടായ പങ്കാളിത്തത്തോടും കൂടി വിവിധ ഭവന നിർമ്മാണ ധനസഹായ പദ്ധതികൾ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തി പാർപ്പിട പ്രശ്നം പരിഹരിക്കാൻ സാധിക്കും. ഇതിനായി 80 ലക്ഷം രൂപ ആവശ്യമാണ്.

ഈ പഞ്ചായത്തിലെ ആവശ്യത്തിനുള്ള പച്ചക്കറികൾ ഓരോ വീട്ടുവളപ്പിലും കൃഷി ചെയ്തു സ്വയം പര്യാപ്തമാകണം. പതിക്കാമല ഭാഗത്ത് വ്യാപകമായിട്ടുള്ള പച്ചക്കറി കൃഷികൾ പഞ്ചായത്തിൻെറ മറ്റുഭാഗങ്ങളിലും വ്യാപകമാക്കണം. പോഷക പ്രധാനങ്ങളായ പാൽ, മുദ്ര, മത്സ്യം, മാംസം എന്നിവ എല്ലാവീടുകളിലും ലഭ്യമാക്കത്തക്ക വിധം ആവശ്യമായ കോഴി, ആട്, മാട്, മുയൽ (അവയെ) വളർത്തണം - അറവുശാലകളിലെയും കടകളിലെയും മത്സ്യമാംസാദികൾ ഗുണപരിശോധനക്ക് വിധേയമാക്കാൻ സംവിധാനമുണ്ടാകണം. സഹകരണാടിസ്ഥാനത്തിൽ ഡയറി ഫാമുകളും പൗൾട്രി ഫാമുകളും മത്സ്യ വളർത്തൽ കുളങ്ങളും സ്ഥാപിച്ച് ഉത്പാദനം വർദ്ധിപ്പിക്കണം. ഇവിടെ ധാരാളമായി കൃഷി ചെയ്യുന്ന പൈനാപ്പിൾ, കൊക്കോ, നാളികേരം എന്നിവ ഉപയോഗിച്ച് പോഷകപ്രധാനമായ ആഹാരപദാർത്ഥങ്ങൾ പ്രാദേശികമായി നിർമ്മിച്ച് വിപണനം നടത്തുവാൻ സംവിധാനങ്ങൾ ഏർപ്പെടുത്തണം.

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആരോഗ്യകേന്ദ്രങ്ങളിൽ വച്ചും ജനസാന്ദ്രതയുള്ള കേന്ദ്രങ്ങളിൽ വച്ചും രോഗനിർണ്ണയ ക്യാംപുകളും ബോധവൽക്കരണ സെമിനാറുകളും സൗകര്യപ്രദമായ സമയങ്ങളിൽ ജനപങ്കാളിത്തത്തോടു കൂടി നടത്തുകയും പരമാവധി ജനങ്ങളെ പങ്കെടുപ്പിക്കുകയും ചെയ്യണം. ഈ ആവശ്യത്തിനായി 60 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്നു. ബോധവൽക്കരണ പരിപാടികൾക്ക് 6 ലക്ഷം രൂപ ചെലവ് കരുതുന്നു. വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്തിലെ ആരോഗ്യ പരിപാലന കേന്ദ്രങ്ങളും അവയ്ക്ക് ആവശ്യമുള്ള പരിഷ്കാര പ്രവർത്തനങ്ങളും

## 1. വാർഡ് 1

യാതൊരുവിധ ചികിത്സാ സൗകര്യങ്ങളും ഈ വാർഡിലില്ല. ആശുപത്രി നിർമ്മാണത്തിനായി പഞ്ചായത്തു വകയായി 30 സെൻറു സ്ഥലം ഇവിടെയുണ്ട്. അതിൽ ഒരു ചികിത്സാ സ്ഥാപനം നിർമ്മിക്കണം. പാരമ്പര്യചികിത്സാ കേന്ദ്രം തുടങ്ങണം. ഈ വാർഡിൽ ജലക്ഷാമവും രൂക്ഷമാണ്. പരിഹരിക്കണം. ഇതിനായി 10 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്നു.

## 2. വാർഡ് 2

ഈ വാർഡിലും ചികിത്സാ സൗകര്യങ്ങൾ നിലവിലില്ല. സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി സ്വന്തമായി ഒരു പ്രകൃതി ചികിത്സാ കേന്ദ്രം സ്ഥാപിച്ച് പ്രവർത്തനം തുടങ്ങണം. ജലക്ഷാമവും പരിഹരിക്കണം. ഇവിടെ ഒരു പ്രകൃതി ചികിത്സാ കേന്ദ്രം സ്ഥാപിച്ചച് പ്രവർത്തിക്കണം.

## 3. വാർഡ് 3

സ്വന്തമായി ഒരേക്കർ സ്ഥലവും നല്ല കെട്ടിടങ്ങളും പുറം മതിലുകളും

ക്വാർട്ടേഴ്സുകളും ഗതാഗത സൗകര്യങ്ങളും ഉള്ള ഇളംദേശം പ്രാഥമികാരോഗ്യ കേന്ദ്രം വെള്ളിയാമറ്റം പഞ്ചായത്തിൻെറ ഹൃദയ ഭാഗത്തു സ്ഥിതി ചെയ്യുന്നു. P.H.C. ELAMDESOM. ഇന്നുള്ള കുറവുകളും പരാധീനതകളും പരിഹരിച്ച് ഈ സ്ഥാപനത്തെ ഈ പഞ്ചായത്തിൻെറ ആരോഗ്യ സംരക്ഷണ കേന്ദ്രമാക്കി മാറ്റാം.

## സ്റ്റാഫിൻെറ വിവരം

1. ഡോക്ടർ ഡോൺ ബോസ്കോ, P.S.C. നിയമനം കഴിഞ്ഞ് മൂന്നു മാസത്തിലേറെയായി ക്വാർട്ടേഴ്സിൽ താമസിച്ച് സേവനം ചെയ്യുന്നു.

| | | |
|---|---|---|
| 2. നേഴ്സുമാർ | - | 2 |
| 3. ഫാർമസിസ്റ്റ് | - | 1 |
| 4. ലാബറട്ടറി ടെക്നീഷ്യൻ | - | 1 |
| 5. ക്ലാർക്ക് | - | 1 |
| 6. ഡ്രൈവർ | - | 1 |
| 7. നേഴ്സിംഗ് അസിസ്റ്റൻറ് | - | 2 |
| 8. ഹോസ്പിറ്റൽ അറ്റൻഡേഴ്സ് Grade 2 | - | 2 |
| 9. ഒ്o പാർട്ട് ടൈം | - | 1 |
| 10. ഹെൽത്ത് ഇൻസ്പെക്ടർ | - | 1 |
| 11. L.H. ,, | - | 1 |
| 12. J.H.S. ,, | - | 2 |
| 13. J.P.H.N. | - | 4 |

## P.H.C. ELAMDESOM:

എല്ലാ തസ്തികകളിലും ജീവനക്കാരുണ്ട്. എല്ലാവരും ഹാജരും ഉണ്ട്.

പ്രവർത്തന സമയം 8. A.M to 1. P.M

ഡോക്ടർ ഉള്ളപ്പോൾ പ്രതിദിനം 70 - 75 രോഗികൾ ചികിത്സക്കായി വരുന്നു. പ്രതിവർഷം 30000 രോഗികൾ സൗജന്യമായി ചികിത്സിക്കുന്നു. അലോപ്പതി ചികിത്സയാണ്. ആവശ്യമുള്ള മരുന്നുകൾ തൊടുപുഴയിലുള്ള ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിന്നും ലഭിക്കുന്നു.

ഡോക്ടർ 1., സ്റ്റാഫ് നേഴ്സ്, J.P.H.N. എന്നിവർക്ക് താമസിക്കാനായി നല്ല മൂന്ന് ക്വാർട്ടേഴ്സുകൾ നിർമ്മിച്ചിട്ടുണ്ട്. ഡോക്ടർ മാത്രം താമസിക്കുന്നു. ബാക്കിയുള്ള ക്വാർട്ടേഴ്സുകൾ ഉപയോഗിക്കുന്നില്ല. മിറ്റവും പരിസരവും കാടു കയറി കിടക്കുന്നു. ക്വാർട്ടേഴ്സുകളും ആശുപത്രിയും കോമ്പൗണ്ടും നല്ല പുറ മതിലുകൾ കെട്ടിയും ഗേറ്റുകൾ വച്ചും സുരക്ഷിതമായിരിക്കുന്നു. കെട്ടിടങ്ങളും ഗേറ്റുകളും കൊളാപ്സിബിൾ ഗേറ്റുകളും ചെത്തി തെളിക്കാതെയും പെയിൻറടിക്കാതെയും വൃത്തികേടായിക്കിടക്കുന്നു. ഡോക്ടർ താമസിക്കുന്ന ക്വാർട്ടേഴ്സ് ചിമ്മിനിഭാഗവും വാട്ടർ പൈപ്പുകളും ലീക്കു ചെയ്യുന്നുണ്ട്. പുറംവാതിലുകൾ നനഞ്ഞ് പലകകൾ ജീർണ്ണിച്ചിരിക്കുന്നു.

14 കട്ടിലുകളും ബഡുകളും ഉള്ള വാർഡുണ്ട്. എന്നാൽ രോഗികളെ കിടത്തി ചികിത്സിക്കുന്നില്ല. വാർഡിൻെറ മേൽക്കൂര നനഞ്ഞൊലിക്കുന്നു. ഓപ്പറേഷൻ തീയേറ്ററും പ്രസവ വാർഡും ഉണ്ട്. ഒന്നും ഉപയോഗിക്കുന്നില്ല. എല്ലാ വൃത്തി കേടായിക്കിടക്കുന്നു. കക്കൂസുകൾ കുളിമുറികൾ ഇവ ആവശ്യത്തിനുണ്ട്. പക്ഷെ ഒന്നും ഉപയോഗയോഗ്യമല്ല.

ഈ ആശുപത്രിയിൽ ഒരു ലാബോറട്ടറി ഉണ്ട്. പക്ഷെ വേണ്ട രീതിയിൽ പ്രവർത്തിക്കുന്നില്ല. Counting Chamber, H.B., ഗ്രൂപ്പ് നിർണ്ണയ സൗകര്യം എന്നിവയും Hot Air Ovan, Oxygen cylender എന്നിവയും ഉടനെ ആവശ്യമുണ്ട്.

ഈ സ്ഥാപനത്തിന് ഒരു Std-20 വാൻ ഉണ്ട്. വാഹനം സൂക്ഷിക്കുന്നതിനുള്ള ഷെഡ്ഡും ഉണ്ട്. ഈ പഞ്ചായത്തിലെ L.P., U.P., H.S. വിദ്യാലയങ്ങളിൽ രോഗപരിശോധന നടത്തുന്നതിന് പ്രതിരോധ കുത്തിവയ്പ്പുകൾ നടത്തുന്നതിനും F.W.C. കളിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും സാംക്രമിക രോഗങ്ങൾ ഉള്ള പ്രദേശങ്ങളിൽ ബോധവൽക്കരണവും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും ഈ വാഹനം Std-20 വാൻ പ്രയോജനപ്പെടുത്തുന്നു. ഇവിടെ വരുന്ന ആളുകളുടെ രോഗങ്ങൾ പനി, വയറിളക്കം, ഛർദ്ദി, മഞ്ഞപ്പിത്തം, ശരീര വേദന, ത്വക് രോഗങ്ങൾ, ന്യൂമോണിയ, ടൈഫോയിഡ് എന്നിവയാണ്. പട്ടി, പാമ്പ്, മറ്റു കീടങ്ങൾ കടിക്കുന്നതു മൂലമുള്ള രോഗങ്ങളും ക്യാൻസർ, പ്രമേഹം, ഹൃദ്രോഗം എന്നിവയും ഉണ്ട്. ആസ്മ രോഗികളും ചികിത്സക്കു വരുന്നുണ്ട്.

ഈ ആശുപത്രി കോമ്പൗണ്ടിലുള്ള സ്ഥലം വാഴക്കൃഷിക്കായി 98 മാർച്ച് വരെ ലേലം ചെയ്ത് പാട്ടത്തിനു കൊടുക്കുന്നു. ടി സ്ഥലത്തുള്ള രണ്ടു തെങ്ങുകളും ലേലം ചെയ്തു കൊടുക്കുകയും ലേലത്തുക സർക്കാർ ഖജനാവിൽ അടക്കുകയും ചെയ്യുന്നു.

ഫാമിലി പ്ലാനിംഗിനുള്ള ഉപാധികൾ ഗുളികകൾ, I.U.D. തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും സേവനങ്ങളും ഇവിടെ ലഭ്യമാണ്.

ഇളംദേശം ആശുപത്രിയുടെ സബ് സെൻററുകളായി പ്രവർത്തിക്കുന്ന ആറ് ഫാമിലി വെൽഫെയർ സെൻററുകളും ഉണ്ട്. പന്നിമറ്റം, പൂച്ചപ്ര, കൂവക്കണ്ടം, കലയന്താനി, ചിലവ്, ഓലിക്കാമറ്റം എന്നിവയാണ്. ഇതിൽ ചിലവ് കരിമണ്ണൂർ പഞ്ചായത്തിലും ഓലിക്കാമറ്റം ഉടുമ്പന്നൂർ പഞ്ചായത്തിലും സ്ഥിതി ചെയ്യുന്നു. ഇവ രണ്ടും മേൽപ്പറഞ്ഞ പഞ്ചായത്തുകളിലേക്ക് വിട്ടുകയും അതേ സമയം പൂച്ചപ്ര, പൂമാല, പന്നിമറ്റം എന്നീ സെൻററുകളിലെ സ്റ്റാഫിനു ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഇപ്പോൾ മുട്ടത്തു നിന്നും കൊടുക്കുന്ന ഏർപ്പാട് മാറ്റി ഇളംദേശം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും കിട്ടാനുള്ള സംവിധാനവും നടപ്പിലാക്കണം.

## അത്യാവശ്യമായി ചെയ്യേണ്ട നടപടികളും പദ്ധതികളും

1. 24 മണിക്കൂറും പ്രവർത്തന സജ്ജമായ അത്യാഹിത വിഭാഗം പ്രാവർത്തികമാക്കണം.

2. ആശുപത്രിയിൽ ടെലിഫോൺ സൗകര്യവും ലെറ്റർ ബോക്സും സ്ഥാപിക്കണം.

3. വാട്ടർ കണക്ഷൻ ടാപ്പുകൾ ആശുപത്രി കോമ്പൗണ്ടിൽ സ്ഥാപിക്കണം.

4. വാർഡുകളും കക്കൂസുകളും ആശുപത്രി കെട്ടിടങ്ങളും ക്വാർട്ടേഴ്സുകളും അറ്റകുറ്റപണികൾ തീർത്ത് പെയിൻറടിച്ച് പ്രവർത്തന യോഗ്യമാക്കണം.

5. പ്രസവ വാർഡ് പോരായ്മകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കണം. ലേഡി ഡോക്ടറെ സ്ഥിരമായി നിയമിക്കണം.

6. ഒരു X-Ray യൂണിറ്റും E.C.G. വിഭാഗവും തുടങ്ങണം.

7. ഓപ്പറേഷൻ തിയേറ്റർ കുറവുകൾ പരിഹരിച്ച് പ്രവർത്തന ക്ഷമതയുള്ളതാക്കണം.

8. ലാബോറട്ടറി ആവശ്യങ്ങൾ പൂർത്തിയാക്കി പ്രവർത്തിച്ച് തുടങ്ങണം.

9. മനോരോഗ വിദഗ്ധൻ, നേത്രരോഗ വിദഗ്ധൻ, ദന്തരോഗ വിദഗ്ധൻ എന്നിവരുടെ സേവനങ്ങൾ പാർട്ട് ടൈം ആയി ലഭ്യമാക്കണം.

10. മൃതദേഹങ്ങൾ പോസ്റ്റുമോർട്ടം ചെയ്യാനുള്ള സൗകര്യവും മോർച്ചറിയും ഉണ്ടാക്കണം.

11. Std-20 വാൻ ഉള്ളതിനു പകരം ഒരു ആംബുലൻസ് ഉണ്ടാവണം.

12. ആശുപത്രി കോമ്പൗണ്ട് നല്ല ഒരു ഉദ്യാനമാക്കണം. ആശുപത്രി വികസന കമ്മിറ്റി ഉഷാറാക്കണം.

13. രോഗനിർണ്ണയ ക്യാംപുകളും ബോധവൽക്കരണ സെമിനാറുകളും സന്നദ്ധ സംഘടനകളുടെയും ബഹുജനങ്ങളുടെയും പങ്കാളിത്തത്തോടെ ഓരോ വർഷവും രണ്ടു പ്രാവശ്യമെങ്കിലും നടത്തണം.

14. ആശുപത്രിയിലേക്കുള്ള റോഡ് ടാർ ചെയ്യണം.

15. ആശുപത്രിക്ക് ഒരു കാൻറീൻ ഉണ്ടായിരിക്കണം.

## 4. വാർഡ് IV

ഈ വാർഡിൽ ചികിത്സാ സൗകര്യങ്ങൾ ഇല്ല. V-ാം വാർഡിൽ പ്രവർത്തിക്കുന്ന സർക്കാർ ഹോമിയോ ഡിസ്പെൻസറിയുടെ സേവനവും പ്രയോജനവും ഈ വാർഡിലെ ജനങ്ങൾക്ക് ഉപകരിക്കും. വെള്ളിയാമറ്റം പഞ്ചായത്തിലെ യോഗാ പരിശീലന കേന്ദ്രം ഈ വാർഡിൽ തുടങ്ങാവുന്നതാണ്. 3 ലക്ഷം രൂപ

## 5. വാർഡ് V

വെള്ളിയാമറ്റം പഞ്ചായത്തിലെ സർക്കാർ ഹോമിയോ ഡിസ്പെൻസറി ഈ വാർഡിൽ പ്രവർത്തിക്കുന്നു. സ്വന്തമായി കെട്ടിടം ഇല്ല. ഇതിനായി സർക്കാർ അക്വയർ ചെയ്തിട്ടിരിക്കുന്ന സ്ഥലത്ത് ആധുനിക സൗകര്യങ്ങളോടു കൂടിയ ഹോമിയോ ഡിസ്പെൻസറിയും ക്വാർട്ടേഴ്സുകളും നിർമ്മിക്കണം. ധാരാളം രോഗികൾക്ക് പ്രയോജനമുള്ള ഈ ആശുപത്രിയിൽ ആവശ്യമായ മരുന്നുകളും സ്റ്റാഫും സ്ഥിരമായി ഉണ്ടാവണം.

## 6. വാർഡ് VI

ഇവിടെ നല്ല നിലയിൽ പ്രവർത്തിക്കുന്ന രണ്ട് പ്രൈവറ്റ് അലോപ്പതി ആശുപത്രികളും രണ്ട് ആയുർവേദ വൈദ്യശാലകളും ഉണ്ട്. ഈ പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലെ ഇല്ലായ്മകൾ മൂലമുള്ള രോഗികളുടെ കഷ്ടപ്പാടുകൾ ഒരു പരിധി വരെ പരിഹരിക്കുന്നത് ഈ പ്രൈവറ്റ് ആശുപത്രികളാണ്.

കൂടാതെ 1962-ൽ പണി തീർത്ത പന്നിമറ്റം ഫാമിലി വെൽഫെയർ സെൻറർ ഇവിടെ പ്രവർത്തിക്കുന്നു. ഈ കെട്ടിടം കാലപ്പഴക്കം കൊണ്ടും ചോർന്നൊലിക്കുന്നതു കൊണ്ടും വാസയോഗ്യമല്ല. കതകുകളും ഇല്ല. ഓടുകൾ ഇല്ല. ഇത് ഉടനെ പുനരുദ്ധരിക്കണം. പുറം മതിലുകളുള്ള ഈ കെട്ടിടം പ്രവർത്തനക്ഷമമാക്കണം. 3 ലക്ഷം രൂപ വേണം.

## 7. വാർഡ് VII

1975-ൽ Tribal Department അധീനതയിൽ സ്ഥാപിച്ച ഒരു ഡിസ്പെൻസറിയുമുണ്ട്. ഒരു ചെറിയ കെട്ടിടം മാത്രമേയുള്ളൂ. 1980-ൽ ഇവിടെ I.T.I. സ്ഥാപിക്കുന്നതിനും ആശുപത്രി വികസിപ്പിക്കുന്നതിനുമായി

## Tribal Hospital Poomala

ആരോഗ്യ വകുപ്പ് കെട്ടിടം പണിയുന്നതിനായി തറ മാത്രം പണിത് വികസനം നിർത്തിവച്ചിരിക്കുകയാണ്. ഇതിൻെറ ഭരണച്ചുമതല ആരോഗ്യ വകുപ്പിനെ ഏൽപ്പിക്കണം. ഇവിടെ ആശുപത്രി പ്രവർത്തിക്കുന്ന പക്ഷം പ്രതിവർഷം 60000 രോഗികൾക്ക് പ്രയോജനം ലഭിക്കും. ഇവിടെ ഒരു ഡോക്ടർ, മറ്റു സ്റ്റാഫുകൾ ഉൾപ്പെടെ 7 പേരാണുള്ളത്. ഡോക്ടറോ, സ്റ്റാഫുകളോ മരുന്നുകളോ ഇവിടെ എത്താറില്ല. അതുകൊണ്ട് രോഗികളും ഇല്ല. ഉള്ള കെട്ടിടം തന്നെ ജീർണ്ണിച്ച് നനഞ്ഞൊലിക്കുന്നു. ഈ സ്ഥാപനത്തിന് സ്വന്തമായി 3 ഏക്കർ സ്ഥലമുണ്ട്. ഈ സ്ഥലത്ത് ആധുനിക സൗകര്യങ്ങളുള്ള ആശുപത്രി കെട്ടിടങ്ങളും ക്വാർട്ടേഴ്സുകളും നിർമ്മിക്കുകയും ആവശ്യത്തിനു മരുന്നുകളും സ്റ്റാഫും ഉണ്ടാവുകയും ചികിത്സ നല്ല നിലയിൽ തുടങ്ങുകയും ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാവണം. തൻമൂലം ഈ ട്രൈബൽ ഏരിയായിലെ ജനങ്ങളുടെ ആരോഗ്യ പരിപാലനം തൃപ്തികരമായി നടത്താവുന്നതാണ്. ഇതിനായി 30 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

ഇവിടെ പൂമാല F.W.C. ഉപ പ്രാഥമിക ആരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്നു. സ്വന്തമായി കെട്ടിടവും സൗകര്യങ്ങളും ഇവിടെ ഉണ്ട്. വെള്ളം ആവശ്യത്തിനില്ല.

കുത്തിവയ്പ്പ് നടത്തുന്നതിനോ രോഗികളെ പരിശോധിക്കുന്നതിനോ സൗകര്യങ്ങളൊന്നുമില്ല. 6 ബാലവാടികളിലും ഭവനങ്ങളിലും വിസിറ്റു നടത്തുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ഗർഭിണികൾക്ക് വിറ്റാമിൻ ഗുളികകൾ കൊടുക്കുകയും ചെയ്യും.

## 8. വാർഡ് VIII പൂച്ചപ്ര

ഇവിടെ പ്രാഥമികാരോഗ്യ കേന്ദ്രം സ്വന്തം സ്ഥലത്ത് സ്വന്തം കെട്ടിടം നിർമ്മിച്ച് സർക്കാർ നടത്തുന്നുണ്ട്. അലോപ്പതി ചികിത്സയാണ്. ഡോക്ടർ ഉൾപ്പെടെ എട്ടു സ്റ്റാഫാണ് നിയോഗിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഡോക്ടർ ഒരിക്കലും സേവനം ചെയ്യുന്നില്ല. തൻമൂലം രോഗികൾ ഇല്ലാത്തതിനാൽ സ്റ്റാഫും കുറഞ്ഞ ജോലികൾ മാത്രം ചെയ്യും. ഈ സ്ഥാപനത്തിൻെറ പ്രയോജനം ഗുണഭോക്താക്കൾക്കു ലഭിക്കുന്നില്ല. ഇളംദേശം P.H.C. യിലെ ഡോക്ടർക്ക് ചുമതലയുണ്ട്.

## സ്റ്റാഫ് വിവരം

| | | |
|---|---|---|
| 1. സ്റ്റാഫ് നേഴ്സ് | - | 1 |
| 2. ഫാർമസിസ്റ്റ് | - | 1 (പു) |
| 3. നേഴ്സിംഗ് അസിസ്റ്റൻറ് | - | 1 (പു) |
| 4. H.A. grade 2 | - | 1 (സ്ത്രീ) |
| 5. ക്ലാർക്ക് | - | 1 (പു) |
| 6. സ്വീപ്പർ | - | 1 (സ്ത്രീ) |

സ്ഥിരമായി ഡോക്ടറും ചികിത്സയും ഉണ്ടാവുന്ന പക്ഷം ഇവിടെ പ്രതിവർഷം 50000 പേർക്ക് പ്രയോജനം ലഭിക്കുന്നതാണ്. ക്വാർട്ടേഴ്സ് ഉണ്ടാക്കുകയും പുറംമതിലുകൾ കെട്ടുകയും പൂർണ്ണമായ വാട്ടർ കണക്ഷൻ വൈദ്യുതി കണക്ഷൻ, ടെലിഫോൺ കണക്ഷൻ, തപാൽ പെട്ടി എന്നിവയും ഉണ്ടാക്കുകയും വേണം. ആശുപത്രി വികസന കമ്മിറ്റിയും പഞ്ചായത്ത് കമ്മിറ്റിയും ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ഇവിടെ ഒരു Family welfare Centre പ്രവർത്തിക്കുന്നുണ്ട്. 16 വർഷമായ ഈ കെട്ടിടം റിപ്പയറിംഗും വേണ്ടതാണ്. പൊട്ടിപ്പോയ പൈപ്പുകൾ മാറ്റി ജലവിതരണം സുഗമമാക്കണം. 10 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്നു.

## 9. വാർഡ് IX

വെള്ളിയാമറ്റം പഞ്ചായത്തിലെ ഏക സർക്കാർ ആയുർവേദ ആശുപത്രി ഇവിടെ സ്ഥിതി ചെയ്യുന്നു. സ്വന്തമായി കെട്ടിടം ഉണ്ട്. ഡോക്ടർക്കും സ്റ്റാഫിനും ക്വാർട്ടേഴ്സ് ഇല്ല. അതുകൊണ്ട് സ്ഥിരമായി ചികിത്സ ഇല്ല, ഡോക്ടറില്ല, സ്റ്റാഫില്ല, രോഗികളുമില്ല. ആയുർവേദ വിധി പ്രകാരം നടത്താവുന്ന തിരുമ്മ്, കിഴി, വസ്തി, മർമ്മാണി ചികിത്സകൾ, വാത ചികിത്സകൾ, എണ്ണ, കുഴമ്പ്, അരിഷ്ടം, ആസവങ്ങൾ, ചൂർണ്ണങ്ങൾ എന്നിവയും രോഗികളെ പരിശോധിക്കുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഉടനെ പൂർത്തിയാക്കണം.

ട്രൈബൽ ഏരിയായിൽ സ്ഥിതി ചെയ്യുന്ന ഈ ആയുർവേദ ആശുപത്രിയോടു ചേർന്ന് ഒരു ഔഷധ ചെടി തോട്ടം നിർമ്മിക്കണം. വനപ്രദേശത്തുനിന്നും പ്രകൃതിദത്തമായി കിട്ടുന്ന ആയുർവേദ പച്ചമരുന്നുകൾ ശേഖരിച്ച് സംഭരിക്കുന്ന ഒരു ഡിപ്പോ തുടങ്ങണം. ഏറ്റവും കുറഞ്ഞ വിലക്ക് ആയുർവേദ ഔഷധ നിർമ്മാണത്തിനാവശ്യമായ അമൂല്യങ്ങളായ ഇലകളും തൊലിയും വേരുകളും പൂക്കളും കായ്കളുമായ മരുന്നുകൾ ശേഖരിക്കാൻ കഴിയും. ഭാവിയിൽ ആയുർവേദ മരുന്നുകൾ ഉണ്ടാക്കുന്നു ഔഷധിയുടെ ഒരു ഫാക്ടറി തന്നെ ഇവിടെ സ്ഥാപിക്കാം. ഇതിന് 10 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

## 10. വാർഡ് X

ഇവിടെ ആരോഗ്യ കേന്ദ്രങ്ങളോ ചികിത്സാ സൗകര്യങ്ങളോ തീരെയില്ല. ആരോഗ്യ സംരക്ഷണത്തിനായി പോഷകാഹാരങ്ങൾ നിർമ്മിക്കുന്ന ഒരു വ്യവസായം ഇവിടെ തുടങ്ങുന്നത് ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് വളരെയധികം പ്രയോജനകരമാണ്. ഇതിനു 10 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്നു.

## ഉപസംഹാരം:

വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്തിൽ 30,000 -ത്തിലേറെ ജനങ്ങളുണ്ട്. 5700-ൽപരം വീടുകളുണ്ട്. അതിൽ 3000-ൽ പരം ദാരിദ്ര്യ രേഖയ്ക്കു താഴെയോ അതിനടുത്തോ ഉള്ളവയാണ്. ദരിദ്രരും SC-ST വിഭാഗത്തിൽപ്പെട്ട ധാരാളമാളുകൾ ഈ പഞ്ചായത്തിലുണ്ട്. ഈ പഞ്ചായത്തിൽ ഇളംദേശം P.H.C., പൂമാല ട്രൈബൽ P.H.C., പൂച്ചപ്ര P.H.C., കൂവക്കണ്ടം F.W.C, പൂച്ചപ്ര F.W.C., പന്നിമറ്റം F.W.C., കലയന്താനി F.W.C., വെള്ളിയാമറ്റം ഹോമിയോ ആശുപത്രി നാളിയാനി ആയുർവേദ ആശുപത്രി എന്നീ സർക്കാർ ചികിത്സാ കേന്ദ്രങ്ങളുണ്ട്. ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതിയും യാത്രാ സൗകര്യ കുറവുകളും കണക്കിലെടുക്കുമ്പോൾ ഈ ആരോഗ്യ കേന്ദ്രങ്ങളെല്ലാം നന്നായി പ്രവർത്തിക്കേണ്ടത് വളരെ ആവശ്യവുമാണ്. പക്ഷേ മേൽപ്പറഞ്ഞ സ്ഥാപനങ്ങളൊന്നും ഫലപ്രദമായി, ജനോപകാരപ്രദമായി പ്രവർത്തിക്കുന്നില്ല. തൻമൂലം ഈ ആരോഗ്യ കേന്ദ്രങ്ങൾ കൊണ്ട് ഈ പഞ്ചായത്തിലെ ജനങ്ങൾക്കു വേണ്ട പ്രയോജനം ലഭിക്കുന്നില്ല. അതുകൊണ്ട് ഈ സ്ഥാപനങ്ങളെ ജനോപകാരപ്രദങ്ങളായി മാറ്റണം. കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ തീർത്തും സ്ഥിരമായി ഡോക്ടർമാരെ നിയമിച്ചും മരുന്നുകളും ഉപകരണങ്ങളും ഉപാധികളും വേണ്ട സ്ഥാനത്തു ലഭ്യമാക്കുകയും ജനങ്ങൾ കൂട്ടായി സഹകരിക്കുകയും സർക്കാരും പഞ്ചായത്തും ഉണർന്നു പ്രവർത്തിക്കുകയും ചെയ്യുന്ന പക്ഷം ഈ പഞ്ചായത്തിലെ ആരോഗ്യപരിപാലനം വിജയകരമാകുന്നതാണ്.

| വെള്ളിയാമറ്റം വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്ത് ആരോഗ്യ പ്രശ്നങ്ങൾ | പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പാക്കാവുന്ന പരിഹാര നിർദ്ദേശങ്ങൾ |
|---|---|
| 1. അനോരാഗ്യകരമായ പ്രവർത്തനങ്ങൾ | രണ്ടായിരം കക്കൂസുകൾ, കംഫർട്ടു സ്റ്റേഷനുകൾ നിർമിക്കുക, പരിസര ശുചീകരണം, കമ്പോസ്റ്റ് നിർമ്മാണം, പുകവലി വിരുദ്ധ പ്രവർത്തനങ്ങൾ, ശുദ്ധജല വിതരണം, പോഷകാഹാരം ബോധവൽക്കരണം, പ്രചാരണം, |
| 2. സാമ്പത്തിക പ്രശ്നം | പാരമ്പര്യ ചികിത്സ |
| III. നിലവിലുള്ള P.H.C. കളുടെ ശോചനീയാവസ്ഥ | മെയിൻറൻസ്, കൂടുതൽ ഹോമിയോ, അലോപ്പതി ആശുപത്രികൾ ആരംഭിക്കുക |
| IV. അനാരോഗ്യം, മാനസിക സംഘർഷം | യോഗ, പ്രകൃതി ചികിൽസ |
| VI. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത | P.H.C. കൾക്ക് ക്വാർട്ടേഴ്സുകളും വാഹനങ്ങളും ആവശ്യത്തിനുള്ള മരുന്നുകളും കൂടുതൽ ഡോക്ടർമാരും ഏർപ്പെടുത്തുക. |



# ഗതാഗതം

**1962** വെള്ളിയാമറ്റം പഞ്ചായത്ത് രൂപീകൃതമാകുമ്പോൾ വളരെ ശുഷ്കമായ ഗതാഗതസൗകര്യങ്ങളെ ഉണ്ടായിരുന്നുള്ളു. പഞ്ചായത്തു പ്രദേശം പ്രധാനമായും മൂന്നു മേഖലകളായി തിരിച്ചിരിക്കുന്നു.

a. തോട്ടം മേഖല

b. കുടിയേറ്റമേഖല

c. ഗിരിജൻ മേഖല

ഇതിൽ ഗിരിജൻ മേഖല ഗതാഗതസൗകര്യങ്ങൾ തീർത്തും എത്തിനോക്കാതിരുന്ന ഭാഗമാണ്. മറ്റു രണ്ടുമേഖലകളിൽ ഉണ്ടായിരുന്ന പ്രധാനപ്പെട്ട റോഡ് കാരിക്കോട് പന്നിമറ്റം (ദൂരം 17 കി.മി.) ദൂരമുള്ള മെറ്റൽ റോഡായിരുന്നു. ഇതിന്റെ ഒരു ശാഖ തോട്ടം മേഖലയിൽ നിന്നും തെക്കോട്ട് തിരിഞ്ഞ് കറുകപ്പിള്ളി വരെ എത്തിയിരുന്നു. ഈ പ്രധാനറോഡിന് തൊടുപുഴ വെള്ളിയാമറ്റം റോഡ് എന്നു പറഞ്ഞിരുന്നു. ഇളംദേശം മുതൽ പന്നിമറ്റം വരെയുള്ള 4 കി. മി. ദൂരം തോട്ടം ഉടമകൾ തന്നെ സംരക്ഷിച്ചിരുന്നു. ബാക്കി ദൂരം P.W.D. വകയായിരുന്നു. മഴക്കാലമായാൽ ഈ മെറ്റൽ ഇളകി കുണ്ടും കുഴിയുമായിത്തീരുക പതിവായിരുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മൂന്നടിപ്പാതകളും ഇടവഴികളും ഒറ്റയടിപ്പാതകളും ജനസഞ്ചാരത്തിന് ഉപയോഗിച്ചിരുന്നു.

## വാഹനഗതാഗതം

കലയന്താനി, ഇളംദേശം, പന്നിമറ്റം, കറുകപ്പള്ളി എന്നീ സ്ഥലങ്ങളിൽ മാത്രം ഏതാനും കടകൾ ഉണ്ടായിരുന്നു. ഈ കടകളിൽ വില്ക്കുന്നതിനുള്ള സാധനങ്ങൾ തൊടുപുഴ നിന്നും കാളവണ്ടിയിൽ കൊണ്ടുവരികയും കടകളിൽ സംഭരിക്കുന്ന കുരുമുളക്, ചുക്ക് മുതലായ കാർഷികോത്പന്നങ്ങൾ ഈ കാളവണ്ടി മാർഗ്ഗം തൊടുപുഴ ചന്തയിൽ എത്തിച്ച് വില്പന നടത്തുകയും ചെയ്തിരുന്നു. റബ്ബർ, തോട്ടമുടമകളുടേത് മാത്രമായിരുന്നു. ലോറി ഗതാഗതം വളരെ അപൂർവ്വമായിരുന്നു.

## ബസ് സർവ്വീസ്

1948-ൽ ആണ് ഈ പഞ്ചായത്തിലേക്ക് ഒരു ബസ് സർവ്വീസ് ആദ്യമായി കടന്നുവന്നത്. S.M.S. കമ്പനി വക ഒരു കരിഗ്യാസ് വണ്ടി തൊടുപുഴ നിന്നും ഇളംദേശം വരെ ദിവസവും ഏതാനും ട്രിപ്പുകൾ സർവ്വീസ് നടത്തിയിരുന്നു. തുടർന്ന് 1950-ൽ പ്രകാശ് ബസ്സും പിന്നീട് U.M.S. ബസ്സും സർവ്വീസ് ആരംഭിച്ചു. പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ ഉള്ളവർ വളരെ അത്യാവശ്യകാര്യങ്ങൾക്ക് ഇളംദേശം വരെ നടന്നുചെന്ന് ബസ് യാത്ര നടത്തിയിരുന്നു. 1965-ൽ വെള്ളിയാമറ്റം കറുകപ്പിള്ളി ഭാഗത്തേക്ക് ബസ് സർവ്വീസ് ആരംഭിച്ചു. ഈ ബസ് വടക്കനാറ്റിൽക്കൂടി കയറിയിറങ്ങിപ്പോയിരുന്നു. 1958-ൽ പന്നിമറ്റം പള്ളിവികാരിയായിവന്ന ഫാദർ ജോർജ് നമ്പ്യാപറമ്പിലിന്റെ നേതൃത്വത്തിൽ ജനങ്ങളുടെ ശ്രമദാനം കൊണ്ട് ബസ് റൂട്ടു വികസിപ്പിച്ചു. തോട്ടം മേഖലയിലെ റോഡുകൾക്ക് വീതി കൂട്ടി ബസ് റൂട്ട് പന്നിമറ്റം വരെ എത്തിച്ചു. ചരക്കുഗതാഗതത്തിന് ലോറികളും ജീപ്പുകളും ഉപയോഗിച്ചുതുടങ്ങി. തുടർന്ന് ഈ ഭാഗങ്ങളിൽ മൺ റോഡുകൾ രൂപം കൊണ്ടു. ഇവയെല്ലാം മനുഷ്യവിഭവ ശേഷികൊണ്ട് നിർമ്മിച്ചവയാണ്. 1960 കളിൽ വർഷങ്ങളിൽ വനംമേഖലയിലെ പൂമാല, കൂവക്കണ്ടം, പൂച്ചപ്ര, കോഴിപ്പിള്ളി എന്നീ ഭാഗങ്ങളിൽ കൂപ്പുവെട്ട് നടന്നപ്പോൾ ലോറി ഗതാഗതത്തിനു വേണ്ടി ആ ഭാഗങ്ങളിൽ ഏതാനും പുതിയ കൂപ്പ്റോഡുകൾ രൂപംകൊണ്ടു. ഈ റോഡുകൾ പലതും പിന്നീട് ഗ്രാമീണ റോഡുകളായി രൂപാന്തരപ്പെട്ടു.

## റോഡു വികസനം

വെള്ളിയാമറ്റം പഞ്ചായത്തിലെ ഒന്നു മുതൽ ആറു വരെ വാർഡുകൾ പഴയ കാർഷിക മേഖലയിലും ഏഴു മുതൽ പത്തു വരെ വാർഡുകൾ ഗിരിജൻ മേഖലയിലും ഉൾപ്പെടുത്താം. ഗിരിജൻ മേഖലയിൽ ധാരാളം കുടിയേറ്റക്കാരും വസിക്കുന്നു. അങ്ങനെ ജനവാസം അധികരിച്ചുകൊണ്ടിരിക്കുന്ന ഈ മേഖലയുടെ സമഗ്ര വികസനത്തിന് റോഡുകൾ വളരെ പ്രാമുഖ്യം അർഹിക്കുന്നു.

## നിലവിലുള്ള P.W.D. റോഡുകൾ

തൊടുപുഴ - പന്നിമറ്റം റോഡിൽ നമ്മുടെ പഞ്ചായത്തിലുള്ള കലയ

ന്താനി മുതൽ പന്നിമറ്റം വരെയുള്ള 10 കിലോമീറ്റർ ദൂരവും കറുകപ്പിള്ളി കവല മുതൽ അറക്കുളം വരെയുള്ള റോഡിൽ ആദ്യത്തെ നാലു കിലോമീറ്റർ ദൂരവും കലയന്താനി മുതൽ വെട്ടിമറ്റം വരെയുള്ള രണ്ടു കിലോമീറ്റർ ദൂരവും ഉൾപ്പെടെ 16 കിലോമീറ്റർ മാത്രമാണ് P.W.D. റോഡുള്ളത്.

## P.W.D. ഏറ്റെടുക്കേണ്ട റോഡുകൾ

| | |
|---|---|
| പന്നിമറ്റം - കുളമാവ് റോഡ് ദൂരം | 15 K.M |
| (a). പന്നിമറ്റം - കുറുവാക്കയം വഴി കുളമാവ് | 12 KM |
| (b). പന്നിമറ്റം - പുതിയകുളങ്ങര വഴി കുളമാവ് | 15 KM |
| 2. വെള്ളിയാമറ്റം - പൂച്ചപ്ര - കുരുതിക്കുളം | 5 KM |
| 3. കറുകപ്പിള്ളി - ഞരളംപുഴ - കാഞ്ഞാർ റോഡ് | 4 K.M |
| 4. പൂച്ചപ്ര - കൊളപ്രം - നാളിയാനി റോഡ് | 6 K.M |
| 5. പന്നിമറ്റം - C.K.H.S. റോഡ് | 2 K.M |
| 6. വെള്ളിയാമറ്റം - 94 വഴി - കുടയത്തൂർ | 4 K.M |

## ടാർ റോഡുകൾ

P.W.D. വക 16 കിലോമീറ്ററും പഞ്ചായത്തു വക 36 കിലോമീറ്ററും ഉൾപ്പെടെ ആകെ 52 കി.മി ടാർ റോഡുകൾ ഇപ്പോൾ പഞ്ചായത്തിലുണ്ട്. ഇതിനു പുറമേ താഴെ കാണിച്ചിരിക്കുന്ന പ്രകാരം വിവിധ വാർഡുകളിലായി 165 കി.മി. മൺ റോഡുകളും നിലവിലുണ്ട്. 5 കി.മി ദൂരത്തിൽ പുതിയ. മൺറോഡുകൾ നിർമ്മിക്കാനുള്ള നിർദ്ദേശവും ഗ്രാമസഭകളിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ലിസ്റ്റിൽ കാണിച്ചിരിക്കുന്ന റോഡുകളെല്ലാം വീതി കൂട്ടി ഓട തീർത്ത് ആവശ്യമായ കലുങ്കുകളും പാലങ്ങളും നിർമ്മിച്ച് ടാർ ചെയ്യേണ്ടതാണ്.

## റോഡ് സംരക്ഷണ സമിതി

ഈ പഞ്ചായത്തിലെ നിലവിലുള്ള പ്രധാന റോഡുകളുടെ സംരക്ഷണത്തിനായി അതതു വാർഡു മെംബർമാരുടെ നേതൃത്വത്തിൽ ഒരു ജനകീയ കമ്മിറ്റി രൂപീകരിക്കുന്നത് അഭികാമ്യമാണ്. ഈ കമ്മിറ്റി ജനങ്ങൾ ഏതെങ്കിലും വിധത്തിൽ റോഡിനു നാശനഷ്ടം വരുത്തുന്നതു തടയുകയും ബന്ധപ്പെട്ട അധികാരികളെ അറിയിക്കുകയും ജനങ്ങൾക്ക് ബോധവൽക്കരണം നടത്തുകയും ആവശ്യമെങ്കിൽ റോഡു നിർമ്മാണത്തിന്റെ ചുമതല ഏറ്റെടുക്കുകയും ചെയ്യേണ്ടതാണ്. ടാർ റോഡുകൾക്കുണ്ടാകുന്നു കേടുപാടുകൾ അപ്പോഴപ്പോൾ തീർക്കുന്നതിന് ഒരു മൊബൈൽ യൂണിറ്റ് താലൂക്കടിസ്ഥാനത്തിൽ രൂപീകരിക്കേണ്ടതാണ്.

## പഞ്ചായത്തിലെ ടാർ റോഡുകൾ

| | റോഡിന്റെ പേര് | ഉടമസ്ഥത | ദൂരം | വീതി | ബസ് മറ്റു സൗകര്യങ്ങൾ |
|---|---|---|---|---|---|
| | തൊടുപുഴ - പന്നിമറ്റം റൂട്ടിൽ | | | | |
| 1. | കലയന്താനി - പന്നിമറ്റം | P.W.D. | 10 | 8 | ഉണ്ട് |
| 2. | കറുകപ്പിള്ളി - അറക്കുളം | P.W.D | 45 | 8 | ഉണ്ട് |
| 3. | കലയന്താനി - വെട്ടിമറ്റം | P.W.D. | 2 | 8 | ഉണ്ട് |
| 4. | പന്നിമറ്റം - കുറുവാക്കയം - കുളമാവ് | ,, | 4.500 | 8 | ഉണ്ട് |
| 5. | പന്നിമറ്റം - പുതിയകുളങ്കര വഴി കുളമാവ് | ,, | 2 | 8 | ഉണ്ട് |
| 6. | പൂമാല - കിഴക്കേ കവല - മേത്തൊട്ടി | ,, | 2.5 | 6 | ഇല്ല |
| 7. | കറുകപ്പിള്ളി - പൂച്ചപ്ര - കുരുതിക്കളം | ,, | 5 | 8 | ഉണ്ട് |
| 8. | പൂച്ചപ്ര - ദേവരുപാറ | ,, | 2.5 | 6 | ഉണ്ട് |
| 9. | കറുകപ്പിള്ളി - 94 | ,, | 2.5 | 6 | ഇല്ല |
| 10. | കറുകപ്പിള്ളി - മൈലാടി | ,, | 0.4 | 6 | ഇല്ല |
| 11. | കറുകപ്പിള്ളി - കാഞ്ഞാർ | ,, | 3 | 6 | ഇല്ല |
| 12. | മുത്തോട് - പതിക്കമല | ,, | 0.6 | 6 | ഇല്ല |
| 13. | വെട്ടിമറ്റം - തേൻമാരി | ,, | 3 | 6 | |
| 14. | ഇളംദേശം - വെട്ടിമറ്റം | ,, | 2.5 | 6 | |
| 15. | കലയന്താനി - ചിലവ് | ,, | 3 | 6 | |
| 16. | കൊന്താലപ്പിള്ളി - വെട്ടിമറ്റം | ,, | 1.5 | 3.6 | |
| 17. | ഇളകുംഭാഗം - വെട്ടിമറ്റം | ,, | 1 | 3.6 | |
| 18. | കുരുതിക്കളം - ഊരക്കല്ല് | ,, | .05 | 3.6 | |
| 19. | ഇളംദേശം പറമ്പുകാട്ട് മല | ,, | .3 | 3.6 | |
| 20. | ഇളംദേശം - തൈത്തോട്ടം | ,, | 0.15 | 3.6 | |
| 21. | വെള്ളിയാമറ്റം - പുളിയാനിത്തണ്ട് | ,, | .3 | | |

## പുതുതായി നടപ്പാക്കേണ്ട ആവശ്യങ്ങൾ

### വാർഡ് I, II

1. കൊന്താലപള്ളി പാടശേഖരത്തിലെ കൃഷി ആവശ്യത്തിന് ഒരു പുതിയ റോഡ് (1. കി. മി)

2. തേൻമാരി റോഡിൽ നിന്നും ആനക്കയം റോഡിലേക്ക് ഒരു ലിങ്ക് റോഡ് 1.5 കി.മി.

### വാർഡ് III.

തൊടുപുഴ വെള്ളിയാമറ്റം P.W.D. റോഡിൽ ഇറുക്കുപാലം വീതി കൂട്ടി വളവു മാറ്റുക. ടി റോഡിൽ മുറിയാത്തോട് കലുങ്ക് വീതി കൂട്ടുക.

### വാർഡ് IV.

1. കാഞ്ഞാർ - വെള്ളിയാമറ്റം റോഡിൽ വാട്ടർ ടാങ്കിനടുത്തുള്ള ചപ്പാത്ത് കലുങ്കാക്കുക. റോഡിൻെറ വളവു നിവർത്തി റീ ടാർ ചെയ്യുക.

2. ഞരളംപുഴ - നെല്ലിക്കാമല റോഡ് വീതി കൂട്ടി ടാർ ചെയ്യുക.

3. കറുകപ്പിള്ളി - 94 റോഡ് മെറ്റലിംഗ് പൂർത്തിയാക്കി ടാർ ചെയ്യുക.

4. പുതിയകുളങ്ങര - കുരുതിക്കളം റോഡ് അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കുക.

5. കറുകപ്പിള്ളി - മൈലാടി റോഡിൻെറ ബാക്കി ഭാഗം ടാർ ചെയ്യുക.

6. ആനക്കയം റോഡിൽ നിന്നും ഉപ്പിട്ടുപാറ ഭാഗത്തേക്ക് സ്റ്റെപ്പ് കെട്ടുക.

7. കറുകപ്പിള്ളി - 94 റോഡിൽ വാട്ടർ ടാങ്കിനു മുകൾഭാഗത്തായി തീർത്ത് സ്റ്റെപ്പിൻെറ ബാക്കി ഭാഗം പൂർത്തിയാക്കുക.

### വാർഡ് V.

1. കുരുതിക്കുളം - വെള്ളിയാമറ്റം റോഡിൽ നടക്കാൻ സ്റ്റെപ്പ് കെട്ടുക.

2. പുളിക്കക്കടവ്, 94, നാലാംകാട്, മുത്തോട് എന്നീ സ്ഥലങ്ങളിൽ തൂക്കുപാലം നിർമ്മിക്കുക.

3. C.K.H.S. ഊരക്കല്ല് റോഡ് പൂർത്തിയാക്കുക.

4. പുതിയ കുളങ്ങര - ഊരക്കല്ല് - കുരുതിക്കുളം റോഡിൻെറ ആരംഭത്തിൽ കലുങ്കും സംരക്ഷണ ഭിത്തിയും കെട്ടുക.

### വാർഡ് VI.

1. പന്നിമറ്റം - C.K.H.S. റോഡിൽ വടക്കനാറിനു കുറുകെ പാലം നിർമ്മിക്കുക.

2. തൊടുപുഴ - പന്നിമറ്റം P.W.D. റോഡിൽ മുത്തുത്തോട്ടിലും പന്നിമറ്റം പഞ്ചായത്ത് ഓഫിസിനു മുൻവശത്തും തോടിനു കലുങ്കു നിർമ്മിക്കുക.

3. ചെമ്പകത്തിനാൽ റോഡിൽ നിന്നും പന്നിമറ്റം - പൂമാല റോഡിൽ പന്നിമറ്റം കിഴക്കേ സിറ്റിയിലേക്കുള്ള റോഡിനു കുറുകെ കലുങ്കു കെട്ടി സഞ്ചാരയോഗ്യമാക്കുക.

### വാർഡ് VII

1. പൂമാല - ദേവരുപാറ റോഡിൽ കുമ്പക്കയത്ത് ഒരു ചപ്പാത്ത് നിർമ്മിക്കുക.

2. പന്നിമറ്റം - ഊഞ്ഞാപ്പടി റോഡിൽനിന്നു മേത്തൊട്ടി ചെപ്പുകുളം റോഡിലേക്ക് ഒരു ലിങ്ക് റോഡ് നിർമ്മിക്കുക. ദൂരം 2 കി.മി.

3. കൊളപ്രം - നാളിയാനി റോഡിൽ കലുങ്ക്, പാലം, ചപ്പാത്ത് തുടങ്ങിയവ ആവശ്യമുണ്ട്.

### വാർഡ് VIII

1. 7,8,9 വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കൊളപ്രം നാളിയാനി റോഡിൽ വടക്കനാറ്റിൽ ഒരു പാലം നിർമ്മിക്കുക.

2. നാടുകാണി - കോഴിപ്പള്ളി റോഡിൽ വടക്കനാറിനു കുറുകെ കാലമ്മാലിയിൽ പാലം നിർമ്മിക്കുക.

### വാർഡ് IX

കൂവക്കണ്ടം - നാളിയാനി മെയിൻ റോഡിൽ തലകുത്തിപ്പാലം ഉടനെ പണി പൂർത്തിയാക്കുക.

### വാർഡ് X

1. കൊളപ്രം - കരിപ്പിലങ്ങാട് റോഡിൽ കലുങ്കുകൾ, ചപ്പാത്തുകൾ ഇവ ആവശ്യമുണ്ട്.

**നിലവിലുള്ള മൺറോഡുകൾ**

| വാർഡ് | കോഡു നമ്പർ | റോഡിൻെറ പേര് | ദൂരം കി.മി | വീതി മീ | മറ്റുവിവരങ്ങൾ |
|---|---|---|---|---|---|
| 1. | | കലയന്താനി - പറമ്പുകാട്ടുമല - പാറമട | 9 | 3.6 | |
| | | കൊന്താലപ്പള്ളി - പറമ്പുകാട്ടുമല | 2 | 3.6 | |
| | | ഇളംദേശം - കുളങ്ങരകാവ് | 1 | 3.6 | |
| | | മുറിയാത്തോട് - പറമ്പുകാട്ട് മല 1.5 | 3.6 | | |
| | | പറമ്പുകാട്ടുമല - കുരിശുമല | 2 | 3.6 | |
| | | ഇളംദേശം - ഇളമറ്റം | 2 | | ഇളംദേശം - പറമ്പുകാട്ടുമല 2.0 |
| 2. | 1. | വെട്ടിമറ്റം - അഞ്ചിരി 4 | | | |
| | 2. | എണ്ണപ്പന - അഞ്ചിരി | 3 | | |
| | 3. | വെട്ടിമറ്റം - തേൻമാരി | 3 | | |
| | 4. | ആനച്ചാലി - മൂക്കൻപാറ | 3 | | |
| | 5. | വെട്ടിമറ്റം - ഹരിജൻ കോളനി | 2 | | |
| | 6. | ടി പഞ്ചായത്ത് കോളനി | 2 | | |
| | 7. | പത്തിക്കപ്പാറ - അഞ്ചിരി | 2 | | |
| | 8. | വെട്ടിമറ്റം C.S.I. പള്ളി - തേവരുപാറ 2 | | | |
| | 9. | വെട്ടിമറ്റം - ആനപ്പാറ | 1.5 | | |
| | 10. | ടി - ബംഗ്ലാവ് 2 | | | |
| 3. | 1. | ഇളംദേശം - തൈത്തോട്ടം 1.5 | | | |
| | 2. | പറമ്പുകാട്ടുമല - പതിക്കമല | 3 | | |
| | 3. | ഇറക്കുപാലം - പതിക്കമല | 2 | | |
| | 4. | മുത്തോട് - പതിക്കമല | 2 | | |
| | 5. | കറുകപ്പിള്ളി കവല - പാറമട | 1 | | |
| 4. | 1. | കറുകപ്പിള്ളി - മൈലാടി | 2 | | |
| | 2. | കറുകപ്പിള്ളി - 94 | 2 | | |
| | 3. | ഞരളംപുഴ - നെല്ലിക്കാമല | 4 | | |
| | 4. | ടി ഹരിജൻ കോളനി | 1 | | |
| 5. | 1. | പുതുപ്പാടി (4-ാംകാട്) - C.K.H.S. 2 | | | |
| | 2. | C.K.H.S. - പന്നിമറ്റം | 2 | | (8). കറുകപ്പിള്ളി - പുതിയകുളങ്ങര വഴി ഊരൻകല്ല് 1.5 |
| | 3. | വെള്ളിയാമറ്റം - കുടയത്തൂർ 4 | | | |
| | 4. | പാലംസിറ്റിഅമ്പലപ്പടി - വെട്ടിമറ്റം | 2 | | |
| | 5. | വെള്ളിയാമറ്റം - മറുകൻമല | 3 | – | (9). കുരുതിക്കളം - ഊരൻ കല്ല് 1.5 |
| | 6. | ലത്തീൻപള്ളി - ഊരൻകല്ല് | 3 | | |
| | 7. | വെള്ളിയാമറ്റം - പുളിയാനിത്തണ്ട് 2 | | | |
| 6. | 1. | പന്നിമറ്റം - ചെപ്പുകുളം | 2.5 | | |
| | 2. | മുത്തോട് - പതിക്കമല | 3 | | |
| | 3. | കുറുവാക്കയം - ഊഞ്ഞാംപടി | 2.5 | | |
| | 4. | ഉദയകുളങ്കര - ചെമ്പകത്തിനാൽ | | | |

| | | | | | |
|---|---|---|---|---|---|
| | . | - പൂമാല അമ്പലകവല | 2 | | |
| | 5. | വെള്ളാരംകുന്ന് - ഇരുകല്ലുംപടി | 1.5 | | |
| | 6. | പന്നിമറ്റം - ആറ്റുതീര ലിങ്ക് റോഡ് | 1 | | |
| | 7. | പന്നിമറ്റം - മുണ്ടക്കൽ - പതിക്കമല | 3 | | |
| | 8. | കുറുവാക്കയം - തെക്കേമല | 1 | | |
| | 9. | പൂങ്കുളം - പുതിയകുളങ്കര (മരിയൻ ഡിസ്പൻസറി) | 0.5 | | |
| 7. | 1. | മേത്തൊട്ടി - മൂലക്കാട് | 2 | | |
| | 2. | മേത്തൊട്ടി - ചെപ്പുകുളം 3 | | | |
| | 3. | മേത്തൊട്ടി - നെടിയാറ്റ് - കിഴക്കൻമല | 2 | | |
| | 4. | മേത്തൊട്ടി - ഇടക്കുന്ന് - നാളിയാനി | 2 | | |
| | 5. | ശരംകുത്തി - പടിഞ്ഞാറെ മേത്തൊട്ടി | 2 | | ശരംകുത്തി-മുഴക് റോഡ് 1.5 |
| | 6. | തൊണ്ടിക്കത്തറ - കുമ്പക്കയം | 2 | | |
| | 7. | പൂമാല W.Jn. - C.S.I. പള്ളി അൻഫോൻസ നഗർ | 1.5 | | |
| | 8. | പൂമാല H.S.Jn. - ഗിരിജൻ ബാങ്ക് | 1 | | |
| | 9. | മേത്തൊട്ടി പാലം - ചതുപ്പ് | 1 | | |
| 8. | 1. | കൊളപ്രം - നാളിയാനി | 2 | | പൂച്ചപ്ര, മാടന്ത - പൂമാല 2.5<br>ചമ്പംതോട് - ദേവരുപാറ - നാളിയാനി 2 |
| | 2. | ദേവരുപാറ - കൊളപ്രം - കിഴക്കൻമല - കരിപ്പിലങ്ങാട് | 5 | | കൊളപ്രം - മഠത്തിൽകടവ് 2 |
| | 3. | പൂച്ചപ്ര - കരിപ്പിലങ്ങാട് | 3 | | |
| | 4. | പൂച്ചപ്ര - കൊളപ്രം | 2.5 | | |
| | 5. | പൂച്ചപ്ര - ബൗണ്ടറി | 2 | | |
| | 6. | പൂച്ചപ്ര - കാകാളംവഴി - പൂമാല | 1.5 | | |
| | 7. | ചമ്പംതൊട് - കുമ്പക്കയം - പന്നിമറ്റം | 2 | | |
| 9. | 1. | നാളിയാനി - കുളമാവ് | 7 | | |
| | 2. | മേത്തൊട്ടി - വള്ളിയാംതോട് | 3 | | |
| | 3. | നാളിയാനി - തടിയനാൽ - മുത്തിയുരുണ്ട | 3 | | |
| | 4. | കൂവക്കണ്ടം അമ്പലം വഴി - വാളയാൻതോട് | 2 | | |
| | 5. | ടി വ്യവസായഭവൻ വഴി - വാളയാൻതോട് | 1.5 | | |
| | 6. | നാളിയാനി - പൂച്ചപ്ര ലിങ്ക് | 1.5 | | |
| 10. | 1. | കൊളപ്രം - കിഴക്കൻമല - കരിപ്പിലങ്ങാട് | 8 | | |
| | 2. | നാടുകാണി - കോഴിപ്പള്ളി | 4 | | |
| | 3. | നാളിയാനി - കൊളപ്രം | 3 | | |
| | | മൺറോഡുകൾ 165 കിമി.. | | | |



പന്നിമറ്റം കുളമാവ് റോഡിന്റെ നിർമ്മാണ ഉദ്ഘാടനം



ഇറുക്കുപാലം പതിക്കമല റോഡ് ഉദ്ഘാടനം



# ഊർജ്ജം

1972-ലാണ് വെള്ളിയാമറ്റം പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി യെത്തിയത്. അതിനുശേഷമുള്ള വൈദ്യുതീകരണം പലകാരണങ്ങളാലും വളരെ സാവധാനങ്ങളിലാണ്. ഭൂമിശാസ്ത്രപരമായ പ്രത്യേക സാമ്പത്തിക പരാധീനത ഡിപ്പാർട്ട്മെന്റ് പരമായ കാലതാമസം എന്നിവയാണ് പ്രധാന കാരണങ്ങൾ.

ഈ പഞ്ചായത്തിൽ ഇപ്പോൾ 5789 വീടുകൾ ഉള്ളതിൽ 3439 എണ്ണം മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ. ഈ പഞ്ചായത്തിലെ 9, 10 വാർഡുകളായ നാളി യാനി, കോഴിപ്പിള്ളി - യിൽ വൈദ്യുതി എത്തിയിട്ടുണ്ടെങ്കിൽ ആകെ 35 വീടു കൾ മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ.

ചെങ്കുളം പവർ ഹൗസിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയാണ് ഈ പഞ്ചായത്തിൽ വിതരണം ചെയ്യപ്പെടുന്നത്. 1, 2, 3 എന്നീ വാർഡുകളിലെ വിത രണ ചുമതല തൊടുപുഴ ഇലക്ട്രിക്കൽ സെക്ഷൻ No. II-നും, ബാക്കി ഏഴു വാർഡുകളിലേത് മൂലമറ്റം സബ് സെക്ഷനുമാണ്. കറന്റു ചാർജ് അടക്കുന്ന തിനും വൈദ്യുതി സംബന്ധമായ മറ്റ് ആവശ്യങ്ങൾക്കും ഉപഭോക്താക്കൾക്ക് രണ്ട് ഓഫിസുകളുമായി ബന്ധപ്പെടേണ്ടി വരുന്നത് പല പ്രായോഗിക ബുദ്ധിമുട്ടു കൾക്കും ഇടയാകുന്നുണ്ട്. ഉപഭോക്താക്കളിൽ 3138 പേർ ഗാർഹിക ഉപഭോക്താ ക്കളും 250 പേർ വ്യാപാര ഉപഭോക്താക്കളും 11 പേർ വ്യാവസായികവും 40 പേർ കാർഷികവുമായ ഉപഭോക്താക്കളുമാണ്. കോട്ടയം മുത്തി, വെള്ളിയാമറ്റം, പൂച്ചപ്ര, പന്നിമറ്റം, പൂമാല എന്നീ അഞ്ച് സ്ഥലങ്ങളിൽ ഓരോ ട്രാൻസ്ഫോർമറുകൾ വീതം സ്ഥാപിച്ചിട്ടുണ്ട്. ഇനിയുള്ള വൈദ്യുതീകരണത്തിന് ഇവ അപര്യാപ്തമാണ്.

ഇവിടുത്തെ നിലവിലുള്ള വൈദ്യുതി സംബന്ധിച്ച കണക്കുകൾ താഴെ ചേർക്കുന്നു.

**വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്**

**10.1 വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ**

| | | |
|---|---|---|
| നിലവിലുള്ള ഉപഭോക്താക്കൾ | a. ഗാർഹികം | 1138 + 2000=3202 |
| | b. വ്യാപാരം | 200 + 50 = 250 |
| | c. വ്യാവസായികം | 7 + 4 = 11 |
| | d. കാർഷികം | 30 + 10 = 40 |
| | total | 3439 |
| 2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം | | |
| | a. Ordinary | 11 + 52 / 11 - 91 |
| | b. O.T.P | 5 + 24 /1-95 |
| | c. O.Y.E.C | 7/2/4-96 |
| 3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം | | |
| | (a). ബൾബ് | 25W.....40W....60W....100W 61,4000 + 25 |

| | | | |
|---|---|---|---|
| | b. ട്യൂബ് | 8-800+4 | |
| | c. മെർക്കുറി വേപ്പർ | | |
| | d. സോഡിയം വേപ്പർ | | |
| 4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ (3 ഗിരിജൻ) | പൂച്ചപ്ര, പൂമാല, മേത്തൊട്ടി | | |
| 5. തൻ വർഷത്തെ കണക്ഷൻ | | | |
| | ഓർഡിനറി | 25 | 3 |
| | OTP | 17 | 4 |
| | OYEC | 37 | 12 |

6. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന L.T. ട്രാൻസ്ഫോർമറുകളുടെ പേരുകൾ

| | | |
|---|---|---|
| 1. കോട്ടയം മുന്നി | 2. വെള്ളിയാമറ്റം | 3. പൂച്ചപ്ര |
| 4. പന്നിമറ്റം | 5. പൂമാല | 6. ഇളംദേശം |
| 8. കൊന്താലംപള്ളി | 9. ഇളംദേശം | |

7. സ്ട്രീറ്റ് ലൈറ്റിനു വേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക 1582/- No. II

## പ്രശ്നങ്ങൾ:

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്ത് വൈദ്യുതി എത്തിയിട്ടില്ല

2. വൈദ്യുതി ബോർഡിൻെറ ഓഫിസുകളുടെ ദൂരക്കൂടുതൽ ജനസമ്പർക്കത്തിന് വിഘാതം സൃഷ്ടിക്കുന്നു.

3. പല വാർഡുകളിലും ആവശ്യത്തിന് വഴിവിളക്കുകൾ ഇല്ല

4. ട്രൈബൽ ഏരിയായിലുള്ള നാളിയാനി - കോഴിപ്പിള്ളി പ്രദേശങ്ങളിൽ അത്യാവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾ പോലും നടന്നിട്ടില്ല

5. പാചകാവശ്യത്തിന് വീടുകളിൽ വിറകിൻെറ ഉപഭോഗം വർദ്ധിക്കുകയും ലഭ്യത കുറയുകയും ചെയ്യുന്നു.

6. പാചക വാതകം, മണ്ണെണ്ണ എന്നീ ഇന്ധനങ്ങൾ ദരിദ്ര വിഭാഗങ്ങൾക്ക് വാങ്ങി ഉപയോഗിക്കാൻ നിവൃത്തിയില്ല

7. കൃഷി ജലസേചനം എന്നിവയ്ക്ക് നാമമാത്രമായി മാത്രം വൈദ്യുതി ഉപയോഗിക്കുന്നുള്ളൂ

## സാധ്യതകൾ/നിർദ്ദേശങ്ങൾ

സമ്പൂർണ്ണ വൈദ്യുതീകരണമാണ് ഈ പഞ്ചായത്തിൻെറ മുഖ്യലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിക്കുപയുക്തമായ, താരതമ്യേന ചെലവു കുറഞ്ഞ പദ്ധതികൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കണം.

## 1. ഞണ്ടിറുക്കി മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്

ഈ പഞ്ചായത്തിലെ 7 -ാം വാർഡിൽ പൂമാല ഭാഗത്ത് ഞണ്ടിറുക്കി തോട്ടിൽ ഏകദേശം 100 മീറ്റർ ഉയരത്തിലുള്ള പ്രകൃതിദത്തമായ ഒരു വെള്ളച്ചാട്ടമുണ്ട്. ഈ വെള്ളച്ചാട്ടത്തിനു മുകളിൽ മേത്തൊട്ടി ഭാഗത്ത് ഒരു ഡാം നിർമ്മിച്ച് ഈ വെള്ളച്ചാട്ടം നിയന്ത്രിച്ച് ഒരു മിനി പവ്വർ ഹൗസ് കമ്മീഷൻ ചെയ്താൽ ഏകദേശം 500 കിലോവാട്ട് വിദ്യുത്ച്ഛക്തി ഉത്പാദിപ്പിക്കാൻ സാധിക്കുമെന്നാണ് ഇലക്ട്രിസിറ്റി ബോർഡിന്റെ നിഗമനം. ജനപങ്കാളിത്തത്തോടെ ഈ പദ്ധതി നടപ്പാക്കിയാൽ ഒരേ സമയം 3 പ്രയോജനങ്ങൾ ലഭ്യമാകും. (1) 6,7,9,10 വാർഡുകളിലേക്ക്ുശവശ്യമായ കുടിവെള്ളം (2) കൃഷിക്ക് ജലസേചനം (3) വൈദ്യുതി - വെള്ളച്ചാട്ടത്തിനു സമീപത്തായി ഒരു ചെക്ഡാം കെട്ടുന്നതിനുള്ള സൗകര്യം ഉണ്ട്.

## 2. വടക്കേപ്പുഴ ഡൈവേർഷൻ പദ്ധതി

ഈ പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയായ കുളമാവിനു സമീപം ഉത്ഭവിച്ച് പഞ്ചായത്തിന്റെ മദ്ധ്യത്തിൽക്കൂടി പടിഞ്ഞാറോട്ടൊഴുകി തൊടുപുഴയാറ്റിൽ സന്ധിക്കുന്ന വടക്കനാറ് ഈ പഞ്ചായത്തിന്റെ ജീവനാഡിയായ ജലസ്രോതസ്സാണ്. പഞ്ചായത്തിലെ എല്ലാ വാർഡുകളേയും സ്പർശിച്ചുകൊണ്ട് ഒഴുകുന്ന ഈ ആറ്റിൽ ഏഴെട്ടു മാസത്തേക്ക് ജലക്ഷാമമില്ല. ഈ പുഴയുടെ ഉത്ഭവകേന്ദ്രത്തിനടുത്തുള്ള നീരുറവകൾ തടുത്തു നിർത്തി അവയിലെ ജലം ഇടുക്കി റിസർവ്വോയറിലേക്കു തിരിച്ചുവിട്ട് 24 ദശലക്ഷം യൂണിറ്റ് വൈദ്യുതി കൂടുതലായുത്പാദിപ്പിക്കാൻ ഗവ. ന് പദ്ധതിയുണ്ടെന്നറിയുന്നു. എന്നാൽ ഈ പദ്ധതി നടപ്പിലായിക്കഴിഞ്ഞാൽ ഉണ്ടാകുന്ന മറ്റൊരു ദോഷം, വടക്കേപ്പുഴ വറ്റിപ്പോകുകയും വെള്ളിയാമറ്റം പഞ്ചായത്തിന്റെ ഫലപുഷ്ടി, പരിസ്ഥിതി എന്നിവ തകരാറിലാവുകയും ചെയ്യും എന്നുള്ളതാണ്. ഇതിന് ഒരു ബദൽ നിർദ്ദേശം പഞ്ചായത്തിന് വക്കാൻ സാധിക്കും - ഈ പുഴയുടെ ഉത്ഭവസ്ഥാനത്തിനടുത്തുള്ള 'കാലൻമാലി' എന്ന ഉയർന്ന പാറക്കെട്ടിനോടനുബന്ധിച്ച്(9 -ാം വാർഡിൽ) ഒരു ഡാം കെട്ടി വെള്ളം സംഭരിച്ചാൽ മഴക്കാലത്തുണ്ടാകുന്ന അധികജലം കുളമാവു ഡാമിലേക്കു തിരിച്ചുവിടുകയും വേനൽക്കാലത്ത് ഈ പഞ്ചായത്തിലെ കുടിവെള്ളത്തിനും ജലസേചനത്തിനും ആവശ്യമായ വെള്ളം തുറന്നു വിടുകയും ചെയ്യണം എന്നുള്ളതാണ്. ഏകദേശം മീറ്റർ ഉയരത്തിൽ വെള്ളം തടഞ്ഞുനിർത്തിയിരിക്കുന്നതിനാൽ പമ്പു ചെയ്യാതെ തന്നെ വലിയ കുഴലുകളിൽക്കൂടി ഈ ജലം വിവിധഭാഗങ്ങളിൽ എത്തിക്കും. Electricity Board ന്റെയും Water Authority യുടെയും സംയുക്തസഹകരണത്തോടെ ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

### 3. Consumer Education Programme.

പഞ്ചായത്തിലെ 80% വീടുകളിലും പാചകാവശ്യത്തിന് ഇന്ധനമായി ഉപയോഗിക്കുന്നത് വിറകാണ്. 5% വീടുകളിൽ പാചകവാതകവും മറ്റുള്ള വീടുകളിൽ മണ്ണെണ്ണയും ഉപയോഗിക്കുന്നു. വർദ്ധിച്ചുവരുന്ന വനനശീകരണം മൂലം വിറകിന്റെ ലഭ്യത അനുദിനം കുറയുന്നു. പരമ്പരാഗതമായ അടുപ്പുകൾ ഉപയോഗിക്കുന്നതു മൂലം വർദ്ധിച്ച തോതിൽ വിറക് ഉപയോഗിക്കേണ്ടിവരികയും ചെയ്യുന്നു. ഇങ്ങനെ നമ്മുടെ വീട്ടമ്മമാർ അനുഭവിക്കേണ്ടിവരുന്ന രൂക്ഷമായ ഇന്ധനക്ഷാമത്തേയും അതിനുള്ള പരിഹാരമാർഗ്ഗങ്ങളെയും സംബന്ധിച്ച് അവർക്ക് ബോധവൽക്കരണം നടത്തുന്നതിന് വനിതാസംഘടനകളും പരിഷത്ത് പ്രവർത്തകരും മുന്നോട്ട് വരണം. അനർട്ടിന്റെ സഹകരണത്തോടെ പുകയില്ലാത്ത ദക്ഷത കൂടിയ അടുപ്പുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യാവുന്നതാണ്. ഇവയുടെ നിർമ്മാണത്തിനും വിതരണത്തിനും പഞ്ചായത്തുതലത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യണം.

### 4. ഗോബർഗ്യാസ്

പഞ്ചായത്തിലെ മിക്ക വീടുകളിലും ഒന്നിലധികം പശുക്കളെ വളർത്തുന്നുണ്ട്. അവയിൽനിന്ന് ലഭിക്കുന്ന ചാണകം സംഭരിച്ച് ഗോബർഗ്യാസ് നിർമ്മിക്കുന്നതിനുള്ള പദ്ധതി വ്യാപകമാക്കണം. റബ്ബർഷീറ്റ് നിർമ്മാണത്തിനു ശേഷം പാഴായിപ്പോകുന്ന ആസിഡുവെള്ളവും ഈ ആവശ്യത്തിന് ഉപയോഗപ്പെടുത്താം. ഓരോ വീട്ടിലും ആവശ്യമായ ഗ്യാസ് ഇങ്ങനെ ഉത്പാദിപ്പിക്കുവാൻ സാധിക്കും.

### 5. ജൈവോർജ്ജം

പഞ്ചായത്തിലെ വിവിധഭാഗങ്ങളിലും വീടുകളിലും പാഴായിക്കളയുന്ന ചപ്പുചവറുകൾ, പച്ചക്കറികളുടെയും മറ്റു സസ്യങ്ങളുടെയും അവശിഷ്ടങ്ങളും ജൈവാവശിഷ്ടങ്ങളും സംഭരിച്ച് അവയിൽനിന്നും ജൈവോർജ്ജം ഉണ്ടാക്കുന്നതിനാവശ്യമായ പ്ലാന്റുകൾ നിർമ്മിക്കണം. ഈ പദ്ധതിയും ജനപങ്കാളിത്തത്തോടെ നടപ്പാക്കാം. പരിസ്ഥിതി മലിനീകരണത്തിന് ഒരു പ്രതിവിധി ആകുകയും ചെയ്യും.

### 6. Compact Fluracent Lamp

വീടുകളിൽ ഇപ്പോൾ ഉപയാഗിക്കുന്ന വൈദ്യുതിയുടെ 50% പ്രസരണ നഷ്ടം ഒഴിവാക്കാൻ സഹായിക്കുന്ന ഇത്തരം വിളക്കുകളുടെ ഉപയോഗം വ്യാപകമാക്കണം.

### 7. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടി ഒഴുകുന്ന ചെറുതും വലുതുമായ അനേകം തോടുകളുണ്ട്. ഇവയിലെ ജലശക്തി ഊർജ്ജോത്പാദനത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്. അതതു സ്ഥലങ്ങളിലെ അനുകൂല സാഹചര്യങ്ങളെ ഉപയോഗപ്പടുത്തി ചെറിയ തോതിൽ വൈദ്യുതി

എടുക്കുന്നതിനുള്ള സംരംഭങ്ങളെ പഞ്ചായത്തു തലത്തിൽ പ്രോത്സാഹിപ്പിക്കണം.

### കാറ്റിൽനിന്നു വൈദ്യുതി

ആറാംവാർഡിൽ ഇരുകല്ലുംപടി, 10 -ാം വാർഡിൽ നാടുകാണി എന്നീ ഉയർന്ന മലപ്രദേശത്ത് കാറ്റിൽനിന്നും വൈദ്യുതി എടുക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കാവുന്നതാണ്.

### സൗരോർജ്ജം

സൗരോർജ്ജപാനലുകൾ സ്ഥാപിച്ച് ഊർജ്ജസംഭരണം നടത്തുന്നതിനുള്ള സാദ്ധ്യതകളേപ്പറ്റി ആരായണം. പഞ്ചായത്തിൽ അതിനനുയോജ്യമായ സ്ഥലം കണ്ടെത്തി പദ്ധതി തയ്യാറാക്കാവുന്നതാണ്.

ഇപ്രകാരം ഊർജ്ജലഭ്യതയുടെയും ഉപഭോഗത്തിന്റെയും കാര്യത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന വെള്ളിയാമറ്റം പഞ്ചായത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമാക്കി പല പദ്ധതികളും നടപ്പിലാക്കാവുന്നതാണ്. പ്രത്യേകിച്ച് ഗിരിജൻ മേഖലയിലെ അവികസിതപ്രദേശങ്ങൾക്ക് മുൻഗണന നൽകണം. ഞണ്ടിറുക്കി മിനി ഹൈഡ്രോ ഇലക്ട്രിക് പദ്ധതി, വടക്കേപ്പുഴ ഡൈവേർഷൻ പദ്ധതി എന്നിവ വിവിധോദ്ദേശപദ്ധതികളായി രൂപാന്തരപ്പെടും. വെള്ളിയാമറ്റം പഞ്ചായത്തിലെ കുടിവെള്ളം, ജലസേചനം, പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്കു വിഘാതമാകുന്ന യാതൊരു പദ്ധതിയും വടക്കേപ്പുഴയിൽ നടപ്പാക്കരുതെന്ന് ഈ പഞ്ചായത്തിലെ ജനങ്ങളും വികസനസമിതിയും ഒന്നടങ്കം ഗവൺമെന്റിനോട് ശുപാർശ ചെയ്യുന്നു.

**വെള്ളിയാമറ്റം പഞ്ചായത്ത് സമ്പൂർണ്ണ വൈദ്യുതികരണം**

| | |
|---|---|
| വൈദ്യുതീകരിക്കേണ്ട ഭവനങ്ങൾ | 2587 |
| നിർമ്മിക്കേണ്ട ലൈൻ | 11 കെ. വി. - 4+2+2+2=10 കി.മി. + 2 +2+2=6 Total 16 k.m. |
| ട്രാൻസ്ഫോർമർ | =100 കെ.വി.എ. -5 എണ്ണം + 5 എണ്ണം = 9 എണ്ണം |
| LT ലൈൻ ത്രിഫേസ് | =20 കി.മി. -25 k.m. + 45 കെ.എം. |
| സിങ്കിൾ ഫേസ് | =80 കി.മി. + 60 k.m. = 140 |
| കണക്ഷൻ ഗാർഹികം = | |
| വഴിവിളക്ക് | =50 എണ്ണം + 40 = 90 എണ്ണം |



# സാമൂഹ്യ ക്ഷേമം

വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്ത് സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക, വിദ്യാഭ്യാസ രംഗങ്ങളിൽ താരതമ്യേന പിന്നോക്കമാണ്. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ഗ്രാമീണ ജനതകൾക്ക് ഉപകാരപ്രദമായ ഗവണ്മെന്റ് സ്ഥാപനങ്ങളുടേയും മറ്റു പൊതു സ്ഥാപനങ്ങളുടേയും കുറവുകൾ പ്രധാന കാരണങ്ങളാണ്. ഈ പഞ്ചായത്തിൽ മാതൃശിശുസംരക്ഷണ കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ട് കുറച്ച് വർഷങ്ങളെ ആയിട്ടുള്ളൂ. 1005 പദ്ധതിയുടെ കീഴിൽ വരുന്ന അംഗൻവാടികൾ, പ്രാഥമിക കുടുംബക്ഷേമ കേന്ദ്രങ്ങൾ എന്നിവ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ പ്രധാന പങ്കു വഹിക്കുന്നു. പഞ്ചായത്തിലെ 20 അംഗൻവാടിയുടെ പ്രവർത്തന പരിധിയിലായി 5 വയസ്സിൽ താഴെ പ്രായമുള്ള 644 കുട്ടികൾ ഉണ്ട്.

ജില്ലാ തലത്തിൽതന്നെ പട്ടിക വർഗ്ഗത്തിൽപ്പെടുന്ന വളരെയധികം കുടുംബങ്ങൾ അധിവസിക്കുന്ന ഒരു പഞ്ചായത്താണിത്. ഈ പഞ്ചായത്തിന്റെ 7,8,9,10 വാർഡുകളിലായി പട്ടിക വർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങളും പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങളും ഉണ്ട്. ഇവരുടെ ആരോഗ്യ വിദ്യാഭ്യാസ സാമ്പത്തിക നിലവാരം മറ്റു സമൂഹങ്ങളെ അപേക്ഷിച്ച് വളരെ പിന്നോക്കമാണ്. ഇതിനു പുറമേ പഞ്ചായത്തലെ മറ്റു ചില വാർഡുകളിൽ ന്യൂന പക്ഷ വിഭാഗത്തിൽപ്പെട്ടവരും പിന്നോക്ക വിഭാഗത്തിൽ ഉള്ളവരുമായ ധാരാളം ആളുകൾ വസിക്കുന്നുണ്ട്.

## നിലവിലുള്ള സാമൂഹ്യ - ക്ഷേമ - വികസന പദ്ധതികൾ

ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നിലവിലുള്ളതുമായ സാമൂഹ്യക്ഷേമ വികസന പദ്ധതികളെക്കുറിച്ചുള്ള ഒരു വിശകലനമാണ് താഴെ നൽകിയിട്ടുള്ളത്. പട്ടിക 1 IRDP സർവ്വേ പ്രകാരം ദാരിദ്രരേഖക്ക് താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽSC/ST | സഹായം ലഭിച്ചതു വഴി ദാരിദ്രരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്രരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 171 | 13 | 70 | 9 | 12 | 24 |
| II | 217 | 17 | 79 | 15 | 15 | 296 |
| III | 314 | 20 | 78 | 18 | 22 | 392 |
| IV | 236 | 11 | 73 | 9 | 12 | 309 |
| V | 151 | 15 | 68 | 9 | 14 | 219 |
| VI | 239 | 10 | 2 | - | 1 | 241 |
| VII | 544 | 180 | 21 | 19 | 3 | 592 |
| VIII | 386 | 229 | 32 | 28 | 8 | 418 |
| IX | 288 | 142 | 40 | 36 | 12 | 328 |
| X | 248 | 143 | 21 | 21 | 5 | 269 |
| 2824 | 710 | 502 | 174 | 104 | 3063 | |

### ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ എണ്ണം

| | പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവർ | തൊഴിൽ കണ്ടെത്തിയവർ | മറ്റു തൊഴിൽ ചെയ്യുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| I | ബുക്ക് ബൈന്റിംഗ് | 6 | | | |
| | റേഡിയോ അസംബ്ളിംഗ് | 1 | | | |
| | ആശാരിപ്പണി | 1 | | | |
| | എംബ്രോയിഡറി | 3 | | | |
| | പ്ലംബിംഗ് | 1 | | | |
| | പെയിന്റിംഗ് | 1 | | | |
| II | തയ്യൽ എംബ്രോയിഡറി | 3 | | | |
| | ഇലക്ട്രോണിക്സ് | 1 | | | |
| | പ്ലംബിഗ് | 1 | | | |
| III | തയ്യൽ | 3 | | | |
| | കമ്പോസിംഗ് | 3 | | | |
| | വെൽഡിംഗ് | 1 | | | |
| | ബുക്ക് ബയന്റിംഗ് | 3 | | | |
| | ഫൈബർ ഗ്ലാസ് നിർമ്മാണം | 1 | | | |
| IV | എംബ്രോയിഡറി | 1 | | | |
| | കമ്പോസിംഗ് | 3 | | | |
| | പേപ്പർ യൂണിറ്റ് | 1 | | | |
| | ബുക്ക് ബയന്റിംഗ് | 3 | | | |
| | മോട്ടോർ മെക്കാനിസം | 1 | | | |
| | ഫൈബർ ഗ്ലാസ് നിർമ്മാണം | 1 | | | |
| V | തയ്യൽ | 2 | | | |
| | എംബ്രോയ്ഡറി | 3 | | | |
| VI | Nil | - | | | |
| VII | ടെയ്ലറിംഗ് | 6 | | | |
| VIII | റബ്ബർ ടാപ്പിംഗ് | 4 | 2 | 5 | 3 |
| | കമ്പോസിഗ് | 2 | 2 | 2 | 2 |
| | ടൈപ്പ് റൈറ്റിംഗ് | 4 | | | |
| IX | ടൈപ്പ് റൈറ്റിംഗ് | 13 | 3 | 8 | 3 |
| | ആശാരിപ്പണി | 1 | | | |
| X | NIl | | | | |

### DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെയെണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 1. ഡയറി യൂണിറ്റ് | 91-92 | 8 | ഭാഗീകമായി പ്രവർത്തിക്കുന്നു |
| | 2. ബുക്ക് ബയന്റിംഗ് | 87-88 | 15 | പ്രവർത്തിക്കുന്നില്ല |
| 2 | | | | |
| 3 | | | | |
| 4 | കറി പൗഡർ യൂണിറ്റ് | 88-89 | 12 | ഭാഗികമായി പ്രവർത്തിക്കുന്നു. |
| 5. | | | | |
| 6. | മുയൽ, പശു വളർത്തൽ | 1988-89 | 15 | ഭാഗീകം |
| 7. | 1. സോപ്പ് യൂണിറ്റ് | 1987-88 | 15 | ഇല്ല |
| | 2. ഈറ്റപ്പണി | 92-93 | 10 | ഉണ്ട് |
| | 3. ആടു, പന്നി, ഔഷധച്ചെടി വളർത്തൽ | 95-96 | 6 | ഉണ്ട് |
| 8 | | | | |
| 9. | 1. ഈറ്റപ്പണി | , ആട് വളർത്തൽ | 88-89 | 16 ഉണ്ട് |
| | 2. ആട്, ഔഷധച്ചെടി വളർത്തൽ | 94-95 | 10 | ഉണ്ട് |
| 10. | ഈറ്റപ്പണി | 89-90 | 16 | ഭാഗീകമായി പ്രവർത്തനമുണ്ട് |

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ ക്ഷേമ പദ്ധതികളിൽ നിന്നും പ്രയോജനം ലഭിച്ചിട്ടുള്ള ആളുകളുടെ എണ്ണം താരതമ്യേന കുറവാണെന്ന് മേൽ വിവരിച്ച പട്ടികകൾ വെളിവാക്കുന്നു. ദുർബ്ബല വിഭാഗത്തിൽപ്പെടുന്ന വളരെയധികം ആളുകൾ അധിവസിക്കുന്ന ഈ പഞ്ചായത്തിൽ പ്രസ്തുത പ്രവർത്തനങ്ങൾ കൂടുതൽ ഊന്നൽ നൽകണമെന്നതിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. ഇതിനായി ഈ ഗ്രാമപഞ്ചായത്ത് താഴെപ്പറയുന്ന പദ്ധതികൾ വിഭാവനം ചെയ്യുന്നു.



## പഞ്ചായത്ത് വികസന സമിതി

ഓരോ വാർഡിലും രൂപീകരിക്കപ്പെടുന്ന അയൽക്കൂട്ടങ്ങളും അവയുടെ പ്രതിനിധികളും ഉൾപ്പെടുന്ന വാർഡ് വികസന സമിതികളും, ഇങ്ങനെ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കപ്പെടുന്ന പഞ്ചായത്ത് വികസന സമിതിയും ചേർന്ന് വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലെ സാമൂഹ്യക്ഷേമ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണെന്ന് വിഭാവനം ചെയ്യുന്നു.

അയൽക്കൂട്ടങ്ങൾ:-

ഓരോ പ്രദേശത്തേയും അടുത്തടുത്ത് താമസിക്കുന്ന 20 മുതൽ 40 വരെ കുടുംബങ്ങളുടെ കൂട്ടം. അവയിൽ നിന്ന് 2 പ്രതിനിധികളെ (1 പുരുഷൻ, 1 സ്ത്രീ.) തിരഞ്ഞെടുക്കേണ്ടതാണ്. മേൽപ്പറഞ്ഞ പഞ്ചായത്ത് വികസന സമിതി ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കേണ്ടതാണെന്നും വിഭാവനം ചെയ്യുന്നു.

"പരിശ്രമം ചെയ്യുകുലെന്തിനേയും
കരത്തിലാക്കാൻ തക്കവണ്ണം
ദീർഘങ്ങലാം കൈകളെ
നൽകിയത്രെ ഭവാൻ "

## 2. ഗ്രൂപ്പ് ഇൻഷുറൻസ്

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി

## 3. സ്വാശ്രയ സംഘങ്ങൾ

അംഗങ്ങളുടെ ഇടയിൽ മിതവ്യയത്തിലൂടെ സമ്പാദ്യശീലം വർദ്ധിപ്പിച്ച് സാമ്പത്തിക സ്വയം പര്യാപ്തതയിലേക്ക് നയിക്കാൻ ഉദ്ദേശിച്ചുള്ള സ്വാശ്രയ സംഘങ്ങൾക്ക് രൂപം കൊടുക്കുക.

## 4. സൗജന്യ വൈദ്യ പരിശോധന

തുടക്കത്തിലേ ക്യാൻസർ കണ്ടെത്തൽ പരിശോധന,സൗജന്യ നേത്ര പരിശോധന, പ്രകൃതി ചികിത്സാ രീതികളുടെ പ്രചാരണം, യോഗാഭ്യാസം, ഒറ്റമൂലി ചികിത്സ, തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക.

## 5. ബോധവൽക്കരണം

ആരോഗ്യ ബോധവൽക്കരണം, ഉപഭോക്ത ബോധവൽക്കരണം, നിയമ സാക്ഷരതാ പരിപാടി തുടങ്ങിയവ സംഘടിപ്പിക്കുക.

6. സർക്കാർ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള ക്ഷേമ പരിപാടികൾ കണ്ടെത്തി അർഹരായ ആളുകൾക്ക് യഥാസമയം പ്രയോജനപ്പെടുത്തുക. ഉദാ: വിധവ, അന്ധർ, ബധിരർ മൂകർ തുടങ്ങിയവരുടെ പെൻഷൻ പദ്ധതികൾ

7. സർക്കാർ ഇതര ഏജൻസികളിൽ നിന്നുള്ള സഹായങ്ങൾ കണ്ടെത്തി അർഹരായ ആളുകൾക്ക് എത്തിക്കുക.

## 8. ലഹരി വിമുക്ത ഗ്രാമം കെട്ടിപ്പെടുക്കൽ

മദ്യം, മയക്കുമരുന്ന് , പുകവലി, എന്നിങ്ങനെയുള്ള ലഹരി പദാർത്ഥങ്ങളിൽ നിന്ന് ഈ ഗ്രാമത്തെ വിമുക്തമാക്കി ഒരു ലഹരി വിമുക്ത ഗ്രാമം കെട്ടിപ്പെടുക്കുക

## 9. സമഗ്ര ഹരിജൻ ഗിരിജൻ വികസന പദ്ധതികൾ

ഈ വിഭാഗത്തിൽ സമഗ്ര വികസനത്തിനായി പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുക.

'വീട് വലിയ ലോകം'
ഒക്കെയും കണ്ടു കഴിഞ്ഞപ്പോഴാണല്ലോ
മക്കളെ നാം ഓർത്തിടുന്നു
നാടായ നാടൊക്കെ കണ്ടുവെങ്കിലും
വീടാണു ലോകം വലിയ ലോകം.

## ഭവന നിർമ്മാണം

വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്തിലെ ദുർബ്ബല വിഭാഗങ്ങൾ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് പലതരം വിഷമതകൾ നേരിടുന്നു. ഗിരിജൻ മേഖലകളിൽ കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്തതും, സ്വന്തം ഭൂമിയിൽ നിൽക്കുന്ന വൃക്ഷങ്ങൾ വെട്ടി എടുക്കുന്നതിന് വനനിയമം തടസ്സമാകുന്നതും പ്രധാന പ്രശ്നങ്ങളാണ്. അതു കൊണ്ട് തലമുറകളായി കൈവശം വച്ചുകൊണ്ടിരിക്കുന്ന ഈ ഭൂമി സംബന്ധമായ നിയമങ്ങൾ മാറ്റേണ്ടിയിരിക്കുന്നു. ഭവനനിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും വിലക്കൂടുതലും ഈ രംഗത്തെ വിഷമതകൾ കൂടുതൽ സങ്കീർണ്ണമാക്കുന്നു. ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന IRDP സർവ്വേ പ്രകാരമുള്ള വിവരങ്ങൾ താവെ ചേർക്കുന്നു.

ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| I | 83 | 4SCST | 4 | - | 79 |
| II | 92 | 21SCST | 21 | - | 71 |
| III | 64 | 4 | 2 | 2 | 60 |
| IV | 85 | 8 | 7 | 1 | 77 |
| V | 56 | 3 | 3 | - | 53 |
| VI | 90 | 1 | 1 | - | 89 |
| VII | 260 | 80 | 58 | 22 | 180 |
| VIII | 240 | 55 | 38 | 17 | 185 |
| IX | 148 | 56 | 33 | 23 | 92 |
| X | 152 | 35 | 24 | 11 | 117 |
| ആകെ | 1104 | 267 | 191 | 76 | 103 |

### ഭവന നിർമ്മാണ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ: –

1. ഗവണ്മെന്റ് മുഖേന പല ഡിപ്പാർട്ട്മെന്റ് വഴി നടക്കുന്ന ഭവന നിർമ്മാണ പദ്ധതികൾക്കുള്ള ഗ്രാന്റുകളും വായ്പകളും വർദ്ധിപ്പിക്കുക.

2. ചെറിയ കുടുംബത്തിനുള്ള വീടിന്റെ തുകയിലും പ്ലാനിലും സ്ഥിരീകരണം ഉണ്ടാക്കുക.

3. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണ ബാങ്ക്, ദേശസാൽകൃത ബാങ്കുകൾ, ,ഷെഡ്യൂൾഡ് ബാങ്കുകൾ, മത സ്ഥാപനങ്ങൾ, സാമൂഹ്യ സംഘടനകൾ ഇവ വഴി ഭവന നിർമ്മാണത്തിനുള്ള ഗ്രാൻരുകളും വായ്പകളും വിതരണം ചെയ്യുക.

4. വീടു പണിക്കാവശ്യമായ സാധനങ്ങൾ നിർമ്മിക്കുന്നതിനുള്ള നിർമ്മിതി കേന്ദ്രങ്ങൾ സ്ഥാപിക്കുക

5. ചിലവു കുറഞ്ഞ വീട് നിർമ്മാണത്തിനുള്ള ബോധവൽക്കരണം നടത്തുകയും നിർമ്മിത കേന്ദ്രം,. cost ford മറുനാടൻ ഡവലപ് മെന്റ് സൊസൈറ്റി എന്നിങ്ങനെയുള്ള സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പു വരുത്തുകയും ചെയ്യുക.

6. ചിലവു കുറഞ്ഞ ഭവനനിർമ്മാണത്തിന് തൊഴിലാളികൾക്കാവശ്യമായ പരിശീലനം കൊടുക്കുക.

7. ഗവണ്മെന്റ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ ഭവന നിർമ്മാണ പദ്ധതികൾ പഞ്ചായത്തിൽ വ്യാപിപ്പിക്കുക.

8. സർക്കർ സഹായത്തോടെ പണിയുന്ന വീടുകൾ കൈമാറ്റം ചെയ്യാതിരിക്കാൻ വ്യവസ്ഥ ചെയ്യുക. ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ കൈമാറ്റം ചെയ്യുമ്പോൾ സർക്കാരിലേക്ക് അടയ്ക്കാനുള്ള മുഴപവൻ തുകയും തിരിച്ചു പിടിക്കുന്നതിന് വ്യവസ്ഥ ചെയ്യുക.

9. ദുർബ്ബല വിഭാഗങ്ങൾക്ക് വീട് പുതുക്കിപ്പണിയുന്നതിന് സാമ്പത്തിക സഹായം നൽകുക.

10. **'ചിലവു കുറഞ്ഞ വീട് സന്തുഷ്ട വീട്'** എന്ന ആശയം ജനങ്ങളിൽ വ്യാപിപ്പിക്കുക. എല്ലാവർക്കും വീട് എന്ന ആശയം സാക്ഷാത്ക്കരിക്കുന്നതിന് പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും സഹകരണം ഉറപ്പു വരുത്തുക.

IRDP സർവ്വേ പ്രകാരം വീടുകളുടെ ആവശ്യകത കാണിക്കുന്ന ചിത്രം

| | |
|---|---|
| വീടുകൾ ആവശ്യമുള്ളത് | 91% |
| പുതിയ വീടുകൾ പണിതത് | 9% |




IRDP സർവ്വേ പ്രകാരം വീടുകളുടെ ആവശ്യക്കാരെ കാണിക്കുന്ന ചിത്രം



# സംസ്കാരം

മാതൃകാപരവും അഭിമാനകരവുമായ സാംസ്കാരികപൈതൃകം അവകാശപ്പെടാവുന്ന നാടാണ് നമ്മുടേത്. വർഗ്ഗീയതയും മതഭ്രാന്തും കടന്നുകയറാൻ ഇടം കൊടുക്കാത്ത, രാഷ്ട്രീയചേരിപ്പോരുകൾക്കും സംഘട്ടനങ്ങൾക്കും വേരോട്ടമനുവദിക്കാത്ത തീർത്തും ആർഷസംസ്കാരത്തിന്റെ ചൈതന്യമേറ്റുവാങ്ങിയ നാടാണ് വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് പ്രദേശം. പുരാതനമായ ഹിന്ദു, ക്രിസ്ത്യൻ ,മുസ്ളീം ദേവാലയങ്ങൾ ഈ പഞ്ചായത്തിലുണ്ട്. വിത്യസ്തമതവിഭാഗങ്ങൾ ഒരുമയോടെ കഴിയുന്ന നാട്. ആർഷഭാരതത്തിന്റെ സനാതനധർമ്മങ്ങളും മതേതരസംസ്കാരവും ഹൃദയത്തിലേറ്റുവാങ്ങി താലോലിക്കുന്ന ജനത. പള്ളിപ്പെരുന്നാളുകൾക്കും ക്ഷേത്രോൽസവങ്ങൾക്കും മറ്റും ജാതിമത ഭേദമില്ലാതെ സഹകകരണവും സഹവർത്തിത്വലും പുലർത്തി ഉന്നത നിലവാരത്തിലെത്തിയ ജനത ഗ്രാമവാസികളുടെ മതമൈത്രിയും സമുദായ സൗഹാർദ്ദവും അനുകരണീയമാണ്. പ്രകടമായ രാഷ്ട്രീയ ചേരിത്തിരിവുകളും പ്രസ്ഥാനങ്ങളും ഇവിടെ ഇല്ലെന്നു തന്നെ പറയാം.

ഈ പഞ്ചായത്തിലെ ഏറ്റവും പുരാതനമായ വെള്ളിയാമറ്റം ശ്രീദേവീ ക്ഷേത്രത്തിന് നാലു നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. കൊന്താലപള്ളിയും പഴക്കമേറിയ തീർത്ഥാടന കേന്ദ്രമാണ്. പഞ്ചായത്തിലെ പ്രമുഖ കൃസ്ത്യൻ തീർത്ഥാടന കേന്ദമാണ് പന്നിമറ്റം കത്തോലിക്കാ ദേവാലയം. ചാത്തന്നൂർ ശ്രീ മഹാദേവ ക്ഷേത്രവും ഏറെക്കാലം മുമ്പേ സ്ഥാപിതമാണ്. നെൽപ്പാടങ്ങളും തെങ്ങിൻ തോപ്പുകളും കാട്ടരുവികൾ ചേതോഹരമാക്കിയ മലമടക്കുകളും കൊണ്ട് പ്രകതി രമണീയമായ ഈ നാടിന് വരദാനം പോലെ വെള്ളിയാമറ്റ ആറും അനുഗ്രഹമായി തീർന്നിരിക്കുന്നു.

## കലയും സാഹിത്യവും

സ്വാതന്ത്ര്യലബ്ദിക്കു ശേഷമുള്ള മൂന്നു പതിറ്റാണ്ടുകളിൽ ഈ നാട്ടിൽ കലാ സാഹിത്യ പ്രസ്ഥാനങ്ങളുടെ വൻ മുന്നേറ്റം തന്നെയുണ്ടായി. 1954 ൽ കലയന്താനിയിൽ ശോഭന ആർർട്സ് ക്ലബ്ബ് രൂപീകൃതമായതോടെ സാമൂഹ്യനാടകങ്ങൾക്കും ഗാനമേളകൾക്കും മറ്റും അരങ്ങൊരുങ്ങി.1956 ൽ 'ഇടയനും തൊഴുത്തും' എന്ന സാമൂഹ്യനാടകം സംസ്ഥാനതല മത്സരത്തിൽ പ്രഥമ സ്ഥാനം നേടി. മതേതര സന്ദേശം ഉൾക്കൊണ്ട പ്രസ്തുത നാടകം ഈ ജില്ലയുടെ പല ഭാഗത്തും സമീപ ജില്ലകളിലും അവതരിപ്പിക്കപ്പെട്ടു. ഈ ക്ലബ്ബ് പരിവർത്തന വിധേയമായി രൂപം കൊണ്ടതാണ്, സംഗീതനാടക അക്കാദമിയുടെ അംഗീകാരമുള്ള കലയന്താനി സമന്വയം ക്ലബ്ബ്. ഈ കാലയളവിൽ നാടകകൃത്തും ചിത്രകാരനും ശില്പിയുമായ സ്കകൈലാർക്ക് എന്ന പേരിൽ അറിയപ്പെടുന്ന ശ്രീ. കെ.ഒ. വർക്കി കലാസാംസ്കാരിക രംഗങ്ങളിൽ മികച്ച സംഭാവനകൾ നൽകുകയുണ്ടായി. പ്രസിദ്ധീകരിച്ചിട്ടുള്ള നാടകങ്ങൾക്കു പുറമേ ആകാശവാണിയിലും സ്വന്തം നാടകങ്ങൾ പ്രേക്ഷേപണം ചെയ്തിട്ടുണ്ട്.

തുടർന്ന് ഇളംദേശത്ത് 'ദേശീയ കലാവേദി' രൂപീകൃതമായി. ഒട്ടേറെ ചരിത്രനാടകങ്ങൾ അവതരിപ്പിച്ച് ഈ സമിതിയും കുറെ കലാപ്രതിഭകളെ രംഗത്തവതരിപ്പിക്കുയുണ്ടായി. മേൽപ്പറഞ്ഞ രണ്ട് സമിതികളിൽ പ്രവർത്തിച്ച് പരിശീലനം നേടിയവരാണ് സ്റ്റേറ്റ് അവാർഡ് ജേതാക്കളായ ഡി. മൂക്കനും, ബേബി ഫ്രാൻസിസും, ജോസ് താനയും മറ്റും. ഇവരിപ്പോൾ അറിയപ്പെടുന്ന നാടകനടന്മാരും ടി.വി. താരങ്ങളുമാണ്. അഭിനയം, സംവിധാനം എന്നീ മേഖലകളിൽ ശ്രീ. കെ.എസ്. ദേവ് കൊച്ചുകരോട്ടും തന്റേതായ സംഭാവനകൾ ഈ രംഗത്ത് അർപ്പിച്ചിട്ടുണ്ട്. കൂടാതെ നാടകരചനയിൽ വെള്ളിയാമറ്റത്ത് ശ്രീ. പോൾ ജി. കരോട്ടും, പന്നിമറ്റത്ത് ശ്രീ. എം.എസ്. ആന്റണിയും ശ്രദ്ധേയമായ സംഭാവനകൾ കാഴ്ച വച്ചു. 1970 നു ശേഷം വെട്ടിമറ്റത്ത് 'നീലിമ' ക്ലബ്ബ് വിവിധ കലാ പരിപാടികളും, കിഴക്ക് ഗിരിജൻ മേഖലകളിൽ കൊമ്പുകളി,,പരിചമുട്ടുകലി, ഗരുഡൻ തൂക്കം, തുടങ്ങിയ നാടൻ കലാരൂപങ്ങളും അവതരിപ്പിക്കുയുണ്ടായി.

ഇതേ കാലയളവിൽ വെള്ളിയാമറ്റത്ത് S.J. നാഷണൽ ലൈബ്രറിയും കലയന്താനി വിശ്വദീപ്തി ലൈബ്രറിയും ഇളംദേശം ലൈബ്രറിയും സജീവ പ്രവർത്തനം കാഴ്ച വച്ചു. പന്നിമറ്റത്തുണ്ടായിരുന്ന ലൈബ്രറിയും കാര്യമായ പുരോഗതി കൈവരിച്ചുവെങ്കിലും പിന്നീട് പ്രവർത്തന രഹിതമായി. കലയന്താനി യുഗശില്പി ക്ലബ്ബ് ഒട്ടേറെ കലാ കായിക പരിപാടികളും സാമൂഹ്യ സേവന പരിപാടികളും നടത്തി ജനപിന്തുണ നേടി. യുഗശില്പിയുടെ സംഭാവനയാണ് പ്രശസ്ത നോവലിസ്റ്റ ഇഗ്നേഷ്യസ് കലയന്താനി.

## കായികരംഗം

ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും പ്രശസ്തരായ കായിക താരങ്ങൾ ഈ പഞ്ചായത്തിന്റെ അഭിമാന സ്തംഭങ്ങളായിട്ടുണ്ട്. ഇളംദേശത്ത് മേരി ജോസഫ് പള്ളിക്കാമാലിയും ശാന്തി മോൾ ഫിലിപ്പ് കല്ലറക്കലും ഒട്ടേറെ ദേശീയ ബഹുമതികൾ കിട്ടിയ കായികതാരങ്ങളാണ്. ശാന്തിമോൾ ഫിലിപ്പ് കായികരംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി. വെള്ളിയാമറ്റം യംഗ് ടൈഗേഴ്സ് ക്ലബ്ബും പന്നിമറ്റം JVC ക്ലബ്ബും നന്നായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കായിക പ്രതിഭകൾക്ക് വളരാൻ പറ്റിയ യാതൊരു അനുകൂല ഘടകങ്ങളും നമ്മുടെ പഞ്ചായത്തിൽ ഇല്ല എന്നത് ഒരു ദുഃഖ സത്യമാണ്. ഒരു പൊതു കളിസ്ഥലത്തിന്റെ അഭാവം ഇതിനുദാഹരണമാണ്. എൺപതുകളുടെ പിറവിയോടെ ഈ നാട്ടിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിലും കായികരംഗങ്ങളിലും അപരിഹാര്യമായ തിരിച്ചടി നേരിട്ടു. ദൃശ്യമാധ്യമങ്ങളുടെ കടന്നു കയറ്റം നിലവാരമില്ലാത്ത പ്രസിദ്ധീകരണങ്ങളുടെ നൈമിഷികമായ ആകർഷണീയത, സർക്കാരിന്റെ നിസംഗത, പരിപാടികളുടെ അവതരണത്തിന് നേടിടേണ്ടി വരുന്ന ഭാരിച്ച പണച്ചിലവ് എന്നിവയെല്ലാം ഈ സ്ഥിതി വിശേഷത്തിന് കളമൊരുക്കി. വെള്ളിയാമറ്റം പഞ്ചായത്തിന്റെ സാമ്പത്തിക പരാധീനത നിമിത്തം ക്ലബ്ബുകളേയും സാംസ്കാരിക പ്രസ്ഥാനങ്ങളേയും അവരുടെ പ്രതീക്ഷക്കൊത്ത് പ്രോത്സാഹിപ്പിക്കാൻ കഴിഞ്ഞില്ല എന്നത് വസ്തുതയാണ്. ഗ്രന്ഥശാലകൾ പലതും ഇന്ന് പ്രതിസന്ധിയിലാണ്. പുസ്തകങ്ങളുടെ വില പതിന്മടങ്ങ് വർദ്ധിച്ചു. തന്മൂലം പേരിന് മാത്രം പ്രവർത്തിക്കുന്ന ഗ്രന്ഥ ശാലകളും കലാ കായിക സമിതികളും പലതുമുണ്ട്. പരമ്പരാഗത കലാരൂപങ്ങളാവട്ടെ മുരടിച്ച് വളർച്ച നിന്ന രീതിയിലാണ്. രജിസ്ട്രേഷൻ ഇല്ലാത്ത ലൈബ്രറികളും ക്ലബ്ബുകളും രജിസ്റ്റർ ചെയ്യാനും വ്യവസ്ഥാപിത പ്രവർത്തനത്തിലൂടെ സജീവമാക്കാനും കഴിയണം. നമ്മുടെ പഞ്ചായത്തിൽ ഒരു സിനിമാ തീയേറ്ററില്ല. ഇളംദേശത്ത് ഒരെണ്ണമുണ്ടായിരുന്നത് പ്രവർത്തന രഹിതമായിട്ട് വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. പള്ളിപ്പറമ്പുകളിലും അമ്പലപ്പറമ്പുകളിലും അരങ്ങേറുന്ന വാർഷിക കലാപരിപാടികൾ മാത്രമാണ് കലാസ്വാദകർക്ക് ഒട്ടൊന്നാശ്വാസത്തിന് വക നൽകുന്നത്.

പ്രാദേശിക പ്രസിദ്ധീകരണങ്ങൾ ഒന്നും തന്നെ ഇവിടെ ഇല്ല. കലാ കായിക സാസ്കാരിക മനേഖലകളിൽ വനിതകളുടെ ഭാഗഭാഗികത്വമാകട്ടെ തുലോം വിരളമാണ്.

## പ്രശ്നങ്ങൾ

1. പുസ്തകങ്ങളുടേയും ഉപകരണങ്ങളുടെയും ഭീമമായ വിലക്കയറ്റം
2. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം.
3. നാടൻ കലാ രൂപങ്ങളുടെ അധോഗതി
4. കളിസ്ഥലങ്ങളുടെ അപര്യാപ്തത.
5. പരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള പൊതുവേദികളുടെ അഭാവം.
6. കലാകായിക പരിപാടികൾക്ക് പരിശീലന സൗകര്യമില്ല.
7. സാംസ്കാരിക പ്രസ്ഥാനങ്ങളിൽ വനിതാ പ്രവർത്തകരുടെ പരിമിതികളും അഭാവവും.

## പരിഹാര നിർദ്ദേശങ്ങൾ

1. ഗ്രന്ഥശാലകളേയും ക്ലബ്ബുകളേയും സഹായിക്കാൻ കൂടുതൽ ഫണ്ട നുവദിക്കുക. പഞ്ചായത്ത് തലത്തിൽ കലാ കായിക സാംസ്കാരിക സമിതി ഉണ്ടാക്കുകയും പ്രവർത്തന ഫണ്ട് അനുവദിക്കുകയും ചെയ്യുക.

2. കലാകായിക പ്രതിഭകൾക്ക് പരിശീലന സൗകര്യമുണ്ടാക്കുക.

3. നാടൻ കലാരൂപങ്ങൾക്ക് പ്രത്യേക വേദികളൊരുക്കുകയും മത്സരങ്ങൽ സംഘടിപ്പിക്കുകയും ചെയ്യുക. അവശകലാകാരന്മാർക്ക് ഗ്രാന്റ് അനുവദിക്കുക.

4. പഞ്ചായത്ത് തലത്തിൽ കലാ കായിക മേളകൾ സജീവമായി നടത്തുക. അതിനായി പ്രത്യേക കർമ്മ സമിതിയെ നിയോഗിക്കുക. മത്സരവിജയികൾക്ക് കാഷ് അവാർഡും പ്രോത്സാഹനങ്ങലും നൽകുക.

5. മതസൗഹാദ്ര സമ്മേളനങ്ങളും സാക്ഷരതാ പരിപാടികളും ഊർജ്ജിതമായും കാര്യക്ഷമമായും നടത്തുക.

6. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ രജിസ്റ്റർ ചെയ്യാത്ത ലൈബ്രറികൾക്ക് പുസ്തക സംഖ്യ വർദ്ധിപ്പിക്കുന്നതിനും ഗ്രാന്റ് വാങ്ങുന്നതിനും ഒത്താശ ചെയ്തു കൊടുക്കുക.

7. വനിതകളുടെ ഈ രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ ബോധവൽക്കരണം നടത്തുകയും നിലവിലുള്ള വനിതാ പ്രവർത്തകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

8. ലൈബ്രറികൾ നിലവിലില്ലാത്ത വാർഡുകളിൽ നിർബന്ധമായും അവ ആരംഭിക്കാൻ നടപടിയെടുക്കുക.

9. കലയന്താനിയിൽ പഞ്ചായത്ത് വക സ്ഥലത്ത് കലാസാംസ്കാരിക പ്രസ്ഥാനങ്ങൾക്കായി വേദി പണിയുക.

10. ലൈബ്രറികളും ക്ലബ്ബുകളും പരിശോധിച്ച് വിലയിരുത്താൻ പഞ്ചായത്ത് തലത്തിൽ കർമ്മ സമിതി ഉണ്ടാക്കുക.

എല്ലാറ്റിനുമുപരിയായി പഞ്ചായത്തിലെ എല്ലാ കലാ കായിക സാംസ്കിരിക വനിതാ സംഘടനകൾക്കും ഉണർവ്വും ഉത്തേജനവും പകരാൻ പഞ്ചായത്ത് കമ്മറ്റിയുടെ ഉത്തരവാദിത്വത്തിൽ പ്രസ്തുത സംഘടനകളുടെ ഐക്യനിര കെട്ടിപ്പെടുക്കുകയും വേണം.

### നിലവിലുള്ള സാസ്കാരിക സ്ഥാപനങ്ങൾ – ഗ്രന്ഥശാലകൾ

| No. | പേരും മേൽവിലാസവും | ഏതു സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ | രജിസ്റ്റർ നമ്പർ | വാർഡ് | അംഗ സംഖ്യ | സ്ഥാപിച്ച വർഷം | കെട്ടിടത്തിന്റെ വിവരം | ഗ്രേഡ് | ഗവ ഗ്രാന്റ് ലഭിക്കുന്നുണ്ടോ | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതി മാസ പുസ്തക വിതരണം | ആനുകാലികങ്ങളുടെ എണ്ണം | അനുബന്ധപ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | വിശ്വദീപ്തി ലൈബ്രറി, കലയന്താനി | സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ | 3791 | I | 525 | 1970 | സ്വന്തം | D | ഉണ്ട് | 2100 | 420 | 12 | ആട്സ് ക്ലബ്ബ് സാഹിത്യകലാ കായിക മത്സരങ്ങൾ |
| 2 | ഇളംദേശം ലൈബ്രറി, ഇളംദേശം | " | 1137 | I | 440 | 1951 | വാടക | C | ഉണ്ട് | 5000 | 400 | 9 | - |
| 3. | ദേശസേവിനി ലൈബ്രറി, വെട്ടിമറ്റം | " | 3542 | II | 629 | 1996 | സ്വന്തം | C | ഉണ്ട് | 3485 | 1500 | 15 | ഓണാഘോഷം സെമിനാറുകൾ |
| 4. | ദർശന ലൈബ്രറി,, ഇളംദേശം | " | 5512 | III | 100 | 1992 | വാടക | F | ഇല്ല | 1003 | 360 | 9 | ആട്സ് & സ്പോർട്സ് ക്ലബ്ബ് |
| 5. | എസ്.ജെ.നാഷണൽ ലൈബ്രറി, വെള്ളിയാമറ്റം | " | 1166 | V | 947 | 1950 | സ്വന്തം | C | ഉണ്ട് | 6558 | 660 | 10 | സ്വാതന്ത്ര്യദിനാഘോഷ ശുചീകരണ വാരം |
| 6. | പഞ്ചായത്ത് സാംസ്കാരിക നിലയം, പന്നിമറ്റം | ഇല്ല | | VI | 88 | 1993 | സ്വന്തം | - | ഇല്ല | 1000 | 360 | 5 | - |

## സാംസ്കാരിക സ്ഥാപനങ്ങൾ, ക്ലബ്ബുകൾ

| No | പേര് വാർഡ് | രജിസ്റ്റർ നമ്പർ | ആരംഭിച്ച വർഷം | അംഗ സംഖ്യ | കെട്ടിടത്തിന്റെ വിവരം | ഏത് സ്ഥാപനത്തിന്റെ അഫിലിയേഷൻ | പ്രധാന പ്രവർത്തന പരിപാടികൾ |
|---|---|---|---|---|---|---|---|
| 1. | യുഗശില്പി, കലയന്താനി | 137/80 | 1980 | 80 | സ്വന്തം | NYK | രക്തദാനം, നേത്രദാനം, സാമൂഹ്യ സേവന പരിപാടികൾ |
| 2. | സമുന്വയം, കലയന്താനി | 174/89 | 1989 | 25 | സ്വന്തം | സംഗീത നാടക അക്കാദമി | ഓണാഘോഷം<br>കലാകായിക സാഹിത്യ മത്സരങ്ങൾ |
| 3. | നീലിമ, വെട്ടിമറ്റം | | 1990 | 25 | സ്വന്തം | NYK | സെമിനാറുകൾ, കലാ കായിക സാഹിത്യപരിപാടികൾ,<br>ടി.വി. പരിപാടികളുടെ പ്രദർശനം |
| 4. | വിന്നേഴ്സ്, ഇളംദേശം | | 1996 | 53 | വാടക | - | കലാകായിക പരിപാടികൾ |
| 5. | യംഗ് ടൈഗേഴ്സ്, വെള്ളിയാമറ്റം | | 49 | വാടക | NYK | ടി.വി. | പരിപാടികളുടെ പ്രദർശനം, വോളിബോൾ മേളകൾ |
| 6. | പ്രിതിദ, കറുകപ്പിള്ളി | | 93 | 65 | വാടക | NYK | കലാകായിക പരിപാടികൾ ടി.വി. പരിപാടികളുടെ പ്രദർശനം |
| 7. | JVC പന്നിമറ്റം | | 93 | 20 | വാടക | - | വോളിബോൾ ടൂർണമെന്റുകൾ |
| 8. | ഉദയ, പതിക്കാമല | | 1988 | 50 | സ്വന്തം | | കായികകലാപരിപാടികൾ |
| 9. | ദർശന, മേത്തൊട്ടി | 167/86 | 86 | 30 | സ്വന്തം | NYK | കലാകായിക പരിപാടികൾ |
| 10. | ചിലങ്ക ആട്സ് & സ്പോർട്സ് ക്ലബ്ബ്, പൂച്ചപ്ര | | | | വാടക | NYK | കലാകായിക പരിപാടികൾ |
| 11 | ഉപാസന, മേത്തൊട്ടി | 784/92 | | 92 | വാടക | NYK | കലാകായിക പരിപാടികൾ |
| 12 | നവജ്യോതി കൂവക്കണ്ടം | 162/94 | | | വാടക | NYK | do |
| 13. | അർച്ചന കോഴിപ്പിള്ളി | | | | വാടക | | do |
| 14 | എം.ഐ. രാമൻ മെമ്മോറിയൽ | | 87 | | സ്വന്തം | NYK | do |
| 15 | ജനബോധിനി, കോഴിപ്പിള്ളി | | 83 | | സ്വന്തം | | do |
| 16 | ചൈതന്യ, നാടുകാണി | 142/88 | 88 | | സ്വന്തം | NYK | do |
| 17. | പൊൻപുലരി, കരിപ്പിലങ്ങാട് | 147/90 | 1990 | | സ്വന്തം | NYK | do |
| 18. | അനശ്വര, കോളപ്ര | 25/86 | 1986 | | വാടക | NYK | കലാകായിക പരിപാടികൾ, ടി.വി. പ്രദർശനങ്ങൾ |
| 19. | ഗ്രാമവികസന സമിതി , നാളിയാനി | 185/95 | 1995 | | വാടക | NYK | സാമൂഹ്യസേവന പരിപാടികൾ |
| 20. | പൊൻപുലരി , കരിപ്പലങ്ങാട് | | 1990 | | വാടക | | വായനശാല, കലാപരിപാടികൾ |
| 21. | കർമ്മബോധി, പന്നിമറ്റം | | 1990 | | വാടക | | സാമൂഹ്യസേവന പരിപാടികൾ,<br>മെഡിക്കൽ ക്യാമ്പുകൾ, രക്തദാനം |



# വനിതാ ക്ഷേമം

നമ്മുടെ സംസ്ഥാനത്തെ ആസൂത്രണ പ്രക്രിയയിൽ ഒരു പുതിയ യുഗ പിറവി ആസന്നമായിരിക്കുന്നു. താഴെത്തട്ടിൽ നിന്നും ജനപങ്കാളിത്തത്തോടു കൂടിയുള്ള ആസൂത്രണം 9-ാം പദ്ധതിക്കുള്ള തയ്യാറെടുപ്പ് ഈ സമീപനത്തെ അടിസ്ഥാനമാക്കിയായിരിക്കും.

ഒൻപതാം പദ്ധതിയിൽ പ്രധാനമായും നമ്മൾ ചർച്ച ചെയ്യപ്പെടേണ്ട ഒരു വിഷയമാണ് വനിതാക്ഷേമം. ജനസംഖ്യയിലിൽ പകുതിയിലധികം വരുന്ന സ്ത്രീകളുടെ സാമൂഹ്യ സാംസ്കാരിക പദവി ഉയർത്തണമെന്ന ആശയത്തെ ലക്ഷ്യം വച്ചു കൊണ്ടായിരിക്കണം സ്ത്രീകൾക്കു വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്.

## ചരിത്രം

പഞ്ചായത്തിന്റെ ചരിത്രം പരിശോധിച്ചാൽ പതിറ്റാണ്ടുകൾക്കു മുമ്പു തന്നെ സത്രീകൾ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നതായി കാണാം. 1956 ൽ കലയന്താനിയിൽ സ്ഥാപിച്ച ഖാദി സൊസൈറ്റി ഇതിനുദാഹരണമാണ്. ഈ സ്ഥാപനത്തിൽ ഏകദേശം 160 സ്ത്രീകളും 5 പുരുഷന്മാരും ഉൾപ്പെട്ടിരുന്നു. ബഹുമാന്യയായ മേരി നിക്കോളാസ് ആയിരുന്നു സ്ഥാപനത്തിന്റെ പ്രസിഡന്റ് സ്ഥാനം അലങ്കരിച്ചിരുന്നത്. ചർക്കയിൽ നൂൽ നൂൽക്കുകയായിരുന്നു പ്രധാന പ്രവർത്തനം. എന്നാൽ സാമ്പത്തിക പരാധീനത മൂലം കാലക്രമേണ സ്ഥാപനം പ്രവർത്തനരഹിതമായി.

ഈ പഞ്ചായത്തിലെ പ്രധാന വനിതാ മെമ്പർ അന്നമ്മക്കുട്ടി മാനുവൽ കാടങ്കാവിൽ ആയിരുന്നു. സ്ത്രീകൾ പൊതുരംഗത്തേക്ക് കടന്നു വരാൻ മടിച്ചു നിന്ന കാലഘട്ടമായിരുന്നു അത്. എന്നാൽ ആ അവസ്ഥക്ക് ഇപ്പോൾ മാറ്റം വന്നിട്ടുണ്ട് സമൂഹത്തിൽ ഏതൊരു രംഗത്തും സ്ത്രീകൾ ഇപ്പോൾ കടന്നു വന്നു കൊണ്ടിരിക്കുന്നു. ഇതി വളരെ ആശാവഹമാണ്. പുതുയ ഗ്രാമപഞ്ചായത്ത് നിയമം അനുസരിച്ച് നേതൃനിരയിലേക്ക് കടന്നു വന്നതും ഒരു വനിതാ പ്രസിഡന്റ് അഡ്വ. റ്റിംബിൾ മാഗിയാണ്.

## ആരോഗ്യം

സാധാരണക്കരായ ജനങ്ങളാണ് ഇവിടെ അധികം പാർക്കുന്നത്. ദാരിദ്ര രേഖക്ക് താഴെയുള്ളവരും നാമമാത്രമായ കൃഷികളിലേർപ്പെട്ടിരിക്കുന്നതും, നിത്യ വരുമാനമില്ലാത്തവരും ഇവിടെ ധാരാളമുണ്ട്. കുടുംബത്തിലെ സാമ്പത്തിക ഭദ്രതയില്ലായ്മ സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങളെ വളരെയധികം പ്രതികൂലമായി ബാധിക്കുന്നു.

സ്ത്രീകളുടെയും കുട്ടികളുടേയും ആരോഗ്യ സംരക്ഷണത്തിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ പ്രധാന പങ്കു വഹിക്കുന്നു. ഈ പഞ്ചായത്തിൽ 3 പ്രൈമറി ഹെൽത്ത് സെന്ററുകളും 4 സബ് സെന്ററുകളുമുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങൾ കാര്യക്ഷമമമായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യമില്ല. സ്ഥിരമായ ഡോക്ടർമാരെ നിയമിക്കുകയും മരുന്നുകൾ യഥാസമയം ആവശ്യത്തിന് എത്തിക്കുകും വേണം.

പഞ്ചായത്തിലെ P.H.C. കളിൽ സ്ത്രീ രോഗ വിദഗ്ധരെ അത്യാവശ്യമായി നിയമിക്കേണ്ടതാണ്. ശിശുമരണ നിരക്ക് താരതമ്യേന കുറവാണ്. ഇവിടുത്തെ സ്ത്രീകളും കുട്ടികളും നേരിടുന്ന പ്രധാന ആരോഗ്യ പ്രശ്നം പോഷകാഹാരങ്ങളുടെ കുറവാണ്. പോഷക ഗുണമുള്ള പച്ചക്കറികളും പഴങ്ങളും പ്രാദേശികാടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്നതിന് സ്ത്രീകളെ ബോധവൽക്കരിക്കുന്നതിന് പ്രായോഗിക നടപടി ആവശ്യമുണ്ട്.

വ്യക്തിശുചിത്വവും പരിസര ശുചിത്വവും ആരോഗ്യത്തിന്റെ മുഖമുദ്രയാണല്ലോ. ഈ പഞ്ചായത്തിലെ സാധാരണക്കാരായ ഭൂരിപക്ഷം ജനങ്ങളും പ്രാഥമികാവശ്യത്തിനുള്ള കക്കൂസ് ഇല്ലാത്തതിനാൽ പരിസര മലിനീകരണം മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ രൂക്ഷമാണ്. സഹകരണ സ്ഥാപനങ്ങളുടേയും സന്നദ്ധ സംഘടനകളുടേയും ഗവണ്മെന്റ് സഹായത്തോടെ എല്ലാ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി കാല താമസം കൂടാതെ നടപ്പിലാക്കണം. അംഗൻ വാടികളിലേയും സ്കൂളുകളിലേയും കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പുകളും മരുന്നുകളും മറ്റു സഹായങ്ങളും കാലാകാലങ്ങളിൽ P.H.C. വഴി ലഭ്യമാക്കണം.

## വിദ്യാഭ്യാസം

സാക്ഷരതയുടെ കാര്യത്തിൽ കേരളം മുൻപന്തിയിലാണെന്ന് നാം അഭിമാനിക്കാറുണ്ടെങ്കിലും സ്ത്രീകളുടെ വിദ്യാഭ്യാസം വളരെയധികം പിന്നോക്കം നിൽക്കുന്നതായി കാണാം. നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളും ഇതിൽ നിന്നും ഭിന്നരല്ല. ഈ രംഗത്ത് വരും കാലങ്ങളിൽ വളരെയധികം മാറ്റം വരുത്തേണ്ടതുണ്ട്. പൊതുവേവിദ്യാഭ്യാസ സൗകര്യങ്ങളുള്ള പഞ്ചായത്തിലെ ആറ് വാർഡുകളിലെ സ്ത്രീകൾ പുരുഷന്മാരോടൊപ്പം വിദ്യാഭ്യാസം ചെയ്യുന്നവരാണ്. എന്നാൽ ഗിരിവർഗ്ഗമേഖലയായ 7,8,9,10 എന്നീ വാർഡുകളിലെ സ്ത്രീകൾ വിദ്യാഭ്യാസം പരിമിതമായി മാത്രം ഉള്ളവരാണ്.

കുന്നും മലകളും ഊടുവഴികളും നിറഞ്ഞ പ്രദേശങ്ങളായതിനാൽ ഗതാഗത സൗകര്യങ്ങൽ തീരെയില്ല. അതുകൊണ്ടുതന്നെ സ്ഥാപനങ്ങലിലെത്തിച്ചേരാൻ കഴിയാതെ വരുകയും അവരുടെ വിദ്യാഭ്യാസത്തിന് തടസം നേരിടുകയും ചെയ്യുന്നു. രക്ഷിതാക്കളുടെ അറിവില്ലായ്മയും അന്ധവിശ്വാസങ്ങളും സാമ്പത്തിക പരാധീനതയും ഒരു പരിധി വരെ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് വിലങ്ങുതടിയാകാറുണ്ട്. ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും രക്ഷിതാക്കളുടെ ഇടയിൽ ബോധവൽക്കരണം നടത്തിയും സാമ്പത്തികമായ ഭദ്രത ഉറപ്പു വരുത്തിയും ഈ നിലക്ക് മാറ്റമുണ്ടാക്കാവുന്നതാണ്. പൂമാലയിവും നാളിയാനിയിലുമുള്ള ട്രൈബൽ ഹോസ്റ്റലുകൾ ഇക്കാര്യത്തിന് വളരെ സഹായകരമാണ്. എങ്കിലും ഹോസ്റ്റലുകളുടെ അത്യാവശ്യ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഗിരിവർഗ്ഗ മേഖലയിലെ പെൺകുട്ടികൾ പൊതുവെ ഉന്നത വിദ്യാഭ്യാസരംഗത്തെത്തുന്നില്ല. വനിതകൾക്കായുള്ള സാങ്കേതികവും തൊഴിലധിഷ്ടിതവുമായ സ്ഥാപനങ്ങൾ ഈ മേഖലകളിൽ സ്ഥാപിക്കണം. ഏകദേശം 5 വനിതാ എഞ്ചിനീയർമാരെ പഞ്ചായത്തിൽ ഉള്ളൂ. 2 പേർ ഗിരിവർഗ്ഗ വനിതകളാണ്.

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ 7134 സ്ത്രീകളും സാക്ഷരതയുള്ളവരാണ്. ഏകദേശം 1037 വൃദ്ധകളുണ്ട്. പതിനാലു വയസ്സിൽ താഴെയുള്ള 40% കുട്ടികൾ പഠിക്കുന്നവരാണ്. സ്ത്രീകൾക്ക് നല്ല രീതിയിലുള്ള വിദ്യാഭ്യാസം നൽകുന്നതിലൂടെ മാത്രമേ ഇവരുടെ ക്ഷേമം സംരക്ഷിക്കാനാവൂ.

## അംഗൻവാടികളുടെ പ്രവർത്തനം

പഞ്ചായത്തിൽ ആകെ 20 അംഗൻവാടികൾ ഉണ്ട്. 40% ജിവനക്കാരും സ്ത്രീകളാണ്. ഭൂരിപക്ഷം അംഗൻവാടികളിലും കുട്ടികളുടെ കുറവ് അനുഭവപ്പെടുന്നു. നിലവാരം കൂടുതലുള്ള മാനേജ്മെന്റ് സ്ഥാപനങ്ങളിലേക്ക് കുട്ടികളെ ചേർക്കുന്നതും ചെറിയ കുടുംബമെന്ന ആശയവും അംഗൻവാടികളുടെ നിലവാരക്കുറവും ഇതിന് കാരണമാവുന്നുണ്ട്. അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുകയും നല്ല രീതിയിൽ പഠിപ്പിക്കുന്നതിനുള്ള വിദഗ്ദ്ധ പരിശീലനം നല്കി വർക്കർമാരെ നയമിക്കുകയും വേണം. അംഗൻവാടികളിലെ കുട്ടികളുടെ ആരോഗ്യനിലവാരം ഉയർത്തുന്നതിന് പോഷകലഭ്യമേറിയ ഭക്ഷണ പദാർത്ഥങ്ങൾ ആവശ്യത്തിന് വിതരണം ചെയ്യുകയും കുട്ടികൾക്ക് വിനോദത്തിനും വിജ്ഞാനത്തിനും ആവശ്യമായ പഠന സാമഗ്രികൾ ആവശ്യാനുസരണം ലഭ്യമാക്കുകയും വേണം.

## തൊഴിൽ മേഖല

ഈ പഞ്ചായത്തിലെ ബഹു ഭൂരിപക്ഷം സ്ത്രീകളും സ്ഥിരമായ തൊഴിൽ ഇല്ലാത്തവരാണ്. നാമമാത്രമായി കൃഷി ഭൂമികളുള്ള കുടുംബങ്ങലിലെ സ്ത്രീകൽക്ക് സാമ്പത്തിക നേട്ടമുണ്ടാക്കുന്നതിന് മറ്റേതെങ്കിലും മേഖല കണ്ടെത്തേണ്ടിയിരിക്കുന്നു. അങ്ങനെ അവരുടെ കുടുംബ വരുമാനം മെച്ചപ്പെടുത്തുന്നതിനും ജിവിത നിലവാരം ഉയർത്തുന്നതിനും സാധിക്കും. അതിന് സഹകരണാടിസ്ഥാനത്തിലുള്ള തൊഴിൽ പദ്ധതി നടപ്പിലാക്കണം.

കൃഷിഭൂമികളുള്ള പ്രദേശങ്ങളിലെ സ്ത്രീകൾക്ക് സ്വന്തമായി പച്ചക്കറി കൃഷി വീട്ടു വളപ്പിൽ ചെയ്യുന്നതിനുള്ള പരിശീലനവും ബോധവൽക്കരണവും നൽകണം. പഴവർഗ്ഗങ്ങളുടെ സംസ്കരണം, സോപ്പ്, തേനീച്ച വളർത്തൽ, പലഹാര നിർമ്മാണം, പുഷ്പ കൃഷി, ആടു വളർത്തൽ, പന്നി വളർത്തൽ, പപ്പട നിർമ്മാണം തുടങ്ങിയ ചെറുകിയ വ്യവസായ യൂണിറ്റുകൾ ആരംഭിച്ച് കൂടുതൽ സ്ത്രീകളെ തൊഴിൽ രംഗത്തെ മുരടിപ്പിന് അറുതി വരുത്താൻ കഴിയും.

ഗിരിവർഗമേഖലകളിലെ 20% സ്ത്രീകൾക്കും പരമ്പരാഗത തൊഴിലായ കുട്ട, മുറം, പരമ്പ് മുതലായ തൊഴിലുകൾ അറിയാവുന്നവരാണ്. അസംസ്കൃത വസ്തികേകളുടെ ലഭ്യതകുറവു മൂലം ഈരംഗത്തു തൊഴിലെടുക്കുന്നവർക്ക് വളരെയതികം ബുദ്ധിമുട്ടുണ്ട്.

അവിവാഹിതരായ വനിതകൾക്ക് തൊഴിൽ സംവരണം ഏർപ്പെടുത്തണം. അർഹരായ വിധവകൾക്കും കർഷകത്തൊഴിലാളികൾക്കും വികലാംഗർക്കും പെൻഷൻ പദ്ധതി നടപ്പിലാക്കണം. പഞ്ചായത്തിൽ ഒരു അബല മന്ദിരം ആരംഭിക്കണം. വിദ്യാസമ്പന്നരായ വനിതകൾക്ക് ടൈപ്പിംഗ് സെന്ററും കമ്പ്യൂട്ടർ സെന്ററും ബ്യൂട്ടീഷ്യൻ കോഴ്സ് തുടങ്ങിയ ഒരു പ്രി എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ രൂപീകരിക്കണം. പഞ്ചായത്തിൽ വനിതാ സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം പ്രവർത്തനം ആരംഭിക്കണം.

ഒരി വനിതാ വോളന്ററി ഓർഗനൈസേഷൻ സ്ഥാപിക്കണം. വനിതകൾക്കായി പാർലമെന്റിലും നിയമസഭയിലും പഞ്ചായത്തിലും ഇന്നും സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ പരിമിതമാണ്. അവയുടെ സീറ്റുകൾ വർദ്ധിപ്പിക്കണം.

## ചെറുകിടവ്യവസായം

പുരുഷന്മാർക്ക് ആധിപത്യമുള്ള ചെറുകിട വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം

IRDP, DWRCA, വനിതാ വികസന കോർപ്പറേഷൻ, വനിതാ സഹകരണസംഘങ്ങൾ, ജില്ലാ വ്യവസായ കേന്ദ്രം എന്നിങ്ങനെയുള്ള ഏജൻസികൾ വഴി പ്രോത്സാഹിപ്പിക്കേണ്ടതാണ്. മെഴുകുതിരി നിർമ്മാണം, സോപ്പു നിർമ്മാണം, റെഡിമെയ്ഡ്, അച്ചാർ, കൂൺകൃഷി, തുടങ്ങിയ വ്യവസായങ്ങൾ വ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കണം. ഈ രംഗത്ത് സ്ത്രീകൾക്ക് ധാരാളം തൊഴിലവസരങ്ങൾ ഉണ്ട്.

സ്ത്രീകൾ ഉൽപ്പാദിപ്പിക്കുന്ന വ്യാവസായിക ഉൽപ്പന്നം വിറ്റഴിക്കുന്നതിന് കുറേക്കൂടി വിശാലവും ഫലവത്തുമായ ഒരു മാർക്കറ്റിംഗ് സൊസൈറ്റി പഞ്ചായത്ത് തലത്തിൽ രൂപീകരിക്കണം. കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്നതിനുള്ള പരിശീലനകേന്ദ്രം സ്ഥാപിക്കണം.

## സ്ത്രീ ക്ഷേമം

ഇന്ത്യയിലെ ജനസംഖ്യയിൽ ഭൂരിഭാഗം വരുന്ന സ്ത്രീകൾ ഇപ്പോഴും അവഗണിക്കപ്പെടുകാണ്. സ്ത്രീകളുടെ ഉന്നതനിലവാരത്തിലുള്ള സാമൂഹ്യ പദവി സമൂഹം ഇപ്പോഴും അംഗീകരിക്കുന്നില്ല. ജിവിതത്തിന്റെ എല്ലാ തുറകളിലും പുരുഷന്മാരോടൊപ്പം എത്തിച്ചേരുന്നതിനുള്ള കഴിവും സന്നദ്ധതയും സ്ത്രീകൾക്കുണ്ട്. എന്നാൽ അവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവണത സമൂഹത്തിൽ കാണുന്നില്ല. ഇന്ത്യയിലെ 93 കോടിയിലധികം വരുന്ന

ജനങ്ങളുടെ അഭിമാനം ലോകരാഷ്ട്രങ്ങൾക്ക് മുമ്പിൽ ഉയർത്തിപ്പിടിച്ച പി.ടി. ഉഷ, എ.ടി., വത്സമ്മ, ഷേനി വിത്സൺ, റോസമ്മ ചാക്കോ, തുടങ്ങിയ വനിതാ കായിക പ്രതിഭകളെ സംഭാവന ചെയ്യാൻ കേരളത്തിനു കഴിഞ്ഞതിൽ നമുക്കഭിമാനിക്കാം. എങ്കിലും അതുപോലുള്ള മറ്റു രംഗങ്ങളിലും ഇത്തരം സംഭാവനകൾ നൽകാൻ കഴിവും പ്രാപ്തിയുമുള്ള സ്ത്രീകൾ ധാരാളമുണ്ട്.

ഇന്ന് സർക്കാരുദ്യോഗം വഹിക്കുന്ന സ്ത്രീകൾക്ക് ഒരുപരിധി വരെ സമൂഹത്തിൽ മാന്യതയുണ്ട്. എന്നാൽ വനിതകൾക്കു വേണ്ടി പ്രവർത്തിക്കുന്ന ഏതെങ്കിലും സംഘടനകളിലോ, മറ്റു പൊതുരംഗങ്ങളിലോ പ്രവർത്തിക്കുന്ന സ്ത്രീകളെ അവജ്ഞയോടു കൂടി നോക്കിക്കാണുന്ന സമൂഹത്തിന്റെ കാഴ്ചപ്പാടിൽ മാറ്റം വരുത്തേണ്ടതാണ്. ജോലി ഭാരം കൂടുതലുള്ള നഴ്സിംഗ് അംഗൻവാടി ജീവനക്കാർ, അധ്യാപികമാർ, പോസ്റ്റുമാൻമാർ, ഗ്രാമസേവികമാർ, തുടങ്ങിയ വനിതകൾ നാടിനു വേണ്ടി ലാഭേച്ഛ കൂടാതെ സന്നദ്ധസേവനം നടത്തുന്നവരാണ്. എന്നാൽ ഇവർക്ക് വേണ്ട സാമ്പത്തിക ഭദ്രത ലഭിക്കാറില്ല. ജോലിസ്ഥലത്തിനടുത്ത് താമസിച്ച് ജോലി ചെയ്യുന്നതിനുള്ള അവസരം കിട്ടിയാൽ സേവനരംഗത്ത് കുറേക്കൂടി ആത്മാർത്ഥതയോടെ പ്രവർത്തിക്കുവാൻ കഴിയും.

പഞ്ചായത്തിലെ ജനസംഖ്യയിൽ പകുതിയിലധികം വരുന്ന സ്ത്രീകൾ അവരുടെ വിഭവശേഷി നാടിന് പ്രയോജനപ്പെടുത്തുന്നില്ലാത്ത അവസ്ഥ നിലനിൽക്കുന്നു. സാമ്പത്തിക ഭദ്രതയുള്ള കുടുംബങ്ങളിലെ സ്ത്രീകൾ പൊതുരംഗത്തേയ്ക്ക് കടന്നു വരാറില്ല. അവർകുടുംബങ്ങളിൽ മാത്രം ഒതുങ്ങിക്കഴിയുന്നു. അത്തരം കുടുംബങ്ങലിൽ പുരുഷമേധാവിത്വം നിലനിൽക്കുന്നു. സ്ത്രീകൾ പൊതുരംഗത്തേക്ക് കടന്നു വരുന്നതിനുള്ള പ്രോത്സാഹനം പുരുഷന്മാരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

സാധാരണക്കാരായ സ്ത്രീകൾ സന്നദ്ധപ്രവർത്തനത്തിൽ താൽപര്യമുള്ളവരായി കാണുന്നു. എന്നാൽ സന്നദ്ധപ്രവർത്തനത്തിനു വേണ്ടി വരുന്ന സാമ്പത്തിക ഭദ്രത ഇല്ലാതെ വരികയും സമൂഹത്തിൽ നിന്നും കുടുംബങ്ങളിൽ നിന്നും ഉള്ള നിസ്സഹകരണവും ഈ രംഗത്തേക്ക് കടന്നു വരുന്ന സ്ത്രീകളെ മാനസികമായും സാമ്പത്തികമായും തകർച്ചിയിലെത്തിക്കുന്നതിനാൽ കൂടുതൽ സ്ത്രീകൾ ഈ രംഗത്തേക്ക് കടന്നു വരാൻ വൈമനസ്യം കാണിക്കുന്നു.

കുടുംബത്തിലേക്കുള്ള വരുമാനം കണ്ടെത്തുന്നതിനുള്ള തൊഴിൽ സംരംഭങ്ങൾ തുടങ്ങുകയും അതോടൊപ്പം അവരെ വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങളിലൂടെയും ഈ രംഗത്ത് സ്ത്രീകൾക്ക് പ്രത്യാശയോടെ പ്രവർത്തിക്കുന്നതിനുള്ള സാഹചര്യവും ഒരുക്കേണ്ടതാണ്.

വനിതാക്ഷേമ പ്രവർത്തനത്തിന് മഹിളാ സമാജങ്ങൾക്ക് വലിയ പങ്ക് വഹിക്കാൻ കഴിയും. ആരോഗ്യം, ശുചിത്വം, വിദ്യാഭ്യാസം മുതലായ കാര്യങ്ങളിൽ സ്ത്രീകളെ ബോധവൽക്കരിക്കുന്നതിന് തൊഴിൽസംരംഭങ്ങൾ തുടങ്ങി സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും മഹിളാ സമാജങ്ങൾക്ക് ഒരു പരിധി വരെ സഹായിക്കാൻ. കഴിയും.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അനുദിനം വർദ്ധിച്ചു വരുന്ന ഒരു കാലഘട്ടമാണിത്. ദാരിദ്ര്യം, പുരുഷന്മാരുടെ മദ്യപാനം, സ്ത്രീധനം എന്നിവ മൂലം സ്ത്രീകൾ വളരെയധികം യാതന അനുഭവിക്കുന്നുണ്ട്. സ്ത്രീധന നിരോധന നിയമം നിലവിലുണ്ടെങ്കിലും കർശനമായി പാലിക്കപ്പെടുന്നില്ല. സ്ത്രീ പീഠനക്കേസിൽ കുറ്റവാളികളാകുന്നവർ എത്ര ഉന്നതന്മാരാണെങ്കിലും അവരെ നിയമത്തിന്റെ പഴുതുകളിലൂടെ രക്ഷപെടാൻ അനുവദിക്കരുത്. സ്ത്രീകൾ സ്വന്തം കാലിൽനിൽക്കാൻ കഴിയാത്തിടത്തോളം കാലം എന്നും സമൂഹത്തിൽ അംഗീകരിക്കപ്പെടുകയില്ല. പരസ്യമാധ്യമങ്ങളിൽ സ്ത്രീകളെ വളരെ മോശമായി ചിത്രീകരിച്ചു കൊണ്ട് സ്ത്രീകളെ വിൽപനച്ചരക്കാക്കി മാറ്റുകയും വമ്പിച്ച സാമ്പത്തിക നേട്ടങ്ങൾ ഉണ്ടാക്കുന്നവരുടേയും പേരിൽ കർശനമായ നിയമനടപടികൾ കൊണ്ടുവരണം. 9-ാം പദ്ധതിക്കാലത്ത് സ്ത്രീകളുടെ ക്ഷേമം ഉറപ്പുവരുത്തിക്കൊണ്ടുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം. പഞ്ചായത്തിൽ ഒരു വനിതാ പോലീസ് സ്റ്റേഷൻ സ്ഥാപിക്കണം. കാഞ്ഞാർ, കുളമാവ് പോലീസ് സ്റ്റേഷനുകളിൽ വനിതാ കോൺസ്റ്റബിൾമാരെ നിയമിക്കണം. വനിതകൾക്കായുള്ള വായനശാല അത്യാവശ്യമാണ്.

സ്ത്രീകളെ സംബന്ധിച്ച് ഗ്രാമസഭകളിൽ ഉയർന്നു വന്ന പ്രധാന പ്രശ്നം സമ്പൂർണ്ണ മദ്യനിരോധനമാണ്. ചാരായനിരോധനം മൂലം വളരെയധികം പ്രയോജനം പഞ്ചായത്തിലെ സ്ത്രീകൾക്കുമ്ടായിട്ടുമ്ട്. ഗിരിവർഗ്ഗമേഖലകളിൽ ഇപ്പോഴും വ്യാജമദ്യോൽപ്പാദനവും വിപണനവും നടക്കുന്നുണ്ട്. അവിടുത്തെ കുടുംബങ്ങളിലെ കുടുംബിനികളെ കാര്യമായി ബാധിക്കുന്നു. ഇതിനെതിരെ അധികാരികളുടെ ശ്രദ്ധ പതിയണം. അതിപോലെ പെൺകുട്ടികളുടെ വിവാഹപ്രായം 21 വയസ്സായി ഉയർത്തണം.



വനിതാ ക്ഷേമത്തിന്റെ ഭാഗമായി സ്വയം തൊഴിൽ പദ്ധതിക്കു വേണ്ടി പ്രസിഡന്റ് തയ്യൽ മെഷീൻ വിതരണം ചെയ്യുന്നു.



# സഹകരണമേഖല

ദേശീയതലത്തിൽ സഹകരണ പ്രസ്ഥാനം രൂപംകൊണ്ട 1995-96 കാലഘട്ടത്തിൽ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നതുപോലെ വെള്ളിയാമറ്റം പഞ്ചായത്തിലും സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. വളരെ ചുരുങ്ങിയ തോതിൽ വെള്ളിയാമറ്റം വിവിദോദ്ദേശ്യ സഹകരണ സംഘം, നാളിയാനി ഗിരിജൻ സർവ്വീസ് സഹകരണ സംഘം എന്നീ പേരുകളിൽ രണ്ട് സഹകരണ സംഘംങ്ങൾ 1956-ൽ തന്നെ പന്നിമറ്റം കേന്ദ്രമായി പ്രവർത്തനം ആരംഭിച്ചു. വെള്ളിയാമറ്റം സഹകരണ ബാങ്കിന്റെ ആദ്യകാല പ്രവർത്തനത്തിന് താഴെപ്പറയുന്ന ആളുകൾ നേതൃത്വപരമായ പങ്കുവഹിച്ചു.

1. ശ്രീ. ദേവസ്യാ ജോസ് ചുതുവേലിനിരപ്പേൽ
2. ശ്രീ. കെ.സി. മാത്യു കദളിക്കാട്ടിൽ
3. ശ്രീ. വർക്കിമാണി കോഴിക്കാട്ടൽ
4. ശ്രീ മത്തായി ചാക്കോ മണിയൻചിറ
5. ശ്രീ. ഇട്ടിയവിരമത്തായി പിണക്കാട്ട്
6. ശ്രീ. കുര്യൻ ഫിലിപ്പ് നെയ്‌വേലികുന്നേൽ
7. ശ്രീ. ഹസ്സൻ റാവുത്തർ കോയിക്കൽ
8. ശ്രീ. എം.ജെ. ചെറിയാൻ മാളിയേക്കൽ

ഇന്ന് ഈ സംഘം 4 ബ്രാഞ്ചുകളുള്ള ഒരു വൻപ്രസ്ഥാനമായി വളർന്നിരിക്കുന്നു. ബാങ്കിന് ഇളംദേശത്തും, വെള്ളിയാമറ്റത്തും, പൂച്ചപ്രയിലും (ബാങ്കിംഗ് ഇല്ല) ബ്രാഞ്ചുകൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഹെഡ് ഓഫീസിനോടും ബ്രാഞ്ചുകളോടും അനുവബന്ധിച്ചുള്ള സ്റ്റോറുകളും, പൊതുവിതരണ മേഖലയിലും കാർഷിക മേഖലയിലും സ്തുത്യർഹമായ സേവനമാണ് അനുഷ്ടിക്കുന്നത്. പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും നാനാവിധമായ സാമ്പത്തികാവശ്യങ്ങൾ നിരവേറ്റിക്കൊണ്ട് പ്രവർത്തിക്കുന്നു. ജനങ്ങളിൽ 98% വരുന്ന കൃഷിക്കാരുടെ സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുന്നതിന് ഈ ബാങ്ക് അഭിമാനകരമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. നാളിയാനി ഗിരിജൻ സർവ്വീസ് സൊസൈറ്റി 1956 -ൽ തന്നെ പ്രവർത്തനം ആരംഭിച്ചെന്ന് മുൻപ് സൂചിപ്പിച്ചല്ലോ. ആദ്യകാലപ്രവർത്തനത്തിനു നേതൃത്വം നൽകിയത് സർവ്വശ്രീ. പി.കെ. ഗോപാലൻ പാടത്തിൽ, രാമകൃഷ്ണൻ വളയാറ്റിൽ, എം.ഐ. രാമൻ മേട്ടൂർ എന്നിവരായിരുന്നു. ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ഗ്രാന്റിനെ ആശ്രയിച്ചാണ് ഈ സംഘം പ്രവർത്തിക്കുന്നത്. ബാങ്കിന്റെ മേൽനോട്ടത്തിൽ കൺസ്യൂമർ സ്റ്റോർ, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, എന്നിവ പ്രവർത്തിക്കുന്നു. ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന ഈ സഹകര സ്ഥാപനം ഇനിയും കൂടുതൽ പ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങളും പരിഹാരവും

1. വെള്ളിയാമറ്റം സഹകരണ ബാങ്കിൽ സ്വർണ്ണപണ്ടത്തിൻമേൽ കൊടുക്കുന്ന വായ്പ പതിനായിരത്തിൽ നിന്നും അൻപതിനായിരം ആക്കണം

2. നാളിയാനി ഗിരിജൻ സഹകരണ ബാങ്കിൽ സ്വർണ്ണപണയ പദ്ധതി ആരംഭിക്കണം

3. ചെറുകിട വ്യവസായ സംരംഭകർക്ക് വായ്പാ സൗകര്യം ഏർപ്പെടുത്തുക

4. പഞ്ചായത്തിലെ വികസന പ്രക്രിയയിൽ സജീവമായി ഇടപെടുക. ഉദാഹരണത്തിന്, റോഡ്, പാലം, കെട്ടിടം എന്നീ പണികൾ ഏറ്റെടുക്കുന്ന വ്യക്തികൾക്ക് ഹ്രസ്വകാല വായ്പകൾ നല്കുക. മൊത്തം തുകയുടെ 50% എങ്കിലും വായ്പ നല്കാവുന്നതാണ്.

5. ഉന്നതവിദ്യാഭ്യാസത്തിന് വായ്പ നൽകുക.

6. സഹകരണ മേഖലയിൽ ഒരു ജൈവവളശാല എത്രയും വേഗം തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക.

## പഞ്ചയത്തിൽ തുടങ്ങേണ്ട പുതിയ സഹകരണ സംഘങ്ങൾ

1. കരിങ്കൽ വ്യവസായ തൊഴിലാളി സഹകരണ സംഘം

2. കൊക്കോ സംസ്ക്കരണ സഹകരണ സംഘം

3. വനിതാ സഹകരണ സംഘം ( കൂവക്കണ്ടത്ത് പ്രവർത്തിക്കുന്ന രണ്ട് വ്യവസായ സഹകരണ സംഘങ്ങൾ ശരിയായി നടക്കുന്നതിന് വേണ്ട നിർദ്ദേശങ്ങളും മേൽനോട്ടവും വഹിക്കുക. സോപ്പ്, ചിപ്സ് മുതലായവ നിർമ്മിതച്ച് വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുവാൻ നടപടി സ്വീകരിക്കുക.

| SL. No. | സ:സംഘം / ബാങ്കിന്റെ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാർ | ഓഹരിമൂലധനം | വാ:ടേൺ ഓവർ | ലാഭത്തിലോ നഷ്ടത്തിലോ | വാർഡ് സ്ഥലം |
|---|---|---|---|---|---|---|---|---|
| 1. | വെള്ളിയാമറ്റം സ.സ ബാങ്ക്. NO: 3958 | 1956 | 8068 | 27 | 25,53990 | 28,200000 | ലാഭം | 3,4,6,8 വാർഡുകളിൽ |
| 2. | നാളിയാനി ഗിരിജൻ സ.സ സംഘം 3884 | 1956 | 1626 | 4 | പ്രവർത്തനമൂലധനം 1023273 രൂപ | അംഗീകൃത മൂലധനം 1023273 രൂപ മൂലധനം10 ലക്ഷം പിരിഞ്ഞ് കിട്ടിയ മൂലധനം 168525 രൂപ | ലാഭത്തിൽ | ബ്രാഞ്ചുകൾ, H.O. പന്നിമറ്റം IXward കൂവക്കണ്ടം |
| 3. | തൊടുപുഴ അർബൻ ബാങ്ക് ശാഖ | 1996 | | | | | | കലയന്താനി |
| 4. | ആലക്കോട് സ.സ ബാങ്ക് ശാഖ | 1991 | | | | | | കലയന്താനി |
| 5. | ക്ഷീരവ്യ.സ സംഘം ,വെട്ടിമറ്റം I 5D | 1977 | 385 | 2 | 3840 | ലാഭവും നഷ്ടവവുമമില്ല | | III ഇളംദേശം |
| 6. | വെള്ളിയാമറ്റം ക്ഷീരോൽപാദക സ.സംഘം I 9D | 1977 | 147 | 2 | 1470 | ലാഭം | | IV കറുകപ്പിള്ളി |
| 7. | ചാരിറ്റബിൾ ആക്റ്റനുസരിച്ച് രജി:ചെയ്ത സ.സംഘങ്ങൾ | | | | | | | |
| 1. | പന്നിമറ്റം ആർ.പി.എസ്സ്. | 1986 | 370 | 6 | 18500 | - | - | VI പന്നിമറ്റം |
| 2. | വെള്ളിയാമറ്റം ആർ. പി. എസ്സ്. | 1986 | 300 | 6 | 15000 | - | - | V കറുകപ്പിള്ളി |
| 3. | തേൻമാരി ആർ. പി. എസ്സ്. | 1986 | 100 | - | 5000 | - | - | II വെട്ടിമറ്റം |
| 4. | പൂച്ചപ്ര ആർ. പി. എസ്സ്. | 1993 | 7 | - | 700 | - | - | VIII പൂച്ചപ്ര |
| 5. | കൂവക്കണ്ടം ആർ. പി. എസ്സ്. | | | | | | | IX കൂവക്കണ്ടം |
| 8. | വെള്ളിയാമറ്റം പഞ്ചായത്ത് കേരവികസനസമിതി | 1994 | 980 | - | 14500 | - | - | VI പന്നിമറ്റം |
| 9. | കുരുമുളക് വികസനസമിതി | 1990 | 250 | - | 6250 | - | - | IV കറുകപ്പിള്ളി |
| 10. | ഇളംദേശം പാടശേഖരസമിതി | 1990 | 100 | - | 2500 | - | - | II ഇളംദേശം |
| 11. | വെള്ളിയാമറ്റം പാടശേഖര കമ്മറ്റി | 1990 | 60 | - | 1500 | - | - | V കറുകപ്പിള്ളി |



# പൊതു വിതരണം

വെള്ളിയാമറ്റം പഞ്ചായത്തിൽ 1960-61 കാലഘട്ടത്തിൽ കാർഡൊന്നിന് നിറച്ച് ഇടങ്ങഴി അരിക്ക് അൻപത് പൈസ നിരക്കിൽ വിതരണം ചെയ്തിരുന്നു. ഈ കാലഘട്ടത്തിൽ വെള്ളിയാമറ്റം പഞ്ചായത്തിൽ 2 ന്യായവിലാ രേഷൻ കടകൾ പ്രവർത്തിച്ചിരുന്നു. കിഴക്കു ഭാഗത്തുള്ള കാർഡുടമകൾക്ക് അറക്കുളത്തു നിന്നുമാണ് ഭക്ഷ്യ സാധനങ്ങൾ വിതരണം നടത്തിയിരുന്നത്. അരിക്കു പുറമേ കർഷകരിൽനിന്നും സർക്കാരിലേക്ക് എടുക്കുന്ന ലെവി നെല്ലും ന്യായ വില കടകൾ വഴി വിതരണം നടത്തിയിരുന്നു. കൂടാതെ മണ്ണെണ്ണ, പഞ്ചസാര, തുണികൾ എന്നിവയും അക്കാലത്ത് ടി കടകൾ വഴി വിതരണം നടത്തുമായിരുന്നു.

1962 മുതൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നടപ്പിലായി. പ്രായപൂർത്തി ആയ ഒരാൾക്ക് 2 യൂണിറ്റും കുട്ടികൾക്ക് ഒരു യൂണിറ്റുമാക്കി. അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര എന്നിവ യൂണിറ്റടിസ്ഥാനത്തിൽ വിതരണം ആരംഭിച്ചു. അരിയും ഗോതമ്പും കിലോഗ്രാം കണക്കിന് തൂക്കിക്കൊടുക്കുന്ന സംവിധാനവും നടപ്പിലാക്കി. പൊതു വിതരണ രംഗത്ത് നിത്യോപയോഗത്തിനുള്ള ആവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി മാവേലി സ്റ്റോറുകളും നടത്തി വരുന്നു.

ഫുഡ് കോർപ്പറേഷൻ ഡിപ്പോ വഴി കേരളത്തിലുള്ള എല്ലാ താലൂക്കിലുമുള്ള ഹോൾസെയിൽ ഡിപ്പോ വഴിയായി റോഷൻ സാധനങ്ങൾ വിതരണം നടത്തി വരുന്നു.

കേരള സംസ്ഥാനത്ത് 15000 -ലേറെ പൊതുവിതരണ കേന്ദ്രങ്ങൽ പ്രവർത്തിച്ചു വരുന്നു.

വെള്ളിയാമറ്റം പഞ്ചായത്തിൽ 10 വാർഡുകളിലായി 10 റേഷൻവിതരണ ഡിപ്പോകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

ഇപ്പോൾ പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോകൾ വഴി അരി, പഞ്ചസാര, ഗോതമ്പ്, മണ്ണെണ്ണ എന്നിവക്ക് പുറമേ ജനങ്ങൾക്കാവശ്യമായ പയർ, പരിപ്പ്, മുളക്, ഉള്ളി, പലവ്യഞ്ജനങ്ങൾ തുടങ്ങി എല്ലാ നിത്യോപയോഗ സാധനങ്ങളും പൊതുവിതരണ മേഖലയിൽ ഉൾപ്പെടുത്തി വിതരണം നടത്തുന്നത് വിലക്കയറ്റം തടയുന്നതിന് ചൂഷണമില്ലാതാക്കുന്നതിനും സഹായകരമാകും.

ഈ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന നാളികേരം, കൊക്കോ, പൈനാപ്പിൾ, പച്ചക്കറികള് തുടങ്ങിയ എല്ലാ കാർഷിക വിഭവങ്ങളും ന്യായ വിലക്ക് സംഭരിച്ച് കേടു കൂടാതെ സൂക്ഷിക്കുന്നതിനും മിതമായ വിലക്ക് വിതരണം ചെയ്യുന്നതിനും ഉള്ള സംവിധാനം എല്ലാ വാർഡുകളിലും പ്രാവർത്തികമാക്കണം. പൊതു വിതരണ മേഖല കാര്യക്ഷമമാക്കുന്നതിന് താൽപ്പര്യമുള്ള ആളുകളെ ചേർത്ത് സന്നദ്ധസംഘങ്ങളും മാർക്കറ്റിംഗ് സഹകരണ സംഘങ്ങളും രൂപീകരിച്ച് ടി സംഘങ്ങൾ വഴി പൊതു വിതരണ സംവിധാനം നടത്താവുന്നതാണ്.

ആകെ കാർഡുടമകൾ
വൈദ്യുതീകരിക്കാത്ത വീടുകൾ }
വൈദ്യുതീകരിച്ച വീടുകൾ

| No. റേഷൻ ഷോപ്പ് | NE | E | Total | |
|---|---|---|---|---|
| വാർഡ് VI 146 പന്നിമറ്റം | 293 | 149 | 442 | }653 |
| Ward VI 31 പന്നിമറ്റം | 169 | 42 | 211 | |
| Ward II 14 വെട്ടിമറ്റം | 217 | 39256 | | |
| Ward VIII 15 പൂച്ചപ്ര | 257 | 43 | 300 | |
| Ward V 150 ലത്തീൻ പള്ളി | 162 | 68 | 230 | |
| Ward IV 145 കറുകപ്പള്ളി | 150 | 80 | 230 | |
| Ward VII 174 പൂമാല | 300 | 80 | 380 | |
| Ward VIII 86 മേത്തൊട്ടി | 153 | 27 | 180 | |
| | 1701 | 528 | 2229 | |

ആമുഖം

IX 1. ഈ പഞ്ചായത്തിൽ 5789 വീടുകൾ ഉള്ളതിൽ 528 വീടുകൾ മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ.

X ആകെ 282188 വൈദ്യുതി ബോർഡിന്റെ ആഫീസുകളില്ല.

തൊടുപുഴ Ele: Section II ൽ നിന്നും മൂലമറ്റം Ele. Section ൽ നിന്നും

| ARD No. | വൈദ്യൂതീകരിച്ചവ | വൈദ്യുതീകരിക്കാത്തവ | Total card | മേജർ | മൈനർ | ആകെ |
|---|---|---|---|---|---|---|
| E | NE | | | | | |
| 148 | 194 | 262 | 456 | 2378 | 375 | 2753 |
| 14 | 39 | 217 | 256 | 976 | 218 | 1194 |
| 144 | 54 | 239 | 293 | 1385 | 237 | 1622 |
| 138 | 195 | 276 | 471 | 2239 | 359 | 2598 |
| 145 | 80 | 150 | 230 | 1070 | 161 | 1231 |
| 150 | 68 | 162 | 230 | 969 | 201 | 1170 |
| 31 | 42 | 169 | 211 | 848 | 172 | 1020 |
| 146 | 149 | 293 | 442 | 1852 | 383 | 2235 |
| 174 | 80 | 300 | 380 | 1463 | 261 | 1724 |
| 86 | 27 | 153 | 180 | 688 | 136 | 824 |
| 15 | 43 | 257 | 300 | 1045 | 240 | 1285 |
| 195 | 04 | 271 | 275 | 1085 | 161 | 1246 |
| 975 | 2745 | 3724 | 15998 | 2904 | 18902 | |

| | |
|---|---|
| ആകെ റേഷൻ കടകൾ | 12 |
| ആകെ കാർഡുകൾ | 3724 |
| പ്രായപൂർത്തിയായവർ | 15998 |
| പ്രായപൂർത്തിയാകാത്തവർ | 2904 |
| ആകെ അംഗങ്ങൾ | 18908 |
| വൈദ്യുതീകരിച്ചവ | 975 |
| വൈദ്യുതീകരിക്കാത്തവ | 2749 |

| A.R.D. No | അരി ക്വിന്റൽ | ഗോതമ്പ് ക്വിന്റൽ | റവ ക്വിന്റൽ | മൈദ ക്വിന്റൽ | പഞ്ചസാര ക്വിന്റൽ | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റ് മണ്ണെണ്ണ | കാർഡ് മണ്ണെണ്ണ ലിറ്റർ | Total മണ്ണെണ്ണ |
|---|---|---|---|---|---|---|---|---|---|
| 195 | 2812 | 3115 | 16 | 25 | 233 | - | - | 73700 | |
| 15 | 3780 | 2850 | 13- | 45 | 284 | 8 | 4540+ | 69500 | =74040 |
| 86 | 300 | 240 | 3- | 9 | 37 | - | - | 9600 | |
| 174 | 4756 | 3240 | 29 | 17 | 381 | 7 | 2948+ | 88660 | =91608 |
| 146 | 7370 | 6010 | 21 | 12 | 570 | 11 | 5650+ | 112600 | =118250 |
| 31 | 2480 | 2000 | 11 | 5 | 252 | 2 | 958+ | 55800 | =56758 |
| 150 | 3330 | 2840 | 2- | 6 | 292 | 20 | 10100+ | 56300 | =66400 |
| 145 | 3600 | 2900 | 14 | 46 | 288 | 14 | 6050+ | 51400 | =57450 |
| 144 | 4800 | 2880 | 28 | 49 | 321 | 26 | 8432+ | 67900 | =76336 |
| 138 | 8608 | 5140 | 57 | 101 | 564 | 71 | 30250+ | 101450 | =131700 |
| 14 | 2810 | 2240 | 18 | 56 | 270 | 14 | 4560+ | 58650 | =63210 |
| 148 | 10900 | 8800 | 52 | 90 | 651 | 84 | 49920+ | 112600 | =162520 |
| | 35546 | 42219 | 264 | 461 | 4143 | 257 | 124008+ | 858160 | =898272 |

ടി പഞ്ചായത്തിലുള്ള 12 റേഷൻ ഷോപ്പുകളിലൂടെ 1992 മുതൽ 1996 വരെ വിതരണം ചെയ്ത റേഷൻ വിഭവങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1. അരി എല്ലായിനവും 35546 ക്വിന്റൽ
2. ഗോതമ്പ് 4219 ക്വിൻൽ
3. റവ 264 ക്വിന്റൽ
4. മൈദ 461 ക്വിന്റൽ
5. പഞ്ചസാര 4143 ക്വിന്റൽ
6. പെർമിറ്റുകളുടെ എണ്ണം 257
7. പെർമിറ്റുകൾക്ക് വിതരണം ചെയ്ത മണ്ണെണ്ണ 124008 ലിറ്റർ
8. സാധാരണ റേഷൻ കാർഡുകൾക്ക് മണ്ണെണ്ണ 858160 ലിറ്റർ



# വിഭവ സമാഹരണം

വിഭവ സമാഹരണ രംഗത്ത് ഇന്ന് തികഞ്ഞ അലംഭാവവും അനാസ്ഥയുമാണ് നിലനിൽക്കുന്നത്. നമുക്ക് ലഭ്യമായിട്ടുള്ള വിഭവങ്ങൾ പൂർണ്ണമായും കാര്യക്ഷമമായും ഉപയോഗപ്പെടുത്തുന്നതിൽ നാം ഇനിയും വിജയിച്ചിട്ടില്ല.

നമ്മുടെ ഏറ്റവും പ്രധാനമായ വിഭവം മാനവശേഷിയാണ്. പ്രകൃതി വിഭവങ്ങൾ (സൂര്യപ്രകാശം) സൗരോർജ്ജം, ജലം, കാറ്റ്, കാർഷികവും പ്രകൃതി ദത്തവുമായ മറ്റസംസ്കൃത വസ്തുക്കൾ ഇവയും നമ്മുടെ വിഭവങ്ങളാണ്. വിഭവങ്ങളുടെ പൂർണ്ണമായ സമാഹരണവും വിനിയോഗവും നടത്തേണ്ടതുണ്ട്. ശരിയായ രീതിയിൽ വിഭവങ്ങൾ സമാഹരിക്കുന്നതിനും വിനിയോഗിക്കുന്നതിനും തടസ്സമായിട്ടുള്ള ഘടകം സാധാരണ ജനങ്ങളുടെ ഇക്കാര്യത്തിലുള്ള അറിവില്ലായ്മയും നിസ്സഹകരണവുമാണ്. ഇത് മാറ്റിയെടുക്കുന്നതിന് സ്കൂൾ തലം മുതലുള്ള പരിശീലനവും ബോധ വൽക്കരണവും ആവശ്യമാണ്. ഭരണപരവും വികസനപരവുമായ എല്ലാ മേഖലകളിലും സുതാര്യത ആവശ്യമാണ്.

ഈ പഞ്ചായത്തിൽ നാളിതു വരെ സേവന മേഖലകളുടെ വികസനത്തിന് (ഉദാ: പൊതുമരാമത്ത് പണികൾ) ഊന്നൽ നല്കിക്കൊണ്ടുള്ള പ്രവർത്തന പരിപാടിയാണ് നിലനിന്നിരുന്നത്. കാർഷിക മേഖലയുടെ വികസനത്തിന് പഞ്ചായത്ത് നേരിട്ട് നേതൃത്വം കൊടുത്തിരുന്നത് വളരെ വിരളമായി മാത്രമാണ്.

9-ാം പദ്ധതി അടങ്കലിന്റെ 35 % - 40 % തുക പ്രാദേശിക ഭരണകൂടങ്ങൾ വഴി ചിലവഴിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതിനാൽ ടി സംഖ്യ കാർഷിക മേഖലയുടെ വികസനത്തിനായി വിനിയോഗിക്കണം. വെള്ളിയാമറ്റം പഞ്ചായത്ത് വ്യാവസായികമായി വളരെ പിന്നിലാണ്. വൈദ്യുതുയുടെ ലഭ്യത വളരെ കുറവാണ്. കൃഷിയും മൃഗസംരക്ഷണവും ഉൾക്കൊള്ളുന്ന പ്രാഥമിക മേഖലയുടെ വികസനത്തിന് മുൻഗണന നൽകിക്കൊണ്ടുള്ള ഒരു വികസന സമീപനമാണ് നമുക്ക് അനുയോജ്യമായിട്ടുള്ളത്. ഈ പഞ്ചായത്തിലെ മനുഷ്യവിഭവ ശേഷിയുടെ ശരിയായ ഉപയോഗം ഉൾക്കൊള്ളുന്ന ഒരു വികസന സമീപനമാണ് പ്രാഥമിക മേഖലയിൽ ഉണ്ടാകേണ്ടത്. അതിന് ഈ പഞ്ചായത്തിലെ കൃഷിഭൂമിയെ നീർതട അടിസ്ഥാനത്തിൽ വിവിധ യൂണിറ്റുകളായി തിരിച്ച് കൃഷിപ്പണികൾ ഏകീകരിക്കുകയും നൂതന കാർഷിക മേഖലകളിലേക്ക് കർഷകരെ നയിക്കുകയും കാർഷിക മേഖലയിലെ കൂട്ടായ്മ വർദ്ധിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇതിന് ഉത്പാദന ചെലവ് പരമാവധി കുറച്ചു കൊണ്ട് ഉൽപ്പാദനം വളരെയധികം വർദ്ധിപ്പിച്ചു കൊണ്ട് കൃഷിരീതികൾ പരിഷ്കരിക്കുകയും വേണം. വർഷത്തിൽ 3000 മി.മി.ൽ അധികം മഴ ലഭിക്കുന്ന ഈ പ്രദേശത്ത് നാം പാഴാക്കിക്കളയുന്ന അമൂല്യസമ്പത്താണ് ജലം. ശരിയായ സ്ഥലജല മാനേജ്മെന്റിലൂടെയും ജൈവാധിഷ്ടിതമായ സസ്യസംരക്ഷണ മാർഗ്ഗത്തിലൂടെയും പ്രതിവർഷം ചുരുങ്ങിയത് 50 കോടി രൂപയുടെ അധിക വരുമാനമുണ്ടാക്കുവാൻ പ്രാഥമിക മേഖലക്ക് കഴിയുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ ജലസേചന വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ചേന്നനാർ നീർതട പദ്ധതിയും, മണ്ണു സംരക്ഷണ വകുപ്പിന്റെ മണ്ണുസംരക്ഷണ പദ്ധതികളും, ഇളംദേശം ബ്ലോക്കിൽ നിന്നുള്ള വിവിധ പദ്ധതികളും, കർഷകർ വിവധ ധനകാര്യസ്ഥാപനങ്ങളുടേയും ബാങ്കുകളുടേയും വായ്പകൾ ഉപയോഗപ്പെടുത്തി നടത്തുന്ന ഒറ്റപ്പെട്ട വികസന പദ്ധതികൾ നീർതടാടിസ്ഥാനത്തിൽ ഏകോപിപ്പിക്കുന്നതിന് പഞ്ചായത്ത് നേതൃത്വം നൽകേണ്ടതാണ്.

വെള്ളിയാമറ്റം പഞ്ചായത്തിലെ കഴിഞ്ഞ 10 വർഷങ്ങളിലെ ആകെ വരവു ചെലവു കണക്കുകൾ പ്രത്യേകം ചേർത്തിരിക്കുന്നു.

## വിഭവസമാഹരണത്തിനുള്ള നിർദ്ദേശങ്ങൾ

1. ജലവിതരണത്തിനുപയോഗിക്കുന്ന പൊതുടാപ്പുകൾ ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്ത് ജലദുർവ്വിനയോഗം തടയുക. ജലം പാഴാക്കാതിരിക്കുക. തന്മൂലം ഒരു വർഷം 3 ലക്ഷം രൂപയോളം വാട്ടർ അതോറിറ്റിയിലേക്ക് വെള്ളക്കരമായി അടക്കുന്ന തുക കുറക്കുവാൻ സാധിക്കും.

2. വനഭൂമി നിയമത്തിന്റെ പേരിൽ ഈ പഞ്ചായത്തിലെ പകുതുയോളം പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന 7, 8, 9, 10 വാർഡുകളിലെ വളരെയധികം തടികൾ വേണ്ട രീതിയിൽ ഉപയോഗിക്കാതെ നശിച്ചു പോവുകയോ അപഹരിക്കപ്പെടുകയോ ചെയ്യുന്നുണ്ട്. ഈ തടികൾ നശിക്കാതെ യഥാകാലം ലേലം ചെയ്ത് വിൽക്കുകയും പുതിയ മരങ്ങൾ വച്ചു പിടിപ്പിക്കുകയും ചെയ്യണം.

3. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകൾക്കും ബഹുജനസംഘടനകൾക്കും വേണ്ടത്ര പ്രോത്സാഹനം കൊടുത്ത് കഴിവുറ്റതാക്കി തീർക്കുകയും പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളും മരാമത്ത്പണികളും ഈ സന്നദ്ധസംഘടനകളെ ഏൽപ്പിച്ച് ഇടനിലക്കാരെ ഒഴിവാക്കി മാനവശേഷി

പരമാവധി പ്രയോജനപ്പെടുത്തുക.

4. വെള്ളിയാമറ്റം പഞ്ചായത്തിലെ തൊഴിൽരഹിതരുടെ ലിസ്റ്റ് കൃത്യമായി തയ്യാറാക്കി നൂതന കാർഷിക മേഖലകളായ പുഷ്പകൃഷി, കൂൺകൃഷിസ ഔഷധ സസ്യ കൃഷി, പന്നി വളർത്തൽ, കോഴി വളർത്തൽ, ആട്മാട് വളർത്തൽ, മുയൽ വളർത്തൽ, കാർഷിക വിഭവങ്ങളുടെ സംസ്കരണം, വിപണനം എന്നീ കാര്യങ്ങളിൽ ആവശ്യമായ പരിശീലനം നൽകുക.

5. പഞ്ചായത്ത് നടത്തുന്ന മരാമത്ത് പണികൾക്കും വികസന പ്രവർത്തനങ്ങൾക്കും നിശ്ചിത ശതമാനം സന്നദ്ധപ്രവർത്തനം ഉൾപ്പെടുത്തുക. സന്നദ്ധ പ്രവർത്തനം കൂടുതൽ വാഗ്ദാനം ചെയ്യപ്പെടുന്ന പദ്ധതിക്ക് മുൻഗണന നൽകുക.

6. കെട്ടിട നികുതി, തൊഴിൽകരം ഇവയിൽ കാലാനുസൃതമായ മാറ്റം വരുത്തുക.

7. പഞ്ചായത്തിനുള്ളിൽ സർവ്വീസ് നടത്തുന്ന ടാക്സികൾ, ഓട്ടോറിക്ഷകൾ തുടങ്ങിയവക്ക് ലൈസൻസ് ഫീസ് ഏർപ്പെടുത്തുക.

8. ഡ്രൈവർമാർ, അംഗീകൃത യൂണിയനിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ എന്നിവർക്ക് ഇൻഷുറൻസ് ആനുകൂല്യങ്ങൾ നടപ്പാക്കുകയും അവരിൽ നിന്നും തൊഴിൽ കരം ഈടാക്കുകയും ചെയ്യുക.

9. മോട്ടോർ വാഹന നികുതി, രജിസ്ട്രേഷൻ ഫീസ് എന്നിവ പഞ്ചായത്ത് തലത്തിൽ പിരിച്ചെടുക്കുക.

10. അണ്ടർ വാല്യുവേഷൻ ജോലികൾ പഞ്ചായത്തിനെ ഏൽപ്പിക്കുക.

11. വികസന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നവരെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ നടപ്പിലാക്കുക. ഇപ്രകാരം സഹായം നൽകുന്നവർക്ക് ആദായനികുതി ഇളവുകൾ ഉറപ്പാക്കുക.

12. വീടുകളിൽ ഹോം സേഫ് വച്ചിട്ട് പഞ്ചായത്ത് മുൻകൈ എടുത്ത് സാധാരണ ജനങ്ങളുടെ മിച്ചം വക്കൽ സ്വഭാവം രൂപീകരിക്കുകയും ഈ പദ്ധതിയനുസരിച്ച് സമാഹരിക്കപ്പെടുന്ന സംഖ്യകൾ നിക്ഷേപമായി തീരുന്നതിനോടൊപ്പം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുകയും ചെയ്യുക.

13. ദുർബ്ബല വിഭാഗങ്ങളുടെ കടങ്ങൾ കുറെക്കാലത്ത് മരവിപ്പിക്കുകയോ, ദീർഘകാല വായ്പകളാക്കുകയോ ചെയ്യുക.

14. ഈ പഞ്ചായത്തിലെ 7, 8, 9, 10 വാർഡുകളിലെ കൃഷിരീതിയിൽ മാറ്റം വരുത്തുക. അടുത്ത കാലത്തായി റബ്ബർ ബോർഡ് ആവിഷ്കരിച്ച പദ്ധതിയനുസരിച്ച് ഈ പ്രദേശങ്ങളിൽ റബ്ബർ കൃഷി വ്യാപകമാക്കുക.

15. ഗിരിജൻ മേഖലകളിലെ പരമ്പരാഗത വ്യവസായങ്ങൾ പ്രോത്സാഹിപ്പിച്ച് കൂടുതൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കി അവ വിപണനം ചെയ്യാൻ സംവിധാനം ഉണ്ടാക്കുക.

16. സ്കൂൾ രക്ഷാകർതൃസംഘടനയുടെ (P.T.A.) പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

17. എണ്ണത്തിൽക്കുറവാണെങ്കിലും ഈ പഞ്ചായത്തിലെ വിദേശത്ത് ജോലി ചെയ്യുന്നവരുടെ വരുമാനം പ്രത്യുൽപാദനപരമായ മേഖലകളിലേക്ക് പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുക.

18. പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന യുണൈറ്റഡ് ഫണ്ടുകൾ വർദ്ധിപ്പിക്കുക.

19. J.R.Y. തുടങ്ങിയ ഫണ്ടുകൾ നിശ്ചിത രീതിയിൽ വിനിയോഗിക്കപ്പെടണം എന്ന നിബന്ധന മാറ്റി പഞ്ചായത്തിന്റെ വികസനത്തിന് മുൻഗണന നൽകി ഉപയോഗിക്കുവാൻ പഞ്ചായത്ത് കമ്മറ്റികളെ അനുവദിക്കണം.

20. റിസർവ്വ് ബാങ്കിന്റെ പലിശ നിരക്ക് എല്ലാ വിഭാഗം ബാങ്കുകൾക്കും ഏകീകരിക്കുക.

21. വാർഷിക ഭൗതീകലക്ഷ്യം നേടാൻ ആദായകരമല്ലാത്ത പദ്ധതികൾക്കും കഴിവില്ലാത്തവർക്കും വായ്പ നൽകാൻ ബാങ്കുകൾ നിർബന്ധിതരാവുന്നു. ഇത് പലപ്പോഴും സമ്പത്തിന്റെ ദുർവിനിയോഗത്തിന് കാരണമാകും.

22. വിവാഹം, ഭവന നിർമ്മാണം തുടങ്ങിയവയിലെ അമിതമായ ആർഭാടങ്ങൾ നിയന്ത്രിക്കുന്നതിന് സംസ്ഥാന അടിസ്ഥാനത്തിൽ നിയമം ഉണ്ടാക്കുക. ഇതിന് വർദ്ധമാന നിരക്കിൽ നികുതി ചുമത്തുന്നതിനുള്ള അധികാരം പഞ്ചായത്തിന് നൽകുക.

23. പൊതുമരാമത്ത്, ശുദ്ധജലവിതരണം, ടെലി കമ്മ്യൂണിക്കേഷൻ എന്നീ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന പക്ഷം റോഡിന്റെ അനാവശ്യ മെയിന്റനൻസുകൾ ഒഴിവാക്കാവുന്നതാണ്.

24. ഓരോ കർഷകന്റേയും സ്വന്തം ഭൂമിയിൽ സ്വന്തമായി ചെയ്യുന്ന നീർതട പരിപാടികൾക്ക് പ്രോത്സാഹനമായി അതിന്റെ ചെലവ് സബ്സിഡിയായി അനുവദിക്കുക.

25. ഈ പഞ്ചായത്തിലെ തൊഴിലില്ലാത്ത അർഹരായ യുവാക്കളെ ഉൾപ്പെടുത്തി ഒരു സന്നദ്ധസേന രൂപീകരിച്ച് തൊഴിൽ ആവശ്യമുള്ള മേഖലയിലേക്ക് തൊഴിലാളികളെ റിക്രൂട്ട് ചെയ്ത് കൂടുതൽ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുക.

26. ഈ പഞ്ചായത്തിലെ 4-ാം വാർഡിലെ നെല്ലിക്കാമല മന്ദിരം ഭാഗവും 6-ാം വാർഡിലെ ഇരുകല്ലുംമുടിയും നല്ല ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കാവുന്നതാണ്. ഗതാഗതസൗകര്യം വേണ്ട രീതിയിൽ ഉണ്ടാകുന്ന പക്ഷം ധാരാളം ടൂറിസ്റ്റുകൾ വരുന്നതിനും അതു വഴി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നതാണ്.

27. മേൽപ്പറഞ്ഞ മന്ദിരം ഭാഗത്തും ഇരുകല്ലുംമുടിയിലും ധാരാളം കാറ്റ് നിരന്തരം ഉള്ളതാണ്. അവിടെ കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള മിനി പദ്ധതികൾ നടപ്പാക്കുന്ന പക്ഷം ഈ പഞ്ചായത്തിന്റെ വൈദ്യുതി കമ്മി പരിഹരിക്കാൻ സഹായകരമാകും. കൂടാതെ 7, 10 വാർഡുകളിലെ ഞണ്ടിറുക്കി, കാലംമാലി എന്നീ വെള്ളച്ചാട്ടങ്ങളിൽ നിന്നും വൈദ്യുതി ഉത്പ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കാവുന്നതാണ്.

## ധനകാര്യ സ്ഥാപനങ്ങൾ

ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട ബാങ്കിംഗ് സ്ഥാപനങ്ങൾ വെള്ളിയാമറ്റം സർവ്വീസ് സഹകരണ ബാങ്ക്, നാളിയാനി ഗിരിജൻ സഹകരണസംഘം അർബൻ ബാങ്ക് (തൊടുപുഴ No. 394) ആലക്കോട് സർവ്വീസ് സഹകരണ ബാങ്കിന്റെ കലയന്താനി ബ്രാഞ്ച്, ഫെഡറൽ ബാങ്ക്, യൂണിയൻ ബാങ്ക് എന്നിവയാണ്. ഈ ബാങ്കുകളിൽ നിന്നും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായുള്ള ധനം അഡ്വാൻസ് ചെയ്യുന്നതിനുള്ള സ്ഥിരമായ സംവിധാനം ഉണ്ടാക്കണം.

മേൽപ്പറഞ്ഞ വിധങ്ങളിൽ പഞ്ചായത്തിന് വിഭവ സമാഹരണം നടത്താനാവും. കൂടുതൽ ഉത്പാദനം നടത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞതിനു

ശേഷവും ജനങ്ങളുടെ ക്രയവിക്രയ ശേഷിയും വരുമാനവും വർദ്ധിപ്പിച്ചു കൊണ്ടും മാത്രമെ പുതിയ നികുതികൾ ചുമത്തുകയും നിലവിലുള്ള തോത് വർദ്ധിപ്പിക്കുകയും ചെയ്യാവു. നൂതന കാർഷിക മേഖലകളിലേക്ക് മനുഷ്യ വിഭവ ശേഷി തിരിച്ചു വിട്ടു കൊണ്ടും മണ്ണ്, ജലം, ജൈവവൈവിധ്യങ്ങൾ എന്നിവ പൂർണ്ണമായി ഉപയോഗപ്പെടുത്തിക്കൊണ്ടും അടിസ്ഥാന മേഖലയായ കാർഷിക മേഖലയുടെ സ്ഥിരമായ വികസനത്തിലൂടെ നമ്മുടെ പഞ്ചായത്തിന് കൂടുതൽ വിഭവങ്ങളും സാമ്പത്തിക ശേഷിയും നേടാനാവും.

| | Management | Public Works | Education | WaterSupply and drainage | Public Health | Lighting | Agriculture | Animal Husbendary | Social Welfare | Agricultural Properties | Extraordinary |
|---|---|---|---|---|---|---|---|---|---|---|---|
| 88-89 | 199678 | 44372 | 350 | - | 1590 | 11376 | - | - | 961 | 485 | 25832 |
| 89-90 | 209928 | 85378 | 307.50 | - | 195 | 11375 | - | - | 190 | 9431 | 11382 |
| 90-91 | 256288 | 31134 | 2751 | - | - | 9480 | - | - | 13941 | - | 11351 |
| 91-92 | 315505 | 50643 | 770 | - | - | 11376 | - | - | 1550 | | |
| 92-93 | 320081 | 65208 | 32335 | - | - | 17420 | | | 900 | | |
| 93-94 | 396070 | 11478 | 5469 | - | - | 19016 | - | - | 930 | | |
| 94-95 | 473345 | 24421 | 14136 | 15313 | 420 | 19097 | - | - | 990 | | |
| 95-96 | 331551 | 661628 | 24614 | 9720 | - | 19863 | - | - | 1400 | | |

മെമ്പർമാർക്കുള്ള അലവൻസുകളും, വിലസൂചികയുടെ അടിസ്ഥാനത്തിലുള്ള DA വർദ്ധനവും

**ചെലവ് സംബന്ധിച്ച വിവരങ്ങൾ**

| ഇനം | തുക |
|---|---|
| 1 | 2 |
| ഭരണം | Rs. 331551.00 |
| പൊതുമരാമത്ത് | Rs. 661628.00 |
| വിദ്യാഭ്യാസം | Rs. 24614.00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | Rs. 9720.00 |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | Rs. 19863.00 |
| മറ്റുള്ളവ | Rs.7558.00 |
| ആകെ | Rs. 1054934.00 |

**പൊതു സാമ്പത്തിക നില**

| | പൊതുകണക്ക് | മൂലധന കണക്ക് | കടം സംബന്ധിച്ച കണക്ക് |
|---|---|---|---|
| 1 | 2 | 3 | 4 |
| വരവ് | 904779 | | |
| ചെലവ് | 1214804 | | |

**പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ**

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് | | |
|---|---|---|---|---|
| | | ഗ്രാന്റ് തുക | പഞ്ചാ. ഫണ്ട് | ആകെ |
| 1 | 2 | 3 | 4 | 5 |
| റോഡ് | 613350 | 613350 | - | 613350 |
| തോട് | | | | |
| കെട്ടിടം | | | | |
| നടപ്പലം | | | | |
| മറ്റുള്ളവ | | | | |
| ആകെ | | | | |

**വരവ് സംബന്ധിച്ച വിവരങ്ങൾ(95-96)**

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| 1 | 2 | 3 | 4 |
| കെട്ടിട നികുതി | | 91818.00 | |
| സർവ്വീസ് ചാർജ് | | | |
| തൊഴിൽ നികുതി | | 104535 | |
| വാഹന നികുതി | | | |
| വിനോദനികുതി | | 65 | |
| അഡീ. വിനോദ നികുതി | | | |
| പ്രദർശന നികുതി | | 74 | |
| പ്രദർശന നികുതിന്മേലുള്ള സർ ചാർജ് | | | |
| ചന്ത വരവ് | | | |
| ലാന്റ് സെസ് | | | |
| ലൈസൻസ് ഫീസ് | | 4933 | |
| കെട്ടിട നികുതി സർ ചാർജ് | | | |
| വസ്തു കൈമാറ്റ നികുതി 75% | | 105593 | |
| വസ്തു കൈമാറ്റ നികുതി 25% | | | |
| സർക്കാർ ഗ്രാന്റുകളും മറ്റും | | | |
| ഒഴികെയുള്ള മറ്റ് വരവുകൾ | | | |
| സംഭാവന | | | |
| ഡെപ്പോസിറ്റ് | | 7315 | |
| മറ്റുള്ളവ | | 411692 | |
| ആകെ | | 726025 | |

### ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | സ്ഥാപനങ്ങളുടെ എണ്ണം | | | | ആകെ | ആകെ ഫീസ് |
|---|---|---|---|---|---|---|
| | വ്യവസായം, വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മറ്റുള്ളവ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | | 5 | 4 | 7 | 16 | |
| II | | 3 | 3 | 6 | 12 | |
| III | | 7 | 5 | 8 | 20 | |
| IV | | 5 | 6 | 4 | 15 | |
| V | | 6 | 6 | 7 | 19 | |
| VI | | 7 | 7 | 9 | 23 | |
| VII | | 4 | 6 | 2 | 12 | |
| VIII | | 3 | 4 | 2 | 9 | |
| IX | | 2 | 4 | 1 | 7 | |
| X | | 3 | 2 | - | 5 | |
| XI | | | | | | |
| XII | | | | | | |
| XIII | | | | | | |
| XIV | | | | | | |
| XV | | | | | | |
| ആകെ | | 45 | 47 | 46 | 138 | 4933 |

### ഗ്രാന്റ് വിവരങ്ങൾ

### ഗ്രാന്റ് രജിസ്റ്ററും സ്പെഷ്യൽ ഗ്രാന്റ് രജിസ്റ്ററും

| | | | അടിസ്ഥാന നികുതി | | | | | |
|---|---|---|---|---|---|---|---|---|
| VRN രൂപ | MI രൂപ | VTC രൂപ | 25% രൂപ | 75% രൂപ | Spl. Grand രൂപ | JRY രൂപ | അൺടൈയ്ഡ് ഫണ്ട് രൂപ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | |
| തുക 22100 | 1586 | 227814 | - | - | - | 106247 | 373200 | 730947 |

**പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ**

| വകുപ്പ് | തുക | | ആകെ |
|---|---|---|---|
| | പദ്ധതി വിവരം | പദ്ധതിയേതര വിഹിതം | |
| 1 | 2 | 3 | 4 |
| മൃഗസംരക്ഷണം | | | |
| ആരോഗ്യം | 37750 | | 37750 |
| കൃഷി | 285909 | | 285909 |
| പി.ഡബ്ല്യു.ഡി | 8400 | | 8400 |
| ഹരിജനക്ഷേമം | | | |
| മറ്റുള്ളവ | 675 | | 675 |
| ആകെ | 332734 | | 332734 |

**സഹകരണസംഘം സംബന്ധിച്ച വിവരങ്ങൾ 30-9-1996**

| | | |
|---|---|---|
| 1. | സ്ഥാപനത്തിന്റെ പേര് | വെള്ളിയാമറ്റം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3958 |
| 2. | പ്രവർത്തന പരിധി | വെള്ളിയാമറ്റം പഞ്ചായത്ത് |
| 3. | ക്രഡിറ്റ് | |
| 4. | പ്രവർത്തനം ആരംഭിച്ച വർഷം | 15-7-1956 |
| 5. | ആകെ അംഗങ്ങൾ | 8176 |
| 6. | ഒരോഹരിയുടെ വില | Rs. 10 - 100 Rs. |
| 7. | അംഗീകൃത ഓഹരി മൂലധനം | 38 ലക്ഷം |
| 8. | പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | 26,61,665 |
| 9. | സർക്കാർ ഓഹരിയുണ്ടോ | ഉണ്ട് |
| 10. | ഉണ്ടെങ്കിൽ ലഭിച്ച തുക | NEDC/ICDP 100000, 525200 |
| 11. | പരമാവധി കടം എടുക്കാവുന്ന തുക | 1403 ലക്ഷം |

## II പൊതുജനങ്ങളിൽനിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

| | | |
|---|---|---|
| a) | സ്ഥിരം | 35989911.60 |
| b) | ഹ്രസ്വകാലം | 4045518.97 |
| | | 40035430.57 |

## III നൽകിയിട്ടുള്ള വായ്പകൾ

### a) കാർഷിക വായ്പകൾ

| ഇനം | തുക |
|---|---|
| 1. ST Loan | 8491493 |
| 2. MT Convertion | 27650 |
| 3. IRDP | 200958 |
| 4. Minar Irigation | 176773 |
| 5. Rubber Palntation | 222058 |
| 6. Rubber Roller | 2320 |
| 7. sline Bund | 102240 |
| 8. pepper | 26450 |

### b) മറ്റു വായ്പകൾ

| ഇനം | തുക |
|---|---|
| 1. Ordinary Loan | 15330971 |
| 2. Gold Loan | 8942920 |
| 3. secured loan | 1331423 |
| 4. SPL MTL | 47319 |
| 5. Hire purchase | 1357071 |
| 6. Housing | 34562 |
| 7. Bio Gas | 5060 |
| 8. LLt | 489 |

### c) പ്രത്യേക വായ്പകൾ

| ഇനം | തുക |
|---|---|
| 1. OLMT | 3571940 |
| total | 39871637 |

**Untied Fund വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്ത് 92-96**

| | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| General | 129500 | 121430 | 189460 | 90000 |
| SCP | 35400 | 47250 | 50600 | 70920 |
| TSP | 65400 | 98050 | 112280 | 112280 |
| Total | 230300 | 266730 | 352340 | 2732200 |

JRY പണി സംബന്ധിച്ച വിവരങ്ങൾ Ref. JRY ആക്ഷൻ പ്ലാൻ 96-97

| പണിയുടെ പേര് തുക രൂ | ജനറൽ സെക്ടർ തുക രൂ. തുക രൂ. | SCST വിഭാഗം തുക രൂ | ആകെ |
|---|---|---|---|
| 1 | 2 | 3 | 4 |
| ഇനം | | | |
| 1. ലഭിക്കാവുന്നത് 19692 | 762661 | 285941 | 988602 |
| 2. പ്രതീക്ഷിക്കുന്ന തുക 9697 | 988602 | 431970 | 1420572 |
| 3. പ്രാരംഭ ബാക്കി | 1100943 | 319629 | |
| 4. പുതിയ പണിക്കുള്ളത് | 1001179 | 281489 | |
| 5. ആകെ അടങ്കൽ തുക | 1301179 | 413459 | 1714638 |
| 6. വേതന ഘടകം പണം 60% | 1028783 | | |
| 7. ധാന്യം 40 % | 685855 | | |
| 8. SCST വീടുകൾ 14 | | 221200 | |
| 9. SCST കിണർ 7% | | 231489 | |
| 10. പന്നിമറ്റം - പുതുയകുളങ്ങര | 100000 | | |
| 11. വെള്ളിയാമറ്റം - കുരുതിക്കുളം | 100000 | | |
| 12. പൂമാല - കൂവക്കണ്ടം | 200000 | | |
| 13. പന്നിമറ്റം - പൂമാല | 200000 | | |
| 14. വെട്ടിമറ്റം - ഇളംദേശം | 100000 | | |
| 15. ഞരളംപുഴ - കാഞ്ഞാർ | 100000 | | |
| 16. കാഞ്ഞാർ വെയിറ്റിംഗ് ഷെഢ് | 100000 | | |
| 17. കൊന്താലപള്ളി - do | (21179) | 50000 | |
| Revisey | | | |
| 18. നാടുകാണി do | (80000) | 51179 | |
| Revisey | | | |
| 19. മുൻകാലത്തുള്ള SCST വീട് 14 | | 131970 | |
| 20 പൂച്ചപ്ര നാളിയാനി റോഡ് തൊഴിൽ ദിനം | 300000 | 1282668 | 12827 |



# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

പട്ടികവർഗ്ഗം ഇടുക്കി ജില്ലയിൽ ഏറ്റവും കൂടുതൽ ആദിവാസിക ളുള്ള പഞ്ചായത്താണ് വെള്ളിയാമറ്റം. പഞ്ചായത്തിലെ പത്തു വാർഡുകളിൽ VII, VIII, IX, X എന്നീ വാർഡുകൾ ആദിവാസി കോളനികളാണ്. ഇവിടുത്തെ ജനസംഖ്യയിൽ 75% പേരും ആദിവാസികളാണ്. കൂടാതെ I ഉം III ഉം വാർഡുക ളിലായി പറമ്പുകാടു കോളനിയും II-ാം വാർഡിൽ വെട്ടിമറ്റം കോളനിയുമുണ്ട്. പഞ്ചായത്തിൽ 1198 പട്ടികവർഗ്ഗ കുടുംബങ്ങളും 6163 ജനങ്ങളുമുണ്ട്. ഈ പഞ്ചാ യത്തിലെ മൊത്തം ജനസംഖ്യയുടെ 28 % പട്ടികവർഗ്ഗക്കാരാണ്. ഇവരെല്ലാവരും 14 അംഗീകൃത കോളനികളിലായിട്ടാണ് താമസിക്കുന്നത്. വിദ്യാഭ്യാസ സാമൂഹ്യ മേഖലകളിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് കാര്യമായ പുരോഗതി ദൃശ്യമല്ല. ഇവർ സാമൂഹ്യ സാമ്പത്തിക രംഗത്ത് വളരെയധികം ചൂഷണവിധേയരായിരുന്നു. സാമൂഹ്യ രംഗത്ത് പുരോഗതി കൈവ രിച്ചിട്ടുണ്ട്. എല്ലാജാതി മതസ്ഥരുടേയും പൊതുചടങ്ങുകളിൽ പങ്കെടുപ്പിക്കു കയും ആവശ്യമായ പരിഗണന ലഭിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ആദിവാ സികളുടെ വീടുകളിൽ നടക്കുന്ന വിവാഹം പോലുള്ള ചടങ്ങുകളിൽ മറ്റു വിഭാ ഗക്കാർ പങ്കെടുക്കുകയും ചെയ്യാറുമുണ്ട്.

പട്ടികവർഗ വിഭാഗത്തിന്റെ പുരോഗതിക്കു വേണ്ടി സർക്കാർ നൽകി യിട്ടുള്ള സഹായം പൂർണ്ണവും അവർക്കു വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല. ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്. അവയ്ക്കെല്ലാം അടിയ ന്തര പരിഗണനയും, പരിഹാരവും അത്യാവശ്യമാണ്.

പട്ടികജാതി -ജനസംഖ്യ

(1991 സെൻസസ് പ്രകാരം)

| ക്രമനമ്പർ | വാർഡ് | സ്ഥലത്തിന്റെ പേര് | ആകെ | പുരു. | സ്ത്രീ. |
|---|---|---|---|---|---|
| 1 | I | കലയന്താനി | 61 | 27 | 34 |
| 2 | II | വെട്ടിമറ്റം | 85 | 41 | 44 |
| 3 | III | ഇളംദേശം | 138 | 70 | 68 |
| 4 | IV | കറുകപ്പള്ളി | 127 | 52 | 75 |
| 5 | V | വെള്ളിയാമറ്റം | 114 | 58 | 56 |
| 6 | VI | പന്നിമറ്റം | 83 | 41 | 42 |
| 7 | VII | പൂമാല | 133 | 68 | 65 |
| 8 | VIII | പൂച്ചപ്ര | 93 | 42 | 51 |
| 9 | XI | നാളിയാനി | 93 | 46 | 47 |
| 10 | X | | | | |
| ആകെ | 927 | 445 | 482 | | |

## ചരിത്രം:

വെള്ളിയാമറ്റം പഞ്ചായത്തിൽ ആദിവാസികളിൽപ്പെട്ട മലഅരയൻ, ഊരാളി, മല ഉള്ളാടൻ, പട്ടികവർഗ്ഗത്തിൽ നിന്നു ക്രിസ്തുമതത്തിലേക്കു മതപരിവർത്തനം ചെയ്തവർ എന്നിങ്ങനെ നാലുവിഭാഗക്കാർ മാത്രമേ അധിവസിക്കുന്നുള്ളു.

ഏതാണ്ട് മുന്നൂറു വർഷങ്ങൾക്കു മുമ്പ് ആദിവാസികൾ വെള്ളിയാമറ്റം പ്രദേശത്തു കുടിയേറി പാർത്തതായാണ് ഐതിഹ്യം. ഇവർ എവിടെ നിന്നു വന്നു എന്നതിനെക്കുറിച്ചു കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. ആദിവാസികൾ ആദ്യമായി താമസം തുടങ്ങിയ സ്ഥലങ്ങൾ, പതിക്കമല, പൂച്ചപ്ര, കുറുവക്കയം, മേത്തൊട്ടി, കരിപ്പിലങ്ങട് എന്നീ പ്രദേശങ്ങളിലാണ്. പതിക്കമല, കരിപ്പലങ്ങാട് എന്നീ പ്രദേശങ്ങളിൽ മല അരയന്മാരും കുറുവക്കയം, മേത്തൊട്ടി, പൂച്ചപ്ര എന്നീ പ്രദേശങ്ങളിൽ ഊരാളിമാരുമാണ് താമസം തുടങ്ങിയത്. എന്നാൽ ബാക്കിയുള്ള സെറ്റിൽമെൻറുകൾ ഏതാണ്ടു നൂറുവർഷത്തോളമായി നിലവിൽ വന്നിട്ട്. അതിൽ പതിക്കമല, പൂച്ചപ്ര, കൊളപ്രം, കരിപ്പലങ്ങാട് എന്നീ കോളനികളിൽ താസമക്കാരായ ആദിവാസികൾക്ക് 'ആയിക്കെട്ട് (Ayacut) പതിവു ഭൂമികൾ ഉണ്ട്. ഇപ്പറഞ്ഞ ഭൂമികൾ പതിച്ചു കൊടുത്തത് സെറ്റിൽമെൻറു കാലഘട്ടമെന്നറിയപ്പെടുന്ന 1072 (മലയാള വർഷം) കാലഘട്ടത്തിലാണ്. തൊടുപുഴയെ റിസർവ്വായി പ്രഖ്യാപിച്ചു കൊണ്ടുള്ള നോട്ടിഫിക്കേഷൻ പ്രകാരം ടി ആയിക്കെട്ടു പതിവു ഭൂമിയിലെ ആദിവാസികളുടെ അവകാശം എടുത്തുകളയാൻ ചില ഫോറസ്റ്റ് ഉദ്യോഗസ്ഥർ ശ്രമിച്ചെങ്കിലും ആ ശ്രമത്തെ ആദിവാസികൾ കോടതിയിൽ കേസു കൊടുത്തു പരാജയപ്പെടുത്തിയതായി പറയപ്പെടുന്നു. വെള്ളിയാമറ്റം പഞ്ചായത്തിൽ ആദിവാസികൾ ഇപ്പോൾ ഒരു ഉയിർത്തെഴുന്നേൽപ്പിൻെറ കാലഘട്ടത്തിലൂടെ കടന്നു പോകുകയാണ്.

## മലയരയൻ :-

മലയരയൻ എന്നത് അരശൻ(രാജാവ്) എന്ന വാക്കിന്റെ ഭേദപ്പെടുത്തിയ ഒരു വാക്കാണ്. മല അരയൻ എന്നാൽ മലയിലെ രാജാവ് എന്നു വിവക്ഷിക്കപ്പെടുന്നു. സ്ത്രീകളും പുരുഷൻമാരും മുമ്പ് കാതിൽ കമ്മൽ (കടുക്കൻ) ധരിച്ചിരുന്നു. പൊതുവേ മലയരയൻമാർ മാംസഭുക്കുകളും മദ്യം ഇഷ്ടപ്പെടുന്നവരുമാണ്. ഇവർ പ്രധാനമായും ആറ് ഇല്ലങ്ങളായി വിഭചിച്ചിക്കപ്പെട്ടിരുന്നു. അവ പൂതാനില്ലം, വളയില്ലം, നെല്ലിക്കാട്ടില്ലം, നാലില്ലം, മുണ്ടില്ലം, എണ്ണയില്ലം, എന്നിങ്ങനെ അറിയപ്പെടുന്നു. സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം സമത്വം കല്പിക്കപ്പെടുന്നു., സ്ത്രീധന സംബ്രധായം നിലവിൽ ഉണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ സ്ത്രീധന സംബ്രധായം ഇപ്പോൾ വേരു പിടിച്ചുതുടങ്ങിയിട്ടുണ്ട്. മുമ്പ് ചില പ്രദേശങ്ങളിൽ മരുമക്കത്തായം നിലനിന്നിരുന്നതായി പറയപ്പെടുന്നുണ്ടെങ്കിലും, ഇന്ന് മക്കത്തായമാണ് നിലവിലുള്ളത്. വിവാഹമോചനങ്ങളും പുനർ വിവാഹങ്ങളും നടക്കാറുണ്ട്. ഗാന്ധർവരീതിയിലുള്ള വിവാഹങ്ങൾ നടക്കാറുണ്ടെങ്കിലും രക്ഷകർത്താക്കളുടെ ആലോചനപ്രകാരമുള്ള വിവാഹങ്ങളാണ് സാധാരണ നടക്കാറുള്ളത്. മലയരയന്മാർക്ക് ഓരോ കോളനിയിലും, ഓരോ കാണിക്കാരൻ(പൊരമ്പൻ) (Head Man) ഉണ്ടയിരുന്നു. കോളനിക്കുള്ളിലെ തർക്കങ്ങൾ പരിഹരിക്കുന്നതും, കേസുകളോ, സർക്കാരുമായി എന്തെങ്കിലും പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടതായോ വന്നാൽ, അതെല്ലാം നിർവ്വഹിക്കുന്നത് കാണിക്കാരന്മാരായിരുന്നു. എന്നാൽ ഇന്ന് ആ സ്ഥാനം നിലവിലില്ലാത്തതാണ്. അരയന്മാരുടെ ഇടയിൽ മന്ത്രവാദവും അതുപോലുള്ള മറ്റ് അന്ധവിശ്വാസങ്ങളും നിലനിന്നിരുന്നു. മതയരയന്മാർ ഹിന്ദുമത വിശ്വാസികളാണ്. പ്രധാന ആരാധനാമൂർത്തികൾ, ശാസ്താവ്, ഭഗവതി, ശിവൻ മുതലായ ദൈവങ്ങളാണ്. മലയരയന്മാർ തങ്ങളുടെ മരിച്ചുപോയ പിതാമഹന്മാരുടെ ആത്മാക്കളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. മലയാള വർഷത്തിലെ കർക്കിടകം, തുലാം, കുംഭം എന്നീ മാസങ്ങളിലെ കറുത്ത വാവിന് മരിച്ചുപോയ പിതൃക്കളുടെ ആതാമാക്കൾക്കു വേണ്ടി വാവുബലി അർപ്പിക്കുന്നത് സർവ്വസാധാരണമാണ്. കുടുംബാഗംങ്ങൾ മരിക്കുകയാണെങ്കിൽ വീടിനു തെക്കുവശത്താണ് ശവം മറവു ചെയ്യുന്നകത്. മല അരയന്മാർ കേരളത്തിൽ പ്രധാനമായും, തൊടുപുഴ, പീരുമേട്, കാഞ്ഞിരപ്പിള്ളി, ദേവികുളം എന്നീ താലൂക്കുകളിലാണ് അധിവസിച്ചിരുന്നത്.

**(അവലംബം – ഗസറ്റിയർ ഓഫ് ഇന്ത്യ)**

## മല ഉള്ളാടൻ

മല ഉള്ളാടന്മാർ പ്രധാനമായും മീനച്ചിൽ, കാഞ്ഞിരപ്പള്ളി, എന്നീ താലൂക്കുകളിലാണ് അധിവസിച്ചിരുന്നത്. അവിടെനിന്ന് ഇപ്പോൾ കുറേ കുടുംബങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ, കുടിയേറിപ്പാർത്തുവരുന്നുണ്ട്. അങ്ങനെ ഏതാനും കുടുംബങ്ങൾ ഇപ്പോൾ വെള്ളിയാമറ്റം പഞ്ചായത്തിൽ താമസക്കാരായുണ്ട്. ഉള്ളാടൻ എന്ന വാക്ക് ഉൾ(വളരെ ഉള്ളിലുള്ളത്) നാട്(പ്രദേശം) എന്നിവ കൂടിച്ചേർന്ന് ഉൾനാടൻ - ഉള്ളാടൻ എന്നായിത്തീർന്നിട്ടുള്ളതാണെന്നാണ് അഭിമതം. ഉള്ളാടന്മാർ മഹർഷി വാത്മീകിയുടെ സന്തതി പരമ്പരയിൽപ്പെട്ടവരാണെന്നാണ് ഐതിഹ്യം സ്ത്രീകളും പുരുഷന്മാരും ഒരുപോലെ വളകളും, കമ്മലും, മോതിരവും അണിഞ്ഞിരിന്നു. ഓടക്കുഴലുകളുടെയും ചെണ്ടകളുടെയും താളമേളങ്ങൾക്കൊപ്പം നൃത്തം ചെയ്യുന്നത് ഇവർക്ക് ഏറ്റവും ഇഷ്ടമുള്ള വിനോദമായിരുന്നു എന്ന് പറയപ്പെടുന്നു. മക്കത്തായവും മരുമക്കത്തായവും കൂടിക്കലർന്ന ഒരു പിൻതുടർച്ചാവകാശനിയമമാണ് ഉള്ളാടന്മാർക്കുള്ളത്. ഇവരിൽ ഒരു വിഭാഗം കൃഷിക്കാരായിരുന്നെങ്കിലും ഒരു വിഭാഗം നായാട്ടും മറ്റുമായി വനങ്ങളിൽ ചുറ്റിത്തിരിഞ്ഞ് ജീവ സന്ധാരണം നടത്തുന്നവരായിരുന്നു. വനത്തിൽനിന്ന് പച്ചമരുന്നുകൾ ശേഖരിച്ച് വിറ്റ് ഉപജീവനം നടത്തിവന്നിരുന്നു. ഇവരുടെയിടയിൽ സ്ത്രീകൾ സാധാരണയായി ജോലിക്ക് പോകാറില്ലായിരുന്നു. ഇടവേളകളിൽ ഇവർ കുട്ടകളും ചനമ്പുകളും മറ്റും ഉണ്ടാക്കി വിറ്റിരുന്നു. ശത്രുക്കൾക്കെതിരെ ഒടിപ്രയോഗ ( മന്ത്രവാതം) ങ്ങളും മറ്റും നടത്തുന്നതിൽ ഇവർ വിദഗ്ധന്മാരായി അറിയപ്പെട്ടിരുന്നു. ഇവരുടെ ഇടയിൽ വിവാഹബന്ധം വേർപെടുത്തലും, പരസ്പരം ഉപേക്ഷിക്കലും വളരെ അപൂർവ്വമായിരുന്നു. അവലംബ ഗസറ്റിയർ ഓഫ് ഇന്ത്യ

## ഊരാളി

ഊരാളിമാർ കൂടുതലായി അധിവസിക്കുന്നത്, തൊടുപുഴ, ദേവികുളം, പീരുമേട് എന്നീ താലൂക്കുകളിലാണ്. ഊരാളി എന്ന വാക്ക് 'ഊര്' (സ്ഥലം) ആൾ (ജനങ്ങൾ) എന്നിവകൂടിച്ചേർന്നുണ്ടായിട്ടുള്ളതാണ്. ഇതിന്റെ അർത്ഥം ഊരാളി- ഭൂമിയുടെ സ്ഥലത്തിന്റെ ആൾക്കാരെന്നാണ്. ഇവർ ആര്യൻ വംശക്കാരാണെന്ന് അവകാശപ്പെടുന്നു. ഇവരുടെ കൂട്ടത്തിൽ പല വിഭാഗക്കാരുമുണ്ട്. ആദ്യകാലത്ത് മരുമക്കത്തായ പിൻതുടർച്ചാവകാശമാണ് നലവിലുണ്ടായിരുന്നതെങ്കിലും ഇപ്പോൾ മക്കത്തായമാണ് നിലവിലുള്ളത്. മുമ്പ് വന്യ ജീവികളം ഭയന്ന് ഇവർ മരങ്ങളിൽ കുടിലു കെട്ടി(ഏറുമാടം) പാർത്തിരുന്നു. വന വിഭങ്ങൾ ശേഖരിച്ച് വിറ്റ് ഉപജീവനം കഴിക്കുന്നവർ ഇവരുടെ ഇടയിൽ ഉണ്ടായിരുന്നു. ഇപ്പോൾ എല്ലാവരും തനന്നെ കൃഷിപ്പണി ചെയ്ത് ജീവിക്കുന്നു. വിവാഹം രക്ഷാകർത്താക്കൾ ആലോചിച്ച് നടത്തുന്ന സമ്പ്രദായമാണ് നിലവിലുളളത്. ഇവരുടെ കോളനികളിൽ കാണി എന്ന പേരിൽഅറിയപ്പെടുന്ന ഗ്രാമത്തലവൻ ഉണ്ടായിരുന്നു. (അവലംബം ഗസറ്റൽ ഓഫ് ഇന്ത്യ

## മതപരിവർത്തനം ചെയ്ത പട്ടിക വർഗ്ഗക്കാർ

പ്രധാനമായും മല അരയന്മാരുടംടെ കൂട്ടത്തിൽനിന്ന് ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവരാണ് ഇവിടെ താമസിക്കുന്നത്. ഇവരിൽ ഭൂരിഭാഗവും വെട്ടിമറ്റം പൂമാല, കൂവക്കണ്ടം, നാളിയാനി എന്നിവടങ്ങിലാണ് അധിവസിക്കുന്നത്. വെട്ടിമറ്റം കോളനി ഇവർ മാത്രം താമസിക്കുന്ന കോളനിയാണ്. പട്ടിക വർഗ്ഗത്തിലെ മറ്റ് വിഭാഗങ്ങളെ അപേക്ഷിച്ച് സാമൂഹ്യമായും, സാമ്പത്തികമായും, സാംസ്ക്കാരികമായും, വിദ്യാഭ്യാസപരമായും ഇവർ ഒരു പടി മുന്നിലാണ്.

## വിവിധ മേഖലകൾ

വിദ്യാഭ്യാസം രംഗത്ത് പുരോഗതി ദൃശ്യമാണെങ്കിലും S.S.L.C ക്ക് ശേഷമുള്ള വിദ്യാഭ്യാസ നിലവാരം വളരെ ശോചനീയമാണ്. S.S.L.C. പാസാവുന്നവരിൽ 10 സതമാനം പോലും ബിരുദധാരികളായിത്തീരുന്നില്ല. രക്ഷിതാക്കൾ കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ കാര്യമായ ശ്രദ്ധ കാണിക്കുന്നില്ല. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തതിനുവേണ്ടി വിദ്യാ സമ്പന്നരായ ആളുകളുടെ സഹാത്തോടെയുള്ള ബോധവത്കരണപരിപാടികള് ആവശ്യമാണ്. ആദ്യവാസി മേഖലകളിലെ സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം വളരെ മോശമാണ് 1996-97 ൽ പഞ്ചായത്തിൽ 2714 കുട്ടികൾ വിദ്യാഭ്യാസം ചെയ്യുന്നുണ്ട്.

## പ്രീപ്രൈമറി വിദ്യാഭ്യാസം:

പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് ആദ്യവാസി മേഖലകളിൽ വളരെ പ്രചാരം സിദ്ധിച്ചിട്ടുണ്ട്. ആദ്യവാസ മേഖലകളിൽ (1). നാടുകാണി (2). കരിപ്പലങ്ങാട് (3) പൂച്ചപ്ര(4). കോളപ്ര (5) കോഴിപ്പിള്ളി (6) നാളിയാനി (7). കൂവക്കണ്ടം (8). പൂമാല (9). മേത്തൊട്ടി എന്നിവടങ്ങളി ഓരോ അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പൂച്ചപ്രയിലും കൂവക്കണ്ടത്തും ITDP യുടെ കീഴിൽ ഓരോ നഴ്സറി സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. അംഗൻവാടികളിൽ കളിപ്പാട്ടങ്ങളും പഠനോപകരണങ്ങളും ലഭ്യമാക്കേണ്ടതുണ്ട്.

**പട്ടികവർഗ കോളനികൾ – ജനസംഖ്യ, കുടുംബങ്ങൾ, കുടിലുകൾ, വൈദ്യുതീകരിച്ച വീടുകൾ**

| ക്ര.നം. | വാർഡ് | കോളനിയുടെ പേര് | ആകെ ജനസംഖ്യ | പുരു | സ്ത്രീ | കുടുംബങ്ങൾ | കുടിലുകൾ | വൈദ്യുതീകരിച്ചവ |
|---|---|---|---|---|---|---|---|---|
| 1. | I | പറമ്പുകാട് | 102 | 52 | 50 | 14 | 2 | Nil |
| | III | | | | | | | |
| 2. | II | വെട്ടിമറ്റം | 114 | 51 | 63 | 22 | | |
| 3. | VII | പൂമാല | 1117 | 575 | 542 | 317 | 73 | 90 |
| 4. | | മേത്തൊട്ടി | | | | | | |
| 5. | VIII | പൂച്ചപ്ര | 2202 | 1072 | 1130 | 367 | 18 | 173 |
| 6. | | കൊളപ്ര | | | | | | |
| 7. | | തുമ്പച്ചി | | | | | | |
| 8. | IX | തടിയനാൽ | 1077 | 539 | 538 | 231 | 109 | 16 |
| 9. | | നാളിയാനി | | | | | | |
| 10. | | കൂവക്കണ്ടം | | | | | | |
| 11. | | വാളിയാംതോട് | | | | | | |
| 12. | X | കോഴിപ്പള്ളി | | | | | | |
| 13. | | വട്ടക്കണ്ണി | 1551 | 845 | 706 | 247 | 57 | 19 |
| 14 | | നാടുകാണി (പുത്തടം) കരിപ്പിലങ്ങാട് | | | | | | |
| 14. | 7 | ആകെ | 6163 | 3134 | 3029 | 1198 | 259 | 316 |

**പട്ടിക ജാതി – പട്ടിക വർഗ്ഗം**

**സ്കൂളുകൾ വിദ്യാർത്ഥികളുടെ എണ്ണം മുതലായവ**

| ക്രമ. നമ്പർ | പേര് | ആകെ കുട്ടികൾ | ആണ് | പെണ്ണ് | ആകെ | % | റിമർക്സ് |
|---|---|---|---|---|---|---|---|
| 1 | Govt. L.P.S. നാളിയാനി | 71 | 30 | 37 | 67 | 95% | |
| 2 | Govt. U.P.S. കരിപ്പലങ്ങാട് | 110 | 44 | 39 | 83 | 74% | |
| 3 | Govt. U.P.S. പൂച്ചപ്ര | 145 | 52 | 49 | 101 | 70% | |
| 4. | Govt. H.S. പൂമാല | 731 | 244 | 188 | 432 | 57% | |
| 5. | C.K.H.S. വെള്ളിയാമറ്റം | 603 | 49 | 79 | 128 | 21% | |
| 6. | S.J.U.P.S. ഇളംദേശം | 141 | 9 | 9 | 18 | 13% | |
| 7. | S.J.U.P.S. വെള്ളിയാമറ്റം | 435 | 24 | 29 | 53 | 12% | |
| 8. | P.L.P.S. വെട്ടിമറ്റം | 247 | 14 | 10 | 24 | 10% | |
| 9. | S.J.L.P.S. പന്നിമറ്റം | 231 | 9 | 11 | 20 | 9% | |
| | ആകെ | 2714 | 475 | 451 | 926 | 34% | |



■ ആദിവാസി കോളനികൾ

## പ്രശ്നങ്ങൾ

- ☐ അദ്ധ്യാപകർ കൃത്യമായി സ്കൂളിൽ വരുന്നില്ല.
- ☐ സ്കൂളുകളിൽ എത്തിച്ചേരാൻ ഗതാഗത സൗകര്യങ്ങൾ ഇല്ല.
- ☐ മാതാപിതാക്കളുടെ താല്പര്യമില്ലായ്മ
- ☐ സാമ്പത്തിക പ്രശ്നങ്ങൾ
- ☐ ഇടയ്ക്കു പഠിത്തം നിർത്തൽ

## നിർദ്ദേശങ്ങൾ

- ☐ ഗതാഗത സകര്യം വർദ്ധിപ്പിക്കുക
- ☐ അദ്ധ്യാപകർ സ്കൂളുകളിൽ കൃത്യമായി ഹാജരാകുന്നു എന്നുറപ്പുവരുത്തുക.
- ☐ മാതാപിതാക്കൾക്കു ബോധവൽക്കരണം.
- ☐ സാമ്പത്തിക പ്രശ്നങ്ങൾക്കു പ്രതിവിധിയായി ഗ്രാന്റുകൾ വർദ്ധിപ്പിക്കുക.
- ☐ 15 വയസ്സുവരെ നിർബന്ധിത വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുക.
- ☐ കൂടുതൽ സ്കൂളുകൾ അനുവദിക്കുക.

## കൃഷി, തൊഴിൽ

ആദിവാസികളിൽ എല്ലാവർക്കും സ്വന്തമായി കൃഷിഭൂമി ഉണ്ട്. പൂച്ചപ്ര, പറമ്പുകാട്, വെട്ടിമറ്റം, കൊളപ്രം എന്നീ സെറ്റിൽ മെന്റുകളിൽ ഉദ്ദേശം 100 ഏക്കറോളം പട്ടയഭൂമി ഉള്ളതു കഴിച്ചാൽ ബാക്കിയുള്ളവ പട്ടയമില്ലാത്ത കൈവശ ഭൂമിയാണ്. ഇവരിൽ 95% കുടുബങ്ങളും കൃഷിയെ ആശ്രയിച്ചാണ് ജീവിതം പുലർത്തുന്നത്.

നൂറ്റാണ്ടുകളായി കൈവശം വച്ചിരുന്ന ഭൂമി, ആദിവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കാതെ, തിരുവിതാം കൂർ ഗവൺമെന്റ് തൊടുപുഴ റിസർവ്വിന്റെ ഭാഗമാക്കിക്കൊണ്ട് reserve mthiclime പുറപ്പെടുവിച്ച് ആദിവാസികളുടെ ജീവിതം നരകതുല്യമാക്കിത്തീർത്തു. സ്വന്തം ഭൂമിയിൽ സ്ഥിരം ദേഹണ്ഡങ്ങൾ ചെയ്യുന്നതിനെ ഫോറസ്റ്റ് ഉദ്യോഗസ്ഥർ കഴിഞ്ഞ് ഏതാനും വർഷങ്ങൾ വരെ എതിർത്തിരുന്നതുകൊണ്ട്. ആദിവാസികൾക്ക് സാമ്പത്തികമായി ഉയരാൻ കഴിഞ്ഞില്ല. കൃഷിഭൂമിയിൽ ശാസ്ത്രീയമായി കൃഷിചെയ്യുവാൻ അറിവില്ലാത്തതുകൊണ്ട് ഭൂരിഭാഗം കുടുംബങ്ങളും ദാരിദ്രത്തിൽത്തന്നെ കഴിയുന്നു.

പനമ്പ്, കൊട്ട, വട്ടി, മുറം മുതലായ നിർമ്മിക്കാൻ പരിചയമുള്ള ആദിവാസികൾക്ക് വേണ്ട സഹായങ്ങളും പ്രോത്സാഹനവും നൽകേണ്ടതാണ്.

പ്രധാന കൃഷി റബ്ബറാണ്. തെങ്ങ്, കമുക്, കുരുമുളകുകൊടി, കൊക്കോ എന്നിങ്ങനെയുള്ള നാണ്യവിളകളും കൃഷിചെയ്യുന്നുണ്ടെങ്കിലും പലതരം രോഗങ്ങളുടെ ആക്രമണം മൂലം ഈ കൃഷികൾ ലാഭകരമല്ലാതായിത്തീർന്നിരിക്കുന്നു. വളരെ കുറച്ചു ഭൂമി മാത്രമേ നെൽകൃഷിക്ക് ഉപയുക്തമാക്കിയിട്ടുള്ളൂ. മുമ്പ് ആദിവാസികളുടെ ഭൂമിയിൽ വ്യാപകമായി വിരിപ്പു നെൽ കൃഷിയും കപ്പകൃഷിയും ചെയ്തിരുന്നു.

റബ്ബർ കൃഷിമാത്രമേ ആശ്രയിക്കാവുന്ന കൃഷിയായി ഈ വിഭാഗങ്ങളിൽ കരുതപ്പെടുന്നുള്ളു. എന്നാൽ നല്ലയിനം ബഡ് റബ്ബർ തൈകൾ നട്ടുപിടിപ്പിക്കുന്നതിനു സാമ്പത്തികവും സാങ്കേതികവുമായ കഴിവില്ലാത്തതുകൊണ്ട് പലർക്കും അവ ശാസ്ത്രീയമായി കൃഷിചെയ്യാൻ സാധിക്കുന്നില്ല. റബ്ബർബോർഡും, ട്രൈബൽ ഡിപ്പാർട്ടുമെന്റും കൂടി ആദിവാസി കോളനികളിൽ റബ്ബർത്തൈ നടുന്നതിന് ഒരു സ്കീം ആരംഭിച്ചുട്ടുണ്ട്. ഇത് ആദിവാസികൾക്ക് വളരെ ഉപകാരപ്രദമാണ്. ആദിവാസികളെ സാമ്പത്തികമായി ഉയർത്തിക്കൊണ്ടുവരുന്നതിന് ഗവൺമെന്റ് ചില വിട്ട അനേക കോടി രൂപാ ആദിവാസികൾക്ക് ഗുണം ചെയ്യാതെ പോയിട്ടുണ്ട്. എന്നാൽ ഈ റബ്ബർ കൃഷി പദ്ധതി ശ്ലാഘനീയമായി ഒരു പദ്ധതിയാണ്. ഈ പദ്ധതിയിൽ 1992ൽ ഈ പഞ്ചായത്തിൽ 50 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്തിട്ടുണ്ട്. 112 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. 1993ൽ 54 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തിട്ടുണ്ട്. 173 കുടുംബങ്ങൾക്ക് ഇത് പ്രയോജനപ്പെടുന്നു. കൂടുതൽ ആളുകൾ റബ്ബർ കൃഷി സഹായം ആവശ്യപ്പെട്ടപ്പോൾ ട്രൈബൽ ഡിപ്പാർട്ടുമെന്റ് റബ്ബർ കൃഷി വ്യാപിപ്പിക്കുവാൻ തയ്യാറായില്ല. അതിനെതുടർന്നും, 1994ൽ 88 ഹെക്ടർ സ്ഥലത്ത് റബ്ബർ ബോർഡ് അവരുടെ സ്വന്തം സ്കീമിൽ റബ്ബർകൃഷി നടപ്പിലാക്കി. ഇതുമൂലം 272 കുടുബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. അതിനെ ആകെ 192 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്തു. 557 കുടുംബങ്ങൾക്ക് പ്രയോജനം ചെയ്തു. ഈ റബ്ബർ കൃഷിക്ക് 7 വർഷത്തേയ്ക്ക് റബ്ബർബോർഡ് മതിക്കുന്ന ആകെ ചിലവ് 85 ലക്ഷം രൂപയാണ്. കുന്നുകളും, മലകളും കയറിയിറങ്ങി ഈ റബ്ബർ കൃഷിക്ക് സ്ഥിരമായും സാങ്കേതികമായും നേരിട്ട് നിർദ്ദേശങ്ങളും, സഹായങ്ങളും ചെയ്യുന്ന റബ്ബർബോർഡ് ഉദ്യോഗസ്ഥന്മാരുടെ സേവനം പ്രകീർത്തിക്കത്തക്കതാണ്. ഈ സ്കീമിന്റെ പ്രയോജനം ലഭിക്കാത്ത മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും റബ്ബർകൃഷിക്കുള്ള സാമ്പത്തിക സാങ്കേതിക സഹായം ലഭ്യമാക്കേണ്ടത് ഏറ്റവും ആവശ്യമാണ്. എന്നാൽ നാടുകാണി സമുദ്രനിരപ്പിൽനിന്നു 774 മീറ്റർ ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഇവിടെ റബ്ബർ കൃഷി അനുയോജ്യമല്ല. ലാഭകരമായി നടത്താവുന്ന കൃഷികളൊന്നും കണ്ടെത്താനായില്ല. നാടുകാണി കോളനികളിൽ ലാഭകരമായി നടത്താവുന്ന കൃഷിയേക്കുറിച്ച് ആദിവാസികൾക്ക് സാങ്കേതികമായ ഉപദേശം കൊടുക്കേണ്ടത് ഏറ്റവും ആവശ്യമാണ്. അതുപോലെതന്നെ കൃഷി ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായവും ആവശ്യമാണ്.

ആദിവാസി മേഖലകളിൽ കൃഷിചെയ്യുന്നതിനു തടസമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റേണ്ടത് ഏറ്റവും ആവശ്യമാണ്. ദേഹണ്ഡങ്ങൾക്ക് തണലായി നിൽക്കുന്ന മരങ്ങളുടെ ശിഖിരങ്ങൾ മുറിക്കാൻ അനുവദിക്കണം. മരങ്ങളുടെ ശിഖിരങ്ങൽ മുറിച്ചാൽ കേസെടുക്കുന്ന ഫോറസ്റ്റുദ്യോഗസ്ഥൻമാരുടെ നടപടി അവസാനിപ്പിക്കണം.

ആദിവാസികളുടെ കൈവശഭൂമിക്കു അടിയന്തിരമായി പട്ടയം അനുവദിക്കണം. ഭൂമിക്കു പട്ടയം ഇല്ലാത്തതുകൊണ്ട് ഫോറസ്റ്റുദ്യോഗസ്ഥൻമാർ ആദിവാസികളെ നിരന്തരമായി പീഠിപ്പിക്കുന്നുണ്ട്. നിരവധി ആദിവാസികളുടെ പേരിൽ ഇന്നു ഫോറസ്റ്റുകേസുകളുണ്ട്. ഭൂമിക്ക് പട്ടയം ഇല്ലാത്തതുകൊണ്ട് ഇവർക്ക് കോടതിയിൽ ജാമ്യക്കാരെ കിട്ടാത്തത് സ്ഥിതി ഗുരുതരമാക്കിയിട്ടുണ്ട്. ജാമ്യക്കാരെ കിട്ടാൻ സ്വന്തം കൈവശഭൂമി അന്യാതീനപ്പെടുത്തേണസ്ഥിതി ഉണ്ടാകുന്നുണ്ട്. ആദിവാസികളുടെ ഭൂമിക്ക് അടിയന്തിരമായി പട്ടയം കൊടുക്കണം. കാലതാമസം ഉണ്ടാകുമെന്നുണ്ടെങ്കിൽ ഭൂമി ഫോറസ്റ്റ് നിയമത്തിന്റ പരിധിയിൽ നിന്ന് ഉടനേ ഒഴിവാക്കണം. ആദിവാസികളുടെ മനസിലുള്ള ഈ നിരന്തര ഭീഷണി ഒഴിവാക്കാൻ ഇത് ഏറ്റവും ആവശ്യമാണ്.

ആദിവാസി മേഖലയിലെ 90% ഭൂമിയിലും മണ്ണൊലിപ്പ് നിവാരണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

ആദിവാസികൾക്ക് ജോലിക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ സെറ്റിൽമെന്റുകളിൽ സർക്കാർ അർദ്ധസർക്കാർ ജീവനക്കാർ തീരെക്കുറവാണ്. തൊഴിൽ രഹിതരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

## പാർപ്പിടം, വൈദ്യുതി

പഞ്ചായത്തിൽ ആകെ 1198 കുടുംബങ്ങളാണ് ഉള്ളത്. അവയിൽ 264 എണ്ണം കുടിലുകളാണ്. കുടിലുകൾ അല്ലാത്ത വീടുകളിൽ ഒരു നല്ല ഭാഗം സർക്കാരിന്റെ വിവിധ പദ്ധതികളിൽ പെട്ടു നിർമ്മിച്ചവയാണ്. അവയിൽ വളരെയേറെ കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണികൾ നടത്തേണ്ടതായിട്ടുണ്ട്.. ഏതാനും കെട്ടിടങ്ങൾ നിർമ്മാണദിശയിലാണ്. സർക്കാർ അനുവദിച്ച തുക കൊണ്ട് കെട്ടിടം നിർമ്മിക്കാൻ കഴിയാത്തതു കൊണ്ടാണ് കെട്ടിടനിർമ്മാണം പൂർത്തിയാകാത്തത്. ആദിവാസികളുടെ കൈവശ ഭൂമിയിൽ അവർ നട്ടു പിടിപ്പിച്ച് ആഞ്ഞിലി, പ്ലാവ് എന്നീ വൃക്ഷങ്ങൾ നിൽപ്പുണ്ടെങ്കിലും അവയൊന്നും വെട്ടിയെടുത്ത് വീടുകൾ നിർമ്മിക്കുന്നതിനോ ഗൃഹോപകരണങ്ങൾ നിർമ്മിക്കുന്നതിനോ ഫോറസ്റ്റ് നിയമം അനുവദിക്കുന്നില്ല. ഈ ആവശ്യങ്ങൾക്ക് ഭീമമായ തുകയ്ക്ക് തടി പുറത്തു നിന്നും വാങ്ങേണ്ട ദുസ്ഥിതിയാണ് ഇന്ന് നിലവിലുള്ളത്. കുടിലുകൾക്ക് പകരം കെട്ടുറപ്പുള്ള വീടുകൾ നിർമ്മിക്കേണ്ടത് ഏറ്റവും ആവശ്യമാണ്. ഭൂമിക്ക് പട്ടയം ഇല്ലാത്തതു കൊണ്ട് സർക്കാർ അർത്ഥസർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഗവണ്മെന്റ് ഏജൻസികളിൽ നിന്നും ഭവനവായ്പയെടുക്കാൻ കഴിയാത്ത ഇന്നത്തെ അവസ്ഥക്ക് മാറ്റമുണ്ടാക്കണം. ആദിവാസികൾക്ക് നിർമ്മിച്ച വീടുകൾ ഉണ്ടെങ്കിലും അവയിൽ 90% വീടുകൾക്കും കക്കൂസുകൾ ഇല്ല. ഈ വീടുകൾക്കെല്ലാം കക്കൂസുകൾ ഉണ്ടാക്കുന്നതിന് ഗവണ്മെന്റ് സഹായം ആവശ്യമാണ്.

ഏതാണ്ട് എല്ലാ സെറ്റിൽമെന്റുകളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും വൈദ്യുതീകരിച്ച വീടുകൾ തീരെ കുറവാണ്. ആകെയുള്ള 1198 വീടുകളിൽ 882 എണ്ണം വൈദ്യുതീകരിക്കാത്തതാണ്. 316 വീടുകൾ മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ. ഭൂരിഭാഗം കുടുംബങ്ങളിലും ദാരിദ്ര രേഖയ്ക്ക് താഴെ കഴിയുന്നവരായതുകൊണ്ട് ഇവർക്ക് വീട് വൈദ്യുതീകരിക്കുവാൻ കഴിയുന്നില്ല. ഇതിന് സർക്കാർ സഹായം അത്യാവശ്യമാണ്. പറമ്പുകാട്കോളനിയിൽ വൈദ്യുതി എത്തിക്കാനുള്ള നടപടി സ്വീകരിക്കണം.

## ഗതാഗതം കുടിവെള്ളം

എല്ലാ ആദിവാസി സെറ്റിൽമെന്റുകളിലും റോഡുകളുണ്ടെങ്കിലും അവയെല്ലം ഗതാഗതയോഗ്യമല്ല. കാർഷിക വിളകൾ മാർക്കറ്റിലെത്തിക്കാനും രോഗികളെ ആശുപത്രിയിലെത്തിക്കാനും ഗതാഗതയോഗ്യമായ റോഡുകൾ അത്യാവശ്യമാണ്. പറമ്പുകാട്ട് മലയ്ക്കും അതിന്റെ ഭാഗമായ പതിക്കമലയിലേക്ക് വാഹനഗതാഗതത്തിനു റോഡുകൾ വേണം. 7,9,10 വാർഡുകളിലൂടെ കടന്നു പോകുന്ന പന്നിമറ്റം പൂമാല കുളമാവ് റോഡിന്റെ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കണം. 8, 10, 9, വാർഡുകളെത്തമ്മിൽ ബന്ധിപ്പിക്കുന്ന പൂച്ചപ്രകോളപ്ര നാളിയാനി റോഡിന്റെ നിർമ്മാണം പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കണം. 8,7 വാർഡുകളെത്തമ്മിൽ ബന്ധിപ്പിക്കുന്ന ചമ്പൻതോട് കുമ്പക്കയം പൂമാല റോഡിന്റെ നിർമ്മാണം പൂർത്തിയാക്കണം. നാളിയാനി തടിയനാൽ മുത്തിയുരുണ്ടയാർ കുളമാവ് റോഡ്പൂർത്തിയാക്കുക. കോളപ്ര കരിപ്പലങ്ങാട് റോഡ്, പൂച്ചപ്ര കരിപ്പലങ്ങാട് റോഡ്, പൂച്ചപ്ര കൊല്ലംകണ്ടം നാളിയാനി റോഡ് എന്നി റോഡുകളിലെ യാത്രാക്ലേശം പരിഹരിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

എല്ലാ പട്ടിക വർഗ്ഗ കോളനികളും ഗുരുതരമായ കുടിവെള്ളക്ഷാമത്തിന്റെ പരിധിയിലാണ്. നാടുകാണി, കരിപ്പലങ്ങാട്, പൂച്ചപ്ര, നാളിയാനി, പൂമാല, മേത്തൊട്ടി എന്നിവിടങ്ങളിൽ പൈപ്പുകൾ ഉണ്ടെങ്കിലും വെള്ളമില്ലാത്ത അവസ്ഥയാണ് ഇന്നുള്ളത്. നിർമ്മാണത്തിലെ ഗുരുതരമായ അപാകതകളും മാനേജ്മെന്റിലെ തകരാറുമാണ് ഈ പദ്ധതികൾ ജനോപകാര പ്രദമാകാതിരിക്കാൻ കാരണം. ദശലക്ഷക്കണക്കിന് രൂപാ മുടക്കിയ പദ്ധതികൾ, ആദിവാസികൾക്ക് പ്രയോജനം ചെയ്യാതെ പോയതിന്റെ കാരണങ്ങൾ വിശദമായ പഠനം അർഹിക്കുന്നു. പുതിയ സ്കീമുകൾ നടപ്പിലാക്കുമ്പോൾ ഇത്തരം പഠനങ്ങളുടെ വിവരങ്ങൾ ഉപകാരപ്രദമായിരിക്കും. പറമ്പുകാട്ട് കോളനിയാണ് ഏറ്റവും കൂടുതൽ വെള്ളത്തിന് ദാരിദ്രമുള്ള പ്രദേശം. ഒരു വർഷത്തിൽ നാലു മാസക്കാലം വെള്ളത്തിന് വേണ്ടി 5 കി. മി അകലെ വരെ യാത്ര ചെയ്യേണ്ടതായി വരുന്നു. പറമ്പുകാട്ട് വെട്ടിമറ്റം കോളനികൾ ഒഴികെ ബാക്കിയുള്ള കോളനികളിൽ വറ്റാത്ത നീരുറവകൾ ഉണ്ട്. അവ ശേഖരിച്ച് വിതരണം ചെയ്താൽ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. വടക്കനാറിന്റെ ഉൽഭവസ്ഥാനത്തിനടുത്ത് 10ാം വാർഡിൽ കാലൻമാലി എന്ന സ്ഥലത്ത് ടാങ്ക് നിർമ്മിച്ചാൽ പമ്പ് ചെയ്യാതെ തന്നെ ഗിരിവർഗ്ഗ മേഖലയിൽ മാത്രമല്ല ഈ പഞ്ചായത്തിൽ മുഴുവൻ ഭാഗങ്ങളിൽ ഒരു പക്ഷേ കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞേക്കും.

## പട്ടികജാതി

ആമുഖം: വെള്ളിയാമറ്റം പഞ്ചായത്തിലെ പട്ടികജാതിക്കാരിൽ ബഹുഭൂരിപക്ഷവും മറ്റു പ്രദേശങ്ങളിൽ നിന്നും കുടിയേറിപ്പാർത്തവരാണ്. പഞ്ചായത്തിൽ 1991 ലെ സെൻസസ് പ്രകാരം ആകെ 927 പട്ടികജാതിക്കാരാണ് ഉള്ളത്. ഇതിൽ 445 പുരുഷന്മാരും 485 സ്ത്രീകളുമുണ്ട്. ഈ പഞ്ചായത്തിൽ പട്ടികജാതി കോളനികളൊന്നും ഇല്ലെന്നാണ് ഇടുക്കി ജില്ലാ പട്ടിക ജാതിവികസന ഓഫീസിൽ നിന്നും അറിയാൻ കഴിഞ്ഞത്. അതുപോലെ വെള്ളിയാമറ്റം പഞ്ചായത്തിലെ പട്ടികജാതിക്കാരെക്കുറിച്ചുള്ള സ്ഥിതി വിവരക്കണക്കുകൾ ജില്ലാ ഓഫീസിൽ ലഭ്യമല്ല എന്നും അറിയുകയുണ്ടായി. ഈ പഞ്ചായത്തിലെ എണ്ണത്തിൽ പ്രമുഖമായ പട്ടികജാതി വിഭാഗങ്ങൾ, പുലയന്മാർ, പരവർ, വേലൻ, സാമ്പവർ എന്നിവരാണ്.

## പാർപ്പിടം, തൊഴിൽ

പഞ്ചായത്തിലെ പട്ടികജാതിക്കാരിൽ 90% കൂലിപ്പണിക്കാരാണ്. ആവശ്യമായ തൊഴിൽ ലഭ്യമല്ലാത്തതിനാൽ ഭൂരിഭാഗം ആളുകളും ദാരിദ്രരേഖയ്ക്ക് താഴെയാണ് കഴിയുന്നത്. സ്വന്തമായി 90% ആളുകൾക്കും ഭൂമി ഉണ്ടെങ്കിലും ശരാശരി വിസ്തീർണ്ണം 20 സെന്റാണ്. സ്വന്തമായി ഭൂമി ഇല്ലാത്ത 8 കുടുംബങ്ങൾ ഉണ്ട്. ഭൂരിഭാഗം കെട്ടിടങ്ങളും കുടിലുകളാണ്. അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, കക്കൂസ് എന്നിവ ഇല്ല. സ്വന്തമായി കൈവശ ഭൂമി ഉള്ളവർക്ക് കൈവശരേഖയോ കൈവശ സർട്ടിഫിക്കറ്റോ ലഭ്യമല്ലാത്തതിനാൽ പഞ്ചായത്തിൽ നിന്നു പോലും ഇവർക്ക് വീടു വച്ചു കൊടുക്കാൻ കഴിയുന്നില്ല. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായധനം ലഭ്യമാക്കണം.

സ്വന്തമായ ഭൂമിയും വീടും ഇല്ലാത്ത പട്ടികജാതിക്കാർക്കു വേണ്ടി ഒരു കോളനി രൂപീകരിക്കേണ്ടത് ഏറ്റവും അത്യാവശ്യമാണ്. കോളനികൾ ഇല്ലാത്തതിനാൽ പട്ടികജാതി വികസനക്കാരുടെ ആവശ്യങ്ങൾക്കു നേരെ പട്ടികജാതി വികസന വകുപ്പ് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. പട്ടികജാതി വകുപ്പിന്റെ പ്രവർത്തനം ഇവിടുത്തെ പട്ടികജാതിക്കാർക്ക് യാതൊരു ഗുണവും ചെയ്യുന്നില്ല. പട്ടികജാതി വകുപ്പു കൈകാര്യം ചെയ്യുന്ന അധികാരങ്ങൾ കൂടുതലായി പഞ്ചായത്തിന് കൈമാറേണ്ടത് പട്ടികജാതി ക്ഷേമത്തിന് ഏറ്റവും ആവശ്യമാണ്.

# വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്ത്




I ഇളംദേശം
II വെട്ടിമറ്റം
III ഇളംദേശം (തോട്ടം)
IV കറുകപ്പള്ളി
V വെള്ളിയാമറ്റം
VI പന്നിമറ്റം
VII പൂമാല
VIII പൂച്ചപ്ര
IX നാളിയാനി
X കോഴിപ്പിള്ളി

## ഇടുക്കി ജില്ല




I ദേവികുളം
II തൊടുപുഴ
III ഉടുമ്പൻചോല
IV പീരുമേട്